KOTTAYAM PUBLIC LIBRARY

Call No M 297 Acc. No 39038

Author മുഹമ്മദ്, ബസ്സം സാഹിബ്

Title നസൂത്ത് കരീം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

933

# റസൂൽ കരീം

ഗ്രന്ഥകർത്താ:

മൌലാനാ മുഹമ്മദ് അസ്ലം സാഹിബ്

39038

പരിഭാഷകൻ:

ജ: കെ സി കോമുക്കുട്ടിമൌലവി

ജനാബ്: കെ മുഹമ്മദ് എം. എ. യുടെ
അവതാരികയോടുകൂടിയതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകന്മാർ:

പി കെ. ബ്രദേഴ്സ്, കോഴിക്കോട്.

വില: 4ക.

നാലാം പതിപ്പ്

ആയിരം കോപ്പി

1967 നവമ്പർ

പ്രകാശനം:

പ്രസാധകന്മാർക്ക്

അച്ചടി:

കേരളഭൂമി പ്രസ്സ്,

വടക്കാഞ്ചേരി.

KOTTAYAM PUBLIC LIBRARY
KOTTAYAM

# അവതാരിക

ഇസ്ലാംമതം ആദ്യം പ്രബോധനം ചെയ്യപ്പെട്ടതും, പ്രചാരം സിദ്ധിച്ചു അഭിവൃദ്ധിപ്പെട്ടുവന്നതും, അറേബിയായിലായതുകൊണ്ടു് മതസംബന്ധമായ ഒട്ടുമുക്കാലും ഗ്രന്ഥങ്ങൾ അറബ്ഭാഷയിലാണല്ലോ എഴുതപ്പെട്ടിട്ടുള്ളതു്. ക്ഷണേന ഇസ്ലാംമതം ഇതരരാജ്യങ്ങളിലും പ്രചാരപ്പെട്ടു വന്നുവെങ്കിലും അന്യഭാഷകളിൽ മതഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധം ചെയ്യുന്നതിൽ ആദ്യകാലങ്ങളിൽ മുസ്ലിം പണ്ഡിതന്മാർ ശ്രദ്ധ പതിക്കാഞ്ഞതുകൊണ്ടു് അറബുഭാഷാ പരിജ്ഞാനമില്ലാത്ത അന്യമതസ്ഥന്മാൎക്ക മതതത്വങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിന്നു കഴിയാതാവുകയും,. തന്നിമിത്തം ഇസ്ലാംമതത്തെക്കുറിച്ചു് പല തെററിദ്ധാരണകൾക്കിടയാവുകയും ചെയ്തു. ഈ തെററിദ്ധാരണകളെ ശത്രുക്കൾ "മത"മായി സ്വീകരിച്ചു് ഇസ്ലാംമതത്തെ പലപ്രകാരത്തിലും ആക്ഷേപിക്കുവാൻ തുടങ്ങി.

അറബ്ഭാഷാ പരിജ്ഞാനമില്ലാത്ത മുസ്ലിമിങ്ങൾക്കുപോലും മതതത്വങ്ങൾ പഠിച്ചറിയുന്നതിന്നും ചരിത്രം പാരായണം ചെയ്യുന്നതിന്നും സാധിക്കാതെ വന്നതിൻെറ ഫലമായി പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവരെ പിടികൂടി. ഇസ്ലാം മതത്തിൻെറ വൃത്തത്തിൽനിന്നു തെററിയ അവരുടെ ജീവിതം മതത്തിൻെറ പ്രചാരത്തിന്നും യശസ്സിന്നും കാൎയ്യമായ കേടുതട്ടിച്ചു എന്നു മാത്രമല്ല, ഒരു കാലം പരിഷ്ക്കാരത്തിൻെറ ഔന്നത്യദശയെ പ്രാപിച്ചിരുന്ന മുസ്ലിം സാമ്രാജ്യത്തെ കാലാന്തരത്തിൽ അധഃപതിപ്പിക്കുകയും ചെയ്തു.

ഇസ്ലാംമതത്തിൻെറ മാഹാത്മ്യം ലോകത്തെ അറിയിക്കേണ്ടതിന്നുവേണ്ടി അടുത്ത കുറെ കൊല്ലങ്ങളായി മുസ്ലിം പണ്ഡി

തന്മാർ ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും പല ഭാഷക ളിലായി മതഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധംചെയ്തു വരുന്നുണ്ട് എന്നുള്ള വസ്തുത ആശാസ്യമായിട്ടുള്ളതാണ്. ഇന്ത്യയിലെ പ ല ഭാഗങ്ങളിൽനിന്നും മുസ്ലിമിങ്ങൾ മതസംബന്ധമായ ഗ്ര ന്ഥങ്ങൾ ഓരോ ഭാഷയിൽ പ്രസിദ്ധം ചെയ്തുവരുന്നുണ്ടല്ലോ. എന്നാൽ കേരളത്തിലെ മുസ്ലിമീങ്ങൾ ഈ വിഷയത്തിൽ വേ ണ്ടുന്നത്ര ശ്രദ്ധ പതിച്ചുകാണുന്നില്ലെന്നു പറയാതെ നിവൃത്തിയി ല്ല. "റസൂൽകരീം" എന്ന ഈ പുസ്തകം പുറത്തുകൊണ്ടുവരുന്ന തിന്നുള്ള കെ സി. കോമുക്കുട്ടി മൌലവിയുടെ ഉദ്യമം കാലോ ചിതമായിട്ടുണ്ട്. ലളിതഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഈ പുസ്ത കത്തിൽനിന്നു വായനക്കാക്ക് നബിയുടെ മാതൃകാജീവിതത്തെ ക്കുറിച്ചും, അദ്ദേഹത്തിൻെറ മഹത്തായ പ്രവൃത്തികളെക്കുറിക്കു ന്നതും ചരിത്രപ്രസിദ്ധം ആയ പല സംഭവങ്ങളെക്കുറിച്ചും വില യേറിയ പാഠങ്ങൾ ഗ്രഹിക്കാൻ കഴിയുമെന്നുള്ളതിന്നു സംശയമി ല്ല. പൊതുജനങ്ങളുടേയും പ്രത്യേകിച്ചു വിദ്യാത്ഥികളുടേയും ഇ ടയിൽ ഈ പുസ്തകത്തിന്നു ധാരാളം പ്രചാരമുണ്ടായിക്കാണ്മാൻ ആശിക്കുന്നു. ഇപ്രകാരമുള്ള ഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുന്നതിൽ പൊതുജനങ്ങളുടെ നാനാവിധ സഹായസഹകരണങ്ങൾ ഉണ്ടാ യിക്കൊണ്ടിരിക്കുമെന്നു വിശ്വസിക്കുകയും, കോമുക്കുട്ടിമൌലവി യെ ഈ അവസരത്തിൽ അനുമോദിക്കുകയും ചെയ്യുന്നു.

കെ. മുഹമ്മദ്, എം. എ.

# സമൎപ്പണം

കോഴിക്കോട്ട് **മദ്രസത്തുൽമുഹമ്മദിയ്യാ** പാഠശാലയുടെ സ്ഥാപകന്മാരിൽ ഒരാളും, ഒരു പൌരപ്രമാണിയും, യഥാൎത്ഥ സമുദായസ്നേഹിയുമായിരുന്ന, പരേതനായ ജനാബ് **കാമാക്കാൻറകത്തു് കുഞ്ഞഹമ്മദ്കോയ ഹാജി** അവർകളുടെ സ്മരണക്കായി ഈ പുസ്തകത്തെ സാദരം സമൎപ്പിച്ചുകൊള്ളുന്നു.

പരിഭാഷകൻ.

# റസൂൽ കരീം

## പീഠിക

1. മുസ്ലിം സമുദായത്തിൻെറ—പ്രത്യേകിച്ച പ്രാചീന മുസ്ലിം സമുദായത്തിൻെറ സ്ഥിതികളെക്കുറിച്ച നമ്മുടെ പൂർവ്വികന്മാർ വിസ്തൃതവും സുദീർഘവുമായ അനേകം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. അക്കാലത്തെ ചരിത്രങ്ങൾ അവയിൽനിന്നു പ്രയാസമെന്യേ ചമയ്ക്കാൻ കഴിയും. എന്നാൽ അവയിൽ സംഭവങ്ങൾ തുടർച്ചയായി എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ഇക്കാലത്ത് ചരിത്രത്തിൻെറ ജീവനായി ഗണിച്ചുവരുന്ന സംഭവകാരണങ്ങളും ചരിത്രകാരന്മാരുടെ അഭിപ്രായങ്ങളും പ്രസ്താവിക്കപ്പെട്ടിട്ടില്ല. തന്നിമിത്തം അവ വായിച്ചറിവാൻ വലിയ വിഷമം നേരിട്ടിരിക്കുന്നു.

ഈ ചരിത്രം എഴുതുവാൻ ഉദ്ദേശിച്ചപ്പോൾ പ്രാചീനഗ്രന്ഥങ്ങൾ വഴിയായി എൻെറ ഉദ്ദേശം സാധിക്കുന്ന

തല്ലെന്നു എനിക്കു മനസ്സിലായി. അതിനാൽ ചില നവീന ഗ്രന്ഥങ്ങൾ പരിശോധിക്കുകയും "ജാമിആമിസ്രിയ്യഃ" സർവ്വകലാശാലയിലെ ചരിത്ര പ്രഫസർ അല്ലാമഃ ശൈഖ് മുഹമ്മദുൽ ഖുസ്‌രീ അവർകളുടെ "താരീഖുൽഉമ്മിൽ ഇസ്‌ലാമിയ്യഃ" എന്ന ചരിത്രം തക്കസമയത്തിൽ എൻെറ ദൃഷ്ടിയിൽപ്പെട്ടതിനാൽ എനിക്കു നേരിട്ട പ്രയാസം പരിഹരിക്കപ്പെടുകയുണ്ടായി. ഇക്കാലത്തെ ചരിത്രങ്ങളുടെ രീതിയനുസരിച്ചും വളരെ സൂക്ഷ്മതയോടുകൂടിയുമാണു് അദ്ദേഹം ആ പുസ്തകം എഴുതീട്ടുള്ളതു്. അതു ജാമിആമിസ്‌രിയ്യഃ വിദ്യാർത്ഥികളെ അദ്ദേഹം പഠിപ്പിച്ചിരുന്ന പാഠങ്ങളുടെ സമൂഹമാകുന്നു. ഈ പുസ്തകം എഴുതുന്നതിൽ ഞാൻ മിക്കവാറും അനുകരിച്ചിട്ടുള്ളതു പ്രസ്തുത ഗ്രന്ഥത്തെയാകുന്നു ഞാൻ മററു ഇസ്‌ലാമിക ചരിത്രങ്ങളേയും മുമ്പിൽ വെക്കാതിരുന്നിട്ടില്ല.

2. വായനക്കാൎക്കു സംശയം നേരിടരുതെന്നുവച്ചു ഈ പുസ്തകത്തിൽ തൎക്കങ്ങളുടേയും അഭിപ്രായവ്യത്യാസങ്ങളുടേയും വാതിൽ അടച്ചുകളഞ്ഞതോടുകൂടി സൂക്ഷ്മവിവരം മാത്രമേ എഴുതീട്ടുള്ളു. കഴിയുന്നതും ചുരുക്കേണമെന്നു വിചാരിച്ചതുകൊണ്ടു്, സംഭവങ്ങളുടെ പരസ്പര സംഘടനക്കാവശ്യമായ വിഷയങ്ങൾ മാത്രം തിരഞ്ഞെടുത്തു ചേൎക്കുകയാണു് ചെയ്തിട്ടുള്ളതു്.

3. മററു ചില സമുദായങ്ങളിലെപ്പോലെത്തന്നേ ഇന്ത്യൻ മുസ്‌ലീംകളിലും ഒട്ടധികം ആളുകൾ സ്വമതനായകന്മാരെ അതിരുകവിഞ്ഞു വിശ്വസിക്കുകയും, അവരു

ടെ പക്കൽനിന്നു അപരാധം അസംഭാവ്യമാണെന്നു വിചാരിക്കുകയും ചെയ്തതിനാൽ, അത്തരക്കാർ തങ്ങളുടെ പുരോഹിതന്മാരെയും മതനേതാക്കന്മാരെയുംകുറിച്ചു എഴുതിട്ടുള്ള അനേകം ജീവചരിത്രഗ്രന്ഥങ്ങൾ, ചരിത്രത്തിൻെറ ഇനത്തിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടുപോയിരിക്കുന്നു. അത്തരക്കാർ തങ്ങളുടെ ഇഷ്ടാനുസരണമുള്ള വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാതിരുന്നാൽ എന്നെ ആക്ഷേപിക്കാതിരിക്കേണ്ടതാണ്. എൻെറ പ്രസ്താവനയ്ക്കു അടിസ്ഥാനമായി സ്ഥിതിചെയ്യുന്നതു് നടന്ന സംഭവങ്ങളെക്കുറിച്ചു ലഭിച്ചിട്ടുള്ള അറിവാണ്. മതവിശ്വാസത്തെ മുൻനിർത്തികൊണ്ടു ഞാൻ യാതൊന്നും പറയുന്നില്ല. മനുഷ്യ ചരിത്രമല്ലാതെ, മലക്കുകളുടെ ചരിത്രം ഞാൻ എഴുതുന്നുമില്ല. ഒരാൾ ഭക്തനും അപൂർവ്വമായിട്ടല്ലാതെ പിഴവുകൾ വരാത്തവനുമായിരിക്കുന്നതുതന്നേ അയാളുടെ മാന്യതയ്ക്കു മതിയായിട്ടുള്ളതാണെന്നും നബിമാരെപ്പോലെയോ, മലക്കുകളെപ്പോലെയോ പാപരഹിതനായിരിക്കേണ്ട ആവശ്യമില്ലെന്നുമാണ് എൻെറ വിശ്വാസം. ജീവിതവൃത്തികളിൽനിന്നു പ്രത്യക്ഷമായ ശ്രേഷ്ഠതകളെയല്ലാതെ മതലക്ഷ്യങ്ങളെ ആധാരമാക്കി വല്ലവരുടേയും ശ്രേഷ്ഠതയെ വർണ്ണിക്കുവാൻ ഒരു ചരിത്രകാരൻെറ നിലയിൽ എനിക്കു അവകാശമില്ലെന്നും, അതു മതോപദേഷ്ടാക്കളുടെ അവകാശമാണെന്നും ഇവിടെ പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു. ചില മുസ്‌ലീം കക്ഷികൾ തങ്ങളുടെ മതവിശ്വാസനിറംപിടിപ്പിച്ചിട്ടുള്ള വിഷയങ്ങളെ

ചരിത്രത്തിൻെറ നിലയിൽ മാത്രമേ ഞാൻ വിവരിക്കുന്നുള്ളു.

സഹാബികൾ (നബിയുടെ സഖാക്കൾ) തമ്മിലുണ്ടായ കലഹങ്ങളെ വിട്ടുകളയേണ്ടതാണെന്നു ചില പൂർവ്വീകപണ്ഡിതന്മാർ എഴുതീട്ടുണ്ട്. വിശ്വാസപരമായി അവരുടെ അഭിപ്രായം ശരിയായിരിക്കാം. എന്നാൽ എൻെറ ഉദ്ദേശം ശ്രേഷ്ഠതകളേയും ബഹുമതികളേയും വർണ്ണിക്കുകയല്ല ജനങ്ങൾക്കു പാഠമായിത്തീരത്തക്കവണ്ണം, ചരിത്രസംഭവങ്ങൾ തുറന്നു പറയേണ്ടതു് എൻെറ ചുമതലയാകുന്നു. സഹാബികൾ തമ്മിൽ നടന്ന കലഹങ്ങളിൽനിന്നു സമുദായത്തിന്നു പല പാഠങ്ങൾ ലഭിക്കുന്നതാകയാൽ, അവയെ വിട്ടുകളയുവാൻ എനിക്കു തരമില്ല. അൽലാഹുവിൻെറ സന്നിധിയിൽ സ്വീകാര്യവും സമുദായത്തിന്നു പ്രയോജനകരവുമായിത്തീരത്തക്കവണ്ണം ഞാൻ എഴുതുന്നതു പക്ഷപാതരഹിതമായിരിക്കേണമെന്നുള്ളതാകുന്നു ഒരു ചരിത്രകാരൻെറ നിലയിൽ എനിക്കുള്ള കടമ. ഈ കടമയെ ഞാൻ ശരിക്കു ഗ്രഹിച്ചിട്ടുള്ളതുകൊണ്ടു് ഏതൊരാളുടെ പ്രവൃത്തികളെക്കുറിച്ചു വിമർശിക്കുമ്പോഴും ആരുടേയും പക്ഷത്തു ചേരാതെ സത്യത്തേയും ന്യായത്തേയും എപ്പോഴും മുൻനിർത്തുന്നതാണു്.

—മുഹമ്മദ് അസ്ലം.

# ചരിത്രം

വിവിധകാലങ്ങളിലായി ലോകത്തിൽ ജീവിച്ചിരുന്ന ജനസമുദായങ്ങളുടെ സ്ഥിതിഗതികൾ പ്രതിപാദിക്കപ്പെടുന്ന ശാസ്ത്രത്തിനു ചരിത്രമെന്നു പേർ. ഈ വ്യാപകമായ അൎത്ഥപ്രകാരം ഏതു മനുഷ്യന്റെ അവസ്ഥയും ചരിത്രത്തിൽ ഉൾപ്പെടുന്നു ചരിത്രോദ്ദേശ്യമായ അനുഭവവും ദൃഷ്ടാന്തവും ഏതു മനുഷ്യന്റെ ജീവിതത്തിൽനിന്നും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ നമുക്കു സമ്പാദിക്കാവുന്നതുമാണ്. എങ്കിലും രാജാക്കന്മാർ തമ്മിൽ നടന്ന യുദ്ധങ്ങളേയും അവരുടെ സ്ഥിതികളേയും പൂൎവ്വികന്മാർ കഥനം ചെയ്തുവന്നതിനാൽ, രാജാക്കന്മാരുടെ ജീവിതത്തിനും രാജ്യഭരണവിഷയങ്ങൾക്കും മുൻകാലത്തു് ചരിത്രത്തിൽ പ്രാധാന്യം ലഭിച്ചു. പിന്നീടു മന്ത്രിമാർ വിദ്വാന്മാർ തുടങ്ങിയുള്ള മററു തരക്കാരായ ആളുകൾക്കും ഈ വിഷയത്തിൽ അവസ്ഥാനുസൃതമായ സ്ഥാനം സിദ്ധിച്ചുകൊണ്ടിരുന്നു ഇക്കാലത്തു ഈ വി

ഷയത്തിന്ന അതിയായ വ്യാപ്തിയുണ്ടായിട്ടുണ്ട്. മനുഷ്യ ചരിത്രത്തിന്നു പുറമെ വിദ്യകളുടേയും ശാസ്ത്രങ്ങളുടേയും എന്നുവേണ്ട, ലോകത്തിൽ നടക്കുന്ന സർവ്വ വിഷയങ്ങളുടേയും ചരിത്രങ്ങൾ ഇപ്പോൾ എഴുതപ്പെട്ടുവരുന്നു.

**ചരിത്രത്തിന്റെ ആവശ്യകത:**—മനുഷ്യന്നു ജീവിതഗതിയിൽ വിവിധ മാർഗ്ഗങ്ങൾ മുന്നിടാറുള്ളതുകൊണ്ട് അനുഭവമാകുന്ന ദീപം മാർഗ്ഗദർശനം ചെയ്തുകൊടുക്കാതിരിക്കുന്നതായാൽ അവന്നു ഉദ്ദിഷ്ടസ്ഥലത്തു് എത്തുവാൻ സാധിക്കയില്ല. അതിനാൽ പൂർവ്വികന്മാരായ മഹാന്മാരുടെ ചരിത്രങ്ങൾ നാം വായിച്ചു പഠിക്കേണ്ടതാണ്. അവർക്ക നേരിട്ട ആപത്തുകൾ നേരിടാതിരിക്കത്തക്കവണ്ണം അവർ ചെയ്ത തെറ്റുകളെ വർജ്ജിക്കുവാനും, അവർ അനുഭവിച്ച സുഖങ്ങൾ ആസ്വദിക്കേണ്ടതിന്നു് അവരുടെ സൽപ്രവൃത്തികളെ പിൻതുടരുവാനും ചരിത്രം നമുക്ക സഹായകമായിത്തീരുന്നു

ഒരുവൻ ലോകത്തിൽ എത്രത്തോളം കീർത്തിനേടുവാൻ വിചാരിക്കുന്നുവോ അത്രയംകണ്ടു് ചരിത്രപാരായണം അവന്നു് ആവശ്യമായിത്തീരുന്നു. ലോകത്തിൽ ഗൌരവതരങ്ങളായ കാര്യങ്ങൾ നേടിയ മഹാന്മാരുടെ ചരിത്രങ്ങൾ വായിച്ചറിഞ്ഞു അവർ അവലംബിച്ചിരുന്ന സ്ഥൈര്യ ധൈര്യാദി ശ്രേഷ്ഠഗുണങ്ങളെ അനുകരിക്കുകയും ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി അവർ അനുഭവിച്ചിരുന്ന കഷ്ടനഷ്ടങ്ങൾ ധൈര്യസമേതം അനുഭവിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രവാചകശ്രേഷ്ഠനായ മുഹമ്മദ്

നബിയെ (സ) അഭിമുഖീകരിച്ച അൽലാഹ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—റസൂലുകളുടെ (ദൈവദൂതന്മാരുടെ) വർത്തമാനങ്ങളിൽ നിന്നു നിങ്ങളുടെ മനസ്സിന്നു സ്ഥൈര്യം നല്കുന്ന എല്ലാററിനേയും നാം നിങ്ങൾക്കു വിവരിച്ചു തരുന്നു. “ഹൂദ്” 120.

**ചരിത്രംകൊണ്ടുള്ള പ്രയോജനം:** മനുഷ്യൻ വളരെ ചുരുങ്ങിയ കാലത്തോളമേ ഈ ലോകത്തു ജീവിക്കുന്നുള്ളു. എന്നാൽ ചരിത്രം വഴിയായി സ്വജീവിതകാലത്തെ പൂർവ്വകാലവുമായി ബന്ധിപ്പിച്ച് വിശാലമാക്കുവാൻ അവന്നു സാധിക്കുന്നതാണ്. ചരിത്രം വായിക്കുമ്പോൾ അനേകവർഷങ്ങളിലെ സ്ഥിതികൾ മനുഷ്യന്റെ ദൃഷ്ടിയിൽപ്പെടുന്നു. ചരിത്രവായനക്കാരന്റെ ആത്മാവു പല കാലങ്ങളിൽ ജീവിച്ചിരുന്ന വിവിധജനങ്ങളുമായി കൂടിക്കാഴ്ച നടത്തി അവരുടെ വാക്കുകൾ ശ്രവിക്കുകയും സ്ഥിതികൾ ദർശിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ തലച്ചോറിൽ സൂക്ഷിയ്ക്കപ്പെടുന്ന സംഭവപരമ്പരകൾക്കാണ് മനുഷ്യജീവിതമെന്നു പറയുന്നതു്. മനുഷ്യജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്നതും ഭാവിയിൽ നടപ്പാനുള്ളതുമായ സംഭവങ്ങളേയും, കഴിഞ്ഞുപോയ സംഭവങ്ങളേയും യഥായോഗ്യം സൂക്ഷിച്ചുവരുന്നതു അവന്റെ സ്മരണേന്ദ്രിയമായ തലച്ചോറാണല്ലൊ. ഈ തോതനുസരിച്ച് സമുദായജീവിതത്തിലെ സംഭവപരമ്പരകൾ സൂക്ഷിച്ചുവരുന്നതു് ചരിത്രമാകയാൽ അതിനെ മനുഷ്യവർഗ്ഗത്തിന്റെ സ്മരണേന്ദ്രിയമായി സങ്കല്പിക്കാം. ചരിത്രമാകുന്ന ആ സ്മരണേന്ദ്രിയം മുൻഗാമികളും പിൻ

ഗാമികളുമായ മനുഷ്യവൎഗ്ഗത്തിൻെറ ജീവിതഗതിയിൽ ഉണ്ടാകുന്ന സംഭവപരമ്പരകളെ സംഘടിപ്പിക്കുന്നു.

**ചരിത്രപാരായണം:**— ചരിത്രം വായിക്കുമ്പോൾ അവശ്യം വേണ്ട ഒരു കാൎയ്യം പക്ഷപാതം വൎജ്ജിക്കുകയാകുന്നു. സ്നേഹത്തിന്നോ, ശത്രുതക്കോ അടിമപ്പെട്ടു ചരിത്രം വായിക്കുന്നതായാൽ ശരിയായ അഭിപ്രായപ്രകടനത്തിന്നു പ്രതിബന്ധം നേരിടുന്നതാണു്. ഒരേവിധമുള്ള പ്രവൃത്തി തന്നേ രണ്ടാളുകൾ ചെയ്യുമ്പോൾ ജനങ്ങൾ പക്ഷപാതം നിമിത്തം അതിനെ വ്യത്യസ്തനിലയിൽ വ്യാഖ്യാനിക്കുന്നു ഉദാഹരണമായി, നാം സ്നേഹിക്കുന്ന ഒരു ധനവാൻ ഒരു സാധുവിന്നു വല്ലതും കൊടുത്തെന്നുവിചാരിക്കുക. അപ്പോൾ അയാൾ ഉദാരനും സാധുക്കളോടു വളരെ അനുകമ്പയുള്ളവനുമാണെന്നു പറഞ്ഞു നാം അയാളെ വാഴ്ത്തുന്നു. നേരെ മറിച്ചു നാം വെറുക്കുന്ന ഒരു ധനവാൻ ഒരു സാധുവിന്നു വല്ലതും കൊടുക്കുമ്പോൾ അയാൾ ഒരു ഗൎവ്വിഷ്ഠനാണെന്നും, ഔദാൎയ്യവാനാണെന്നു ജനങ്ങളെ ധരിപ്പിക്കുവാൻ വേണ്ടിയാണു് അയാൾ ദാനം ചെയ്തതെന്നും പറഞ്ഞു നാം അവനെ അധിക്ഷേപിക്കാറാണു് പതിവു്. അതിനാൽ ചരിത്ര വിദ്യാൎത്ഥി പക്ഷപാതം തീരെ വൎജ്ജിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ഈ അറിവുകൊണ്ടുള്ള ഗുണം അവന്നു് അനുഭവിക്കാൻ സാധിക്കുന്നതല്ല. സംഭവങ്ങളുടെ യഥാൎത്ഥരൂപം ഗ്രഹിക്കുന്നതല്ലാതെ അവ നമ്മുടെ അഭിപ്രായങ്ങളോടു യോജിക്കണമെന്നു നാം മോഹിക്കരുതു്.

പൂർവ്വികന്മാരുടെ ചരിത്രമാണ് നാം പാരായണം ചെയ്യുന്നതെന്നും, അവർ വല്ലതെററും ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ ഉത്തരവാദികൾ അവർ മാത്രമാണെന്നും, വല്ല ഗുണവും ചെയ്തിട്ടുണ്ടെങ്കിൽ അവരെപ്പോലെ നാമും ഗുണം ചെയ്താലല്ലാതെ നമുക്കു പ്രയോജനമുണ്ടാകുന്നതല്ലെന്നും നാം ഓക്കേണ്ടതാകുന്നു:— ഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— അതു കഴിഞ്ഞുപോയ ഒരു സമുദായമാകുന്നു; ആ സമുദായം സമ്പാദിച്ചതു അതിന്നും നിങ്ങൾ സമ്പാദിച്ചതു നിങ്ങൾക്കുമുള്ളതാണ്. അവർ ചെയ്തിരുന്നതിനെപ്പററി നിങ്ങളോടു ചോദിക്കുന്നതല്ല. "അൽബഖറ: 134

**ഇസ്‌ലാംചരിത്രത്തിൻെറ വിശേഷത:—** ഇസ്‌ലാം ചരിത്രത്തിന്നു ഇതര സമുദായ ചരിത്രങ്ങൾക്കില്ലാത്ത ചില വിശേഷതകളുണ്ടു്. മുസ്‌ലിംകൾ ആരംഭം മുതല്ക്കുതന്നെ അവരുടെ ചരിത്രം സൂക്ഷിച്ചിരിക്കുന്നു. സംഭവങ്ങളെ പൂർണ്ണമായ രേഖകളോടുകൂടിയാണ് അവർ വിവരിച്ചിട്ടുള്ളതു ; ഓരോ സംഭവത്തേയും പരമ്പരയായി പറഞ്ഞുവന്ന ആളുകളുടെ പേരുകൾ അവർ രേഖപ്പെടുത്തിയിട്ടുണ്ടു്. മറെറതു സമുദായത്തിൻെറ ചരിത്രത്തിന്നും ഈ ഗുണം കാണുന്നതല്ല. അതിനാൽ മുസ്‌ലീംകളുടെ ചരിത്രം ഏറ്റവും വിശ്വാസയോഗ്യമായിട്ടുള്ളതാണെന്നും മററുസമുദായങ്ങളുടെ ചരിത്രങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നും സ്പഷ്ടമായി.

പ്രാചീന മുസ്‌ലിം ചരിത്രമെഴുത്തുകാർ എഴുതീട്ടുള്ള സർവ്വ ചരിത്രങ്ങളിലും സംഭവങ്ങൾ അവയുടെ സന

ളോടുകൂടി (സംഭവം നടന്നതുമുതൽ ചരിത്രകാരനു ലഭിച്ച തുവരെ അതു പരമ്പരയായി കഥനം ചെയ്തവരുടെ പേരുകൾക്ക സനദ് എന്നു പറയുന്നു) വിവരിച്ചിട്ടുണ്ട്. ഈ സനദ് അക്കാലത്തു ചരിത്രത്തിൻെറ ഉരകല്ലായി ഗണിക്കപ്പെട്ടിരുന്നു ഇതിനും പുറമെ ചരിത്രകാരന്മാർ സംഭവങ്ങളെക്കുറിച്ച അഭിപ്രായം പറഞ്ഞു വായനക്കാരെ തങ്ങളുടെ അടിമകളാക്കിയിരുന്നുമില്ല സംഭവങ്ങളുടെ വാസ്തവസ്ഥിതി അസ്പഷ്ടമായിപ്പോകുമെന്ന ശങ്കനിമിത്തം ചരിത്രത്തിൽ അലങ്കാരപ്രയോഗങ്ങൾപോലും പാടില്ലെന്നായിരുന്നു അവരുടെ നിശ്ചയം.

അവരുടെ ഈ രീതി എത്രയും ആദരണീയമായിരുന്നു. എന്നാൽ ഇപ്പോൾ കാലം ഭേദപ്പെട്ടിരിക്കുന്നു ചരിത്രത്തിൽ ചരിത്രകാരൻെറ അഭിപ്രായവുംകൂടി വേണ്ടതാണെന്നു ജനങ്ങൾ ആഗ്രഹിച്ചുവരുന്നു. തന്നിമിത്തം മുസ്‌ലിംകളും അവരുടെ ചരിത്രരീതി മാറേറണ്ടിവന്നു

**ഇസ്‌ലാംചരിത്രം:**-അന്ത്യപ്രവാചകനായി അറബ്‌രാജ്യത്തു ജനിച്ച് ഇസ്‌ലാംമതം പ്രബോധം ചെയ്ത മുഹമ്മദ് നബിയുടെ (സ) കാലം മുതൽ ഇതുവരെ മുസ്‌ലിംസമുദായം നിർവ്വഹിച്ചിട്ടുള്ള സർവ്വ കാര്യങ്ങളും ഇസ്‌ലാം ചരിത്രത്തിലെ വിഷയങ്ങളായി പരിഗണിക്കപ്പെട്ടിരിക്കുന്നു

ഇസ്‌ലാം ചരിത്രത്തിൻെറ ഉത്ഭവം അറബ്‌രാജ്യത്തിൽ നിന്നാകയാൽ ഒന്നാമതായി ആ രാജ്യത്തിൻെറ ഒരു സംക്ഷിപ്ത വിവരം എഴുതേണ്ടിയിരിക്കുന്നു

# അറബ് രാജ്യം.

അറബികൾ നിവസിക്കുന്ന അറബ്‌രാജ്യം, ചെങ്കടൽ, ഹിന്ദുസമുദ്രം, ഒമാൻ ഉൾക്കടൽ, യൂഫ്രട്ടീസ്സ്‌നദി എന്നീ ജലാശയങ്ങളാൽ ചുററപ്പെട്ട ഒരു അർദ്ധദ്വീപായി കാണപ്പെടുന്നു ഈ രാജ്യം പ്രകൃത്യാ അഞ്ചു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു

**തിഹാമ**:- ഇതു ചെങ്കടൽത്തീരംമുതൽ "സറാത്ത്" പർവ്വതംവരെയുള്ള പ്രദേശമാകുന്നു.

**ഹിജാസ** :— യമനിൽനിന്നു ആരംഭിച്ചു സിറിയാ വരെ നീണ്ടു കിടക്കുന്നതും ഏകദേശം 100 നാഴിക അകലമുള്ളതുമായ മലംപ്രദേശത്തിന്നാണു "ഹിജാസ്" എന്നു പറയപ്പെടുന്നതു്.

**നജ്ദ്**:— യമനിൽനിന്നുതന്നെ ആരംഭിച്ചു സമാവയും ഇറാഖുംവരെ സ്ഥിതിചെയ്യുന്ന മേല്പറഞ്ഞ മലംപ്രദേശത്തിൻെറ കിഴക്കെ അംശത്തിന്നു "നജ്ദ്" എന്നു പറയപ്പെടുന്നു.

**യമൻ:**—ഈ നജ്ദിൻെറ തെക്ക ഹിന്ദു സമുദ്രം വരെയും, കിഴക്ക ഹദ്റമൌത്ത്, ഒമാൻ എന്നീ രാജ്യങ്ങൾവരെയും സ്ഥിതിചെയ്യുന്ന പ്രദേശമാകുന്നു.

**അറൂസ്:**—യമാമഃ, ബഹ്റയിൻ മുതലായ പ്രദേശങ്ങൾക്ക "അറൂസ്" എന്നു പേർ

അറബ് രാജ്യത്ത് മഴ ചുരുക്കവും, അവിടം മിക്കവാറും മണൽപ്രദേശവുമാകുന്നു. അവിടെ ധാരാളമുള്ള കറുത്തിരുണ്ട മലകളിൽ യാതൊരുവിധ സസ്യങ്ങളും ചെടികളും വളരുന്നില്ല. മലകളുടെ ഏതാനും ഭാഗങ്ങളിൽനിന്നുമാത്രം ഉത്ഭവിക്കുന്ന ഉറവുകൾ നിമിത്തം പച്ചയായി കാണപ്പെടുന്ന അല്പം ചില പ്രദേശങ്ങളിൽ ജനങ്ങൾ വസിച്ചുവരുന്നുണ്ടെങ്കിലും, ആ രാജ്യത്തിൻെറ അധികഭാഗവും ജനശൂന്യമായും ജലശൂന്യമായും സ്ഥിതിചെയ്യുന്നു.

മലകളിൽനിന്നു ഉറവു പൊട്ടിയുണ്ടാകുന്ന ഈ വെള്ളവും അല്പം മുമ്പോട്ടു ചെല്ലുമ്പോഴേക്കും മരുഭൂമി കുടിച്ചുതീൎക്കുന്നു. ഉറവുവെള്ളം ഒരുമിച്ചു കൂട്ടുവാനായി ജനങ്ങൾ അവിടവിടെ "റൌസഃ" എന്നു പേർ പറയപ്പെടുന്ന ഒരുതരം ചെറുകുളങ്ങൾ കുഴിക്കാറുണ്ടെങ്കിലും, അവയും പ്രായേണ വററിപ്പോകാറാണ് പതിവു്. അതിനാൽ ആ നാട്ടിൽ വെള്ളത്തിന്നു വലിയ ക്ഷാമംതന്നെ. വല്ലപ്പോഴും മഴയുംകൂടി ഉണ്ടാകാതിരിക്കുന്നപക്ഷം ജലദൌർല്ലഭ്യം അസഹനീയമായി ഭവിക്കുന്നു. യമൻ രാജ്യം ഒരുവിധം ഫലവത്തായ പ്രദേശമാകുന്നു. നിലങ്ങളും ഈത്തപ്പനത്തോട്ടങ്ങളും യമനിൽ ധാരാളമുള്ളതുകൊണ്ടു്, അറ

ദ്'രാജ്യത്തിൻെറ ഇതരവിഭാഗങ്ങളെ അപേക്ഷിച്ച ജനങ്ങൾ അധികമായി നിവസിക്കുന്നതു് അവിടെയാണു്. അറബിലെ വെള്ളച്ചാലുകളിൽ പ്രാഥമ്യം കല്പിക്കാവുന്ന "ദഹ്നാ" ഒഴുകിക്കൊണ്ടിരിക്കുന്നതു നജ്ദ്'രാജ്യത്തിൽകൂടിയാകുന്നു. ഇതുകൂടാതെ വേറെയും ചില വെള്ളച്ചാലുകൾ ആ ദിക്കിലുണ്ടു്. എങ്കിലും അവ പ്രയോജനകരമായിത്തീരുവാനുള്ള മാർഗ്ഗങ്ങൾ വളരെ കുറവായതിനാൽ, ഏതാനും ചില താഴ്'വരകളൊഴിച്ചു രാജ്യം മുഴവനും ജലശൂന്യമായിത്തീർന്നിരിക്കുന്നു. മലംപ്രദേശക്കാരായ അറബികൾ സാധാരണയായി എങ്ങും സ്ഥിരവാസം ചെയ്യാതിരിക്കുന്നതിനുള്ള കാരണം ഈ ജലദൌർല്ലഭ്യം തന്നെയാകുന്നു. അവർ ഭക്ഷണവും അന്വേഷിച്ചുകൊണ്ടു് എപ്പോഴും അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കും. തന്നിമിത്തം ഈ അറബികൾ വളരെ പരിശ്രമശീലരും ചുറുചുറുക്കുള്ളവരുമായി കാണപ്പെടുന്നു.

ഉല്പന്നങ്ങളുടേയും ഫലങ്ങളുടേയും അഭാവം നിമിത്തം ഇവർക്കു് ഒട്ടകങ്ങളെ ആശ്രയിച്ചു ജീവിക്കേണ്ടിവരുന്നു. ഇവർ ഒട്ടകത്തിൻെറ പാലും മാംസവും ആഹാരമായി ഉപയോഗിക്കുന്നു; അതിൻെറ രോമംകൊണ്ടു തുണികൾ നെയ്തു തമ്പുകളും ഉടുപ്പുകളും നിർമ്മിക്കുന്നു. കുടുംബസമേതം ഇവർക്കു സഞ്ചരിക്കുവാനുള്ള വാഹനവും ഒട്ടകംതന്നെയാണു്.

# അറബികൾ

ഹസ്രത്ത് നൂഹ് നബിയുടെ പുത്രനായ സാമിന്റെ സന്താനങ്ങളാണ് അറബികൾ. ഇവർ മൂന്നു വർഗ്ഗക്കാരാകുന്നു.

(1) ബാഇദാ അറബികൾ:—ഇവർ നാമാവശേഷരായിപ്പോയിട്ടുള്ള പൌരാണിക അറബികളാകുന്നു. ആദ്, സമൂദ്, അമാലിഖഃ, തസ്മ്, ജദീസ്, ഉമയ്മ്, ജുർഹം, ഹസ്രമൌത്ത് എന്നിങ്ങനെ ഈ വർഗ്ഗത്തിൽ അനവധി ഗോത്രങ്ങളുണ്ടായിരുന്നു. ഇറാഖ് മുതൽ സിറിയയും ഈജിപ്തും വരെ ഇവർ ആധിപത്യം സ്ഥാപിച്ചിരുന്നു. ബാബിൽ സാമ്രാജ്യത്തിന്റെയും അശ്ശൂർ സാമ്രാജ്യത്തിന്റെയും സ്ഥാപകന്മാരും, പുരാതന കാലത്തുണ്ടായിരുന്ന നാനാവിധ പരിഷ്കാരങ്ങളുടെ ഹേതുഭൂതന്മാരും ഇവരായിരുന്നു. ചരിത്രങ്ങളിൽ ഇവരെപ്പററി അധിക വിവരങ്ങളില്ലെങ്കിലും, ഇക്കാലത്ത് ചിലർ ബാബിൽ, ഈജിപ്ത്, യമൻ, ഇറാഖ് എന്നീ രാജ്യങ്ങളുടെ പൌരാണി

കാവസ്ഥ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയും ചരിത്രം എഴുതുകയും ചെയ്തുവരുന്നുണ്ട്.

(2) ആരിബാ അറബികൾ:—ഇവർ യമൻ നിവാസികളായിരുന്ന "ഖഹ്ത്താൻ" വർഗ്ഗക്കാരാകുന്നു.

(3) മുസ്ത്തഅ്രിബാ അറബികൾ:—ഇവർ ഇസ്മാഈൽ നബിയുടെ സന്താനങ്ങളായ "അദ്നാൻ" വർഗ്ഗക്കാരാകുന്നു. ഖഹ്ത്താൻ, അദ്നാൻ എന്നീ വർഗ്ഗങ്ങളുടെ സ്ഥിതികൾ സംക്ഷേപമായി ചുവടെ വിവരിച്ചുകൊള്ളാം.

**ഖഹ്ത്താൻ:**—ഇവരുടെ സ്വദേശം യമനാകുന്നു. ഹിംയർ, കഹ്ലാൻ, അസ്ദ് എന്നിവ ഈ വർഗ്ഗത്തിലെ പ്രധാന ഗോത്രങ്ങളാകുന്നു. ഇവയിൽ ഹിംയർ ഗോത്രം ഖുളാഅ, സക്കാസിക്ക്, സൈദ്ജംഹൂർ ഇങ്ങിനെ മൂന്നു മുഖ്യ ശാഖകളായിത്തീൎന്നു. കഹ്ലാൻ ഗോത്രം ഹമദാൻ, അന്മാർ, തയ്യ്, മദ്ഹജ്, ലഖ്മ്, ജുദാം, കിന്ദഃ ഇങ്ങിനെ ഏഴു ശാഖകളായി പിരിഞ്ഞിട്ടുണ്ട്. അസ്ദ് ഗോത്രത്തിൽനിന്നും അനേകം ശാഖകൾ ഉത്ഭവിച്ചു. "തബാബിഅഃ" രാജാക്കന്മാർ ഈ ഗോത്രത്തിൽപ്പെട്ടവരാണ്. "സബാ" പട്ടണം വാണിരുന്ന ഹസ്രത്ത് ബൽഖീസ് മഹാരാജ്ഞി പ്രസ്തുത രാജവംശജയാണ്.

നാട്ടിൽ വെള്ളം കിട്ടേണ്ടതിന്നായി ഇവർ തോട്ടുകളിൽ അവിടവിടെ ചിറകൾ കെട്ടുകയും, തങ്ങളുടെ കൃഷിസ്ഥലങ്ങളിലേക്കോ തോട്ടങ്ങളിലേക്കോ വെള്ളം വേ

ണ്ടി വരുമ്പോൾ ആ ചിറകളിൽനിന്നു തിരിച്ചുകൊണ്ടു പോകയും, വീണ്ടും അവ അടച്ചുകളകയും ചെയ്തിരുന്നു. "മആരിബ്" പട്ടണത്തിലുണ്ടായിരുന്ന ഒരു ചിറ ഇവയിൽ വെച്ച് വളരെ വലുതായിരുന്നു. മൂന്നു മലകളുടെ മദ്ധ്യത്തിലായി സ്ഥിതിചെയ്തിരുന്ന ആ ചിറയിലേയ്ക്കു പല തോടുകളിൽക്കൂടി വെള്ളം ഒലിച്ചു ചാടിക്കൊണ്ടിരുന്നു ഈ ചിറ കെട്ടി കുറേക്കാലം കഴിഞ്ഞപ്പോൾ വെള്ളത്തിൻെറ ഊക്കുനിമിത്തം അതിൻെറ കെട്ടു പൊളിഞ്ഞു പോയതുകൊണ്ട് യമൻ രാജ്യത്ത് ഒരു വമ്പിച്ച വെള്ളപ്പൊക്കമുണ്ടായി. ഈ വെള്ളപ്പൊക്കം വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

വെള്ളപ്പൊക്കംകൊണ്ടു രാജ്യം പാഴായിപ്പോയതിനാൽ യമൻ നിവാസികളായിരുന്ന അനേക ജനങ്ങൾ അറബ്‌രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ പോയി പാർക്കേണ്ടിവന്നു.

അസ്ദ്ഗോത്രത്തിൽ ഒരാളായിരുന്ന "സഅലബഃ" എന്നയാൾ കുടുംബസമേതം മദീനയിൽ പോയി. അക്കാലത്ത് "ഇസ്രാഈൽ" വർഗ്ഗക്കാരായ ഏതാനും ഗോത്രങ്ങൾ അവിടെ പാർക്കുന്നുണ്ടായിരുന്നു. സഅലബഃ അവരെ പരാജിതരാക്കുകയും, അവിടെ കോട്ടകൾ നിർമ്മിക്കുകയും, ഈത്തപ്പനത്തോട്ടങ്ങൾ കൃഷിചെയ്തുണ്ടാക്കുകയും ചെയ്തു. ഇയാളുടെ സന്തതികളിൽനിന്നാണു് മദീനയിലെ ഔസ്, ഖസ്രജ് എന്നീ ഗോത്രങ്ങൾ ഉത്ഭവിച്ചതു്.

KOTTAYAM PUBLIC LIBRARY KOTTAYAM



39038

അസ്ദ് ഗോത്രത്തിൽപെട്ട ഒരാളും “ഖുസാഅഃ” എന്ന പേരിൽ കീർത്തിപ്പെട്ടവനുമായ “ഹാരിസത്തുബ്നുഅംർ” മക്കത്തു ചെന്നു ആ രാജ്യം പിടിച്ചടക്കുകയും “ബനൂജുർഹം” ഗോത്രക്കാരെ അവിടെനിന്നു പുറത്താക്കുകയും ചെയ്തു. ഇതേ ഗോത്രത്തിൽപെട്ട “നസ്ർ” എന്നയാൾ തിഹാമയിൽ കുടിയേറിപ്പാർക്കുകയും, അയാളുടെ സന്തതികളിലായി “അസ്ദ് ശനൂഅഃ” എന്നു പറയപ്പെടുന്ന അനേകം ശാഖകൾ ഉത്ഭവിക്കുകയുമുണ്ടായി.

അസ്ദ് ഗോത്രക്കാരനായ അംറിന്റെ മകൻ ഇംറാൻ ഉമ്മാനിൽ (ഓമൻ) ചെന്നു പാർക്കുകയും, അയാളുടെ മക്കൾ “അസദ് ഉമ്മാൻ” എന്ന പേരിൽ കീർത്തി സമ്പാദിക്കുകയും ചെയ്തു. അംറിന്റെ മറ്റൊരു പുത്രനായ “ജഫ്നഃ” സിറിയൻ അതിർത്തിയിൽ പോയി അവിടത്തെ നിവാസികളെ കീഴടക്കി ഒരു ഭരണം സ്ഥാപിച്ചു. ഈ ഭരണം അനേകകാലംവരെ അയാളുടെ സന്തതികളിൽ നിലനിന്നിട്ടുണ്ടായിരുന്നു. ഈ രാജവംശം ഒന്നാമതായി താമസിച്ചതു് ഗസ്സാൻ എന്നുപേരായ അവിടത്തെ ഒരു ജലാശയത്തിന്നു സമീപമായിരുന്നതിനാൽ, ഇവർക്കു “ഗസാസിനാ” രാജാക്കന്മാരെന്നു നാമധേയം സിദ്ധിച്ചു.

കഹ്ലാൻ ഗോത്രത്തിന്റെ ഒരു ശാഖയായ “ലഖ്മ്” വംശം ഇറാഖിൽ വന്നു പാർത്തു. ഈ വംശത്തിൽനിന്നാകുന്നു ഹീറാരാജസാമ്രാജ്യം ഉത്ഭവിച്ചതു്. തയ്യ്‌വംശം മദീനയുടെ വടക്കുകിഴക്കെ പ്രദേശത്തും, ഖുസാഅയുടെ ഒരു ശാഖയായ “ബനൂകൽബ്” നജ്ദി

ൻെറ ഉത്തരഭാഗത്തും ചെന്നു താമസിച്ച ഹിംയർ, കിന്ത:, മിദ്ഹജ് മുതലായ ഗോത്രങ്ങൾ യമനിൽത്തന്നെ പാൎത്തുവരികയാണ് ഉണ്ടായത്.

**അദ്നാൻ:**—അദ്നാൻെറ ജന്മദേശം മക്കയാകുന്നു. പുത്രൻെറ പേർ മുഅദ്ദ് എന്നും പൌത്രൻെറ പേർ നിസാർ എന്നുമാകയാൽ അദ്നാൻ വർഗ്ഗത്തിനെ മുഅദ്ദ് വർഗ്ഗമെന്നും പറയാറുണ്ട്. ഈ വർഗ്ഗത്തിലെ പ്രധാനഗോത്രങ്ങൾ ഇയാദ്, റബീഅ:, മുസർ എന്നിവയാകുന്നു.

റബീഅ: ഗോത്രത്തിൻെറ ശാഖകൾ വളരെ കീൎത്തി പ്രാപിച്ച് അറബ് ചരിത്രത്തിൽ ധാരാളം സ്ഥലം പിടിച്ചിരിക്കുന്നു. പ്രതാപത്തിലും ശ്രേഷ്ഠതയിലും മുസർ ഗോത്രവുമായി ഈഗോത്രം സദാ മത്സരിച്ചുകൊണ്ടിരുന്നു. ഇസ്ലാമിൽ ഉത്ഭവിച്ച ഖവാരിജ് സംഘത്തിലെ അധികമാളുകളും ഈ ഗോത്രപിൻഗാമികളായിരുന്നു. ഇതിൽനിന്നുത്ഭവിച്ച "അബ്ദുൽഖൈസ്"വംശം, ബക്കർ, തഗ്ലബ് ഇങ്ങിനെ രണ്ടു ശാഖകളായും ബക്കർ ശാഖ ബനൂഹനീഫ: അജൽ ഇങ്ങിനെ രണ്ടു ഉപശാഖകളായും പിരിഞ്ഞു.

മുസർ ഗോത്രം ഖൈസ്ഐലാൻ, യാസ് ഇങ്ങിനെ രണ്ടു ശാഖകളായിത്തീൎന്നതിൽ ഖൈസ്ഐലാനിൽനിന്നു് ബനൂസലീം, ബനൂഹവാസിൻ, ബനൂഗത്ഫാൻ എന്നീ ഉപശാഖകളും ബനൂഗത്ഫാനിൽ

നിന്നു് ബനൂഗബ്‌യാൻ, ബനൂഐസ് എന്നീ കുടുംബങ്ങളും ഉത്ഭവിച്ചു.

യാസിൽനിന്നാണു് ശ്രുതിപ്പെട്ട തമീം, ഹുദയിൽ, അസദ്, കിനാന എന്നീ ശാഖകൾ ഉണ്ടായിത്തീന്നതു്. ഇവയിൽ കിനാനഃ വംശത്തിൽ ഖുറൈശ് എന്നു പേർ പറയപ്പെടുന്ന ഫിഹ്‌റുബ്നുമാലിക്കു് ജാതനായി. ഖുറൈശിൻെറ സന്താനങ്ങളിൽനിന്നു ഉത്ഭവിച്ചിട്ടുള്ള വിവിധശാഖകളിൽ പ്രധാനപ്പെട്ടവയെ ചുവടെ വിവരിക്കുന്നു.

ബനൂജ്ജുംഹ്, ബനൂസഹ്‌മ്, ബനൂമഖ്സൂം, ബനൂതൈമ്, ബനൂഅദീ, ബനൂസുഹ്‌റഃ, ബനൂഅബ്ദിദ്ദാർ, ബനൂഅബ്ദിമനാഫ്.

അബ്ദുമനാഫിനു അബ്ദുശംസ്, നൌഫൽ, മുത്തലിബ്, ഹാശിം ഇങ്ങിനെ നാലു പുത്രന്മാരുണ്ടായിരുന്നതിൽ ഹാശിം മകൻ അബ്ദുൽമുത്തലിബു് മകൻ അബ്ദുല്ലയുടെ പുത്രനായി മുഹമ്മദ്‌നബി (സ) ജനിച്ചു.

"അബ്ബാസിയാ ഖലീഫമാർ" അബ്ബാസുബ്നു അബ്ദിൽ മുത്തലിബിൻെറയും, "അലവികൾ" അലിയ്യുബ്നു അബീതാലിബിൻെറയും സന്തതികളാകുന്നു. അബ്ദുശംസ് മകൻ ഉമയ്യത്തിൻെറ സന്താനപരമ്പരയ്ക്കു് "ബനൂഉമയ്യഃ" എന്നു പേർ.

അദ്നാൻ വർഗ്ഗം "ഖുസാഅഃ" ഗോത്രക്കാരാൽ തോല്പിക്കപ്പെട്ടപ്പോൾ, മക്കാ പട്ടണം വിട്ടു വിവിധ ദിക്കുകളിൽ കുടിയേറിപ്പാർത്തു

ബനൂബക്കർ ഗോത്രക്കാർ കുടിയേറിപ്പാർത്തതു് ബഹറയിനിലായിരുന്നു അവർ പേർഷ്യക്കാരുടെ ആധിപത്യം സ്വീകരിക്കുകയും പേർഷ്യ ചക്രവർത്തി അവരിൽ നിന്നു ഓരോരുത്തനെ അവരുടെ ഭരണാധിപനായി നിയമിച്ചുവരികയും ചെയ്തു ഇസ്‌ലാംമതത്തിൽ അവരുടെ ഭരണാധിപൻ മുൻദിറുബ്നുസാവായിരുന്നു "ബനൂഹനീഫഃ" യമാമയിൽച്ചെന്നു അതിൻെറ തലസ്ഥാനമായ ഹിജ്റിൽ താമസമുറപ്പിച്ചു ഇസ്‌ലാംമതാരംഭകാലത്തു അവിടെ ഭരണം നടത്തിയിരുന്നതു് ഹൗദബ്നുഅലിയായിരുന്നു. 'ബനൂതഗ്‌ലബ്'' യൂപ്രട്ടീസ് നദീതീരത്തും "ബനൂനമീം'' ഇപ്പോൾ ബസറാപട്ടണം സ്ഥിതിചെയ്യുന്ന പ്രദേശത്തും "ബനൂസലീം'' മദീനയുടെ അയൽദിക്കുകളിലും "ബനൂഹവാസിൻ'' ഗോത്രത്തിൽ, "സഖീഫ'' എന്ന ശാഖ താഇഫിലും മററുള്ളവർ മക്കയുടെ കിഴക്കുഭാഗത്തും "ബനൂഅസദ്'' കൂഫയുടെ പശ്ചിമഭാഗത്തും "ബനൂദുബ്‌യാൻ'' തൈമാ മുതൽ "ഹൂറാൻ'' വരെയുള്ള ദേശങ്ങളിലും "കിനാനഃ'' വംശക്കാർ തിഹാമയിലും താമസമുറപ്പിച്ചു. ഇങ്ങിനെ അദ്നാൻ വർഗ്ഗത്തിൽ ഖുറൈശിഗോത്രം മാത്രമേ മക്കത്തും സമീപപ്രദേശങ്ങളിലുമായി ശേഷിച്ചിരുന്നുള്ളു. ഖുറൈശി ഗോത്രത്തിലെ വിവിധ കുടുംബങ്ങൾ തമ്മിൽ നല്ല സൌഹാർദ്ദവും യോജിപ്പും ഉണ്ടായിരുന്നില്ല. അവസാനം 'ഖുസയ്യുബ്നുകിലാബ്'' ചിതറിക്കിടന്നിരുന്ന ആ കുടുംബങ്ങളെ യോജിപ്പിച്ചു ബലപ്പെടുത്തുകയും "ഖുസാ

അഃ" ഗോത്രക്കാരെ മക്കത്തുനിന്നു ഓടിച്ചുകളയുകയും ചെയ്തു.

**നഗരക്കാരും ബദവികളും:—** അറബികൾ, വാസസ്ഥലം പ്രമാണിച്ചു, നഗരക്കാർ, മലംപ്രദേശക്കാർ (ബദവികൾ) ഇങ്ങിനെ രണ്ടു തരക്കാരാകുന്നു. ബദവികൾക്കു പാൎക്കുവാൻ ഭവനങ്ങളില്ല. ഇവർ, വിശാലമായ മരുഭൂമികളിൽ തങ്ങൾക്കിഷ്ടമുള്ള സ്ഥലങ്ങളിൽ ഒട്ടകത്തിന്റെ തോലുകൾകൊണ്ടും രോമവസ്ത്രങ്ങൾകൊണ്ടും തമ്പുകളുണ്ടാക്കി അതുകളിൽ പാൎത്തുവരുന്നു. ഇവർ പ്രായേണ ഒട്ടകത്തിന്റെ പാലും മാംസവും ഭക്ഷിച്ചു കാലം കഴിക്കുന്നു. ഇവർ ആഡംബര രഹിതന്മാരും നല്ല ജാഗ്രതയുള്ളവരും പരുഷമായി സംസാരിക്കുന്നവരുമാണു്.

അറബു് രാജ്യത്തു് അനവധി നഗരങ്ങളുണ്ടായിരുന്നു മആരിബു്, സൻആ, സബീദ്, അദൻ, സഅദഃ, മുഖാ, ശബാം ആദിയായി യമനിൽ പ്രത്യേകിച്ചും നഗരങ്ങൾ ധാരാളമുണ്ടായിരുന്നു. പരുത്തികൃഷിക്കു ഏററവും പുരാതനമായിട്ടുള്ള രാജ്യം സൻആയാണെന്നു യമൻകാർ വിശ്വസിക്കുന്നു. തിഹാമയിൽ മക്ക, താഇഫ്, മദീനഃ, ഖൈബർ, എന്നിവയും നജ്ദിൽ ഹാഇലും, അൎറസിൽ ഹിജ്റും, ബഹറയിനിൽ ഖത്തീഫും നഗരങ്ങളാണു്.

**കച്ചവടം:—** അറബു് രാജ്യത്തു് ജനങ്ങൾ ധാരാളമായി കച്ചവടത്തിന്നു വന്നുകൂടിയിരുന്ന പല അങ്ങാടികളുണ്ടായിരുന്നു. ഇറാഖ്, പേൎഷ്യ എന്നീ രാജ്യങ്ങളിൽനിന്നു പല കച്ചവടസംഘങ്ങൾ തുണിച്ചരക്കും മററും

ഒട്ടകപ്പുറത്തു കയററി അവിടെ കച്ചവടത്തിന്നു ചെല്ലാറു ണ്ടായിരുന്നു. ഈ വിദേശവ്യാപാരികളുടെ രക്ഷയ്ക്കുള്ള ഉത്തരവാദിത്വം അറബ് ഗോത്രങ്ങളുടെ നായകന്മാർ വ ഹിച്ചുവന്നു. ഉഷ്ണകാലത്ത് സിറിയയിലേക്കും, ശൈത്യ കാലത്ത് യമനിലേക്കുമായി ഖുറൈശികൾ കൊല്ലംതോ റും ഈരണ്ടുപ്രാവശ്യം വ്യാപാരത്തിന്നു പോകാറുണ്ടായി രുന്നു. യമൻകാൎക്ക് അബ് ശീനിയാ, ഇന്ത്യാ, പേഴ്സ്യാ എന്നീ രാജ്യങ്ങളുമായി വ്യാപാരസംബന്ധമായ കൂട്ടു കെട്ടുകളും അവരുടെ രാജ്യത്ത് വേണ്ടുന്നത്ര തുറമുഖങ്ങളും ഉണ്ടായിരുന്നു.

**കൈത്തൊഴിൽ:**—കൈത്തൊഴിൽ വിഷയത്തിൽ അറബികൾക്കു ഒട്ടുംതന്നെ പങ്കുണ്ടായിരുന്നില്ലെന്നു മാത്രമല്ല, അവൎക്കു അതിനോടു വലിയ വെറുപ്പാണ് ഉ ണ്ടായിരുന്നത്. നാഗരികത പ്രാപിക്കാത്ത അറബി കൾക്കുപോലും തൊഴിലാളികളെക്കുറിച്ചു വലിയ പുച്ഛ മായിരുന്നു ബനൂതമീം ഗോത്രത്തിൽ ജീവിതകാലം മുഴുവനും അന്യോന്യം സാഹിത്യശകാരം ചെയ്തു വൎത്തി ച്ചിരുന്ന ജുറയിർ, ഫറസ്ദഖ് എന്നീ രണ്ടു കവികളു ടെ കാവ്യഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഈ പരമാൎത്ഥം ശരിക്കു പ്രത്യക്ഷപ്പെടുന്നതാണ്. ഫറസ്ദഖിൻെറ പൂൎവ്വികന്മാരിൽ ഏതോ ഒരാൾ വാൾകടയുന്ന പണി ചെയ്തിരുന്നുവെന്നുള്ളതാണ് അയാൾക്കു ഏററവും വലി യ ഒരു കുറവായി ജുറൈറിന്നു പറവാൻ സാധിച്ചി ട്ടുള്ളത്.

യമൻകാരിൽ ചിലർ തോൽ ഊറക്കിടുകയും തുണി നെയ്യുകയും ചെയ്തിരുന്നതിനാൽ മററു അറബികൾ അവരെ നീചരായി ഗണിച്ചുവന്നു. എന്നാൽ നൂൽ നൂല്ക്കുന്ന പ്രവൃത്തിയിൽ അറബിസ്ത്രീകൾ പൊതുവായി ഏർപ്പെട്ടുവന്നിരുന്നു. റോമക്കാരെക്കൊണ്ടും പേഷ്യക്കാരെക്കൊണ്ടുമായിരുന്നു അറബികൾ ഭവനങ്ങൾ പണിയിച്ചിരുന്നതു്.

**അറബികളുടെ കുടുംബജീവിതം:** അറബികൾ സ്ത്രീകളെ പുച്ഛിച്ചുകളയുന്നുവെന്നു അവരെ അധിക്ഷേപിച്ചുവരുന്ന ആളുകൾ പറയുന്നു. എന്നാൽ സ്ത്രീകളെ ആദരിക്കുന്നതിലും സ്നേഹിക്കുന്നതിലും അവർ യാതൊരു കുറവും കാണിച്ചിരുന്നില്ലെന്നു് അവരുടെ കാവ്യഗ്രന്ഥങ്ങൾ മുഖേന ധാരാളം തെളിയുന്നുണ്ടു്. അറബിനായകന്മാരും കവികളും കീർത്തിക്കായി, സ്വധൈര്യത്തേയും ഔദാര്യത്തെയും വർണ്ണിച്ചിരുന്ന അവസരങ്ങളിൽ സ്ത്രീകളെയാണു് അഭിമുഖീകരിച്ചിരുന്നതു്. പുരുഷന്മാരുടെ ദുർവ്യയത്തെപ്പററി സ്ത്രീകൾ ആക്ഷേപിക്കുന്നതായാൽ അതിസൌമ്യമായ സ്വരത്തിൽ പദ്യങ്ങൾ ചൊല്ലിക്കൊണ്ടു് പുരുഷന്മാർ സമാധാനം പറയുക പതിവായിരുന്നു കൂടാതെ റബ്ബത്തുൽബൈത്തു് (ഗൃഹപരിപാലിനി) മുതലായ ശ്രേഷ്ഠനാമധേയങ്ങളെക്കൊണ്ടായിരുന്നു പുരുഷന്മാർ സ്വഭാര്യമാരെ വിളിച്ചിരുന്നതു്. തങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രമായ ആളോടു അവ പ്രദർശിപ്പിക്കുവാൻ വേണ്ടി, അയാളെ സ്വന്ത പേർകൊണ്ടു

വിളിക്കാതെ, അയാളുടെ പേർ മാതാപിതാക്കന്മാരോടു ചേൎത്തു, ഇന്നവൻെറ മകൻ എന്നോ, ഇന്നവളുടെ മകം എന്നോ, അയാളെ വിളിച്ചുവരിക അറബികളുടെയിട യിൽ പതിവായിരുന്നു. ഈ പതിവനുസരിച്ചു സ്ത്രീകളേ യും അവരുടെ മാതാപിതാക്കളോടു ചേൎത്തു പുരുഷന്മാർ വിളിച്ചുവന്നു. അറബികൾക്കു സ്വപിതാക്കളുടെ പേർ പറയുന്നതിൽ എത്രത്തോളം അഭിമാനമുണ്ടായിരുന്നു വോ, അത്രയും അഭിമാനപുരസ്സരം മാതാക്കളുടേ പേരും അവർ പ്രസ്താവിച്ചുവന്നു.

വല്ലവരും ഒരു സ്ത്രീയെ ദ്രോഹിക്കുകയോ അപമാ നിക്കുകയോ ചെയ്യുന്ന പക്ഷം പ്രതികാരത്തിന്നായി അ വളുടെ കുടുംബക്കാർ പോരാടിയിരുന്നുവെന്നും, സ്ത്രീകളു ടെ പരിശ്രമംകൊണ്ടു് കലഹങ്ങൾ സമാധാനിച്ചിരുന്നു വെന്നും അറബികളുടെ പുരാതന കാവ്യങ്ങളിൽനിന്നു് തെളിയുന്നുണ്ടു്.

ഓരോകാലത്തും നടപ്പുണ്ടായിരുന്ന ആചാരങ്ങളെ ആ കാലങ്ങളിൽ ജീവിച്ചിരുന്ന കവികൾ മുഖേന നാം അറിയുന്നു. അറബികൾ വല്ലവിധത്തിലും സ്ത്രീകളെ പുച്ഛിക്കുകയോ നിന്ദിക്കുകയോ ചെയ്തിരുന്നതായി അറ ബിക്കവിതകളിൽനിന്നു ഗ്രാഹ്യമാകുന്നില്ല ആകയാൽ അറബികൾ സ്ത്രീകളെ ആദരിച്ചിരുന്നുവെന്നു സമ്മതി ക്കാതെ കഴികയില്ല. എങ്കിലും അവർ പുരുഷന്മാൎക്കു സ്ത്രീ കളെക്കാൾ ശ്രേഷ്ഠത കല്പിച്ചിരുന്നുവെന്നു സംശയമെന്യേ പറയാവുന്നതാണു്.

സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹബന്ധം ഉറപ്പിച്ചിരുന്നതു് ഇരുവരുടേയും രക്ഷകർത്താക്കളുടെ അനുമതിയോടുകൂടി നടത്തപ്പെടുന്ന വൈവാഹിക കർമ്മംവഴിക്കായിരുന്നു. പുത്രി, സഹോദരി, അമ്മായി, ഇളയമ്മ മുതലായ കുടുംബസ്ത്രീകളെ വിവാഹം ചെയ്യാൻ പാടുണ്ടായിരുന്നില്ല. നിസ്സാരന്മാരായ ചില ദരിദ്രന്മാരും തെമ്മാടികളായ ചില യുവാക്കളും വിവാഹബന്ധത്തിനു വേറെയും ചില മാർഗ്ഗങ്ങൾ ആചരിച്ചിരുന്നുവെങ്കിലും ഭൂരിപക്ഷക്കാരായ മററു അറബികൾ അവയെ വെറുക്കുകയാണു് ചെയ്തിരുന്നതു്.

ബഹുഭാര്യാത്വം അറബികളുടെ ഇടയിൽ പതിവായിരുന്നുവെന്നു മാത്രമല്ല, ഒരുവന്നു് ഇത്ര ഭാര്യമാരേ പാടുള്ളുവെന്നു യാതൊരു നിബന്ധനയും അവർക്കില്ലായിരുന്നു. ഹസ്രത്ത് ഗൈലാൻ സഖഫീ, ഇസ്ലാംമതം വിശ്വസിച്ചപ്പോൾ അദ്ദേഹത്തിന്നു പത്തു ഭാര്യമാരുണ്ടായിരുന്നു.

വിവാഹമോചനത്തിന്നുള്ള അവകാശം പുരുഷന്മാർക്കു തന്നെയായിരുന്നു. പക്ഷെ ചില മാന്യ കുടുംബത്തിലെ സ്ത്രീകൾ വിവാഹാവസരത്തിൽ ചെയ്യപ്പെടുന്ന ചില പ്രത്യേക കരാറുകൾ മൂലം വിവാഹമോചനാവകാശം തങ്ങൾക്കാണെന്നു പുരുഷന്മാരെക്കൊണ്ടു സമ്മതിപ്പിച്ചു വന്നു.

യുദ്ധങ്ങളിൽ ബന്ധനസ്ഥകളാകുന്ന സ്ത്രീകളെ സ്വന്ത ഭാര്യമാരെപ്പോലെ നിർത്തുന്നതിന്നു പുരുഷന്മാർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എങ്കിലും അവരിൽ ജനിക്കു

ന്ന മക്കൾ അടിമസന്താനങ്ങളായി ഗണിക്കപ്പെട്ടിരുന്ന തുകൊണ്ടു്, സ്വസന്താനങ്ങളെ ഈ കറവിൽനിന്നു മോചിപ്പിക്കുവാൻവേണ്ടി, മാന്യന്മാരായ അറബികൾ ആ സ്ത്രീകളിൽനിന്നു അകന്നു നില്ക്കുകയായിരുന്നു പതിവു്. അറബികൾ സ്വസന്താനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള ഉപകാരങ്ങൾ എണ്ണിപ്പറയുന്നതായാൽ ഒന്നാമതായിത്തന്നെ പറഞ്ഞിരുന്നതു് താൻ അവക്കു സ്വതന്ത്രയായ മാതാവിനെ തിരഞ്ഞെടുത്തുവെന്നായിരുന്നു. സ്വപുത്രന്മാർ ശത്രുക്കളോടു പോരാടുവാനും, കുടുംബമഹിമയെ രക്ഷിക്കുവാനും പ്രാപ്തന്മാരായിത്തീരേണമെന്ന വിചാരം നിമിത്തം അറബികൾ അവരെ സ്നേഹപൂർവ്വം വളത്തിവന്നു. ഈ ഉദ്ദേശസൂചകമായി അസദ് (സിംഹം) കൽബു് (നായ) ദീബു് (ചെന്നായ്) എന്നിങ്ങനെയുള്ള പേരുകളായിരുന്നു അവർ സ്വപുത്രന്മാക്കു നൽകിയിരുന്നതു്.

അറബികൾ പെണ്മക്കളെ ജീവനോടുകൂടി കുഴിയിലിട്ടു മൂടിക്കളയുക പതിവായിരുന്നുവെന്നുള്ളതു് ശരിതന്നെയാണു്. എന്നാൽ തമീം ഗോത്രത്തിലെ ചില നീച കുടുംബങ്ങളിലല്ലാതെ ഈ ദുരാചാരം നടപ്പുണ്ടായിരുന്നില്ല. പലപ്പോഴും ദാരിദ്ര്യത്തെ ഭയന്നും, ചിലപ്പോൾ പെൺകുട്ടി ജനിക്കുന്നതു് തങ്ങൾക്കു ലജ്ജാവഹമാണെന്നു വിശ്വസിച്ചുമായിരുന്നുവത്രെ ആ ക്രൂരന്മാർ ഈ കഠിനകൃത്യം ചെയ്തിരുന്നതു്. ഇതു മനുഷ്യസ്വഭാവത്തിനു വിരുദ്ധമായ ഒരു പ്രവൃത്തിയായിരുന്നതിനാൽ ഇതിനെ വെറുത്തിരുന്ന ചില മാന്യന്മാർ തമീം ഗോത്ര

KOTTAYAM PUBLIC LIBRARY KOTTAYAM

ത്തിൽത്തന്നെ ഉണ്ടായിരുന്നു. സ്വപുത്രിമാരെ ജീവനോടുകൂടി കഴിച്ചിടുവാൻ ഒരുങ്ങുന്ന സാധുക്കൾക്ക്, ആ കുട്ടികളെ പോററി വളർത്തേണ്ടതിന്ന് ധനസഹായം ചെയ്തു് അവരെ സന്തോഷിപ്പിച്ചിരുന്ന ഉദാരശീലന്മാർ ആ ഗോത്രത്തിൽത്തന്നെ ഉണ്ടായിരുന്നു. ഫറസ്ദഖ് കവിയുടെ പിതാമഹനായിരുന്ന 'സഅ്സഅ' ഇക്കാര്യത്തിൽ പ്രത്യേകം കീർത്തി നേടിയ ഒരാളാകുന്നു.

സത്യത്തിന്നായാലും അല്ലെങ്കിലും സോദരന്മാരെ സഹായിക്കേണ്ടതു് തങ്ങളുടെ മുറയാണെന്ന് അറബികൾ വിശ്വസിച്ചുവന്നു. ഒരാൾക്കുവേണ്ടി അവൻെറ ഗോത്രത്തിലെ സർവ്വ അംഗങ്ങളും യുദ്ധത്തിന്നു തെയ്യാറാകും. അഥവാ ആരെങ്കിലും അതിൽനിന്നു പിന്മാറിക്കളയുന്നതായാൽ കവികളുടെ ശകാരം നിമിത്തം അവൻെറ പദവിക്കു വിഘ്നം സംഭവിക്കാതിരിക്കയില്ല.

ഗോത്രനായകന്മാർ തമ്മിലോ ഇരു ഗോത്രങ്ങളിലെയും അംഗങ്ങൾ തമ്മിലോ കരാർ ചെയ്തു പരസ്പരം സഖാക്കളായിത്തീരുന്ന പതിവ് അറബിഗോത്രങ്ങളിൽ ഉണ്ടായിരുന്നു. ഇപ്രകാരം സഖികളായിത്തീരുന്ന ഗോത്രത്തിന്ന് "ഹലീഫ്" എന്നു പേർ. സ്വന്തം ഗോത്രാംഗങ്ങളെപ്പോലെതന്നെ സഖികളായ ഗോത്രാംഗങ്ങളേയും സഹായിക്കേണ്ടതു് സ്വകർത്തവ്യമാണെന്നു അറബികൾ വിചാരിച്ചിരുന്നു

എന്നാൽ ഒരേ ഗോത്രംതന്നെ രണ്ടു ശാഖകളായിപ്പിരിഞ്ഞു പരസ്പരം കലഹിക്കുന്ന സമ്പ്രദായവും അവ

രുടെ ഇടയിൽ അസാധാരണമായിതന്നില്ല. ഇങ്ങിനെ കലഹങ്ങളുണ്ടായിരുന്നതിൽ പ്രധാനമായ രണ്ടു കാരണങ്ങൾ താഴെ വിവരിച്ചുകൊള്ളുന്നു.

(1) അറബികളുടെ ജീവിതം ഒട്ടകങ്ങളെക്കൊണ്ടാകയാൽ മേച്ചിൽ സ്ഥലങ്ങളും ജലാശയങ്ങളും അവക്കു വളരെ പ്രിയപ്പെട്ടവയായിരുന്നു ഈ മേച്ചിൽ സ്ഥലങ്ങളും ജലാശയങ്ങളും ആരുടേതാണെന്നു തീരുമാനിക്കത്തക്ക യാതൊരു മാർഗ്ഗവും അവക്കില്ലായിരുന്നു തന്നിമിത്തം ഈവക സ്ഥലങ്ങളിൽവെച്ചു മേച്ചിൽക്കാർ തമ്മിൽ കലഹിക്കുകയും പിന്നീട് അതിൽ യജമാനന്മാർ ഏൎപ്പെടുകയും ചെയ്യുക പതിവായിത്തീൎന്നു.

പരാജിതരാകുന്ന കക്ഷിക്കാർ ചിലപ്പോൾ സ്വദേശം വെടിഞ്ഞു മററു വല്ല ഇടങ്ങളിലും ചെന്നു പാൎക്കുകയായിരുന്നു പതിവു്. പൂൎവ്വീകന്മാർ തമ്മിൽ നടന്ന മത്സരത്തെ അറബികൾ ഒരിക്കലും മറന്നിരുന്നില്ല. തന്നിമിത്തം പരാജിതകക്ഷിയുടെ സന്താന പരമ്പരയിൽ ആൎക്കെങ്കിലും സ്വന്തമായോ, സഖാക്കളായ ഇതര ഗോത്രക്കാരുടെ സഹായത്തോടുകൂടിയോ പ്രാബല്യം സിദ്ധിക്കുമ്പോൾ അവർ പൂൎവ്വികന്മാരുടെ രാജ്യത്തുചെന്നു് വിരോധികളോടു പകരംവീട്ടും.

(2) ഗോത്രനായകത്വത്തെക്കുറിച്ചുണ്ടായിക്കൊണ്ടിരുന്ന തൎക്കങ്ങളായിരുന്നു കലഹത്തിന്നുണ്ടായ രണ്ടാമത്തെ കാരണം. ഗോത്രനേതാവിൻെറ മരണാനന്തരം പുത്രൻ നേതൃത്വം വഹിക്കുമ്പോൾ അവൻെറ പിതൃവ്യ

പുത്രന്മാർ കലഹത്തിന്നു പുറപ്പെടുക പതിവായിരുന്നു. മദീനയിലെ ഔസ്, ഖസ്രജ് എന്നീ ഗോത്രങ്ങൾ തമ്മിൽ കലഹം ആരംഭിച്ചതു് ഇപ്രകാരമായിരുന്നു.

ഈ കാരണങ്ങൾ നിമിത്തം ഏക പിതാവിൻെറ സന്താനങ്ങൾ തമ്മിൽത്തന്നെ വമ്പിച്ച കലഹങ്ങൾ നടന്നുകൊണ്ടിരുന്നു. കലഹങ്ങൾ നിൎത്തൽ ചെയ്യുവാൻ കഴിയത്തക്ക യാതൊരു രാഷ്ട്രീയശക്തിയും ആ നാട്ടിൽ ഇല്ലാതിരുന്നതുകൊണ്ടു അനേക കാലത്തോളം ഇവ നാട്ടിൻെറ നാശഹേതുകങ്ങളായിത്തന്നെ സ്ഥിതിചെയ്തു. ഇരുകക്ഷികളിലുമുള്ള കവികൾ അഗ്നിയിൽ എണ്ണ വീഴ്ത്തുംപ്രകാരം പ്രസ്തുതകലഹങ്ങളെ, കവിതകൾ മാർഗ്ഗമായി വളൎത്തിക്കൊണ്ടിരുന്നു. എതിർകക്ഷിയുടെ കുറവുകൾ വൎണ്ണിച്ചു് അവരെ നിന്ദിക്കുവാൻ കവികൾ എപ്പോഴും ഉൽസുകരായിരുന്നു.

അറബിക്കവികളുടെ കാവ്യങ്ങളിൽ അറബികളുടെ നീചഗുണങ്ങളല്ലാതെ കാണപ്പെടുന്നില്ല. ഉത്തമന്മാരായിരുന്നുവെന്നു് പൊതുവെ സമ്മതിക്കപ്പെട്ടിരുന്ന ആളുകൾക്കുപോലും ഇവരുടെ ശകാരത്തിൽനിന്നു മോചനം ലഭിച്ചിട്ടില്ല.

മേൽപ്രകാരമുള്ള സ്പർദ്ധകൾ മിക്ക ഗോത്രങ്ങളേയും ബാധിച്ചിരുന്നതിനാൽ അവർ തമ്മിൽ യുദ്ധമുണ്ടാവാൻ വലിയ കാരണങ്ങളൊന്നും വേണ്ടിവന്നിരുന്നില്ല. എത്രയും ലഘുവായ ചില സംഗതികൾതന്നെ അനേകം കുട്ടികൾ അനാഥകളും ഒട്ടധികം സ്ത്രീകൾ വിധവകളുമായിത്തീരുവാൻ ഇടയാക്കിയിരുന്നു.

# ഇസ്ലാമിന്നു മുമ്പ് അറബിലെ രാജ്യഭരണം

കിരീടധാരികളായ രാജാക്കന്മാർ, ഗോത്രനായകന്മാർ ഇങ്ങിനെ രണ്ടുവിധം ഭരണകർത്താക്കളാണ് ഇസ്ലാമിന്നു മുമ്പ് അറബ് രാജ്യത്തുണ്ടായിരുന്നത്. രാജാക്കന്മാരിൽ ചിലർ സ്വതന്ത്രന്മാരും, അല്ലാത്തവർ അന്യകോയ്മകളുടെ കീഴിലുള്ളവരുമായിരുന്നു ഗോത്രത്തലവന്മാരിലും ചിലർ സ്വതന്ത്രന്മാരും മററുള്ളവർ കിരീടധാരികളുടെ കീഴിലുമായി ഭരണം നടത്തിവന്നു. യമൻ, ഹീറഃ, സിറിയൻ അതിർത്തി ഇവിടങ്ങളിലെ രാജാക്കന്മാർ കിരീടധാരികളിൽ പ്രത്യേകം കീർത്തി പ്രാപിച്ചവരായിരുന്നു.

**യമൻരാജാക്കന്മാർ:—** യമൻരാജ്യത്ത് ഖഹ്ത്താൻ വർഗ്ഗത്തിൽപ്പെട്ട അനേകം ഗോത്രങ്ങൾ വ്യാപിച്ചിരുന്നു. ഓരോ ഗോത്രത്തിൻേറയും അധികാരത്തിൻ കീഴിലുണ്ടായിരുന്ന പ്രദേശത്തിന്നു മിഖ്ലാഫ് (സം

സ്ഥാനം) എന്നു പേർ സിദ്ധിച്ചു. യമനിൽ ആകെ 84 മിഖ്ലാഫ്ഉണ്ടായിരുന്നു. ചില മിഖ്ലാഫ്കളുടെ പ്രബലന്മാരായ അധിപന്മാർ അന്യ മിഖ്ലാഫ്കളെ കീഴടക്കുന്നു. ഒരു മിഖ്ലാഫിൻെറ അധിപൻ കൂടുതൽ മിഖ്ലാഫ്കൾ കീഴടക്കുന്നപക്ഷം അയാളെ രാജാവ് എന്നു വിളിച്ചിരുന്നു. യമനിൽ ഭരണം നടത്തി കീർത്തി സമ്പാദിച്ച മുഈനി വംശവും, സബായീവംശവും രാജകുടുംബങ്ങളായിത്തീർന്നതു് ഇപ്രകാരമായിരുന്നു. സബാഈ വംശത്തിൽ ഖ്യാതി സമ്പാദിച്ച ബൽഖീസ് മഹാറാണിയുടെ കഥ തൌറാത്തിൽ പഴയ നിയമം പ്രസ്താവിക്കുകയും ഖുർആനിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ഏററവും വലിയ മിഖ്ലാഫ് സൻആയായിരുന്നതിനാൽ അതിൻെറ അധിപന്മാർക്കു രാജാക്കന്മാരെന്ന നാമധേയം നടപ്പായി. ഇവരിൽ ശ്രുതിപ്പെട്ട ഒരു രാജാവായിരുന്ന യൂസുഫ് ദൂനവാസ്, തൌറാത്തുവേദം അനുഷ്ഠിച്ചിരുന്നു. ക്രിസ്താബ്ദം 343 മുതൽ റോമക്കാരായ ക്രിസ്തീയ മിഷ്യനറിമാർ സൻആയിൽവന്നു ഏതാനും കാലം ശ്രമിച്ചതിൻെറ ഫലമായി യൂസഫ്ദൂനവാസിൻെറ പ്രജകളായിരുന്ന നജ്റാൻ രാജ്യക്കാരിൽ കുറെ ആളുകൾ ക്രിസ്തുമതം വിശ്വസിച്ചതുകൊണ്ടു അയാൾ അവരെ തീയിലിട്ടു ദഹിപ്പിച്ചുകളഞ്ഞു. ക്രിസ്താബ്ദം 534-ാം വർഷത്തിലായിരുന്നു ഈ കഠിനകൃത്യം നടന്നതു്. റോമാചക്രവർത്തിയായിരുന്ന ജോസ്റ്റീൻ കൈസർ ഈ വിവരം അറിഞ്ഞപ്പോൾ തൻെറ കീഴിൽ ഹബ്ശീനിയ

രാജ്യം ഭരിച്ചിരുന്ന നജ്ജാശീ എന്ന ക്രിസ്ത്യൻരാജാവിന്നു ദൂനവാസിനോടു പ്രതിക്രിയ ചെയ്യാൻ കല്പന കൊടുത്തു. ഹബ്ശീനിയാ രാജാവ് കല്പനപ്രകാരം തൻെറ അർയാത്ത് എന്ന പടനായകനെ ഒരു സൈന്യത്തോടുകൂടി സൻആയിലേക്കു അയക്കുകയും അർയാത്ത് ദൂനവാസിനെ തോല്പിച്ചു രാജ്യം കീഴടക്കുകയും ചെയ്തു. ദൂനവാസ് ഈ പരാജയം നിമിത്തം സമുദ്രത്തിൽ ചാടി ആത്മഹത്തി ചെയ്കയാണുണ്ടായത്.

അർയാത്ത് സൻആയിൽ ഭരണം നടത്തിക്കൊണ്ടിരുന്ന മദ്ധ്യേ അയാളുടെ ഒരു സൈന്യാധിപനായിരുന്ന അബ്റഹത്ത് അയാളെ കൊല്ലുകയും, ഹബ്ശീനിയാ രാജാവിനെ വശീകരിച്ചു സൻആയുടെ ആധിപത്യം കൈക്കലാക്കുകയും ചെയ്തു അറബികൾ കാബായിൽ ഹജ്ജിന്നു പോകുന്നത് വിരോധിക്കുവാനായി അയാൾ സൻആയിൽ ഒരു കനീസഃ (ക്രിസ്തീയപള്ളി) പണിയിച്ചു. അറബികൾ അവിടെ ഹജ്ജിന്നു ചെല്ലുന്നതായാൽ ക്രിസ്തുമതത്തിലേക്കു പ്രയാസമെന്യേ അവരെ വശീകരിക്കുവാൻ കഴിയുമെന്നായിരുന്നു അയാളുടെ വിചാരം. കനീസഃ പണി തീർത്തതിന്നുശേഷം അയാൾ അറബികളെയെല്ലാം ഹജ്ജിന്നു ചെല്ലുവാൻ കല്പിച്ചു. പക്ഷെ അയാളുടെ ആശ്രിതന്മാരും, സാധുക്കളുമായ ചുരുക്കം ചിലർ മാത്രമേ ഈ കല്പന സ്വീകരിച്ചുള്ളൂ. ഇബ്രാഹിം നബിയുടെ കാബഃ വളരെ പരിശുദ്ധമാണെന്ന വിശ്വാസത്തോടുകൂടി അനേകകാലം മുതല്ക്കേ അതി

ൻെറ അടുക്കൽച്ചെന്നു ഹജ്ജ് ചെയ്തിരുന്ന മിക്ക അറബികളും അബ്റഹത്തിൻെറ ആഗ്രഹത്തിന്നു വഴിപ്പെട്ടില്ല. അതിനാൽ അയാൾ കാബഃ പൊളിച്ചുകളയുവാനുറച്ച് ഒരു വമ്പിച്ച സേനയോടുകൂടി ആനപ്പുറത്ത് മക്കത്തേക്കു പുറപ്പെട്ടു. ഇങ്ങിനെ മക്കത്തെത്തിയപ്പോൾ സൂറത്തുൽ ഫീലിൽ (ഖുർആനിലെ ഒരു അദ്ധ്യായം) പറയപ്പെട്ടപ്രകാരമുള്ള കഠിന ശിക്ഷമൂലം അൽലാഹ അവരെ നശിപ്പിച്ചുകളഞ്ഞു.

പിന്നീട് സൻആയിൽ രാജാസനമേറിയത്, അബ്റഹത്തിൻെറ പ്രഥമപുത്രനായ യക്ക്സൂമും അതിന്നുശേഷം രണ്ടാമത്തെ മകനായ മസ്രൂഖുമായിരുന്നു. യമനിലെ പൂർവ്വിക രാജകുടുംബത്തിൽ അന്നു ജീവിച്ചിരുന്ന സൈഫുബ്നുദീയസൻഹിംയാര തൻെറ പൂർവ്വികന്മാരിൽനിന്നു നഷ്ടപ്പെട്ടുപോയ ആ രാജത്വത്തെ വീണ്ടെടുപ്പാനാഗ്രഹിച്ചു. ഈ ആഗ്രഹനിവൃത്തിക്കായി അയാൾ റോമാചക്രവർത്തിയുടെ രാജധാനിയിൽ ചെന്നു സഹായം അഭ്യർത്ഥിച്ചു പക്ഷെ ഫലമുണ്ടായില്ല. അതിനാൽ പേർഷ്യാചക്രവർത്തിയായ നൌശേർവ്വാൻെറ അടുക്കൽ ചെന്നു സഹായത്തിന്നു അപേക്ഷിച്ചു. നൌശേർവ്വാൻ സഹായിക്കാമെന്നു വാഗ്ദാനം ചെയ്തുവെങ്കിലും അതു പൂർത്തീകരിക്കുന്നതിന്നു മുമ്പ് സൈഫ് മരിച്ചുപോയി. അല്പദിവസങ്ങൾക്കുശേഷം സൈഫിൻെറ പുത്രനായ മഅദീക്കരിബ് പേർഷ്യൻ രാജധാനിയിൽ ചെന്നു സ്വപിതാവിനോടു ചെയ്തിട്ടുണ്ടായിരുന്ന വാഗ്

ദത്തം രാജാവിനെ ഓൎമ്മപ്പെടുത്തി. നൌശേർവ്വാൻ തന്റെ വഹ്റസ് എന്ന പടനായകന്റെ കീഴിൽ ഒരു സൈന്യത്തെ കൂടെത്തന്നെ അയച്ചുകൊടുത്തു. ഇവർ ഓമൻ ഉൾക്കടൽ കടന്നു ഹസ്രമൌത്തു് കരയിലിറങ്ങി സൻആയിലേയ്ക്കു ചെന്നു. ഖഹ്ത്താൻ വൎഗ്ഗക്കാരായ അധികമാളുകളും ഈ സൈന്യത്തോടു ചേൎന്നു. യുദ്ധത്തിൽ അബ്ശീനിയക്കാർ പരാജിതരായി. പാർസി സൈന്യം അവരെ യമനിൽനിന്നു ബഹിഷ്കരിച്ചുകളഞ്ഞു. സൈന്യാധിപനായ വഹ്റസ്, മഅദീക്കരിബിനെ കിരീടം ധരിപ്പിച്ചതിന്നുശേഷം സ്വഭടന്മാരിൽ ചിലരെ അവിടെ നിറുത്തി മടങ്ങിപ്പോന്നു. അന്നു സൻആയിൽ നിറുത്തപ്പെട്ടിരുന്ന ഈ പേൎഷ്യൻഭടന്മാൎക്കാണു് "അബ്നാ" എന്ന പേർ സിദ്ധിച്ചതു്.

ഈ വിജയത്തിൽ മഅദീക്കരിബിനെ അനുമോദിക്കുവാൻവേണ്ടി നാനാ ദിക്കുകളിൽനിന്നും അറബി ഗോത്രനായകന്മാർ അവിടെ ചെല്ലുകയുണ്ടായി. ഇക്കൂട്ടത്തിൽ ഹാം നായകനും ഖുറൈശീ നേതാവും റസൂൽ തിരുമേനിയുടെ പിതാമഹനുമായിരുന്ന അബ്ദുൽ മുത്തലിബും ഉൾപ്പെട്ടിരുന്നു. മഅദീക്കരിബിന്റെ മരണാനന്തരം നൌശേർവ്വാൻ രാജാവു് വഹ്റസിനെ സൻആയിലേയ്ക്കു ഗവൎണ്ണറാക്കി അയച്ചു. ഇങ്ങിനെ യമൻ രാജ്യം പേൎഷ്യാസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീൎന്നതിനാൽ, അന്നു മുതൽ പേൎഷ്യാ ചക്രവൎത്തി നിയമിക്കുന്ന ഗവൎണ്ണർമാർ അവിടെ ഭരണം നടത്തിവന്നു. യമ

നിൽ ഇസ്ലാംമതം ആവിർഭവിച്ച കാലത്തു് അവിടെ ഗവൎണ്ണരായിരുന്ന ബാദാനും ആ മതം സ്വീകരിക്കുകയുണ്ടായി. സൻആ ഗവൎമ്മേണ്ടിന്നു പുറമെ "ഖൈൽ" എന്നു പറയപ്പെടുന്ന ചില സ്വതന്ത്ര ഗോത്രനായകന്മാരും യമനിൽ ഉണ്ടായിരുന്നു.

**ഹീറാരാജാക്കന്മാർ:**—ക്രി. മു. 333-ൽ അലക്സാണ്ടർ പാർസികളെ തോല്പിക്കുകയും അവരുടെ രാജാവായ ദാറാമിനെ കൊല്ലുകയും ചെയ്തുകൊണ്ടു് പേഷ്യാസാമ്രാജ്യത്തെ അനേകം ചെറു വിഭാഗങ്ങളാക്കി ഓരോന്നും ഓരോ ചെറു രാജാക്കന്മാൎക്ക് ഏല്പിച്ചു കൊടുത്തിരുന്നു. മേലിൽ പാർസികൾക്കു ഗ്രീക്കുകാരെ ആക്രമിക്കുവാൻ സാധിക്കരുതെന്നായിരുന്നു അലക്സാണ്ടരുടെ ആഗ്രഹം. ഈ പ്രവൃത്തിമൂലം അയാൾക്കു് ആ ആഗ്രഹം നല്ലവണ്ണം സാധിച്ചു ഇതിന്നുശേഷം സുമാർ 563 കൊല്ലത്തോളം പാർസികൾക്കു അന്യരെ ആക്രമിക്കുവാൻ ശക്തിയുണ്ടായിരുന്നില്ല.

ക്രിസ്താബ്ദം 230-ൽ അർദ്ദശേർ എന്ന പാർസി രാജാവു് ഈ ചെറു രാജ്യങ്ങളെയെല്ലാം യോജിപ്പിച്ചു് ഒരേ കൊടിയിൻ കീഴിലാക്കി. ചരിത്രപ്രസിദ്ധമായ സാസാനീ സാമ്രാജ്യം ഇതാകുന്നു. അർദ്ദശേർ പേർഷ്യൻ അതൃത്തിയിൽനിന്നു മുന്നോട്ടുകടന്നു് ഇറാഖ് രാജ്യവും പിടിച്ചടക്കി. തദവസരത്തിൽ അവിടെ അധിവസിച്ചിരുന്ന ഖുളാഅഃ ഗോത്രക്കാർ അയാളുടെ ആധിപത്യത്തിൽ തൃപ്തിപ്പെടാതെ സിറിയായിലേയ്ക്കു് ഒഴിച്ചുപോ

യി. എങ്കിലും ഹീറയിലും അമ്പാറിലുമുണ്ടായിരുന്ന അറബികൾ അയാൾക്കു കീഴടങ്ങുകയാണുണ്ടായത്.

അറബികൾ പേർഷ്യാ ഗവമ്മെണ്ടിന്നു കീഴൊതുങ്ങുന്നതു് പ്രയാസമാണെന്നു് അർദ്ദശറിന്നു മനസ്സിലായി. അതിനാൽ പേർഷ്യാ ഗവമ്മെണ്ടിന്നു് ഇറാഖിൽ പ്രാബല്യം സിദ്ധിക്കുവാനും, അതിർത്തിയിൽ പാർത്തിരുന്ന അറബികളുടെ അക്രമം നിറുത്തുവാനും, സിറിയാരാജ്യം ഭരിച്ചിരുന്ന റോമാക്കാരുമായി യുദ്ധമുണ്ടാകുമ്പോൾ സഹായം ലഭിക്കുവാനുമായി, അറബിഗോത്രങ്ങളുടെ നായകനായിരുന്ന ജസീമയെ അർദ്ദശർ ഹീറയിൽ രാജാവാക്കി. പേർഷ്യയുടെ ഒരു സൈന്യത്തേയും അയാൾ അവിടെ നിറുത്തിയിരുന്നു. ഈ സൈന്യത്തിന്നു് അറബികൾ ദോസർ എന്നു നാമകരണം ചെയ്തു. പേർഷ്യാ കൊടിക്കൂറകളിൽ രണ്ടു പുലികളുടെ ചിത്രമുണ്ടായിരുന്നതിനാൽ, രണ്ടു പുലി എന്നർത്ഥമായ ദോ ശേർ എന്ന വാക്കിൽനിന്നായിരിക്കാം ഈ പേരുണ്ടായതു്.

ഏകദേശം ക്രിസ്താബ്ദം 268-ൽ ജസീമഃ മരിച്ചു. ഇതിന്നുശേഷം ലഖ്മ് ഗോത്രത്തിൽപ്പെട്ട അംറുബ്നു അദീ, ഹീറയിൽ രാജാവായി. അർദ്ദശേറിൻെറ മകൻ ശാപ്പൂർ ചക്രവർത്തിയുടെ സിംഹാസനാരോഹണം മുതൽ ഹീറാ രാജ്യത്വം ലഖ്മ് വംശത്തിൽത്തന്നേ സ്ഥിതിചെയ്തു. പേർഷ്യാ ചക്രവർത്തിയായിരുന്ന ഖബ്ബാദിൻെറ ഭരണകാലത്തു് മുസ്ദക്ക് എന്ന നേതാവ്തന്നെ "ഇബ്ബാഹിയ്യാ" മതം പേർഷ്യയിൽ പ്രചരിപ്പിച്ചു. ധനം,

സ്ത്രീ ആദിയായ ഏതൊന്നിനെസ്സംബന്ധിച്ചും ഒരാറംകളം യാതൊരു പ്രത്യേകാവകാശവും പാടില്ലെന്നും അവയെ ഇഷ്ടാനുസരണം ഉപയോഗിപ്പാൻ സർവ്വക്കും ഒരുപോലെ സ്വാതന്ത്ര്യമുണ്ടെന്നുമായിരുന്നു ഈ മതത്തിന്റെ പ്രധാന സിദ്ധാന്തം. ചക്രവത്തിയും അനേക പ്രജകളും ഈ മതം കൈക്കൊണ്ടു. അന്നത്തെ ഹീറാ രാജാവു് ലഖ്മ് വംശജനായ മുൻദിറുബ്നുമാഇസ്സമാ ആയിരുന്നു. അയാളോടു ഈ മതം കൈക്കൊള്ളുവാൻ ഖബ്ബാദ് ചക്രവത്തി ഒരു സന്ദേശം മൂലം ആജ്ഞാപിച്ചു പക്ഷെ അയാറം വഴിപ്പെട്ടില്ല. തന്നിമിത്തം ചക്രവത്തി അയാളെ സ്ഥാനഭ്രഷ്ടനാക്കി, ബക്ര്യഗോത്രത്തലവനായിരുന്ന ഹാരിസുബ്നുഉമർകിന്തിയെ ഈ മതം വിശ്വസിപ്പിച്ചു ഹീറയിൽ രാജാവാക്കി. ഖബ്ബാദിന്നു ശേഷം അയാളുടെ മകൻ നൌശേർവ്വാൻ സിംഹാസനാരോഹണം ചെയ്തപ്പോറം ഇബാഹിയ്യാമതം മനുഷ്യപ്രകൃതിക്കു യോജിക്കാത്തതും പ്രജകറംക്കു ദോഷകരവുമാണെന്നു കണ്ടു, തൽസ്ഥാപകനായ മസ്ദക്കിനേയും ശിഷ്യന്മാരേയും കൊന്നു് അതിനെ പേഷ്യയിൽനിന്നു നശിപ്പിക്കുകയും, ഹീറാ രാജ്യത്വം മുൻദിറിന്നു തന്നേ നൽകുകയും ചെയ്തു. ഇങ്ങിനെ ലഖമ് ഗോത്രക്കാക്കു അവരുടെ രാജത്വം വീണ്ടും കരസ്ഥമായി.

ഈ ഗോത്രത്തിൽ ഒരു രാജാവായിരുന്ന നുഅമാനുബ്നുമുൻദിർ സിംഹാസനാരോഹണം ചെയ്തപ്പോറം, പേഷ്യാചക്രവത്തിക്കുണ്ടായ എന്തോ ഒരു അതൃപ്തിമൂലം

ചക്രവത്തി അദ്ദേഹത്തോടു രാജസന്നിധിയിൽ ഹാജരാവാൻ കല്പിച്ചു. നുഅമാൻ ഭയവിഹ്വലനായി അഭയം അത്ഥിച്ചുകൊണ്ടു അറബിഗോത്രങ്ങളുടെ ഇടയിൽ ചുററി നടന്നു. അവസാനം അയാഠം ബന്തുശൈബാൻ ഗോത്രത്തലവനായ ഹാനിബ്നുമസ്ഉൗദിൻെറ അടുക്കലെത്തി. ഹാനി ഒരു ശ്രുതിപ്പെട്ട നേതാവും, പേഷ്യാ ചക്രവത്തിയുടെ പക്കൽനിന്നു ചില സമ്മാനങ്ങഠം ലഭിച്ചിട്ടുള്ള യോഗ്യനുമായിരുന്നു. ഹാനിയോടു രക്ഷ തേടുന്നപക്ഷം അറബികളുടെ പതിവനുസരിച്ചു അയാഠം സ്വീകരിക്കാതിരിക്കയില്ലെന്നു നുഅമാന്നു വിശ്വാസമുണ്ടായിരുന്നു. എന്നാൽ അതുകൊണ്ടു തൻെറ കഷ്ടതകഠ പരിഹാരമുണ്ടാവുന്നതല്ലെന്നു കണ്ടു, പേഷ്യാ ചക്രവത്തിയുടെ സന്നിധിയിൽ ഹാജരാവാൻ വേണ്ടി നുഅമാൻ മദായിനിലേക്കു പുറപ്പെട്ടു. തദവസരത്തിൽ സ്വസന്താനങ്ങളേയും മുതലുകളേയും തല്ക്കാലത്തേക്കു ഹാനിയെ ഭാരമേല്പിച്ചു.

കിസ്രാചക്രവത്തി അയാളെ തടവിലാക്കുകയും, ഹിറാരാജാവായി ബന്തുത്വയ്യ് ഗോത്രനേതാവായ ഇയാസുബ്നുഖബീസയെ നിയമിക്കുകയും ചെയ്തു. കൂടാതെ ഹാനിയുടെ അടുക്കൽ നിറുത്തപ്പെട്ട നുഅമാൻെറ സന്താനങ്ങളേയും മുതലുകളേയും രാജധാനിയിലേക്കു അയക്കേണമെന്നു ചക്രവത്തി ഇയാസിനോടു ആജ്ഞാപിക്കുകയുണ്ടായി. ഹാനി അവയൊന്നും വിട്ടുകൊടുക്കാൻ കൂട്ടാക്കാഞ്ഞതിനാൽ ചക്രവത്തി ഇയാസിനോടു ഹാനിയു

മായി യുദ്ധം ചെയ്യാൻ കല്പിക്കുകയും സഹായത്തിന്നു വേണ്ടി പേഷ്യാ സൈന്യാധിപന്മാരുടെ കീഴിൽ കുറെ ഭടന്മാരെ അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത യുദ്ധത്തിൽ ബനുശൈബാൻ ഗോത്രക്കാർ തങ്ങളുടെ അഭിമാനവും അന്തസ്സും നിലനിറുത്തേണമെന്ന വിചാരത്തോടുകൂടി ധൈര്യസമേതം പോരാടിയതിന്നാൽ പാർസികൾ തോറ്റുപോയി. അറബികൾക്കു പേർഷ്യക്കാരുടെ മേൽ ഒന്നാമതായി ജയം സിദ്ധിച്ചതു് ഈ ഭയങ്കര യുദ്ധത്തിലായിരുന്നു റസൂൽകരീമിന്നു ദിവ്യദൌത്യം ലഭിച്ചതു് ഈ സംഭവത്തിന്നു ഏതാനും മാസം മുമ്പായിരുന്നു ഇയാസിന്നുശേഷം പേർഷ്യാചക്രവത്തി ഹീറയേയും യമൻരാജ്യത്തെപ്പോലെത്തന്നെ ഗവർണ്ണർമാരെ അയച്ചു നേരിട്ടു ഭരിക്കുകയാണുണ്ടായതു്. എങ്കിലും കിസ്താബ്ദം 632-ൽ ലഖ്മ ഗോത്രത്തിൽ മഗ്റൂർ എന്ന സ്ഥാനപ്പേർകൊണ്ടു കീത്തിനേടിയ മുൻദിർ എന്നയാൾ വീണ്ടും ഹീറയെ കീഴടക്കി. അന്നുമുതൽ എട്ടുമാസം കഴിഞ്ഞതിന്നുശേഷം ഹസ്രത്ത് ഖാലിദുബ്നുവലീദ് സൈന്യവുമായിച്ചെന്നു് ആ രാജ്യം കീഴടക്കി ഇസ്ലാം സാമ്രാജ്യത്തോടു ചേർത്തു

ഇസ്ലാം മതത്തിന്റെ ആരംഭഘട്ടത്തിൽ ഹീറാ ഗവമ്മേണ്ടിന്റെ ശക്തി തീരെ ക്ഷയിച്ചുപോയിരുന്നു. അവിടത്തെ നാട്ടുവാഴികൾ കിസ്രാകോയ്ക്കു കപ്പം കൊടുക്കേണ്ടി വന്നിരുന്നതോടുകൂടി ബദവിഗോത്രങ്ങളുടെ മേൽ അവക്കു നാമമാത്രമായ അധികാരമേ ഉണ്ടായിരു

ന്നുമുള്ള. മിക്ക ബദവി ഗോത്രങ്ങളും ഹീറാഗവമ്മേണ്ടി നോട്ട മത്സരിക്കുകയും, ചിലപ്പോഠം യുദ്ധത്തിൽ ജയം പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹീറയിലെ ഭരണകൂടം അക്കാലത്തു് ഏത്രത്തോളം ബലഹീനമായിരുന്നുവെന്നു താഴെ പറയുന്ന സംഭവത്തിൽ നിന്നു സ്പഷ്ട മാകുന്നതാണു്.

അംറബ്നുമുൻദിർ എന്ന ഹീറാരാജാവിൻെറ മാതാവു്, മുമ്പു് അവിടെ രാജാവായിരുന്ന ഹാരിസ് കിന്തിയുടെ മകളായ ഹിന്തായിരുന്നു "അറബികളിൽ ആരുടെയെങ്കിലും മാതാവു് എൻെറ മാതാവിന്നു ദാസ്യവൃത്തി ചെയ്യുന്നതു കുറവായി ഗണിക്കുമോ" എന്നു ഒരു ദിവസം അംറു അനുചരന്മാരോടു അഭിമാനപുരസ്സരം ചോദിച്ചതിന്നു അവർ ഇങ്ങിനെ മറുപടി പറഞ്ഞു. "അങ്ങിനെയുള്ള ഒരാളെയും കാണ്മാനില്ല എങ്കിൽ കൂടി തഗ്‌ലബ് ഗോത്രനായകനായ അംറുബ്നുകൽസൂമിൻെറ മാതാവായ ലൈല ഒരു പക്ഷെ അങ്ങയുടെ മാതാവിനെ ശുശ്രൂഷിക്കുവാൻ ഇഷ്ടപ്പെട്ടില്ലെന്നു വരാം. അവളുടെ പിതാവു്, പിതൃവ്യൻ, ഭർത്താവു്, പുത്രൻ ഇവരെല്ലാവരും വളരെ കീർത്തി പ്രാപിച്ചവരത്രെ." അപ്പോഠം ഇബ്നുമുൻദിർ ഉപായേന അംറിനേയും അയാളുടെ മാതാവിനേയും ഒരു സല്ക്കാരത്തിന്നായി ക്ഷണിക്കുകയും, അവർ സ്വഗോത്രത്തിലെ ആളുകളോടുകൂടി ഇബ്നു മുൻദിറിൻെറ കൊട്ടാരത്തിൽ ചെല്ലുകയുമുണ്ടായി. രാജാവു് അവരെ കേമമായി സല്ക്കരിച്ചു. ഹീറ

യിലെ പല നായകന്മാരെയും അപ്പോൾ ക്ഷണിച്ചുവരുത്തിയിട്ടുണ്ടായിരുന്നു. ലൈലാ വരുമ്പോൾ അവളെക്കൊണ്ടു് എന്തെങ്കിലും ഒരു ശുശ്രൂഷ ചെയ്യിക്കേണ്ടതിന്നു രാജാവു് സ്വമാതാവായ ഹിന്ദുമായി മുൻകൂട്ടി ഏപ്പാടു ചെയ്തിരുന്നു. അങ്ങിനെ ലൈലാ വന്നതിനുശേഷം അവളും ഹിന്ദുംകൂടി അകത്തു് സൈ്വരസല്ലാപം ചെയ്തുകൊണ്ടിരിക്കവെ, ഹിന്ദ് അവിടെ കിടന്നിരുന്ന ഒരു തളികയുടെനേരേ ചൂണ്ടി, "അതു ഇങ്ങോട്ടെടുപ്പിൻ" എന്നു ലൈലയോടു പറഞ്ഞു. ആവശ്യക്കാർതന്നെ എടുത്തുകൊള്ളേണ്ടതാണെന്നായിരുന്നു ലൈലായുടെ മറുപടി. അവസാനം ഹിന്ദ് ബുദ്ധിമുട്ടിച്ചതിനാൽ ലജ്ജാവഹം എന്നുപറഞ്ഞുകൊണ്ടു ലൈലാ എഴുന്നീററു നടകൊള്ളുകയും, സ്വഗോത്രത്തെ വിളിച്ചു അട്ടഹസിക്കുകയും ചെയ്തു ഇബ്നുമുൻദിറിൻേറയും മററു നായകന്മാരുടേയും കൂടെ മുറിക്കകത്തിരുന്നു സുഖിച്ചുകൊണ്ടിരുന്ന അംറിൻേറ മുഖം, ഇതു കേട്ടപ്പോഴുണ്ടായ കോപം നിമിത്തം ചുമന്നുപോയി. അയാൾ ഉടനെ എഴുന്നീററു ആ മുറിയിൽ തൂക്കിയിട്ടിരുന്ന ഇബ്നുമുൻദിറിൻേറ വാൾതന്നെയെടുത്തു അയാളെ അപ്പോൾതന്നെ കൊന്നുകളഞ്ഞു "സബ്ഉമുഅയഖാത്ത്" എന്ന അറബികാവ്യത്തിൻേറ ഒരു ഭാഗം, ഈ സംഭവത്തെത്തുടന്നു ശേഷം അംറ് തൻേറ പ്രതാപത്തേയും ശ്രേഷ്ഠതയേയും വണ്ണിച്ചിട്ടുള്ളതാണ്.

**സിറിയാ രാജാക്കന്മാർ:**—ബ്ലൂഅഃ ഗോത്രക്കാരായ കുറെ ആളുകൾ പാർസി രാജാവായ അർദ്ദശേർ

ഇറാഖ് പിടിച്ചടക്കിയതു നിമിത്തം അവിടെനിന്നു സിറിയായിലേയ്ക്കു പോയിരുന്ന വിവരം മുമ്പ് പ്രസ്താവിച്ചുവല്ലോ. അലക്സാണ്ടറിൻെറ വിജയം മുതൽ സിറിയാ രാജ്യം റോമാക്കാരായിരുന്നു ഭരിച്ചിരുന്നതു്. അവർ, രാജ്യം വിട്ടുചെന്ന ആ അറബികൾക്കു പാക്കുവാൻ സ്ഥലം കൊടുക്കുകയും, മലംപ്രദേശക്കാരായ അറബികളുടെ അക്രമം നിറുത്തൽചെയ്യേണ്ടതിന്നും, പാർസികളുമായി യുദ്ധമുണ്ടാകുമ്പോൾ സഹായം ലഭിക്കേണ്ടതിന്നുമായി ആഖ്ളുഅഃഗോത്രക്കാരിൽ ഒരാളെ അവിടുത്തെ ഭരണാധികാരിയായി നിയമിക്കുകയുംചെയ്തു ഈ ഭരണാധികാരിയെ "സർദാർ" എന്നു വിളിച്ചുവന്നു. അല്പകാലം കഴിഞ്ഞതിന്നുശേഷം ഗസ്സാൻ ഗോത്രക്കാർ അവിടെ ചെന്നു ഖ്ളാഅഃവംശക്കാരെ കീഴടക്കുകയും തങ്ങളുടെ നായകനായ ജഫ്നബ്നുഅംറിനെ രാജാവാക്കുകയുംചെയ്തു. റോമക്കാരും ജഫ്നയുടെ ആധിപത്യം സമ്മതിക്കുകയാണുണ്ടായതു്. സിറിയാ അതിർത്തിയിലുണ്ടായിരുന്ന സർവ്വ അറബിഗോത്രങ്ങളും ഈ ഭരണത്തിന്നു കീഴൊതുങ്ങി. ജഫ്നാരാജാവിൻെറ സന്തതികൾ ക്രിസ്തുമതം വിശ്വസിക്കുകയും ഹസ്രത്ത് ഉമറിൻെറ ഖിലാഫത്ത് വരെ അവരുടെ വാഴ്ച നിലനില്ക്കുകയും ചെയ്തു. യർമൂക്ക് യുദ്ധത്തിന്നുശേഷം ഹിജ്റ പതിമൂന്നിൽ ഇസ്ലാംമതം വിശ്വസിച്ച ജിബില്ലത്തുബ്നുൽ ഐഹം ഈ വംശത്തിൽ അവസാനത്തെ രാജാവായിരുന്നു. റോമക്കാരുമായുണ്ടായ കൂട്ടുകെട്ടുനിമിത്തം ഇവർ നാഗരീകത പ്രാപിക്കുകയും, സിറിയാ രാജ്യത്തു് ചില കൊ

ട്ടാരങ്ങളും കനീസകളും പണിയിക്കുകയും പല പ്രാവശ്യം റോമക്കാരുടെ ഭാഗം ചേർന്നു പാർസികളെ തോല്പിക്കുകയും ചെയ്തിരുന്നു. പാർസികളുടെ കീഴിൽ രാജ്യഭരണം ചെയ്തിരുന്ന ഹീറാ രാജാക്കന്മാരും ഇവരും തമ്മിൽ അനേക യുദ്ധങ്ങളും രക്തപ്രവാഹങ്ങളും നടന്നിട്ടുണ്ടായിരുന്നു.

**ഹിജാസിലെ നേതൃത്വം:**—മുൻകാലത്ത് മക്കയുടെ നേതൃത്വം ജുർഹാ ഗോത്രക്കാരായിരുന്നു വഹിച്ചിരുന്നത്. ഹസ്രത്ത് ഇബ്രാഹീം നബി കാബ പണിയിച്ച് പുത്രനായ ഇസ്മാഈൽ നബിയെ അവിടെ നിറുത്തിപ്പോയതിന്നുശേഷം ഇസ്മാഈൽ നബി ജുർഹം ഗോത്രത്തിൽ വേളി കഴിക്കുകയും അദ്ദേഹത്തിൻെറ സന്തതികൾ കാബാ പരിചാരകന്മാരെന്ന നിലയിൽ മററുള്ളവരുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിക്കുകയും ചെയ്തു. എന്നാൽ മക്കായുടെ പൊതുനേതൃത്വത്തിലും ഭരണത്തിലും അവക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല.

യമനിൽ ജലപ്രളയമുണ്ടായപ്പോൾ ഖുസാഅഃ എന്നു സ്ഥാനപ്പേർ സിദ്ധിച്ച ഹാരിസത്ത് സ്വഗോത്രസമേതം മക്കത്തുവന്നു അവിടത്തെ നിവാസികളെ പുറത്താക്കി. തദവസരത്തിൽ മക്കക്കാർ നജ്ദ്, ഇറാഖ്, ബഹറയിൻ മുതലായ രാജ്യങ്ങളിൽചെന്നു പാർത്തതിനാൽ മക്കത്തും അയൽ പ്രദേശങ്ങളിലുമായി ഇസ്മാഈൽ സന്താനങ്ങളായ അറബികളിൽ ഖുറൈശികൾ മാത്രമേ

ബാക്കിയുണ്ടായിരുന്നു. ഖുറൈശികൾ തമ്മിൽ ശരിയായ സംഘടനയുണ്ടായിരുന്നില്ല. ഖുസയ്യുബ്നുകിലാബ് ജാതനായപ്പോൾ അവരെ യോജിപ്പിച്ച പ്രബലമായ ഒരു ഗോത്രമാക്കിത്തീർത്തു ഖുസാഅഃ ഗോത്രക്കാരിൽ മക്കയുടെ ആധിപത്യം കൈക്കലാക്കി. അതോടുകൂടി കാബയുടെ രക്ഷാധികാരവും അദ്ദേഹത്തിന്നു് സിദ്ധിച്ചു ഖുസയ്യുബ്നുകിലാബ് കാബാരക്ഷാധികാരം ഖുസാഅഃ ഗോത്രക്കാരനായ അബൂഗബ്ശാൻെറ പക്കൽനിന്നു ഒരു പാത്രം കള്ളിന്നു കരസ്ഥമാക്കിയെന്നു കവികൾ വർണ്ണിച്ചിട്ടുണ്ടു്. കാബാ, മതദൃഷ്ട്യാ പ്രാധാന്യം കല്പിക്കപ്പെട്ടുവന്ന ഒരു ഭവനമായിരുന്നതുകൊണ്ടും അറബികൾ കൊല്ലംതോറും അവിടെ ഹജ്ജിന്നു വന്നുകൊണ്ടിരുന്നതിനാലും ഖുസയ്യയിന്നു് സർവ്വ അറബികളുടെയും ഇടയിൽ മതനായകത്വം ലഭിച്ചു. അദ്ദേഹം മക്കത്തു് ദാറുന്നദ്‌വഃ എന്ന നാമധേയത്തിൽ ഒരു സഭാമന്ദിരം പണിയിച്ചു ഖുറൈശികൾ തങ്ങളുടെ കാര്യാലോചനക്കായി ആ ഹാളിൽവന്നു കൂടിക്കൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന്നു, അവരുടെ ഇടയിൽ യോജിപ്പും സൌഹാർദ്ദതയും വൎദ്ധിപ്പിക്കുവാൻ അതും ഒരു മാൎഗ്ഗമായിത്തീൎന്നു. ഖുസയ്യിൻെറ ശ്രേഷ്ഠതയ്ക്കു കാരണമായിത്തീൎന്ന പ്രധാനസംഗതികൾ താഴെ വിവരിക്കുന്നു.

1. ദാറുന്നദ്‌വയുടെ അദ്ധ്യക്ഷസ്ഥാനം. ഈ സഭാമന്ദിരത്തിൽവെച്ചു് ഗൌരവങ്ങളായ പല കാൎയ്യങ്ങളും തീൎച്ചപ്പെടുത്തിയിരുന്നു. ഖുറൈശി സ്ത്രീകളുടെ വിവാ

KOTTAYAM PUBLIC LIBRARY KOTTAYAM

ഹകമ്മവും അവിടെവെച്ച് നടത്തപ്പെട്ടുവന്നു. 2 ലിവാഉ (യുദ്ധത്തിന്നു കൊടി എടുത്തു കൊടുക്കുന്ന അധികാരം) 3. കാബാ സംക്ഷണം. ഇതിന്നു ഹിജാബത്തുൽ കാബാ എന്നു പേർ. 4. സിഖായത്ത് (അറബികൾ ഹജ്ജിന്നു വരുമ്പോൾ അവക്കു് കുടിപ്പാൻ വെള്ളം തെയ്യാറാക്കിക്കൊടുക്കുക) ഈ ആവശ്യാത്ഥം അദ്ദേഹം തോലുകൊണ്ടു് ഒരു ഹൗസ് (വെള്ളത്തടം) ഉണ്ടാക്കുകയും അതിൽ വെള്ളം വീഴ്ത്തി ഈത്തപ്പഴമോ മറേറാ ഇട്ടു മധുരിപ്പിക്കുകയും ചെയ്തിരുന്നു. 5 ഹാജിമാക്കു് ഭക്ഷണം തെയ്യാറാക്കിക്കൊടുക്കുന്ന രിഫാദത്ത് എന്ന അധികാരം. ഖുസയ്യിന്നു ഈ കാര്യങ്ങൾ നിർവ്വഹിക്കുവാൻ വേണ്ട ദ്രവ്യസഹായവും മററും ഖുറൈശികൾ ചെയ്തുകൊടുത്തിരുന്നു.

ഖുസയ്യിൻെറ മകൻ അബ്ദുമനാഫ് പിതാവോടുകൂടി ഈ അധികാരങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ടായിരുന്നു. ഈ അധികാരങ്ങൾ വഹിക്കുന്നതു് ഒരു വലിയ പദവിയായി ഗണിക്കപ്പെട്ടിരുന്നതിനാൽ തൻെറ മൂത്ത മകനായ അബ്ദുദ്ദാറിന്നും ആ പദവി സിദ്ധിക്കേണമെന്നു വിചാരിച്ചു തൻെറ മരണശേഷം അവ അബ്ദുദ്ദാറിന്നു കൊടുക്കേണമെന്നു ഖുസയ്യ് വസ്യത്ത് ചെയ്യുകയുണ്ടായി. അബ്ദുമനാഫ് ജ്യേഷ്ഠനോടുള്ള ബഹുമാനത്തേയും പിതാവിൻെറ വസ്യത്തിനേയും മുൻനിർത്തി അവ വിട്ടുകൊടുക്കുന്നതിൽ വിരോധം പ്രദശിപ്പിച്ചില്ല. എങ്കിലും അബ്ദുമനാഫിൻെറ വിയോഗാനന്തരം അദ്ദേഹത്തിൻെറ മക്കൾ അവ അബ്ദുദ്ദാറിൻെറ സന്താനങ്ങളുടെ

പക്കൽനിന്നു കരസ്ഥമാക്കുവാൻ ശ്രമിച്ചു. തന്നിമിത്തം ഇവരുടെ ഇടയിൽ ഉത്ഭവിച്ച മത്സരം ഒരു യുദ്ധമായി കലാശിക്കുമോ എന്നു സംശയിക്കപ്പെട്ടിരുന്നു. ഭാഗ്യവശാൽ പ്രസ്തുത അധികാരങ്ങൾ അന്യോന്യം ഭാഗിച്ചെടുക്കാമെന്ന നിശ്ചയത്തിന്മേൽ കക്ഷികൾ തമ്മിൽ സന്ധിയായി. ഭാഗത്തിൽ കാബാ, കൊടി, ദാറുന്നദ്‌വഃ ഇവയെസ്സംബന്ധിച്ച അധികാരങ്ങൾ അബ്ദുദ്ദാറിൻെറ മക്കൾക്കും, സിഖായത്തും, രിഫാദത്തും അബ്ദുമനാഫിൻെറ മക്കൾക്കുമായിരുന്നു ലഭിച്ചതു്. അതിന്നുശേഷം അബ്ദുമനാഫിൻെറ നാലു പുത്രന്മാരുംകൂടി തങ്ങൾക്കു കിട്ടിയ ഈ അധികാരം ആരാണു് വഹിക്കേണ്ടതെന്നു തീൎച്ചപ്പെടുത്തുവാനായി നറുക്കിട്ടപ്പോൾ ഹാശിമിൻെറ പേർ കിട്ടിയതനുസരിച്ചു അദ്ദേഹം അതു വഹിച്ചുവന്നു. അല്പകാലം കഴിഞ്ഞപ്പോൾ ഹാശിമിൻെറ പിതൃവ്യപുത്രനായ ഉമയ്യത്തുബ്നു അബ്ദിശംസ് പ്രസ്തുത അധികാരം കൈക്കലാക്കുവാൻ ശ്രമിച്ചു ധനംകൊണ്ടും മക്കളെക്കൊണ്ടും അയാൾക്കു് മക്കയിൽ നല്ല പ്രാബല്യമുണ്ടായിരുന്നു. അയാളുടെ ഈ ശ്രമംനിമിത്തം ഇരുകൂട്ടരുടേയും ഇടയിൽ വഴക്കുണ്ടായെങ്കിലും, അതു മിക്ക വലിയ കുടുംബങ്ങളും തമ്മിൽ ഉണ്ടാകാറുള്ള ഒരു കുടുംബഛിദ്രം മാത്രമായിരുന്നതിനാൽ കലഹത്തിൽ കലാശിച്ചില്ല. സൎവ്വ അറബികളുടേയും ജീവന്നും സ്വത്തിന്നും അഭയസ്ഥലമായിരുന്ന ഹറമിലായിരുന്നുവല്ലോ ഖുറൈശികൾ നിവസിച്ചിരുന്നതു്. അവിടെവെച്ചു രക്തം ചലിപ്പിക്കുവാനും യുദ്ധംചെയ്യാനും പാടുണ്ടായിരുന്നില്ല. അന്യോ

ന്യം കലഹിക്കുന്നതായാൽ തങ്ങളുടെ ബലം ക്ഷയിക്കു ന്നതാണെന്നും ശ്രേഷ്ഠതയും പദവിയും നഷ്ടപ്പെട്ടു പോകു ന്നതാണെന്നും അങ്ങിനെ വരുന്നപക്ഷം, അന്യഗോത്ര ങ്ങൾക്കു തങ്ങളെ ആക്രമിക്കുവാൻ ഭയമുണ്ടാകുന്നതല്ലെ ന്നും ഖുറൈശികൾ മനസ്സിലാക്കിയിരുന്നതിനാൽ അവ രുടെ ഇടയിൽ സംഭവിക്കുന്ന സർവ്വ വഴക്കുകളേയും അ വർതന്നെ ദാറുന്നദ്‌വയിൽ യോഗംകൂടി പരിഹരിക്കുക പതിവായിരുന്നു. അവരുടെ പദവിക്കും ഹറമിൻെറ പരിശുദ്ധതയ്ക്കും യുദ്ധം ഹാനികരമാണെന്നുള്ള ബോധം അവക്ക് എപ്പോഴുമുണ്ടായിരുന്നു.

**ഗോത്രനായകത്വം:—** അറബികൾ തങ്ങളുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്ന യാതൊരു അന്യാധി പത്യത്തിന്നും കീഴടങ്ങിയിരുന്നില്ല. നജ്ദിൻെറ അയൽ പ്രദേശങ്ങളിൽ പാർത്തിരുന്ന അറബിഗോത്രങ്ങളുടെ മേൽ ഹീറാ രാജാക്കന്മാക്കും, സിറിയയോടു ചേന്നുകിടക്കുന്ന മലംപ്രദേശ നിവാസികളുടെ മേൽ ജഫ്നാ രാജവംശ ത്തിന്നും ആധിപത്യമുണ്ടായിരുന്നുവെങ്കിലും അതു നാമ മാത്രമായിരുന്നു ബദവി ഗോത്രങ്ങളുടെ നേതൃത്വം ആ ഗോത്രങ്ങളിൽപ്പെട്ട ആളുകൾ തന്നെയായിരുന്നു വഹി ച്ചുവന്നതു്. ധൈര്യം, ക്ഷമ, ഔദാര്യം ആദിയായ സൽ ഗുണങ്ങൾക്കു പുറമെ നല്ല ജനസ്വാധീനവും ധനശക്തി യുമുണ്ടായിരുന്നവക്കു നായകത്വം ലഭിച്ചുകൊണ്ടിരുന്നു. ബദവികൾ സ്വഗോത്രനേതാവിനെ പൂണ്ണമായി അനു സരിക്കുകയും നായകൻ പോകുന്നിടങ്ങളിലെല്ലാം അയാ

ളെ അനുഗമിക്കുകയും ചെയ്യുക പതിവായിരുന്നു. സ്വ നേതാവിൻെറ ആജ്ഞയ്ക്കനുസരിച്ച് പോരാടുന്നതിലും സന്ധിയാവുന്നതിലും അവക്കു വൈമനസ്യമുണ്ടായിരുന്നില്ല. ശത്രുക്കളോടു യുദ്ധംചെയ്തു പിടിച്ചടക്കുന്ന ധനത്തിൽനിന്നു് ഒരു ഗണ്യമായ അംശം നായകന്മാർ എടുത്തുവരികയും അതു ഗോത്രത്തിൻെറ പൊതുവായ ആവശ്യങ്ങളിൽ ചിലവഴിക്കുകയും ചെയ്തിരുന്നു. ഒരു ഭവനത്തിൽനിന്നു് പിതാവ്, പുത്രൻ, പൌത്രൻ ഇങ്ങിനെ മൂന്നാളുകൾക്കു തുടച്ചയായി നായകത്വം ലഭിക്കുന്നപക്ഷം ആ ഭവനത്തിന്നു ഒരു പ്രത്യേക ശ്രേഷ്ഠത വിചാരിക്കപ്പെട്ടിരുന്നു. ചില പ്രബലഗോത്രങ്ങൾ ബലഹീനമായ ഗോത്രങ്ങളെ കീഴടക്കി അവയോടു കൊല്ലംതോറും കപ്പം വാങ്ങി വന്നു.

ഈ ഗോത്രനായകന്മാർ കിരീടധാരികളായ രാജാക്കന്മാരല്ലായിരുന്നുവെങ്കിലും, ഇവക്കു താന്താങ്ങളുടെ ഗോത്രങ്ങളിൽ രാജതുല്യമായ പദവി കല്പിക്കപ്പെട്ടിരുന്നു. ഒരു ഗോത്രനേതാവിനോടു് ആരെങ്കിലും മത്സരിക്കുന്നപക്ഷം ആ ഗോത്രത്തിലെ സർവ്വ അംഗങ്ങളുടേയും വാളുകൾ ഉറകളിൽനിന്നു പുറത്തു വരാതിരിക്കയില്ല. വിരോധിയുടെ നേരെ വാളൂരുന്നതിന്നു മുമ്പായി അവൻെറ വിരോധത്തിന്നുള്ള കാരണം പോലും അവർ അന്വേഷിക്കാറില്ല. ഗോത്രത്തിൽ പ്രബലന്മാരായിരുന്ന ആളുകൾ തമ്മിൽ നായകത്വത്തെ സംബന്ധിച്ച മത്സരമുണ്ടായിക്കൊണ്ടിരുന്നതിനാൽ കവികളുടെ പ്രശംസയ്ക്കു പാ

ത്രീഭവിച്ച നാട്ടിൽ കീർത്തി പ്രാപിക്കേണമെന്ന മോഹം നിമിത്തം അതിഥിസല്ക്കാരത്തിലും ഗോത്രസംരക്ഷണത്തിലും നായകന്മാർ ഉത്സാഹഭരിതരായിരുന്നു. അറബികളെ വശീകരിക്കുവാൻ പദ്യത്തിന്നു മാരണത്തിന്റെ ശക്തിയുണ്ടായിരുന്നു. ഒരു നേതാവിനേക്കുറിച്ച് നാടെങ്ങും കീർത്തിയോ, അപകീർത്തിയോ പരക്കുവാൻ ഒരൊററ പദ്യം ധാരാളം മതിയായിരുന്നു.

**അറബികളുടെ സഭകൾ:**— ഇസ്‌ലാമിന്നു മുമ്പ് അറബികൾ കച്ചവടത്തിന്നും കാവ്യപ്രദർശനത്തിന്നുമായി പല സ്ഥലങ്ങളിൽ സഭകൾ കൂടിയിരുന്നു. ഈ സമ്മേളനങ്ങൾക്ക് ഭംഗം നേരിടരുതെന്നുവെച്ച് റജബ്, ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം എന്നീ നാലു മാസങ്ങളിൽ അന്യോന്യം യുദ്ധം ചെയ്യാൻ പാടില്ലെന്ന് അവർ തീർച്ചപ്പെടുത്തി. നാനാദിക്കുകളിൽനിന്നും ആളുകൾ വന്ന് ആദ്യം ദൂമത്തുൽ ജന്തലിൽ കൂടും. അവിടെനിന്നു ഹിജർ, ഓമൻ, ഹസ്രമൌത്ത്, സൻആ എന്നീ രാജ്യങ്ങളിലേയ്ക്കു പോകും. ചില സ്ഥലങ്ങളിൽ ഒരാഴ്ചയും മററു ചിലേടങ്ങളിൽ രണ്ടാഴ്ചയും അവർ താമസിച്ചുവന്നു. മക്കത്തുനിന്ന് ഏതാനും നാഴിക അകലെ സ്ഥിതിചെയ്യുന്ന ഉക്കാസ് എന്ന അങ്ങാടിയിലായിരുന്നു എല്ലാററിലും അധികം ജനങ്ങൾ കൂടിയിരുന്നത്. അറബികൾ ഈ സ്ഥലത്ത് 20 ദിവസം താമസിച്ചതിന്നു ശേഷം ദുൽഖഅദ് മാസത്തിന്റെ അവസാനദിവസങ്ങൾ മജന്നഃ എന്ന അങ്ങാടിയിലും ദുൽഹജ്ജ് എട്ടുവ

രെ അറഫക്കു സമീപമുള്ള ദൂമജാസിലും കഴിച്ചുകൂട്ടി അവസാനം ദുൽഹജ്ജ് 9-ാംനു- ഹജ്ജിന്നായി അറഫയിൽ ചെന്നുകൂടുക പതിവായിരുന്നു. പ്രസ്തുത അങ്ങാടികളിൽ പ്രത്യേകിച്ചും ഉക്കാസിൽ, എല്ലാ ഗോത്രങ്ങളിൽനിന്നും അറബികൾ വരാറുണ്ടായിരുന്നു ഗോത്രങ്ങൾ തമ്മിലും നായകന്മാർ തമ്മിലും ഉണ്ടായിക്കൊണ്ടിരുന്ന വഴക്കുകളെസ്സംബന്ധിച്ചും മററും പല കാര്യങ്ങളും അവിടങ്ങളിൽവെച്ചു തീച്ച്പ്പെടുത്തിവന്നു ഖുറൈശികൾ ഹറം അധികാരസ്ഥന്മാരായിരുന്നതുകൊണ്ടു് അവർ സർവ്വ അറബിഗോത്രങ്ങളിലുംവെച്ചു ശ്രേഷ്ഠരാണെന്നു ഗണിക്കപ്പെട്ടിരുന്നു. കവികൾ മേല്പറഞ്ഞ സഭകളിൽ ചെന്നുചേന്നു് തങ്ങളുടെ തറവാട്ടുമഹിമ, ഔദാര്യം, പൂർവ്വികന്മാർ നിർവ്വഹിച്ച മഹാകൃത്യം മുതലായവയെ വണ്ണിച്ചുകൊണ്ടും മരിച്ചുപോയവരെപ്പററി വ്യസനിച്ചുകൊണ്ടും പദ്യം ചൊല്ലുകയും, പ്രാസംഗികന്മാർ പ്രസംഗിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവക്കു് സ്വസാമത്ഥ്യം പ്രത്യക്ഷപ്പെടുത്തുവാനുണ്ടായിരുന്ന അവസരങ്ങൾ ഇവയായിരുന്നു. ഈ സമ്മേളനങ്ങളിൽ ഒരാളുടെ യോഗ്യത വെളിപ്പെടുത്തുന്നതായാൽ അവൻെറ കീത്തി നാടെങ്ങും പരക്കുന്നതിന്നു് താമസമുണ്ടായിരുന്നില്ല. ആകയാൽ അവ അറബികൾക്കു തങ്ങളുടെ യോഗ്യതകൾ പ്രത്യക്ഷപ്പെടുത്തുവാനുണ്ടായിരുന്ന പ്രദശനസ്ഥലങ്ങളായിരുന്നു.

# അറബികളുടെ ആചാരങ്ങൾ

മിക്ക അറബികളും അനുഷ്ഠിച്ചിരുന്നതും അവർക്കു പൊതുവെ താല്പര്യമുണ്ടായിരുന്നതുമായ ആചാരങ്ങളെയാണു് ഇവിടെ വിവരിക്കുവാൻ ഉദ്ദേശിക്കുന്നതു്.

ഔദാര്യം:—ദാനത്തിലും അതിഥിസല്ക്കാരത്തിലും അറബികൾ വലിയ ധാരാളികളായിരുന്നു. ഇവയെക്കുറിച്ചുള്ള പ്രശംസകൾ അവരുടെ കാവ്യഗ്രന്ഥങ്ങളിൽ ഒരു വലിയ ഭാഗം സ്ഥലംപിടിച്ചിരിക്കുന്നു. ദാരിദ്ര്യം കൊണ്ടും വിശപ്പുകൊണ്ടും കഷ്ടപ്പെട്ടു കാലം കഴിക്കുന്ന അറബിയുടെ അടുക്കൽപോലും ഒരു അതിഥി ചെന്നാൽ, തന്റെയും കുടുംബങ്ങളുടേയും നിത്യാഹാരത്തിന്നു ഉപകരിക്കുന്ന ഒരൊററ ഒട്ടകം മാത്രമേ അവന്റെ പക്കൽ ഉള്ളവെങ്കിൽകൂടി, ആ അതിഥിയെ സല്ക്കരിക്കേണ്ടതിന്നു മുമ്പും പിമ്പും നോക്കാതെ അതിനെ അറുത്തുകളയുവാൻ അവൻ മടിക്കയില്ല. പ്രമാണികളും നായകന്മാരുമായ

അറബികൾ നിസ്സാരകാൎയ്യങ്ങളിൽപ്പോലും ഒട്ടകങ്ങളെ അറുത്തു മാംസദാനം ചെയ്യുക പതിവായിരുന്നു അതു പടവികൾ ഒഴിച്ചുകൂടാത്തതാണെന്നായിരുന്നു അവരുടെ വിശ്വാസം വിശ്വവിശ്രുതനായ ഹാത്തംതായിയെപ്പോലുള്ള ഔദാൎയ്യശീലന്മാർ ആ നാട്ടിൽ ഉണ്ടായിത്തീൎന്നതു ദാനത്തിന്നു അവർ ഇത്രയധികം വില കൽപിച്ചതുകൊണ്ടായിരുന്നു.

**വിശ്വസ്തത:** —കരാറും വാഗ്ദത്തവും പൂൎത്തീകരിക്കേണ്ടതു് തങ്ങളുടെ ഒഴിച്ചുകൂടാത്ത കടമയാണെന്നു അറബികൾ വിശ്വസിച്ചുവന്നു ജീവൻ, ധനം, സന്താനം ആദിയായ സൎവ്വസ്വവും അതിന്നായി ബലികഴിപ്പാൻ അവർ സന്നദ്ധരായിരുന്നു ഹാനിബ്നുമസ്ഊദീനോടു തന്റെ അടുക്കൽ നുഅമാനുബ്നു മുൻദിർ അനാമത്തു് വെച്ചിരുന്ന ധനത്തേയും സന്താനങ്ങളേയും വിട്ടുകൊടുക്കേണമെന്നു് പേഷ്യാചക്രവൎത്തി ആജ്ഞാപിച്ചപ്പോൾ, തനിക്കു് നേരിടുവാൻ ഇടയുണ്ടായിരുന്ന അത്യാപത്തിനെ വിലവെക്കാതെ, അന്നു ലോകത്തിൽ അദ്വിതീയമായിരുന്ന ആ വമ്പിച്ച കോയ്മയോടു് അയാൾ യുദ്ധം ചെയ്വാൻ സന്നദ്ധനായ കഥ മുമ്പു പറഞ്ഞിരിക്കുന്നുവല്ലൊ. അറബികളുടെ വിശ്വസ്തതയ്ക്കു മറെറാരു ഉദാഹരണമായി സംവാലുബ്നു ആദിയാ എന്ന ആളുടെ ഒരു കഥകൂടി ഇവിടെ വിവരിച്ചുകൊള്ളുന്നു!

ഒരു ശ്രുതിപ്പെട്ട അറബിക്കവിയായിരുന്ന ഇംരിഉൽ ഖൈസ് തന്റെ വാളും പരിചയും സംവാലിന്റെ

39038

പക്കൽ അനാമത്തു് വെച്ചിട്ടുണ്ടായിരുന്നു ഗസ്സാൻ രാജാവായിരുന്ന ഹാരീസ് ആ വാളും പരിചയും സ്വസന്നിധിയിൽ ഹാജരാക്കേണമെന്നു കല്പിച്ചപ്പോഠം സംവാൽ അതു കൂട്ടാക്കിയില്ല. അവ രാജാവിന്നു കൊടുക്കുന്നതു് തൻെറ വിശ്വസ്തതയ്ക്കു് ഹാനികരമാണെന്നായിരുന്നു അയാളുടെ വിശ്വാസം. അവസാനം ഗസ്സാൻരാജാവു ഒരു വമ്പിച്ച സേനയുമായിച്ചെന്നു് അയാളുടെ കോട്ട വളഞ്ഞു. സംവാലിന്നു അവരോടു പോരാടുവാൻ ശക്തിയുണ്ടായിരുന്നില്ല. അയാളുടെ മകനെ ഹാരീസ് രാജാവു് കോട്ടയുടെ പുറത്തുവെച്ചു് എങ്ങിനെയോ ബന്ധനസ്ഥനാക്കുകയും, "ഇംരിഉൽ ഖൈസിൻെറ അനാമത്തു് എൻെറ പക്കൽ തരുന്നതായാൽ ഇവനെ വിട്ടു തരാം; അല്ലാത്തപക്ഷം ഇവനെ കൊന്നുകളയുന്നതാണ്." എന്നു അയാളോടു് വിളിച്ചു പറയുകയും ചെയ്തു. ശത്രുക്കഠം മകനെ കൊല്ലുന്നതായാൽപ്പോലും അനാമത്ത് വിട്ടുകൊടുക്കുന്നതു് ഉചിതമല്ലെന്നായിരുന്നു സംവാലിൻെറ നിശ്ചയം. വിശ്വസ്തതയിലും വാഗ്ദത്ത നിർവ്വഹണത്തിലും ഇതുപ്രകാരമുള്ള തൃഷ്ണ അറബികളിൽ പൊതുവെ കാണപ്പെട്ടിരുന്നു. വാഗ്ദത്ത ലംഘനംമൂലം ഉണ്ടാകുന്ന അപമാനം അതു നിറവേററുന്നതിലുള്ള പ്രയാസത്തേക്കാഠം അവക്കു അസഹനീയമായി തോന്നിയിരുന്നു. ഇക്കാര്യത്തിൽ ആരെങ്കിലും വല്ല വീഴ്ചയും വരുത്തുന്ന പക്ഷം കവികഠം അവനെ കഠിനമായി ശകാരിക്കും. അതിനാൽ നേരിടുന്ന അപമാനം നിമിത്തം ജനങ്ങളുടെ നേരെ മുഖം തിരിക്കുവാൻ അവന്നു് സാധിക്കയില്ല.

അറബികൾ വല്ലവനും അഭയം നൽകിയാൽ സ്വപുത്രന്മാരെക്കാളും സഹോദരന്മാരെക്കാളും സൂക്ഷ്മതയോടുകൂടി അവനെ രക്ഷിച്ചിരുന്നു. ഒരിക്കൽ ബനൂകിലാബ് വംശജനായ ഒരു അറബി സ്വസഹോദരനോടുകൂടി യമാമയിലെ ഒരു നായകനായിരുന്ന ഉമൈറുബ്നുസൽമായുടെ അടുക്കൽ രക്ഷപ്രാപിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അയാളുടെ സഹോദരനും ഉമൈറിന്റെ അനുജനായ ഖരീനും തമ്മിൽ എന്തോ തകരാറുണ്ടായ അവസരത്തിൽ ഖരീൻ അവനെ കൊന്നുകളഞ്ഞു. അപ്പോൾ അവിടെ ഇല്ലാതിരുന്ന ഉമൈർ വിവരമറിഞ്ഞു ഉടനെ കിലാബ് വംശക്കാരെ പിഴകൊടുത്തു സമാധാനിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. പക്ഷെ അവർ സമ്മതിച്ചില്ല. യമാമയിലെ മററു തലവന്മാരും കിലാബ് വംശക്കാരെ ഇക്കാര്യത്തിൽ ഉപദേശിക്കയുണ്ടായി എന്നിട്ടും അവർ കൂട്ടാക്കാതെ പ്രതികാരത്തിന്നു തുനിയുകയാണുണ്ടായതു്. ഖരീനിന്റെ സർവ്വ ധനവും എടുത്തു അവന്റെ ജീവനെ രക്ഷിക്കേണമെന്നു ഉമൈറിന്റെ മാതാവും അവരോടു കെഞ്ചിനോക്കി. അതും കിലാബ് വംശക്കാർ സ്വീകരിക്കാതിരുന്നതിനാൽ അവസാനം ഉമൈർ സഹോദരന്റെ കൈപിടിച്ചു അവനെ കിലാബ് ഗോത്രക്കാരോടുകൂടി താൻ പാർത്തിരുന്ന താഴ്വരയുടെ മറെറാരു പരുവിൽ കൊണ്ടുപോയി ഒരു ഈത്തപ്പന വൃക്ഷത്തിന്മേൽ കെട്ടിയിട്ടുകൊണ്ടു് അവരോടു് ഇങ്ങനെ പറഞ്ഞു. “ഇവനെ നിങ്ങൾക്കു കൊന്നേ കഴികയുള്ളുവെങ്കിൽ ഇതാ കൊന്നുകൊൾവിൻ. എങ്കിലും ഞാൻ ഇവിടം വിട്ടു പോകു

ന്നതുവരെ കാക്കണം. ഇന്നുമുതൽ നിങ്ങൾക്ക് എന്റെ അടുക്കൽ അഭയം ലഭിക്കുന്നതല്ല.'' ഇതും പറഞ്ഞു അയാൾ മടങ്ങി. അനന്തരം കിലാബ് വംശക്കാർ ഖരീനിനെ കൊന്നു സ്വഗോത്രക്കാരുടെ അടുക്കലേക്കു തിരിച്ചുപോയി.

ഉടമ്പടിമൂലം തങ്ങളുടെ സഖാക്കളായിത്തീർന്ന ഇതരഗോത്രങ്ങളോടു തങ്ങൾക്കുള്ള ബാദ്ധ്യതകളെ അറബികൾ മുറയ്ക്കു നിർവ്വഹിച്ചിരുന്നു. പദവി, ശ്രേഷ്ഠത ആദിയായ സർവ്വ കാര്യങ്ങളിലും ആ ഗോത്രങ്ങൾ സ്വഗോത്രതുല്യരാണെന്നു അവർ വിചാരിച്ചുവന്നു. തങ്ങൾ സർവ്വഗോത്രക്കാരെക്കാളും ശ്രേഷ്ഠരാണെന്ന് അഭിമാനിച്ചു, സ്വപുത്രിമാരെ അന്യർക്കു വിവാഹംചെയ്തു കൊടുക്കാതിരുന്ന ഖുറൈശികൾക്കുപോലും, സഖാക്കളായ ഗോത്രങ്ങളിൽനിന്നു വിവാഹം ചെയ്യുന്നതിലും ആ ഗോത്രങ്ങളിലെ പുരുഷന്മാർക്കു വിവാഹം ചെയ്തുകൊടുക്കുന്നതിലും വൈമനസ്യമുണ്ടായിരുന്നില്ല.

**ധീരത:**—ഇതു അറബികളിൽ സർവ്വസാധാരണമായ ഒരു ഗുണമായിരുന്നു. അറബികാവ്യങ്ങളിൽ ഇതിനെപ്പററി ഔദാര്യത്തെക്കാളും അതിഥിസൽക്കാരത്തെക്കാളും അധികം വർണ്ണിച്ചിരിക്കുന്നു ഔദാര്യം അധികമായി ധനവാന്മാരിലാണല്ലോ പ്രത്യക്ഷപ്പെടുക ധൈര്യമാകട്ടെ സമുദായത്തിലെ ഓരോ വ്യക്തിയിലും പ്രത്യക്ഷപ്പെടാവുന്ന ഒരു ഗുണമാകുന്നു. ധൈര്യപരാക്രമങ്ങളിൽ കീർത്തിപ്പെട്ട പലരും അറബികളുടെ ഇടയിൽ ഉണ്ടായി

രുന്നു. എന്നാൽ അവരുടെ ധൈര്യം കുറെ അതിർ കവിഞ്ഞു പോയിരുന്നുവെന്ന് പറയാതെ നിവൃത്തിയില്ല ആരെങ്കിലും അവക്ക് രസിക്കാത്ത ഒരു വാക്ക് ശബ്ദിക്കുമ്പോഴേക്കു അവന്റെ മേൽ ചാടിവീഴുകയും, വളരെ ആപൽക്കരമായ കാര്യങ്ങളിൽപോലും മുൻനോക്കാതെ ഏപ്പെടുകയും ചെയ്യുന്നതു് അവരുടെ പതിവായിരുന്നു. യുദ്ധം ചെയ്തു മരിക്കുന്നതു മാനവും, വിരിപ്പിൽകിടന്നു മരിക്കുന്നതു അപമാനവുമാണെന്നായിരുന്നു അറബികളുടെ വിശ്വാസം. ഈ അതിർകവിഞ്ഞ ധീരത അവരുടെ ഇടയിൽ രക്തപ്രവാഹം വർദ്ധിക്കുവാൻ കാരണമായിത്തീൎന്നു. മാന്യന്മാരായ ചില നായകന്മാക്കു പുറമെ ചുരുക്കം ചിലരിൽ മാത്രമേ ക്ഷമ കാണപ്പെട്ടിരുന്നുള്ളു.

മേൽ പ്രസ്താവിച്ചവയ്ക്കു പുറമെ വേറെയും ചില സൽഗുണങ്ങൾ അറബികൾക്കുണ്ടായിരുന്നു. അവയും അവരുടെ കവിതകളിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവ അറബികളുടെ സർവ്വസാധാരണമായ ഗുണങ്ങളെ വിവരിക്കുന്ന ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കാവുന്നവയല്ല അറബികൾ പൊതുവെ അപരിഷ്കൃതന്മാരും മൂഢന്മാരുമായിരുന്നുവെങ്കിലും നല്ല അറിവും വിവേകവുമുള്ള ചില യോഗ്യന്മാരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നുവെന്നു ആ ഗുണങ്ങൾ തെളിയിക്കുന്നുണ്ടു്. ഇനി അവരിൽ വേരുറച്ചിരുന്ന ചില ദുരാചാരങ്ങളേയും ഇവിടെ വിവരിച്ചുകൊള്ളുന്നു.

**ചൂതുകളി:**—ചൂതുകളിയിൽ ജയിക്കുന്നവക്കു തോററവരിൽനിന്നു ലഭിക്കുന്ന ധനം ദരിദ്രന്മാക്കു ദാനം ചെ

യ്യിരുന്നതിനാൽ ഈ കളിതന്നെ ഒരു ഔദാര്യമാണെന്നു് അറബികൾ കരുതിവന്നു. തന്നിമിത്തം ഇതിനെക്കുറിച്ചു കവികൾ പ്രശംസിച്ചിരിക്കുന്നു. ഈ ദുരാചാരത്തിൽ അധികം ഏർപ്പെട്ടിരുന്നതു് ധനവാന്മാരായിരുന്നു.

**മദ്യപാനം:**—മദ്യപാനം പദവിയുടെ ഒരു ലക്ഷണമാണെന്നും അതിൽ ധനവ്യയം ചെയ്യുന്നതു് ഔദാര്യമാണെന്നുമായിരുന്നു അറബികളുടെ വിശ്വാസം. ഇതിനെപ്പററിയും അവർ അഭിമാനപുരസ്സരം കാവ്യങ്ങളിൽ വർണ്ണിച്ചിട്ടുണ്ടു്. ഇവ രണ്ടും ഛിദ്രവും മത്സരവും ഉണ്ടാക്കിത്തീർക്കുന്ന പൈശാചികവൃത്തികളാണെന്നും ഇവയിൽ ഏർപ്പെട്ടുവാൻ പാടില്ലെന്നും വിശുദ്ധ ഖുർആൻ ശാസിച്ചിരിക്കുന്നു. അറബികളുടെ മററു ദുരാചാരങ്ങളെ അവരുടെ മതാചാരങ്ങളുടെ കൂട്ടത്തിൽ വിവരിച്ചുകൊള്ളാം.

# അറബ്ഭാഷ

സിറിയായിലും അറബിലും നിവസിച്ചിരുന്ന ജനങ്ങൾ ഹസ്രത്ത് നൂഹ് നബിയുടെ പുത്രനായ സാമിൻെറ സന്തതികളായിരുന്നതിനാൽ അവർ സംസാരിച്ചിരുന്ന ഭാഷയ്ക്കു "സാമീ" എന്നു പേർ സിദ്ധിച്ചു. അവർ വിവിധ ഗോത്രങ്ങളും പല ദിക്കുകളിൽ പാർത്തുവന്നവരുമായിരുന്നതിനാൽ അവരുടെ സംസാരത്തിലുണ്ടായ വ്യത്യാസമനുസരിച്ചു സാമീഭാഷ വിവിധ ശാഖകളായി വേർതിരിക്കുകയും, ഗോത്രങ്ങളേയും രാജ്യങ്ങളേയും ആരോപിച്ചു അവയ്ക്കു പ്രത്യേക നാമധേയങ്ങൾ ലഭിക്കുകയുമുണ്ടായി. അറബികളുടെ ഭാഷക്ക് അറബി എന്നും, സിറിയക്കാരുടേതിന്നു സൂരിയാനീ എന്നും ബന്നൂആബിർ ഗോത്രക്കാരുടേതിന്നു അബ്റാനീ എന്നും, അറമിൻെറ സന്താനങ്ങളുടേതിന്നു അറാമീ എന്നും, നബ്ത്തീഗോത്രത്തിൻേറതിന്നു നബ്ത്തീ എന്നും, കൽദാനീ ഗോത്രക്കാരുടേതിന്നു കൽദാനീ എന്നും പേരുകൾ നട

പ്പായി. അറബ് ഭാഷ സാമിയുടെ ഒരു ശാഖയാണെന്നു മേല്പറഞ്ഞതിൽനിന്നു സ്പഷ്ടമായല്ലോ. അറബികൾ അനേക കാലം മുതല്ക്കേ ഈ ഭാഷ സംസാരിച്ചുവരുന്നു.

ഹസ്രത്ത് ഇസ്മാഈൽ നബിയുടെ സ്വഭാഷ അബ്റാനിയായിരുന്നു അദ്ദേഹം മക്കത്തു വന്നു ജുർഹം ഗോത്രക്കാരുടെ ഇടയിൽ പാർത്തു അറബ് ഭാഷ ശീലിക്കുകയും അദ്ദേഹത്തിന്റെ മക്കൾ ആ ഭാഷ സ്വഭാഷയായി കൈക്കൊള്ളുകയും ചെയ്തതിനാലാണ് ഇസ്മാഈൽ സന്തതികളായ അറബികൾക്ക മുസ്തഅരിബഃ (അറബ്ഭാഷയെ കൈക്കൊണ്ടവർ) എന്ന പേർ സിദ്ധിച്ചതു്. താഴെ പറയുന്ന മൂന്നു മാർഗ്ഗങ്ങൾ അറബ് ഭാഷയുടെ വളർച്ചക്കു കാരണമായിത്തീർന്നു

1. അറബികൾ വല്ല നവീനസാധനവും കണ്ടിരുന്നപ്പോൾ അതിന്നു ഓരോ പേർ നൽകിവന്നു.

2. ഒരു സാധനത്തിന്റെ തുല്യ വസ്തുക്കളുടെ പേരുകൾ ആ സാധനത്തിന്നും അവർ ഉപയോഗിച്ചിരുന്നു.

3. അവർ അന്യഭാഷാപദങ്ങളെ സ്വഭാഷയിൽ കലർത്തി ഉപയോഗിച്ചു പേർഷ്യ, ആഫ്റിക്കാ മുതലായ രാജ്യങ്ങളിൽ കച്ചവടത്തിന്നു ചെന്നിരുന്നപ്പോൾ അവിടങ്ങളിൽ നിന്നു കിട്ടിയ അന്യഭാഷാ പദങ്ങൾക്ക പകരം സ്വഭാഷയിൽ പദങ്ങളില്ലാതിരുന്നതിനാൽ, അവയെത്തന്നെ അവർ ഉപയോഗിച്ചു തുടങ്ങി. ഇത്തരം പദങ്ങളെ കവികൾ ഉപയോഗിച്ചിരുന്നതുകൊണ്ടു് അവ സർവ്വത്ര സ്വീകരിക്കപ്പെട്ടു. കവിതകൾക്കു് അന്നു

അറബുരാജ്യത്തു് ഇന്നത്തെ വൃത്താന്ത പത്രങ്ങളുടെ സ്ഥാനമുണ്ടായിരുന്നു.

ഇങ്ങിനെ അറബിഭാഷക്കു വലിയ വളൎച്ച സിദ്ധിച്ചതിനാൽ അതു വഴിയായി വിവിധ രീതിയിൽ ആശയങ്ങൾ വെളിപ്പെടുത്തുവാൻ പ്രയാസമുണ്ടായില്ല. ഇസ്‌ലാം മതാവിൎഭാവത്തോടടുത്ത കാലത്തു് യോഗ്യന്മാരായ കവികൾക്കു പുറമെ ഖുസ്സുബ്നുസാഇദഃ, സഹ്ബാൻവാഇൽ, അക്സമുബ്നുസൈഫീ മുതലായ ചില പ്രസംഗനിപുണരും അറബികളുടെ ഇടയിൽ ഉണ്ടായിരുന്നു. രസികവും സരസവുമായ ഭാഷയിൽ പ്രസംഗിക്കുവാൻ അവൎക്കു നല്ല സാമൎത്ഥ്യമുണ്ടായിരുന്നു. ഖുറൈശിഗോത്രത്തിൽ അധികം കീൎത്തി നേടിയ കവികൾ ഇല്ലായിരുന്നുവെങ്കിലും, അവർ ഭാഷാശുദ്ധിയിൽ പ്രത്യേകം സൂക്ഷിച്ചിരുന്നതിനാൽ അവരുടെ ഭാഷ മററുള്ളവരുടേതിനെക്കാൾ ശുദ്ധവും സ്വീകാൎയ്യവുമായി ഗണിക്കപ്പെട്ടു.

# അറബികളുടെ വിദ്യകഠം

നാഗരികതയ്ക്കനുസരിച്ചാണു് വിദ്യാഭ്യാസം സ്ഥിതിചെയ്യുന്നതു്. ഇസ്ലാമിന്നു മുമ്പുണ്ടായിരുന്ന അറബികഠം പ്രായേണ അപരിഷ്കൃതന്മാരും കാട്ടാളന്മാരുമായി ജീവിച്ചിരുന്നതിനാൽ പരിഷ്കൃതജനങ്ങഠം ആഗ്രഹിക്കുന്ന പല വിഷയങ്ങളിലും അവൎക്കു് ആകാംക്ഷയുണ്ടായിരുന്നില്ല. തന്നിമിത്തം വിദ്യാഭ്യാസം, വ്യവസായം, കൈത്തൊഴിൽ എന്നിവ ഒഴിച്ചുകൂടാത്തവയായിത്തീൎന്നില്ല എങ്കിലും ഏതാനും ചില വിദ്യകഠം അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നതിനാൽ അവ ഇവിടെ വിവരിച്ചുകൊള്ളുന്നു.

**എഴുത്തു്:**—യമനിൽ ഹിംയരീഭരണം സ്ഥാപിക്കപ്പെട്ടതിനാലും അവിടത്തുകാൎക്കു് അബ്ശീനിയാ മുതലായ അന്യരാജ്യങ്ങളുമായി കച്ചവടബന്ധം ഉണ്ടായിരുന്നതുകൊണ്ടും അവരുടെ ഇടയിൽ കയ്യെഴുത്തു് നടപ്പ

ണ്ടായിരുന്നു. ഈ എഴുത്തിന്നു മുസ്നദ് എന്നു പേർ പറഞ്ഞുവന്നു. ഇറാഖിൽ ഹീറാരാജാക്കന്മാരുടെ ഭരണം സ്ഥാപിതമായപ്പോൾ അവിടത്തുകാർ യമൻകാരിൽനിന്നു് എഴുത്തുപഠിച്ചു. മക്കക്കാരിൽ ആദ്യം എഴുത്തുപഠിച്ചതു് ഹർബുബ്നു ഉമയ്യത്തായിരുന്നു. ഹീറയിൽ പാർത്തിരുന്ന അയാളുടെ ഒരു ബന്ധുവായിരുന്നു അയാൾക്കു് എഴുത്തു പഠിപ്പിച്ചുകൊടുത്തതു്. ഖുറൈശീ ഗോത്രത്തിൽ വേറെ ചിലർ ഹർബിൻെറ അടുക്കൽനിന്നും പഠിക്കുകയുണ്ടായി. ഇസ്ലാംമതാരംഭഘട്ടത്തിൽ ഹിജാസിൽ ആകെ 70 പേക്കു മാത്രമേ അക്ഷരാഭ്യാസം സിദ്ധിച്ചിരുന്നുള്ളു. അക്ഷരാഭ്യാസം ചെയ്യാത്ത അറബികൾക്കു താന്താങ്ങളുടെ ഓമ്മശക്തിയെ അധികം ആശ്രയിക്കേണ്ടിവന്നതുകൊണ്ടു്, അവക്കു അസാധാരണമായ ഓമ്മശക്തിയുണ്ടായിത്തീന്നു. വലിയ വലിയ കാവ്യങ്ങൾ അക്ഷരംപ്രതി മനഃപാഠം പഠിക്കുവാൻ അവക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ചില പ്രധാനമായ കാവ്യങ്ങൾ കാബയിൽ എഴുതിത്തൂക്കിയിരുന്നുവെങ്കിലും അതു പഠിക്കുവാൻ വേണ്ടിയായിരുന്നില്ല. ഒരു പുണ്യമായി വിചാരിച്ചിട്ടു് മാത്രമായിരുന്നു അവർ അങ്ങിനെ ചെയ്തിരുന്നതു്. ആകയാൽ അക്കാലത്തെ അറബികൾ, പ്രത്യേകിച്ചു് ഹിജാസുകാർ, ഉമ്മിയ്യൂൻ (അക്ഷരജ്ഞാനമില്ലാത്തവർ) എന്നു നാമകരണം ചെയ്യപ്പെടത്തക്കവണ്ണം കേവലം നിരക്ഷരകക്ഷികളായിരുന്നുവെന്നുതന്നെ പറയാവുന്നതാണ്. ഇതേ നാമത്തിലായിരുന്നു ഖുർആൻ അവരെ അഭിമുഖീകരിച്ചിരുന്നതു്.

**കാവ്യം:—**ഇസ്‌ലാം മതോത്ഭവത്തിൽനിന്നു 200 കൊല്ലം മുമ്പുണ്ടായിരുന്ന അറബിക്കവിതകളിൽ ചുരുക്കം ചിലതു മാത്രമേ നമുക്കു കിട്ടുന്നുള്ളൂ. എന്നാൽ അറബികളുടെയിടയിൽ പദ്യരചന പൂർവ്വകാലം മുതല്ക്കേ നടപ്പുണ്ടായിരുന്നുവെന്നും അതിൽ അവൎക്കു സ്വാഭാവികമായിത്തന്നെ അഭിരുചിയുണ്ടായിരുന്നുവെന്നും ശരിയായി തെളിയുന്നുണ്ടു്. ആരെക്കിലും ഈ വിഷയത്തിൽ വാസനയില്ലാതിരുന്നുവെങ്കിൽ ആയതു അവന്നു് ഒരു കുറവായിത്തീരുകയും ചെയ്തിരുന്നു. പുരുഷന്മാൎക്കു പുറമെ ഖൻസാ, ലൈലാ മുതലായ സ്ത്രീകളും പദ്യരചനയിൽ വളരെ കീൎത്തിപ്രാപിച്ചിരുന്നുവെന്നു് അറബ് ചരിത്രത്തിൽ നിന്നു് അറിയപ്പെടുന്നുണ്ടു്. അറബിഗോത്രങ്ങൾ ധൈൎയ്യശാലികളെക്കാളും അധികം ബഹുമാനിച്ചിരുന്നതു കവികളെയായിരുന്നു. ഒരു ഗോത്രത്തിൽ ഒരാൾ കവിയായിത്തീരുമ്പോൾ മററു ഗോത്രക്കാർ അയാളുടെ അടുക്കൽ ചെന്നു് അയാളെ അനുമോദിക്കുക പതിവായിരുന്നു. കൂടാതെ കവിയുടെ കുടുംബക്കാർ ഇതര ഗോത്രങ്ങളെ ക്ഷണിച്ചുവരുത്തി അതിഥിസല്ക്കാരം നടത്തുകയും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ സർവ്വജനങ്ങളും അതിൽ പങ്കുകൊണ്ടു സന്തോഷം പ്രദൎശിപ്പിക്കുകയും, തങ്ങളുടെ കുലമഹിമയെ സംരക്ഷിക്കുവാനും മാതാപിതാക്കന്മാരുടെ പദവിയേയും ഗോത്രം നേടിട്ടുള്ള വൻ കാൎയ്യങ്ങളേയും നിലനിറുത്തുവാനും തങ്ങൾക്കു ആളുണ്ടായിപ്പോയെന്നു വിചാരിച്ചു അഭിമാനിക്കുകയും ചെയ്യുക സാധാരണമായിരുന്നു. ഇസ്‌ലാമിന്നു മുമ്പുണ്ടായിരുന്ന അറബികളുടെ സ്ഥിതി,

ആചാരം, വിദ്യ മുതലായ സർവ്വ കാൎയ്യങ്ങളും നമുക്ക് അറിവാൻ കഴിഞ്ഞിട്ടുള്ളതു് അവരുടെ കാവ്യങ്ങളിൽനിന്നാണു്. അവരുടെ കാവ്യങ്ങൾ മുഴുവനും നമുക്കു കിട്ടീട്ടില്ലെങ്കിലും, കിട്ടീട്ടുള്ളവയെക്കൊണ്ടുതന്നെ പല ഗ്രന്ഥങ്ങളും നിറഞ്ഞിരിക്കുന്നു.

**ജ്യോതിഷം:—** ബദവികൾ മരുഭൂമികളിൽ പാൎത്തു കാലം കഴിച്ചു വന്നവരായതിനാൽ നക്ഷത്രങ്ങളുടെ പേരുകളും അവയുടെ സ്ഥിതികളും സഞ്ചാരമാൎഗ്ഗങ്ങളും അവൎക്കു വല്ലവണ്ണം അറിവുണ്ടായിരുന്നു. കാലോചിതമായ കാററുകളെക്കൊണ്ടു മഴ മുതലായവയെ അവർ മനസ്സിലാക്കിവന്നു. രാശി, ചന്ദ്രഭ്രമണം മുതലായവയെപ്പററിയും അവൎക്കു ധാരാളം അറിവുണ്ടായിരുന്നു. അവർ ചന്ദ്രഭ്രമണവൃത്തത്തെ 28 അംശങ്ങളായി ഭാഗിച്ചു് ചന്ദ്രൻ ദിവസംപ്രതി ഓരോ അംശം സഞ്ചരിക്കുന്നുണ്ടെന്നും വൃത്തത്തിന്നു ചുററും പതിമൂന്നു പ്രാവശ്യം അതു ചലിക്കുന്നതായാൽ ഒരു സൂൎയ്യവൎഷമായെന്നും കണക്കാക്കിയിരുന്നു.

**വൈദ്യം:—** സാധാരണരീതിയിൽ ചികിത്സിപ്പാൻ അറിഞ്ഞിരുന്ന ഏതാനും ആളുകൾ അറബ്‌രാജ്യത്തു് ഓരോ പട്ടണത്തിലുമുണ്ടായിരുന്നു. ബദവികളും ചില പ്രത്യേകചികിത്സകളിൽ വലിയ നിപുണന്മാരായിരുന്നു. ഒട്ടകചികിത്സയിൽ വിശേഷിച്ചും അവർ സമൎത്ഥന്മാരായിരുന്നു. ഒട്ടകത്തിന്നു് അവർ ചെയ്തിരുന്ന മുഖ്യ ചികിത്സ ചൂടുവെക്കുകയായിരുന്നു.

**ലക്ഷണവിദ്യ:**-വഴിയിൽക്കൂടി നടന്നുപോയ ആളെ ചവിട്ടടി പരിശോധിച്ച മനസ്സിലാക്കുക, ഒരുവൻ ഇന്നവൻെറ സന്തതികളിൽ പെട്ടവനാണെന്ന് അവൻെറ അവയവങ്ങളും അവയുടെ ആകൃതിയും നോക്കി അറിയുക, ഇങ്ങിനെ ലക്ഷണ വിദ്യക്ക രണ്ടു പ്രധാന ഭാഗങ്ങളുണ്ട്. ഇവ രണ്ടിലും അറബികൾക്ക നല്ല സാമർത്ഥ്യമുണ്ടായിരുന്നു. മണൽപ്രദേശങ്ങളിൽ കററക്കാരെയും ശത്രുക്കളേയും കണ്ടുപിടിക്കുന്നതിന്നു ആദ്യത്തെ അറിവുകൊണ്ടു് അവക്കു് വളരെ എളുപ്പം സിദ്ധിച്ചു. അറബിലും ആഫ്റിക്കയിലും മററു മണൽപ്രദേശങ്ങളിലും ഈ അറിവു് ഇക്കാലത്തും വളരെ പ്രയോജനകരമായിത്തീന്നിരിക്കുന്നു ഇവ രണ്ടിനേയും ഇസ്ലാംമതം വിരോധിച്ചിട്ടില്ല; എന്നു മാത്രമല്ല, രണ്ടാമത്തേതിനെ ജനങ്ങളുടെ വംശം മനസ്സിലാക്കുന്നതിന്നു് ഒരു മാർഗ്ഗമായി സ്വീകരിക്കുകയാണു ഇസ്ലാം ചെയ്തിട്ടുള്ളതു്.

**കൈത്തൊഴിൽ:**—വസ്ത്രാവശ്യാത്ഥം രോമംകൊണ്ടു നൂൽനൂൽക്കുന്ന പ്രവൃത്തി അറബിസ്ത്രീകളിൽ പൊതുവെ നടപ്പുണ്ടായിരുന്നു. പട്ടണക്കാരായ അറബികൾ അവ നെയ്തു് ഉടുപ്പും, കമ്പിളി മുതലായവയും ഉണ്ടാക്കിവന്നു. യമനിൽ ഈ തൊഴിൽ ധാരാളം നടപ്പുണ്ടായിരുന്നു. അവിടത്തെ തുണികൾക്ക അറബിൽ പ്രചാരം ലഭിച്ചു സാധാരണ യുദ്ധമുണ്ടായിക്കൊണ്ടിരുന്നതിനാൽ ചില സ്ഥലങ്ങളിൽ ആയുധങ്ങൾ ഉണ്ടാക്കിവന്നു. ബഹറയിൻ രാജ്യത്തോടടുത്ത ഖത്ത് എന്ന സ്ഥലത്തു്

അതിവിശേഷമായ കന്തവും, ഇറാഖിന്റെ അയൽപ്രദേശമായ ഉബ്ലഃ എന്നിടത്തു് നല്ല വാളും ഉണ്ടാക്കപ്പെട്ടിരുന്നു ഈ വാളിന്നു് സൈഫ്ഹിന്തീ എന്നായിരുന്നു അറബികൾ പേർ പറഞ്ഞിരുന്നതു്.

## അറബികളുടെ മതങ്ങൾ

അറബികൾ ഹസ്രത്തു് ഇസ്മാഈൽ നബി മുഖേന ഹസ്രത്തു് ഇബ്രാഹീം നബിയുടെ മതം വിശ്വസിക്കുകയും അതിന്നു ഹനീഫി മതമെന്നു പേർ പറയുകയും ചെയ്തിരുന്നു. അവർ ആ മതമനുസരിച്ചു് അൽലാഹുവിനെ മാത്രം ആരാധിക്കുകയും, അവനെ ആരാധിക്കുവാൻവേണ്ടി ലോകത്തു് ഒന്നാമതു നിർമ്മിതമായ കഅബാ ദേവാലയം വന്ദ്യവും പരിശുദ്ധവുമാണെന്നു വിശ്വസിക്കുകയും ചെയ്തു കഅബാ പ്രദക്ഷിണവും (തവാഫ്) അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. എന്നാൽ അദ്നാൻ വർഗ്ഗക്കാർ മക്കാനഗരം വിട്ടു് വിവിധരാജ്യങ്ങളിൽ പോയപ്പോൾ പുണ്യമാണെന്നു കരുതി ഹറമിൽ നിന്നു് ഓരോ കല്ലും കൂടെ കൊണ്ടുപോയി. അവർ ആ ശിലകളെ ഭക്തിപൂർവ്വം സൂക്ഷിച്ചുവന്നതിനാൽ അവരുടെ സന്താനങ്ങൾ അവ ആരാധനാർഹമായ ഏക ഇലാഹുമായി തങ്ങളെ അടുപ്പിക്കുന്നവയാണെന്നും വിശ്വസിച്ചു. ഇങ്ങിനെ അവരുടെ ഇടയിൽ ബഹുദൈവവിശ്വാസം പടർന്നുപിടിച്ചു

**ബഹുദൈവവിശ്വാസികൾ:—** കഅബാ സംരക്ഷകനായിരുന്ന അംറുബ്നുലുഹയ്യ്ഖുസാഈ, സിറിയായിൽ ചെന്നപ്പോൾ അവിടത്തെ ജനങ്ങൾ വിഗ്രഹാരാധന ചെയ്യുന്നതു കണ്ടു അവിടെനിന്നു ചില വിഗ്രഹങ്ങൾ കൊണ്ടുവന്നു കഅബയിൽ പ്രതിഷ്ഠിച്ചു. അറബികൾ ഒന്നാമതായി അവയെ ആരാധിക്കുകയും പിന്നീട് അവർതന്നെ പല വിഗ്രഹങ്ങൾ നിർമ്മിക്കുകയും ചെയ്തു. ബനൂഉദൈൽ ഗോത്രക്കാർ യമ്പഇന്ന സമീപം സുവാഉ എന്ന നാമധേയത്തിൽ ഒരു ബിംബം പ്രതിഷ്ഠിച്ചു. അതിന്നടുത്തു പാർത്തിരുന്ന മുസർ ഗോത്രശാഖകൾ ആ ബിംബത്തെ വണങ്ങുവാൻ തുടങ്ങി. ബനൂമിദ്ഹജ് ഗോത്രക്കാരും ജൂറശ്കാരും കൂടി യഗൂസ് എന്ന നാമധേയത്തിലും, ബനൂഖൈവാൻ ഗോത്രം യഊഖ് എന്ന നാമധേയത്തിലും ഓരോ ബിംബങ്ങളുണ്ടാക്കി. യമൻ രാജ്യക്കാർ ഇവയെ ദേവന്മാരായി ഗണിച്ചു. ഹിംയർ ഗോത്രക്കാർ ജൂതമതം വിശ്വസിക്കുന്നതിന്നു മുമ്പ് ഒരു ബിംബമുണ്ടാക്കി അതിന്നു നസ്ർ എന്നു നാമകരണം ചെയ്യുകയും അതിനെ മുറയ്ക്കു സേവിച്ചുവരികയും ചെയ്തിട്ടുണ്ടായിരുന്നു. അദറഃ എന്നിടത്തു് നല്ല ദേഹബലമുള്ള ഒരു മനുഷ്യന്റെ ആകൃതിയിൽ ഒരു ബിംബം പ്രതിഷ്ഠിക്കപ്പെടുകയും വദ്ദ് എന്നു് നാമകരണം ചെയ്യപ്പെടുകയുമുണ്ടായി. ഈ ബിംബം തുണി ഉടുത്തും പുതപ്പു പുതച്ചും ചുമലിൽ വില്ലും അരയിൽ വാളും കൈയിൽ കുന്തവും ധരിച്ചുമാണു് നിന്നിരുന്നതു്. കുന്തത്തിന്റെ അററത്തു് സദാ ഒരു കൊടി പറന്നുകൊണ്ടിരുന്നു. ഈ

ബിംബത്തെ അവർ യുദ്ധദേവതയായി ഗണിച്ചിരുന്നിരിക്കാം.

മേൽപ്രസ്താവിച്ച പഞ്ചബിംബങ്ങൾ പുരാതനകാലത്തുമുണ്ടായിരുന്നു. അന്നത്തെ വർത്തമാനങ്ങൾ പറഞ്ഞുകേട്ടതനുസരിച്ച് അറബികൾ അവയെ വീണ്ടും പ്രതിഷ്ഠിച്ചു. ഹസ്രത്ത് നൂഹ് നബി എത്ര ഉപദേശിച്ചിട്ടും, ബഹുദൈവവിശ്വാസികൾ ഈ അഞ്ചു ബിംബങ്ങളെ വണങ്ങുന്നതിൽനിന്നു വിരമിച്ചിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ കഥയിൽ ഖുർആനിൽ അൽലാഹ പറഞ്ഞിരിക്കുന്നു മക്കത്തിന്നും മദീനത്തിന്നും ഇടയിൽ കടൽക്കരയിൽ സ്ഥിതി ചെയ്യുന്ന ഖുദൈദ് എന്നിടത്തു് മനാത്തു് എന്ന ഒരു വിഗ്രഹമുണ്ടായിരുന്നു. അറബികളെല്ലാവരും, വിശേഷിച്ച മദീനാനിവാസികളായിരുന്ന ഔസ്, ഖസ്രജ് എന്നീ ഗോത്രക്കാരും, അതിനെ സേവിക്കുകയും അതിന്നു മൃഗങ്ങളെ അറുത്തു് ബലി അർപ്പിക്കുകയും ചെയ്തിരുന്നു. താഇഫ്കാർ ലാത്തയെ ആരാധിച്ചുവന്നു. എന്നാൽ അതു തനി ബിംബമായിരുന്നില്ല. അതു് ഏതോ ഒരു പുരാതന വിഗ്രഹശാലയുടെ അവശിഷ്ടമായി കിടന്നിരുന്ന സമചതുരമായ ഒരു പാറക്കല്ലായിരുന്നു. മക്കത്തിന്നും ഇറാഖിന്നും മദ്ധ്യേ നഖ്‌ലത്തുശ്ശാമിയ്യാ താഴ്‌വരയിലെ വിഗ്രഹമഠത്തിൽ ഉസ്സാ എന്ന നാമധേയത്തിൽ ഖുറൈശികൾക്കു ഒരു പ്രധാന വിഗ്രഹമുണ്ടായിരുന്നു. ഇങ്ങിനെ ഓരോ ഗോത്രവും വേറെ വേറെ ബിംബം പ്രതിഷ്ഠിച്ചിരു

ന്നതിനാൽ വിഗ്രഹാരാധന അറബിൽ സർവ്വത്ര വ്യാപിച്ചു.

കഅബയിൽത്തന്നെ അനേകം ബിംബങ്ങളുണ്ടായിരുന്നു. ചുവന്ന ഗോമേദകംകൊണ്ടു് മനുഷ്യാകൃതിയിൽ നിമ്മിതമായ ഹുബൽ എന്ന ബിംബം അവയിൽ വെച്ചു ഏററവും പ്രാധാന്യമേറിയതായിരുന്നു. ഖുസൈമത്തുബ്നു മുദരിക്കഃ എന്നയാഠം അതു കണ്ടെത്തിയ അവസരത്തിൽ അതിൻെറ വലങ്കൈ മുറിഞ്ഞുപോയിരുന്നു. അയാഠം അതു കൊണ്ടുവന്നു കഅബയിൽ പ്രതിഷ്ഠിക്കുകയും, മുറിഞ്ഞുപോയ കൈക്കു പകരം സ്വണ്ണംകൊണ്ടു ഒരു കയ്യുണ്ടാക്കി വെക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ബിംബങ്ങഠംക്കു ശിക്ഷാരക്ഷയ്ക്കു ശക്തിയുണ്ടെന്നു അറബികഠം വിശ്വസിച്ചിരുന്നില്ല. അവ മാഗ്ഗമാമായി തങ്ങഠംക്കു ദൈവസാമീപ്യം സിദ്ധിക്കുന്നതാണെന്ന ധാരണ നിമിത്തം മാത്രമായിരുന്നു അവർ അവയെ ആരാധിച്ചിരുന്നതു്. സൃഷ്ടിക്കുക, ആഹാരം നൽകുക, ജീവിപ്പിക്കുക, മരിപ്പിക്കുക എന്നിവയ്ക്കു ഏകഇലാഹിന്നല്ലാതെ സാധിക്കുകയില്ലെന്നു അവർ വിശ്വസിച്ചിരുന്നു. ഈ ബിംബങ്ങഠം ആരാധനക്കായി പ്രതിഷ്ഠിക്കപ്പെട്ടവയായിരുന്നതിനാൽ പ്രതിഷ്ഠിക്കുക എന്നത്ഥമുള്ള നസ്ബ് എന്ന ധാതുവിൽനിന്നുളവായ അൻസാബ് (പ്രതിഷ്ഠകഠം) എന്ന പേരും അറബികഠം ഇവയ്ക്കു ഉപയോഗിച്ചുവന്നു. അവർ ബിംബങ്ങഠംക്കു പലവിധ വഴിപാടുകളും ചെയ്തിരുന്നു.

പെണ്ണൊട്ടകത്തിൻെറ കാതുകത്തി ബിംബത്തിന്നു നേർച്ചയാക്കുകയും അതിന്നു "ബഹീറഃ" എന്നു പേർ പറയുകയും ചെയ്തിരുന്നു. അവർ അതിൻെറ പുറത്തു് സവാരി ചെയ്യുകയോ, രോമം കത്രിച്ചെടുക്കുകയോ ദരിദ്രന്മാരല്ലാതെ അതിൻെറ പാൽ കുടിക്കുകയോ ചെയ്തിരുന്നില്ല. ദീനം സുഖപ്പെടുവാനും ആപത്തിൽ നിന്നു രക്ഷ കിട്ടുവാനും വേണ്ടി അവർ ബിംബത്തിന്നു ഒട്ടകത്തെ നേർച്ചയാക്കുകയും ഉദ്ദേശം സാധിക്കുമ്പോൾ അതിനെ ബിംബത്തിന്നായി ഒഴിച്ചു നിർത്തുകയും ചെയ്യുക പതിവായിരുന്നു. ആ ഒട്ടകത്തിന്നു "സാഇബഃ" എന്നു പേർ പറയുകയും, യാതൊരു പ്രവൃത്തിയും ചെയ്യിക്കാതെ ഇഷ്ടമുള്ളേടത്തു് മേഞ്ഞുകൊള്ളുവാൻ അതിനെ അനുവദിക്കുകയും ചെയ്തിരുന്നു. ഏഴു പ്രാവശ്യം ഈരണ്ടു് പെണ്ണാട്ടിൻകുട്ടികളേയും, എട്ടാമത്തെ തവണ ഒരു ആണാട്ടിൻ കുട്ടിയേയും പ്രസവിച്ചിരുന്ന ആട്ടിന്നു "വലീസ" എന്നു നാമകരണം ചെയ്തു. അതിനെ അറുത്തു ബിംബത്തിന്നു ബലി കഴിച്ചിരുന്നു. ഇരട്ടയായി പ്രസവിക്കപ്പെട്ടിരുന്ന ആട്ടിൻകുട്ടികളിൽ ഒന്നു ആണും മറേറതു പെണ്ണുമായിരുന്നാൽ സ്ത്രീകൾക്കു ആ തള്ളയുടെ പാൽ നിഷിദ്ധമാക്കുകയും, ആണിനെ ബിംബത്തിന്നു കൊടുക്കുകയും ചെയ്യുക പതിവായിരുന്നു. നാലാം പരമ്പരയായി സന്താനം ജനിച്ച "ഹാം" എന്നു പേർ പറയപ്പെട്ടിരുന്ന ആണൊട്ടകത്തെ യാതൊരു പ്രവൃത്തിക്കും ഉപയോഗിക്കാതെ ബിംബത്തിന്നു ദാനം ചെയ്തുവന്നു.

ഇവയെല്ലാം ബഹുദൈവാരാധനയിൽപ്പെട്ടവയാകയാൽ പരിശുദ്ധ ഖുർആൻ ഇവയെ വിരോധിച്ചിരിക്കുന്നു.

അറബികൾ യാത്രക്കോ മററു വല്ല പ്രവൃത്തിക്കോ ഒരുങ്ങുമ്പോൾ ബിംബത്തിൻെറ അടുക്കൽ ചെന്നു അതിൻെറ സേവകന്മാരെക്കൊണ്ടു പ്രശ്നം വെപ്പിക്കുക പതിവായിരുന്നു. ബിംബത്തിൻെറ അരികത്ത് കുറെ മുനയില്ലാത്ത അമ്പുകൾ ഉണ്ടായിരുന്നു. അവയിൽ ചില അമ്പുകളിന്മേൽ വേണമെന്നും മററുള്ളവയിന്മേൽ വേണ്ട എന്നും എഴുതപ്പെട്ടിരുന്നു. അവയ്ക്കു അസ്ലാം എന്നു പേർ പറഞ്ഞുവന്നു. സേവകൻ അവയിൽ ഒന്നു ഊരിയെടുത്തു അതിന്മേൽ എഴുതപ്പെട്ടിരുന്നതനുസരിച്ചു വേണമെന്നോ വേണ്ട എന്നോ കല്പിച്ചുവന്നു. ഹസ്രത്ത് ഇബ്രാഹിം ഹസ്രത്ത് ഇസ്മാഈൽ എന്നീ നബിമാരുടെ ആകൃതിയിൽ കഅ്ബയിൽ ഉണ്ടാക്കിവെച്ചിരുന്ന പ്രതിമകളുടെ കൈകളിൽ അവതന്നെ പ്രശ്നം നോക്കുകയാണെന്നു തോന്നുമാറ്, ഓരോ അമ്പുകൾ പിടിപ്പിച്ചിട്ടുണ്ടായിരുന്നു. മദ്യപാനവും ചൂതുകളിയും ബിംബാരാധനയും പ്രശ്നവും പൈശാചിക പ്രവൃത്തികളാണെന്ന് ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു.

അറബികൾ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നുവെങ്കിലും കഅ്ബയോടുണ്ടായിരുന്നത്ര ഭക്തിയും ആദരവും അവക്കു മറെറാന്നിനോടും ഉണ്ടായിരുന്നില്ല. അവർ ഹറമിനെ പരിശുദ്ധമായി ഗണിച്ചിരുന്നുവെന്നു മാത്ര

മല്ല, അതിൻെറ അതിത്തിക്കളിൽവെച്ച്, ഹജ്ജിന്നു വരുമ്പോഠം കൊണ്ടുവന്നിരുന്ന ഭക്ഷണം കഴിക്കുന്നതു പോലും തെററാണെന്നായിരുന്നു അവരുടെ വിശ്വാസം. അവർ ഹറമിൽവന്നിരുന്ന അവസരങ്ങളിൽ അവിടത്തെ സ്ഥിരവാസികളായിരുന്ന ഖുറൈശികളായിരുന്നു അവക്കു ഭക്ഷണം കൊടുത്തിരുന്നതു്. അവർ സ്വന്തവസ്ത്രം ധരിച്ച് കഅബാ പ്രദക്ഷിണം ചെയ്തിരുന്നില്ല അഥവാ ചെയ്യുന്നതായാൽ പിന്നീടു് ആ വസ്ത്രത്തെ അവർ തൊട്ടിരുന്നുമില്ല. ഖുറൈശികഠം അവക്കു വസ്ത്രവും കൊടുത്തുവന്നു. അനേക ജനങ്ങഠം നഗ്നരായും കഅബ പ്രദക്ഷിണം ചെയ്തിരുന്നു.

**ജൂതന്മാർ:**—മേൽ പ്രസ്താവിച്ച ബഹുദൈവ വിശ്വാസികഠംക്കു പുറമെ ചില ജൂതമതക്കാരും അറബിൽ ഉണ്ടായിരുന്നു. സിറിയായിൽവെച്ച് ഇസ്രാഈൽ വർഗ്ഗക്കാർ ദ്രോഹിക്കപ്പെട്ട കാലത്തു് അവരിൽ ചില കുടുംബങ്ങഠം യസ്രിബ് (മദീനഃ) ഖൈബർ, മുതലായ ദിക്കുകളിൽ വന്നു താമസിച്ചു. ഇവരുടെ പരിശ്രമത്താൽ മേൽപറഞ്ഞ ദിക്കുകളിലെ പൂർവ്വനിവാസികളിൽ ചിലരും ജൂതമതം വിശ്വസിച്ചു. മദീനത്തു്നിന്നു രണ്ടു ജൂതന്മാർ യമനിൽ ചെന്നതിനാൽ സൻആ രാജാവായിരുന്ന യൂസുഫ്ദൂനവാസ് ജൂതമതം കൈക്കൊള്ളുകയും, അവിടത്തെ അനേകം നിവാസികഠം അദ്ദേഹത്തെ പിന്തുടരുകയും ചെയ്തു.

**ക്രിസ്ത്യാനികഠം:**—അറബിൽ ക്രിസ്തുമതം ഒന്നാമതായി ഉത്ഭവിച്ചതു് യമൻ രാജ്യത്തിൽ പെട്ട നജ്റാനി

ലായിരുന്നു. പിന്നീട് ഹീറാരാജാവായിരുന്ന നഅ്മാനുബ്നുമുൻദിർ അനേക പ്രജകളോടുകൂടി ആ മതം സ്വീകരിച്ചു. തമ്മ് ഗോത്രക്കാരും ക്രിസ്തുമതത്തിൽ ചേരുകയുണ്ടായി. റോമാ സാമ്രാജ്യത്തിൻെറ കീഴിലായിരുന്ന ഗസ്സാനീ അറബികളും ക്രിസ്ത്യാനികളായിരുന്നു. ജസീറയിലെ നംറ്, തഗ്‌ലബ് എന്നീ ഗോത്രങ്ങളുടെ ചില ശാഖകളും ക്രിസ്തുമതം വിശ്വസിച്ചു.

എന്നാൽ ജൂതമതക്കാരും ക്രിസ്തുമതക്കാരുമായിരുന്ന അറബികൾ ആ മതങ്ങളെ പേരിന്നു മാത്രം വിശ്വസിച്ചിരുന്നുവെന്നല്ലാതെ അവയുടെ മൂലസിദ്ധാന്തങ്ങൾ പോലും അനുഷ്ഠിച്ചിരുന്നില്ല. അനുഷ്ഠിക്കുവാൻ അവക്കു സാധിച്ചിരുന്നുമില്ല ക്രിസ്തുമതം, യുദ്ധം തീരെ പാടില്ലെന്നു കല്പിക്കുന്നു; അറബികൾക്കു യുദ്ധം ചെയ്യാതിരിപ്പാൻ നിവൃത്തിയുണ്ടായിരുന്നില്ല. വിഗ്രഹാരാധന ചെയ്യുന്നവരുടെ ധനം അനുഭവിപ്പാൻപോലും പാടില്ലെന്നാകുന്നു ജൂതമതത്തിലെ വിധി. അറബികൾക്കാവട്ടെ ശത്രുക്കളുമായി യുദ്ധം ചെയ്തു അപഹരിക്കുന്ന ധനം വേണ്ടെന്നുവെക്കുവാൻ കഴിഞ്ഞിരുന്നില്ല.

**ഏകദൈവവിശ്വാസികൾ:**—വിഗ്രഹാരാധന നിഷിദ്ധമാണെന്നു വിശ്വസിച്ചിരുന്ന ചിലരും അറബ് രാജ്യത്ത് ഉണ്ടാകാതിരുന്നില്ല. ജനങ്ങൾ വിസ്മരിച്ചുകളഞ്ഞിരിക്കുന്നുവെങ്കിലും ഏക ഇലാഹമായി അടുപ്പാനുള്ള ഏക മാർഗ്ഗം ഇബ്രാഹിംനബിയുടെ മതമാണെന്നും, ബിംബങ്ങൾക്കും ശിലകൾക്കും ഗുണവും ദോഷവും ചെ


യ്യാൻ ശക്തിയില്ലാത്ത സ്ഥിതിക്ക്, തങ്ങളെ ദൈവവു മായി അടുപ്പിക്കുവാൻ സാധിക്കയില്ലെന്നുമായിരുന്നു അ വരുടെ വിശ്വാസം. അംറുബ്നുനുഫൈലിൻെറ മ കൻ സൈദ് ഇവരിൽവെച്ച് അതി വിശ്രുതനായിരു ന്നു. ബിംബത്തെ എന്നുവേണ്ട, അല്ലാഹുവിനെയല്ലാ തെ മറെറാന്നിനേയും സൈദ് ആരാധിച്ചിരുന്നില്ല. താൻ മാത്രമേ ഇബ്രാഹിം നബിയുടെ മതം അനുഷ്ഠിച്ചി ട്ടുള്ളുവെന്ന് കഅബയിൽ ഇരുന്നുകൊണ്ട് അദ്ദേഹം ഖു റൈശികളോടു പറയാറുണ്ടായിരുന്നു അദ്ദേഹത്തിനു ഇ സ്ലാംമതം വിശ്വസിപ്പാൻ ഭാഗ്യമുണ്ടായില്ല. എങ്കിലും അദ്ദേഹത്തിനു ന്യായവിസ്താരദിവസം ഒരു പ്രത്യേകസ മുദായത്തിൻെറ നിലയിൽ എഴുന്നേല്പിയ്ക്കപ്പെടുന്നതാ ണെന്നു റസൂൽകരീം അരുളിയിരിക്കുന്നു. വറഖത്തുബ്ന് നൌഫലും ബിംബാരാധന ചെയ്തിരുന്നില്ല. അയാറം സത്യമതം കണ്ടുപിടിക്കുവാനായി പല ഗ്രന്ഥങ്ങറം പാ രായണം ചെയ്യുകയും അവസാനം ക്രിസ്തുമതം വിശ്വസി ക്കുകയും ചെയ്തു. ഉബൈദുൽലാഹിബ്നുജഹ്ശ്; ഒരു മതവും കൈക്കൊള്ളാതെ ഏക ഇലാഹിൽ വിശ്വസി ച്ചിരുന്ന ഒരാളായിരുന്നു. റസൂൽകരീമിന്നു നബിത്വം ലഭിച്ചപ്പോറം അയാറം ഇസ്ലാംമതം വിശ്വസിച്ചു. എങ്കിലും അയാറം ഹബ്ശിനിയായിലേക്കു ഹജറഃ പോയതിനുശേഷം ക്രിസ്തുമതം വിശ്വസിക്കുകയും ആ വിശ്വാസത്തോടുകൂടി മരിച്ചുപോകയാണ് ഉണ്ടായതു്.

**കാഹിൻ:**—പ്രാസമൊത്ത ഗദ്യപദ്യങ്ങളിലായി ജനങ്ങറംക്കു അദൃശ്യവാർത്തകറം പറഞ്ഞുകൊടുത്തിരുന്ന

ചില ആളുകഠം അറബ്‌രാജ്യത്ത് ഉണ്ടായിരുന്നു. അവക്ക് കാഹിനുകഠം എന്നു പേർ. ഇസ്‌ലാം മതാവിർഭാവത്തോടടുത്ത കാലത്ത് ഒരു പ്രവാചകന്റെ ആഗമനത്തെപ്പററി അവരിൽ പലരും ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നു. ജൂതന്മാർ, തങ്ങളെ കഷ്ടതകളിൽനിന്ന് രക്ഷിക്കുകയും ശത്രുക്കളെ തോല്പിക്കുവാൻ തങ്ങളെ സഹായിക്കുകയും ചെയ്യുന്ന ഒരു പ്രവാചകന്റെ ആഗമനത്തെ കാത്തുകൊണ്ടിരുന്നു. മദീനയിലെ ഔസ്, ഖസ്രജ് എന്നീ ഗോത്രക്കാർ യുദ്ധംചെയ്തു തോല്പിച്ചിരുന്ന കാലങ്ങളിൽ, പ്രവാചകൻ വരുമ്പോഠം തങ്ങഠംക്കു ജയമുണ്ടാകുമെന്നു പറഞ്ഞ് ജൂതന്മാർ അവരെ ഭയപ്പെടുത്തിയിരുന്നു.

ആകയാൽ ഇസ്‌ലാം മതാവിർഭാവം സമീപിച്ച കാലത്ത് അറബുരാജ്യത്തുണ്ടായിരുന്ന ബുദ്ധിമാന്മാരുടേയും വേദവിശ്വാസികളുടേയും, ഇടയിൽ ഒരു മതാന്വേഷണ സംരംഭം നടന്നുകൊണ്ടിരുന്നുവെന്നു തെളിയുന്നുണ്ട്. ബഹുദൈവവിശ്വാസത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും അവരെ മുക്തരാക്കുവാൻ ആ സംരംഭം പര്യാപ്തമായില്ല. എങ്കിലും ഇസ്‌ലാംമതത്തിനെ സ്വാഗതം ചെയ്വാനുള്ള സന്നദ്ധത അതുണ്ടാക്കിത്തീർത്തുവെന്നുള്ളതിൽ സംശയമില്ല

# വംശവിവരപ്പട്ടിക


ഖുറൈശ്
ഗാലിബ്
ലുഅയ്യ്
കഅബ്
ജംഹ്.
മുർറത്ത്.
അദിയ്യ്.
സഹ്മ്
തൈമ്.
കിലാബ്.
മഖ്സൂം
സുഹ്റത്ത്.
ഖുസയ്യ്.
അബ്ദുൽഉസ്സാ
അബ്ദുമനാഫ്
അബ്ദുദ്ദാർ
മുത്തലിബ്.
ഹാശിം
നൌഫൽ.
അബ്ദുശംസ്
അബ്ദുൽമുത്തലിബ്
അബൂതാലിബ്
ഉഖൈൽ
ജഅഫർ
അലി
അബ്ദുല്ല
അബ്ബാസ്
അബൂലഹബ്
ഹംസഃ
മുഹമ്മദ് നബി
ഹസൻ–ഹുസൈൻ

# നബിയുടെ ജനനം

അബ്ദുൽമുത്തലിബ്, ഖുറൈശീഗോത്രത്തിൽ സർവ്വോപരി ഖ്യാതി സമ്പാദിച്ച ഒരു നായകനായിരുന്നു. അബൂതാലിബ്, അബ്ദുൽലഃ, ഹംസഃ, അബ്ബാസ് മുതലായ അദ്ദേഹത്തിൻെറ പുത്രന്മാരും കീർത്തി സമ്പാദിച്ചു. ഇവരിൽ അബ്ദുൽലയെക്കൊണ്ടു്, ഖുറൈശികളിൽ മാന്യയും ബനുസുഹ്റഃ വംശജയും വഹബിൻെറ മകളുമായ ആമിനയെ അദ്ദേഹം വിവാഹം ചെയ്യിച്ചു. വിവാഹാനന്തരം കുറെദിവസം കഴിഞ്ഞതിന്നുശേഷം അബ്ദുൽലഃ കച്ചവടത്തിന്നായി സിറിയായിലേക്കു പോയി. ഈ യാത്രയിൽ അദ്ദേഹം മദീനത്തിറങ്ങി ബനുന്നജ്ജാർ ഗോത്രത്തിൽപ്പെട്ട തൻെറ മാതുലഗൃഹത്തിൽ താമസിക്കുകയും അവിടെവെച്ചു രോഗബാധിതനായി പരലോകം പ്രാപിക്കുകയും ചെയ്തു.

**ജനനദിവസം:**—പിതാവു് പരലോകപ്രാപ്തനായി ഏതാനും ദിവസങ്ങൾ കഴിഞ്ഞതിന്നുശേഷം, ആന

ക്കലെഹവത്സരം 1. റബീഉൽ അവ്വൽ 9-ാംനു- * (ക്രിസ്താബ്ദം 571 ഏപ്രിൽ 20-ാംനു-) തിങ്കളാഴ്ച മുഹമ്മദ് നബി (സ) ഭൂജാതനായി. ഈ വർത്തമാനം കേട്ട സന്തോഷഭരിതനായ അബ്ദുൽ മുത്തലിബ് കുട്ടിക്ക് മുഹമ്മദ് എന്നു പേരിടുകയും, അറബികളുടെ ആചാരമനുസരിച്ച് ഏഴാംദിവസം "ഖ്ത്ത്ന്" കർമ്മം നടത്തുകയും ചെയ്തു. ബനൂതമീം ഗോത്രത്തിൽ ഒരു നായകനും ഫറസ്ദഖ് കവിയുടെ പിതൃവംശ പരമ്പരയിൽ അഞ്ചാമനുമായിരുന്ന ഒരുവനു മാത്രമല്ലാതെ അറബികളിൽ മററാക്കും മുഹമ്മദ് എന്നു പേർ സിദ്ധിച്ചിരുന്നതായി അറിയപ്പെടുന്നില്ല.

**മുലകുടി:**—ഖുറൈശിപ്രമാണികൾ തങ്ങളുടെ കുട്ടികൾ അരോഗഗാത്രന്മാരായിത്തീരേണ്ടതിന്നു അവരെ മുല കൊടുത്തുവളർത്തുവാൻ ഉൾപ്രദേശ നിവാസികളായ സ്ത്രീകളെ ഭാരമേല്പിക്കുക പതിവായിരുന്നു. റസൂൽകരീമിൻെറ പിതാമഹൻ അദ്ദേഹത്തെ മുലകൊടുത്തു വളർത്തേണ്ടതിന്നു ബനൂസഅദ് വംശജയായ ഹലീമയെ ഏല്പിച്ചു. ഈ മാന്യ നബിയെ നാലുസംവത്സരം ലാളിച്ചു വളർത്തുകയും അതിനുശേഷം മക്കത്ത്കൊണ്ടുവന്നു സ്വമാതാവിനെ ഏല്പിക്കുകയും ചെയ്തു. ഹലീമയുടെ പിതാവ് അബൂസുവൈബും ഭർത്താവ് അബൂകബ്ശ് എന്ന ഹാരീസുബ്നുഅബ്ദിൽ ഉസ്സായുമായിരുന്നു.

---

* നമ്മുടെ നാട്ടുകാർ വിശ്വസിച്ചുവരുംപ്രകാരം റബീഉൽ അവ്വൽ 12-ാംനു-യാണ് നബി ജനിച്ചതെന്നും ചില ചരിത്രകാരന്മാർ എഴുതിയിരിക്കുന്നു. — പരിഭാഷകൻ.

**മാതാവിൻെറ ചരമം:—**നബിയുടെ പിതാവു് മദീനയിൽവെച്ച കാലഗതി പ്രാപിച്ചതുമുതൽ മാതാവു് ആമിനഃ സ്വഭത്താവിൻെറ ഖബർ സന്ദശിക്കുവാനായി അബ്ദുൽമുത്തലിബോടുകൂടി കൊല്ലംതോറും മദീനയിൽ പോകാറുണ്ടായിരുന്നു. നബിയുടെ ആറാം വയസ്സിൽ അവർ പതിവുപ്രകാരം മദീനത്തേക്കുപോയ അവസരത്തിൽ നബിയും കൂടെയുണ്ടായിരുന്നു. മടങ്ങിവരുമ്പോൾ മാതാവു് രോഗബാധിതയായി വഴിയിൽവെച്ച ചരമംപ്രാപിച്ചു മൃതശരീരം മക്കത്തിൻേറയും മദീനത്തിൻേറയും ഇടയിൽ സ്ഥിതിചെയ്യുന്ന അബവാ എന്നിടത്താണ് മറവുചെയ്തിട്ടുള്ളതു്. മാതാവിന്നും പിതാവിന്നും നേരിട്ട അകാലവിയോഗം നിമിത്തം അനാഥയായിത്തീന്ന പൌത്രനെ അബ്ദുൽമുത്തലിബ് കൊണ്ടുവന്നു ഓമനിച്ചുവളത്തി നബിയോടു് അദ്ദേഹത്തിന്നു സ്വസന്താനങ്ങളോടുണ്ടായിരുന്നതിനെക്കാൾ വാത്സല്യമുണ്ടായിരുന്നു. കഅബയുടെ തണലിൽ അദ്ദേഹത്തിന്നായി വിരിക്കപ്പെട്ടിരുന്ന പരവതാനിയിൽ അദ്ദേഹം ഇരുന്നിരുന്ന അവസരങ്ങളിൽ പുത്രന്മാർ ആ പരവതാനിക്കു ചുററുമായി എത്രയും താഴ്മയോടുകൂടി ഇരിക്കാറു് പതിവായിരുന്നു. നബി അതിൽ ഇരിക്കത്തക്കവണ്ണം പിതാമഹൻെറ അരികത്തേക്കു കടന്നു ചെന്നിരുന്ന സന്ദഭങ്ങളിൽ നബിയേയും തങ്ങളുടെ അരികെ ഇരുത്തുവാൻ പിതൃവ്യന്മാർ ശ്രമിച്ചിരുന്നപ്പോൾ അബ്ദുൽമുത്തലിബ് അവരെ വിരോധിക്കുകയും, "എൻെറ കുട്ടി അതിശ്രേഷ്ഠനായിത്തീ

രുന്നതാണ്'' എന്നു പറഞ്ഞു അരികത്തിരുത്തി അതിവാത്സല്യത്തോടെ പുറത്ത് തടവിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

**പിതാമഹൻെറ വിയോഗം:**—നബിക്ക് എട്ട് വയസ്സായപ്പോൾ അബ്ദുൽമുത്തലിബും മക്കയിൽവെച്ച ചരമം പ്രാപിച്ചു. നബിയുടെ ഉടപ്പിറന്ന പിതൃവ്യനായിരുന്ന അബൂതാലിബോട് നബിയുടെ രക്ഷിതാവായിരിപ്പാൻ അദ്ദേഹം വസ്വിയ്യത്ത് ചെയ്തിട്ടുണ്ടായിരുന്നു. അബ്ദുൽമുത്തലിബിന്നു പത്ത് പുത്രന്മാരുണ്ടായിരുന്നതിൽ അബൂത്താലിബ്, അബ്ദുൽലാഃ, സുബൈർ എന്നിവർ ഉടപ്പിറന്ന സഹോദരന്മാരായിരുന്നു. ഇവരുടെ മാതാവ് മഖ്സൂമിയ്യാവംശജയായ ഫാത്തിമയാണ്.

**സിറിയൻയാത്ര:**—നബിക്ക് ഒമ്പതു് വയസ്സായകാലത്ത് അബൂതാലിബ് മററു വ്യാപാരികളോടുകൂടി സിറിയായിലേക്ക് കച്ചവടത്തിന്നു പോകയുണ്ടായി. തദവസരത്തിൽ അദ്ദേഹം നബിയേയും കൂടെകൊണ്ടുപോയിരുന്നു. അവർ റോമക്കാരുടെ ഭരണത്തിൻകീഴിലായിരുന്ന ബുസ്രാ എന്നിടത്തെത്തിയപ്പോൾ ഒരു ക്രിസ്തുമതപുരോഹിതനായ ബുഹൈറ എന്ന ആൾ നബിയെ സൂക്ഷിച്ചുനോക്കി അബൂതാലിബോട് ഇങ്ങിനെ പറഞ്ഞു. "അവസാനകാലം അയക്കപ്പെടുന്ന പ്രവാചകൻെറ ലക്ഷണങ്ങൾ ഈ കുട്ടിയിൽ കാണപ്പെടുന്നുണ്ട്. ഇതിനെ വല്ല വിരോധിയും കൊല്ലുവാൻ ഇടയാവുന്നതിന്നുമുമ്പ് വേഗം സ്വദേശത്തേക്കു കൊണ്ടുപോകണം."

**ഫിജാർ യുദ്ധം:**—നബിക്ക് 16 വയസ്സായപ്പോൾ കിനാനഃ, ഖൈസ് എന്നീ ഗോത്രങ്ങളും, ഖുറൈശികളും തമ്മിൽ ഒരു യുദ്ധമുണ്ടായി ഈ യുദ്ധം നടന്നതു് ഹറം അതിർത്തിക്കുള്ളിൽവെച്ചായിരുന്നതിനാൽ അന്യായമായ യുദ്ധമെന്നർത്ഥമായ ഫിജാർ യുദ്ധമെന്നു ഇതിന്നു പേർ സിദ്ധിച്ചു അക്കാലത്തു്. ഖുറൈശികളിൽ പ്രായം കൊണ്ടും പ്രബലതകൊണ്ടും സർവ്വോപരി യോഗ്യൻ ഹർബുബ്നു ഉമയ്യത്തായിരുന്നതിനാൽ അയാൾ അവരുടെ സൈന്യനായകത്വം വഹിച്ചു ബനൂഅബ്ദുൽമുത്തല്ലിബിന്റെ നേതാവു് സുബൈറായിരുന്നു. നബിയും ഈ യുദ്ധത്തിൽ പങ്കുകൊണ്ടു സ്വപിതൃവ്യന്മാൎക്ക്, ശത്രുപക്ഷത്തിൽനിന്നു വന്നുകൊണ്ടിരുന്ന അമ്പുകൾ എടുത്തു കൊടുത്തിരുന്നു

**ഫലഫുൽഫുസൂൽ:**-ഫിജാർ യുദ്ധം കഴിഞ്ഞതിന്നുശേഷം ബനൂഹാശിം, ബനൂഅസദ്, ബനൂതൈമ് മുതലായ ഖുറൈശികുടുംബങ്ങൾ, മക്കത്തു് അബ്ദുല്ലാഹിബ്നു ജദ്ആന്റെ വസതിയിൽവെച്ചു് ഒരു ശപഥം നടത്തുകയുണ്ടായി. അന്യരാൽ ദ്രോഹിക്കപ്പെടുന്ന ആളുകൾ മക്കത്തു് വരുന്ന പക്ഷം അവർ ഏതു ഗോത്രക്കാരായിരുന്നാലും അവരെ രക്ഷിക്കുന്നതാണെന്നു ഈ ശപഥം മൂലം അവർ ഏകോപിച്ചു പ്രതിജ്ഞചെയ്തു. അതിൽ നബിയും ഏർപ്പെട്ടിരുന്നു ആ പ്രതിജ്ഞയിൽ പങ്കുകൊണ്ടതിനെക്കുറിച്ചു് തനിക്കു അഭിമാനമുണ്ടെന്നും ഇസ്ലാമിലും അങ്ങനെ ഒരു പ്രതിജ്ഞ വേണ്ടതാണെന്നു വല്ലവ

ക്കും അഭിപ്രായമുണ്ടാകുന്നപക്ഷം താൻ അതിന്നു ഒരുക്ക മാണെന്നും നബിത്വത്തിന്നുശേഷം അദ്ദേഹം പ്രസ്താവി ച്ചിട്ടുണ്ടായിരുന്നു മുമ്പു ബന്തുജ്ജുർഹം ഗോത്രക്കാർ മക്ക ത്തു് താമസിച്ചിരുന്ന കാലത്തു് അവരിൽ മൂന്നു നായക ന്മാർ യോജിച്ചുകൊണ്ടു ഇപ്രകാരം തന്നെ ഒരു ശപഥം നടത്തീട്ടുണ്ടായിരുന്നു. അവരിൽ ഓരോരുത്തനും ഫ സൽ എന്നു പേരായിരുന്നതുകൊണ്ടു് ഹലഫുൽഫുസൂൽ (ഫസ്ൽമാരുടെ ശപഥം) എന്നു ഇതിന്നു നാമധേയം ലഭിച്ചു.

**വിവാഹം:—** ഖുറൈശി ഗോത്രത്തിൻെറ ഒരു ശാഖയായ ബന്തുഅസദ വംശതലവനായിരുന്ന ഖുവൈ ലിദിൻെറ മകളും ബുദ്ധിയും സൌശീല്യാദി ഗുണങ്ങളും സവിശേഷം സമ്മേളിച്ച ഒരു മാന്യധനികയും വിധവ യുമായിരുന്ന ഖദീജയെ നബി വിവാഹംചെയ്തു. അക്കാ ലത്തു് നബിക്കു് 25 വയസ്സായിരുന്നു. ഈ മാന്യ സിറി യാ, യമൻ എന്നീ രാജ്യങ്ങളിലെ അങ്ങാടികളിൽ ത ൻെറ ചരക്കുകൾ കൊണ്ടുപോയി വില്ക്കേണ്ടതിന്നു ഏജ ണ്ടുമാരെ നിയമിച്ചയക്കുക പതിവായിരുന്നു. വിശ്വസ്ത തയിൽ അസാധാരണമായ കീർത്തിനേടീട്ടുണ്ടായിരുന്ന നബിയോടും തൻെറ ചരക്കു് സിറിയായിൽ കൊണ്ടു പോയി വില്ക്കുവാൻ ആ മഹിള അപേക്ഷിച്ചു. തിരുമേ നി ആ അപേക്ഷ സ്വീകരിച്ചു സിറിയായിലേക്കു പുറ പ്പെട്ടു. ഈ യാത്രയിൽ അദ്ദേഹത്തിൻെറകൂടെ ഖദീജ യുടെ ഒരു അടിമയായിരുന്ന മൈസറത്തുമുണ്ടായിരുന്നു.

കച്ചവടത്തിൽ അനല്പം ലാഭം കിട്ടി തിരിച്ചുവന്നതിന്നു ശേഷം വിവാഹത്തിന്നു അപേക്ഷിച്ചുകൊണ്ടു് ഖദീജഃ തന്നെ തിരുമേനിയുടെ സന്നിധിയിൽ ഒരു ദാസിയെ അയച്ചു. തിരുമേനിക്കും അതു സമ്മതമായിരുന്നതിനാൽ വിവരം അബൂതാലിബിനെ അറിയിച്ചു. അബൂതാലിബ് അനുകൂലിച്ചുകൊണ്ടു ഖദീജക്കു അവരുടെ പിതൃവ്യൻ മുഖേന മറുപടികൊടുക്കുകയും, ഉടനെ ഇരുഭാഗത്തുനിന്നും ആളുകൾ സമ്മേളിച്ചു വിവാഹകർമ്മം നടത്തുകയും ചെയ്തു. ഹസ്രത്തു് ഖദീജയ്ക്കു് അന്നു് 40 വയസ്സ് പ്രായമുണ്ടായിരുന്നു.

**കഅബാനവീകരണം:**—ജലപ്രവാഹംനിമിത്തം കഅബയ്ക്കു് കേടു പററിയിരുന്നതിനാൽ ഒരു നവീന സമ്പ്രദായത്തിൽ അതു നന്നാക്കുവാൻ ഖുറൈശികൾ തീർച്ചപ്പെടുത്തി. അന്നു നബിക്കു് 35 വയസ്സ് പ്രായമുണ്ടായിരുന്നു. എന്നാൽ കഅബയുടെ പഴയ ചുമർ തട്ടിപ്പൊളിക്കുവാൻ ഖുറൈശികൾക്കു് ധൈര്യമുണ്ടായില്ല. അവസാനം വലീദുബ്നുമുഗീറഃ ഒരുവിധം ധൈര്യത്തോടുകൂടി ചുമർ തട്ടുവാൻ ആരംഭിച്ചു. അയാൾക്കു് യാതൊരു ആപത്തും പിണഞ്ഞിട്ടില്ലെന്നുകണ്ടു പിന്നിട്ടു് മററുള്ളവരും അതിൽ പങ്കുകൊണ്ടു. ഹസ്രത്തു് ഇബ്രാഹീം ഹസ്രത്തു് ഇസ്മാഇൽ എന്നീ പ്രവാചകന്മാർ കെട്ടീട്ടുണ്ടായിരുന്ന തറവരെ പൊളിച്ചതിന്നുശേഷം അതിന്മേൽതന്നെ പുതിയ ഭിത്തികൾ കെട്ടിപ്പൊന്തിക്കുകയാണു് ചെയ്തിരുന്നതു് ജിദ്ദക്കരയ്ക്കു സമീപം പൊളിഞ്ഞു

കിടന്നിരുന്ന ഒരു കപ്പലിൻെറ ഈ മരം ആവശ്യാത്ഥം ഖുറൈശികൾ വിലയ്ക്കു വാങ്ങുകയും, അതുസംബന്ധമായ പണി ഒരു റോമക്കാരനായിരുന്ന ബാക്കൂം എന്ന എഞ്ചിനീയർക്കു കരാർ കൊടുക്കുകയും ചെയ്തു. മററു പ്രവൃത്തികളെല്ലാം ഖുറൈശികൾതന്നെയാണു ചെയ്തിരുന്നതു്. ഈ ആവശ്യാത്ഥം അവർ ശേഖരിച്ച ഫണ്ടു മതിയാവാതെ വന്നതിനാൽ വടക്കുഭാഗത്തെ ഭിത്തി ഇബ്രാഹിം നബിയുടെ ഭിത്തിയേക്കാൾ ആറുവാര ചെറുതാക്കേണ്ടിവന്നു.

**ഹജറൽഅസ്‌വദ്:**—കഅബാ നവീകരണവേളയിൽ ഹജറുൽഅസ്‌വദ് എന്ന ശില വെക്കാറായപ്പോൾ, അതൊരു മഹനീയ കമ്മമായിരുന്നതിനാൽ ആ മഹത്വത്തിനുള്ള മോഹം നിമിത്തം ഖുറൈശീനായകന്മാർ തമ്മിൽ തക്കമുണ്ടായി. അവസാനം അവർ തക്കം തീക്കേണ്ടതിന്നു റസൂൽകരീമിനെ ന്യായാധിപനായി നിശ്ചയിച്ചു അദ്ദേഹം ശിലയെ ഒരു വിരിപ്പിൽ വെച്ചു ഓരോ ഗോത്രത്തലവന്മാരോടും അതിൻെറ അരു പിടിച്ചു പൊക്കിക്കൊള്ളുവാൻ പറഞ്ഞു. അതുപ്രകാരം അവർ പൊക്കിയപ്പോൾ തിരുമേനി തന്നെ അതു യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചു. തിരുമേനി ഇങ്ങിനെ പ്രവത്തിച്ചതുകൊണ്ടു അവരുടെ ഇടയിൽ കലഹം നടന്നില്ലെന്നു മാത്രമല്ല, എല്ലാവരും സന്തുഷ്ടരാകുകയും ചെയ്തു.

# നബിത്വത്തിന്നു മുമ്പ്.

റസൂൽകരീം നബിത്വത്തിന്നുമുമ്പു തന്നെ സൌശീല്യാദി ഗുണങ്ങളിൽ അദ്വിതീയനായിരുന്നുവെന്നു ചരിത്രകാരകന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ സത്യസന്ധതയും വിശ്വസ്തതയും വാഗ്ദത്തനിർവ്വഹണത്തിലുമുണ്ടായിരുന്ന നിഷ്ഠയും സർവ്വസമ്മതമായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ അമീൻ (വിശ്വസ്തൻ) എന്നു വിളിച്ചുവരികയും, അനേകം ആളുകൾ അദ്ദേഹത്തിൻെറ പക്കൽ മൊതലുകൾ അനാമത്ത് വെക്കുകയും ചെയ്തുവന്നു അദ്ദേഹം എഴുത്തും വായനയും പഠിച്ചിട്ടുണ്ടായിരുന്നില്ലെന്ന വസ്തുത പ്രത്യേകം സ്മരണീയമാകുന്നു. അനന്തരമായി യാതൊരു സ്വത്തും അദ്ദേഹത്തിന്നു ലഭിച്ചിരുന്നില്ല. സ്വന്തപ്രയത്നത്താൽ സമ്പാദിച്ച ധനം കൊണ്ടായിരുന്നു തിരുമേനി ജീവിതം നയിച്ചിരുന്നത്. ഹസ്രത്ത് ഖദീജയെ വിവാഹം ചെയ്തതിന്നുശേഷം ആ മാന്യയുടെ ധനംകൊണ്ടു കച്ചവടം ചെയ്തു, ലാഭം രണ്ടു

പേരുംകൂടി അനുഭവിച്ചുവന്നു. ചിലപ്പോഠം അദ്ദേഹം മററു ചിലരുടെ കച്ചവടത്തിലും കൂറുകൂടാറുണ്ടായിരുന്നു.

അദ്ദേഹം ഹിറാമലയിലെ ഗുഹയിൽപോയി ആരാധന നടത്തുകയും ഏതാനും ദിവസം തുടച്ചയായി അവിടെ പാൎത്തുവരികയും ചെയ്തിരുന്നു തിരുമേനിയുടെ പിതാമഹനായിരുന്ന അബ്ദുൽമുത്തലിബും പ്രസ്തുത ഗുഹയിൽപോയി ആരാധന നടത്തിയിരുന്നുവെന്നു ചിലർ എഴുതിയിട്ടുണ്ട്. നബിക്കു ശൈശവം മുതല്ക്കേ ബിംബങ്ങളോടു വലിയ വെറുപ്പായിരുന്നുവെന്നുമാത്രമല്ല, ബിംബാരാധനക്കാരുടെ ആരാധനാമഠങ്ങളിലും സമ്മേളനസ്ഥലങ്ങളിലും അദ്ദേഹം കാൽ വെക്കുകപോലും ചെയ്തിരുന്നില്ല. ബിംബങ്ങഠക്കു നേൎച്ചയാക്കിയിരുന്ന മൃഗങ്ങളുടെ മാംസം തിരുമേനി ഒരിക്കലും ഭക്ഷിച്ചിരുന്നില്ല. എന്നാൽ കഅബാപ്രദക്ഷിണവും ഹജ്ജും തിരുമേനിക്കു പതിവുണ്ടായിരുന്നു. അദ്ദേഹം ഒരവസരത്തിലും മദ്യം ഉപയോഗിച്ചിരുന്നില്ല.

നബി ഹിറാഗുഹയിൽവെച്ചു ചെയ്തിരുന്ന ആരാധനയുടെ രൂപം അറിയപ്പെട്ടുന്നില്ല സ്രഷ്ടാവിൻെറ മാഹാത്മ്യങ്ങളേയും സൃഷ്ടികളുടെ കഷ്ടപ്പാടുകളേയുംപററി ചിന്തിച്ചുകൊണ്ടിരിക്കുകയാണു് ചെയ്തിരുന്നതെന്നു വിചാരിക്കാവുന്നതാണു്. എന്നാൽ ആ ചിന്തകൊണ്ടു നബിത്വത്തിന്നുമുമ്പു് അദ്ദേഹത്തിൻെറ ഉദ്ദേശം സാധിച്ചിരുന്നില്ല. അൽലാഹു ഖുർആനിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—അപ്രകാരംതന്നെ, നാം നമ്മുടെ വിധി

യിൽനിന്നു ഖുർആനിനെ വഹ്‌യ്‌മൂലം നിങ്ങൾക്കു് അയച്ചുതന്നു; വേദമെന്താണെന്നും സത്യവിശ്വാസമെന്താണെന്നും നിങ്ങൾ അറിഞ്ഞിരുന്നില്ല. "അശ്ശൂറാ" 52. മറെറാരു വചനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:-നിങ്ങളുടെ നേരെ വേദം അയക്കപ്പെട്ടുമെന്നു നിങ്ങൾ ആശിച്ചിരുന്നില്ല; എങ്കിലും നിങ്ങളുടെ രക്ഷിതാവു് അവൻെറ കാരുണ്യം നിമിത്തം നിങ്ങൾക്കു് ഖുർആൻ അയച്ചുതന്നു. അൽഖസസ് 86. "നിങ്ങൾ ഭ്രമിക്കുന്നതുകണ്ടു് അവൻ നിങ്ങളെ സത്യപന്ഥാവിൽ ചേർത്തു." അസ്സുഹാ 7. എന്നു വേറെ ഒരു വചനത്തിലും പറഞ്ഞിട്ടുണ്ടു്. ഈ വചനത്തിൽ സലാൽ എന്ന അറബിവാക്കുകൊണ്ടു പരിഭ്രമവും ഹിദായത്തു് എന്ന പദംകൊണ്ടു നബിത്വവുമാണു് വിവക്ഷിക്കപ്പെട്ടിരിക്കുന്നതു്.

# നബിത്വം

സാക്ഷാൽ പരിശുദ്ധനായ അൽലാഹു ജനനന്മ ക്കായി അവരിൽനിന്നു തിരഞ്ഞെടുക്കുന്ന ആളുകൾക്കു് വഹ്‌യ്മാർഗ്ഗമായി ഉപദേശം നല്കുന്നു. ഈ ആളുകൾ ക്കാണു് നബി എന്നും റസൂൽ എന്നും പറഞ്ഞു വരുന്നതു്.

**വഹ്‌യ്:**—വല്ല സംഗതിയെപ്പററിയും രഹസ്യമാ ർഗ്ഗമായി ശീഘ്രം അറിവുകൊടുക്കുകയെന്നാണു് വഹ്‌യ് എന്ന പദത്തിൻെറ അർത്ഥം. ശീഘ്രം എന്നു പറഞ്ഞ തിനാൽ ഉദ്ദേശിച്ചിട്ടുള്ളതു് യാതൊരു ആലോചനയും കൂടാതെ അദൃശ്യകാര്യങ്ങളെകുറിച്ചു പൊടുന്നനെ അറിവു സിദ്ധിക്കുകയെന്നാകുന്നു. അൽലാഹു തൻെറ നബിമാ ക്കു് അദൃശ്യകാര്യങ്ങൾ അറിയിച്ചുകൊടുക്കുന്നതു് എങ്ങി നെയാണെന്നു വിവരിക്കുവാൻ സാധിക്കുകയില്ല. ഇതി നെപ്പററി നബിമാർ തന്നെ പറഞ്ഞിട്ടുള്ള വാക്കുകളിൽ നിന്നു കഴിവുള്ളേടത്തോളം മനസ്സിലാക്കുവാനേ നമുക്കു

നിവൃത്തിയുള്ളു. താഴെ വിവരിക്കുന്നതനുസരിച്ച് വഹ്‌യ് നാലു പ്രകാരത്തിലുണ്ട്.

KOTTAYAM PUBLIC LIBRARY KOTTAYAM.

1. പരമാർത്ഥമായ സ്വപ്നം. നബിമാർക്ക് ഉറക്കത്തിലുണ്ടായ സ്വപ്നങ്ങളെല്ലാം പരമാർത്ഥമായിട്ടുള്ളവയായിരുന്നു. ഇവയെപ്പററി പുരാതന വേദങ്ങളിലും ഖുർആനിലും പറഞ്ഞിട്ടുണ്ട്. തൻ ഇസ്മാഈൽ നബിയെ അറുക്കുന്നതായി ഹസ്രത്ത് ഇബ്രാഹീം നബിക്ക് സ്വപ്നമുണ്ടായിരുന്നു. നബിമാരുടെ സ്വപ്നം സത്യമായിട്ടുള്ളതാണെന്നും, അവരുടെ നേത്രങ്ങൾ ഉറങ്ങുന്നുണ്ടെങ്കിലും ഹൃദയം ഉണർന്നിരിക്കുന്നതാണെന്നും റസൂൽകരീം പറഞ്ഞിരിക്കുന്നു.

2. നബിമാരുടെ ഹൃദയങ്ങളിൽ ഒരു മദ്ധ്യസ്ഥതയും കൂടാതെ അൽലാഹു അറിവുകൾ തോന്നിപ്പിച്ചുകൊടുക്കുന്നു.

3 ഹസ്രത്ത് മൂസാനബിക്ക് തൂരിസീനാമലയിൽ വെച്ചു സംഭവിച്ചപ്രകാരം അൽലാഹുവിൻെറ വചനം നബിമാർ നേരിട്ടു ശ്രവിക്കുന്നു.

4 അൽലാഹുവിൻെറ ഉപദേശങ്ങളും കല്പനകളും അവൻെറ ദൂതനായ മലക്ക് നബിമാർക്ക് അയച്ചുകൊടുക്കുന്നു. ഈ മലക്കിന് ഖുർആനിൽ റൂഹുൽ അമീൻ എന്നു നാമകരണം ചെയ്തിരിക്കുന്നു.

അവസാനം പറഞ്ഞ മൂന്നു വകകൾ താഴെ പറയുന്ന ഖുർആൻ വാക്യത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

"വഹ്‌യ് വഴിയായോ, മറയുടെ പിന്നിൽകൂടിയോ, താൻ ഉദ്ദേശിക്കുന്നതു് തൻെറ കല്പനപ്രകാരം അറിയിച്ചുകൊടുക്കുന്ന ഒരു ദൂതനെ അയച്ചിട്ടോ, അല്ലാതെ അൽലാഹു ഒരു മനുഷ്യനോടും സംസാരിക്കുന്നില്ല" അശ്ശൂറാ 51. വഹ്‌യിൻെറ സമ്പ്രദായത്തെപ്പററി ചിലർ ചോദിച്ചതിന്നു് റസൂൽ തിരുമേനി കൊടുത്ത സമാധാനം ഇവിടെ ഉദ്ധരിക്കുന്നു. "ചിലപ്പോഠം ഞാൻ മണിയുടെ കിലുക്കംപോലെ ഒരു ശബ്ദം കേഠംക്കുകയും അതിലേയ്ക്കു് എൻെറ ശ്രദ്ധ ആകഷിക്കപ്പെടുകയും, കേഠംക്കുന്നതു് നല്ലവണ്ണം മനസ്സിൽ പതിയുകയും ചെയ്യുന്നു. മററു ചില സന്ദർഭങ്ങളിൽ മലക്കു് വന്നു വഹ്‌യ് കേഠംപ്പിക്കുന്നു. ഇതു പ്രയാസമില്ലാത്തതും ആദ്യത്തേതു വളരെ ഭാരമേറിയതുമാകുന്നു" വഹ്‌യ് ഇറങ്ങുന്ന അവസരങ്ങളിൽ നബി തലതാഴ്ത്തുകയും അദ്ദേഹത്തിൻെറ മുഖഭാവം മാറുകയും ശീതകാലത്തുപോലും നെററിയിൽനിന്നു വിയപ്പു പൊടിയുകയും ചെയ്യുക പതിവായിരുന്നു. യഥാൎത്ഥമായ സ്വപ്നങ്ങഠം, നബിത്വത്തിന്നു ആറുമാസം മുമ്പുമുതൽ നബിക്കു് സംഭവിച്ചുകൊണ്ടിരുന്നു. രാത്രി കാണാറുണ്ടായിരുന്ന ആ സ്വപ്നങ്ങഠം പ്രഭാതത്തിങ്കൽ യഥാൎത്ഥ്യങ്ങളായി പ്രത്യക്ഷീഭവിച്ചിരുന്നു.

**വഹ്‌യിൻെറ ആരംഭം:**—നബി പതിവുപ്രകാരം ഹിറാഗുഹയിൽ ആരാധിച്ചുകൊണ്ടിരുന്ന കാലത്തു് ഒരു ദിവസം മലക്കു് ജിബ്രീൽ വഹ്‌യുമായി നബിയുടെ സന്നിധിയിൽവന്നു് "ഓതുവിൻ" എന്നു പറയുക

യം, "എനിക്ക് ഓത്തു് അറിഞ്ഞുകൂടാ" എന്നു നബി സമാധാനം പറയുകയും ചെയ്തു. അപ്പോൾ മലക്ക് നബിക്കു ബുദ്ധിമുട്ടായിത്തീരത്തക്കവണ്ണം അദ്ദേഹത്തെ അണച്ചുകൂട്ടി ആലിംഗനം ചെയ്യുകയും അതിനുശേഷം വിട്ട് വീണ്ടും ഓതുവിൻ എന്നു പറയുകയും നബി ആദ്യത്തെപ്പോലെതന്നെ മറുപടി പറയുകയും ചെയ്തു. ഇങ്ങിനെ മൂന്നുപ്രാവശ്യം ചെയ്തതിന്നുശേഷം മലക്ക് താഴെ പറയുന്ന ഖുർആൻ വചനങ്ങൾ ഓതിക്കേൾപ്പിച്ചു

"സർവ്വ സൃഷ്ടികളേയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിൻെറ തിരുനാമത്തിൽ ഓതുവിൻ; അവൻ രക്തപിണ്ഡത്തിൽനിന്നു മനുഷ്യനെ സൃഷ്ടിച്ചു. ഓതുവിൻ നിങ്ങളുടെ രക്ഷിതാവു് പേനകൊണ്ടു് എഴുത്തുപഠിപ്പിച്ച വലിയ ഉദാരനാകുന്നു മനുഷ്യന്നു് അറിയാത്ത കാര്യങ്ങൾ അവൻ പഠിപ്പിച്ചിരിക്കുന്നു" അൽഅലഖ് 1-2-3-4-5.

ഈ വചനങ്ങൾ നബി ആവർത്തിച്ചു ചൊല്ലുകയും മലക്കു മടങ്ങിപ്പോകയും ചെയ്തു. അപ്രതീക്ഷിതവും അപൂർവ്വവുമായ ഈ സംഭവം നിമിത്തം അദ്ദേഹം ഭയഭരിതനായി വിറച്ചുകൊണ്ടു് വീട്ടിലേക്കുചെന്നു ഉടനെ അദ്ദേഹം കിടക്കുകയും ഖദീജയോട്ട് തനിക്കു പുതച്ചുകൊടുപ്പാൻ പറകയും ചെയ്തു അങ്ങിനെ ഭയം ശമിച്ചതിന്നുശേഷം സ്ഥിതികളെല്ലാം അദ്ദേഹം ഖദീജയെ അറിയിച്ചു. "അവിടുന്നു ഗുണവാനും ഉദാരനുമാണല്ലോ. സാധുക്കൾക്കു് അവിടുന്നു് അന്നദാനം ചെയ്യുന്നു ജനങ്ങൾ

ക്ക് അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊടുക്കുകയും ചെയ്യുന്നു. ആ സ്ഥിതിക്ക് അൽലാഹു അവിടുത്തെ ഒരിക്കലും താഴ്ത്തിക്കളയുന്നതല്ല.'' എന്നു പറഞ്ഞു ബീവി നബിയെ സമാധാനിപ്പിച്ചു. അതിന്നുശേഷം ബീവി സ്വപിതൃവ്യപുത്രനായ വറഖത്തുബ്നുനൌഫലിന്റെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. അദ്ദേഹം വേദപാരായണം ചെയ്തിട്ടുണ്ടായിരുന്ന ഒരു ക്രിസ്ത്യാനിയായിരുന്നു. മുഹമ്മദ് കണ്ടതു് മൂസാനബിയുടെ അടുക്കൽ വരാറുണ്ടായിരുന്ന നാമൂസുൽഅക്ബറിനെ തന്നെയാണെന്നും അദ്ദേഹം തീർച്ചയായും ഈ സമുദായത്തിന്റെ നബിയാണെന്നും അദ്ദേഹത്തോടു ധൈര്യവാനായിരിപ്പാൻ പറയേണമെന്നും, അസത്യവാനാണെന്നു പറഞ്ഞു ജനങ്ങൾ അദ്ദേഹത്തെ ദ്രോഹിക്കുകയും ഈ നാട്ടിൽനിന്നു ബഹിഷ്കരിക്കുകയും ചെയ്യുമെന്നും, ആ അവസരത്തിൽ താൻ ജീവനോടുകൂടിയിരിക്കുന്നതായാൽ തീർച്ചയായും അദ്ദേഹത്തെ തുണയ്ക്കുന്നതാണെന്നും വറഖത്തു് പ്രസ്താവിച്ചു.

മേൽപറഞ്ഞ വഹ്‌യ് മൂലം നബിക്കു ഖുർആൻ ലഭിച്ചതു് ലൈലത്തുൽ ഖദ്ർ എന്ന രാത്രിയിലായിരുന്നു. റംസാൻ മാസത്തിലെ അവസാനത്തെ പത്തു ദിവസങ്ങളിൽ ഒററയായി വരുന്ന ഏതോ ഒരു രാത്രിയായിരുന്നു ലൈലത്തുൽഖദർ എന്നു ഭൂരിപക്ഷ മുസ്ലീംകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഖുർആൻ അയയ്ക്കപ്പെട്ടതു് റംസാൻ 25-ന്നാണെന്നു് ചില ചരിത്രകാരന്മാർ നിർണ്ണ

യിച്ചിരിക്കുന്നു. ആ ദിവസം ക്രിസ്താബ്ദം 610 ആഗസ്റ്റ് 6-ാംനു-യോടു് സമമായിരിക്കുന്നതാണു്. അന്നു നബിക്കു് ചന്ദ്രവഷ്മനുസരിച്ചു് 40 വയസ്സു് 6 മാസം 16 ദിവസവും, സൂയ്യവഷപ്രകാരം 39 വയസ്സു് 3 മാസം 16 ദിവസവും പ്രായമായിരുന്നു.

**മതപ്രബോധനാരംഭം:**—ഇസ്ലാംമതം ആവിർഭവിച്ച മക്കാരാജ്യം അറബികൾക്കു മതദൃഷ്ട്യാ ഒരു പ്രധാന സ്ഥലമായിരുന്നുവല്ലൊ. അവിടത്തെ നിവാസികളായിരുന്ന ഖുറൈശികൾ കഅബാ രക്ഷാധാരികളും, ഹറം ദാസന്മാരുമെന്ന നിലയ്ക്കു് അറബികളിൽ വന്ദ്യരായിരുന്നു അവക്കു് പൂർവ്വികന്മാരുടെ ആചാരത്തോടു അതിയായ പ്രതിപത്തിയുണ്ടായിരുന്നതിനാൽ. ആദ്യം രഹസ്യമായി മതപ്രബോധംചെയ്യാൻ റസൂൽകരിം ആജ്ഞാപിക്കപ്പെട്ടു. സത്യസന്ധരും സന്മാർഗ്ഗികനിരതരുമായി തനിക്കു് സുപരിചിതരായിരുന്ന ആളുകളെ ആദ്യമായി അദ്ദേഹം ഇസ്ലാംമതത്തിലേക്കു ക്ഷണിച്ചു. അന്നു ഇസ്ലാംമതം വിശ്വസിച്ചവർക്കു് "അസ്സാബിഖൂനൽഅവ്വലൂൻ" (ഒന്നാമത്തെ പൂർവ്വമുസ്‌ലീംകൾ) എന്നു പേർ പറഞ്ഞുവരുന്നു. എല്ലാവരിലുംവെച്ചു ആദ്യം വിശ്വസിച്ചവർ താഴെ പറയുന്ന നാലാളുകളായിരുന്നു.

1. നബിയുടെ ഭായ്യ ഹസ്രത്തു് ഖദീജഃ

2. ഹസ്രത്തു് അലി. ഇസ്‌ലാംമതം കൈകൊണ്ടപ്പോൾ ഇദ്ദേഹത്തിന്നു എട്ടുവയസ്സു് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അബൂതാലിബിന്നു അധികം മക്കളെ

ണ്ടായിരുന്നതിനാൽ അയാൾക്ക് കുടുംബസംരക്ഷണ ത്തിൽ ഭാരം കുറയുവാൻവേണ്ടി അലീയുടെ രക്ഷാകർത്തൃ ത്വം റസൂൽതിരുമേനി വഹിക്കുകയും, അദ്ദേഹത്തിനെ കൂടെത്തന്നെ താമസിപ്പിക്കുകയും ചെയ്തിരുന്നു.

3. ഹസ്രത്തു് അബൂബക്കർ സിദ്ദീഖ് ഇദ്ദേഹം ഖുറൈശികളിൽ അതിമാന്യനും ധനവാനും അവരുടെ വംശ പരമ്പരാദി സ്ഥിതികളെക്കുറിച്ച് മററുള്ളവരേ ക്കാൾ അറിഞ്ഞിരുന്ന ആളുമായിരുന്നു

4. ഹസ്രത്തു് സൈദുബ്നുഹാരിസഃ. ഇദ്ദേഹം ഖദീജഃബീവിയുടെ ഒരു അടിമയായിരുന്നു. ബീവി ഇ ദ്ദേഹത്തെ റസൂൽകരീമിന്നു ദാനം കൊടുക്കുകയും തിരു മേനി ദത്തുപുത്രനായി സ്വീകരിക്കുകയും ചെയ്തു. തന്നി മിത്തം ഇദ്ദേഹത്തെ സൈദുബ്നു മുഹമ്മദ് (മുഹമ്മദി ൻെറ മകൻ സൈദ്) എന്നും ജനങ്ങൾ വിളിച്ചിരുന്നു. ഹസ്രത്തു് അബൂബക്കർ ഇസ്ലാംമതം വിശ്വസിച്ചതി നുശേഷം സ്വസഖാക്കളോടു് അതിൽ ചേരുവാൻ ഉപദേ ശിച്ചു. അദ്ദേഹത്തിൻെറ ശ്രമഫലമായി ഹസ്രത്തു് ഉ സ്മാനുബ്നു അഫാൻ, സുബൈറുബ്നുഅവാം, അബ്ദുർ റഹമാനുബ്നുഔഫ്, സഅദുബ്നു അബീവഖാസ്, തൽഹത്തുബ്നു ഉബൈദില്ലഃ, അബൂഉബൈദത്തുബ്‌ നുൽജർറാഹ്, അബൂസൽമഃ, അർഖംമഖ്സൂമി, ഉബൈ ദത്തുബ്നുഹാരീസ്, സഈദുബ്നുസൈദ്, സഈദി ൻെറ ഭാര്യയും ഖത്താബിൻെറ മകളുമായ ഫാത്തിമ്മ എന്നിവർ ഇസ്ലാംമതം വിശ്വസിച്ചു. നബി ഇവരെ

അർഖംമഖ്സൂമിയുടെ ഭവനത്തിൽ ഒരുമിച്ചുകൂട്ടി ഇവക്കു ഖുർആൻ പഠിപ്പിച്ചുവന്നു. ആ ഭവനം ഇപ്പോഴും മക്കയിലുണ്ടെങ്കിലും ചരിത്രത്തിൽ അതിന്നു ലഭിച്ചിട്ടുള്ള പ്രാധാന്യത്തിന്നനുസരിച്ചു അതിൻെറ നേരെ ജനദൃഷ്ടി പതിഞ്ഞിട്ടില്ലെന്നുള്ളതു് പരിതാപകരമായ ഒരു വസ്തുതയാകുന്നു നബി മൂന്നു കൊല്ലത്തോളം രഹസ്യമായി മതപ്രബോധനം ചെയ്തതിൻെറ ഫലമായി, ഇസ്‌ലാം മതത്തിൽചേൎന്ന ഈ ചെറുസംഘത്തിൽ പലരും അനേകം മഹാകൃത്യങ്ങറം നിർവ്വഹിച്ചവരാകുന്നു.

**പരസ്യമായ മതോപദേശം:**—"നിങ്ങളോടു കല്പിക്കുന്നതു് തുറന്നു പ്രസ്താവിക്കുകയും, ബഹുദൈവവിശ്വാസികളെ അഗണ്യമാക്കുകയും ചെയ്യുവിൻ." (അൽഹിജ്റ് 94) എന്ന ഖുർആൻ വാക്യം ഇറങ്ങിയതിന്നു ശേഷം നബി ഏകദൈവവിശ്വാസത്തെപ്പററി പരസ്യമായി പ്രസംഗിച്ചുതുടങ്ങി. ഖുറൈശികറം ഇതു കേട്ടു മൌനം അവലംബിക്കയാണു് ചെയ്തതു്. ആരുംതന്നെ നബിക്കു വിപരീതം പ്രവൎത്തിക്കുകയോ, നബിയുടെ പ്രസംഗത്തെ ഖണ്ഡിക്കുകയോ ചെയ്തില്ല. എന്നാൽ അദ്ദേഹം ബഹുദൈവാരാധനയെ അധിക്ഷേപിക്കുകയും അല്ലാഹുവൊഴിച്ചുള്ള സൎവ്വആരാധ്യവസ്തുക്കളും ആരാധനത്തിന്നനൎഹങ്ങളാകയാൽ, അവയെ ആരാധിക്കുന്ന ജനങ്ങറം ദുൎമ്മാൎഗ്ഗികളാണെന്നു പറയുകയും ചെയ്തപ്പോറം ഖുറൈശികറംക്കു് ദുസ്സഹമായിത്തീൎന്നു. അവർ തങ്ങളുടെ പൂൎവ്വികന്മാർ സന്മാൎഗ്ഗികളാണെന്നു വിശ്വസിച്ചു അവരെ

പിന്തുടരുകയും, തങ്ങൾ അണുപോലും പിഴക്കാതെ അവരെ അനുഗമിക്കുന്നുണ്ടെന്നു അഭിമാനപൂർവ്വം പ്രസ്താവിക്കുകയും ചെയ്തിരുന്നു. തന്നിമിത്തം അവർ നബിയുടെ ശത്രുക്കളായിത്തീൎന്നു.

ഇതു ലോകപരിഷ്കാരികളിൽ ഓരോരുത്തന്നും നേരിടാറുള്ള ഏറ്റവും വലിയ ഒരു പ്രതിബന്ധമാകുന്നു. പരിഷ്കാരി, പരിഷ്കരണത്തിന്നു ശ്രമിക്കുമ്പോൾ അയാളെപ്പററി, മുൻഗാമികളെ അധിക്ഷേപിക്കുന്നു; ദൂഷിക്കുന്നു; എന്നിങ്ങിനെ ഓരോ അപരാധങ്ങൾ പറഞ്ഞു പൂർവ്വാചാരപ്രസക്തരായ ആളുകൾ വിരോധികളായിത്തീരുന്നു. പൂർവ്വീകന്മാരോടുള്ള ഈ അതിരുകവിഞ്ഞ പക്ഷപാതം നിമിത്തം ആ പരിഷ്കാരിയെകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ അവർ അനുഭവിക്കുന്നില്ലെന്നു മാത്രമല്ല, മററുള്ളവരെ അനുഭവിപ്പാൻ അനുവദിക്കുന്നുമില്ല. അതിനാൽ പൂർവ്വികന്മാരിലുള്ള അനുകരണഭ്രമത്തെ പരിശുദ്ധ ഖുർആൻ പല പ്രാവശ്യം ആക്ഷേപിച്ചിരിക്കുന്നു.

**ഖുറൈശികളുടെ മത്സരം:—** ഖുറൈശികൾ നബിയോടു കഠിനമായി മത്സരിപ്പാൻ തുടങ്ങി. മതഭ്രാന്തു നിമിത്തമോ, പൂർവ്വികന്മാരുടെ പദവിയെ രക്ഷിക്കേണ്ടതിന്നുവേണ്ടിയോ, ആരെങ്കിലും നബിക്കു വല്ല ആപത്തും നേരിടീക്കുമെന്നു കരുതി, ബനൂഹാശിം വംശത്തിലെ നേതാവായ അബൂതാലിബു് അദ്ദേഹത്തെ രക്ഷിക്കുവാൻ സന്നദ്ധനായി. തന്നിമിത്തം നബിയെ ദ്രോഹിക്കുന്നതായാൽ, ശ്രേഷ്ഠതകൊണ്ടും പദവികൊണ്ടും ഖ

റൈശികളിൽ പ്രഥമസ്ഥാനത്തു് സ്ഥിതിചെയ്തിരുന്ന ബനൂഹാശിം വംശത്തോടു മുഴുവൻ പോരാടേണ്ടി വരുമെന്നു ശത്രുക്കൾക്കു മനസ്സിലായി. അവരുടെ ചില നായകന്മാർ അബൂതാലിബിന്റെ അടുക്കൽചെന്നു ഇങ്ങിനെ പറഞ്ഞു "നമ്മുടെ പൂർവ്വികന്മാരെയും ആരാധനാവസ്തുക്കളേയും അധിക്ഷേപിക്കുകയും, നടവടിയെ ദൂഷിക്കുകയും, വിവരമില്ലാത്ത് ആളുകളെ വഴിതെററിക്കുകയും, ചെയ്യുന്നതിൽ നിന്നു നിങ്ങളുടെ സഹോദരപുത്രനെ വിരോധിപ്പിൻ. അതിന്നു നിങ്ങൾക്കു കഴികയില്ലെങ്കിൽ അവനെ സഹായിക്കാതിരിപ്പിൻ. എന്നാൽ ഞങ്ങൾതന്നെ വേണ്ടതു ചെയ്തുകൊള്ളാം." അബൂതാലിബ് അവരോടു സന്തോഷവാക്കുകൾ പറഞ്ഞു തല്ക്കാലം അവരെ മടക്കി അയച്ചു.

കുറെദിവസം കഴിഞ്ഞപ്പോൾ തങ്ങളുടെ വാക്കിന്നു ഫലമുണ്ടായിട്ടില്ലെന്നും, നബി മുമ്പത്തെപ്പോലെത്തന്നെ മുറക്കു പ്രസംഗം നടത്തിവരുന്നുണ്ടെന്നും അറിഞ്ഞു വീണ്ടും അവർ അബൂതാലിബിന്റെ അടുക്കൽ ചെല്ലുകയും, "മുഹമ്മതിനെ നിങ്ങൾ സഹായിക്കരുതു്; സഹായിക്കുന്നപക്ഷം നിങ്ങളോടു ഞങ്ങൾ ഐകകണ്ഠ്യേന സഹകരണത്യാഗം ചെയ്യുന്നതാണു്" എന്നു പറയുകയും ചെയ്തു. സ്വജനങ്ങൾ തന്നോടു സഹകരിക്കാതിരിക്കുക എന്നതു് അബൂതാലിബിന്നു അതി ദുസ്സഹമായിത്തീൎന്നു. എന്നാൽ സഹോദരപുത്രനെ വെടിഞ്ഞുകളയുവാനും അദ്ദേഹത്തിന്നു നിവൃത്തിയുണ്ടായില്ല. അതിനാൽ അ

ദ്ദേഹം നബിയെ വിളിച്ച ഇപ്രകാരം പറഞ്ഞു. "ഇതാ നിൻെറ ജനങ്ങൾ വന്നു ഇന്നയിന്നപ്രകാരം പറയുന്നു. എനിക്കു വഹിക്കുവാൻ കഴിയാത്ത ഭാരം എന്നിൽ ചുമത്തരുതു്." അപ്പോൾ അബൂതാലിബ് തന്നെ രക്ഷിക്കുന്നതിൽനിന്നു ഒഴിഞ്ഞുനില്ലാൻ ഭാവിക്കുകയാണെന്നും ആ അവസരത്തിൽത്തന്നെ അങ്ങിനെ ചെയ്യാൻ ഇടയുണ്ടെന്നും വിചാരിച്ച നബി ഇങ്ങനെ പ്രസ്താവിച്ചു.

"ഹേ! പിതൃഭ്രാതാവേ! ജനങ്ങൾ എൻെറ വലങ്കയ്യിൽ സൂൎയ്യനേയും ഇടങ്കയ്യിൽ ചന്ദ്രനേയും വെച്ചുതന്നുകൊണ്ടു ഇസ്‌ലാംമതം ഉപേക്ഷിപ്പാൻ പറഞ്ഞാൽപോലും ഞാൻ ഒരിക്കലും അതു സ്വീകരിക്കുന്നതല്ല. ഒന്നുകിൽ ഈ മതം പ്രചരിക്കണം. അല്ലാത്തപക്ഷം എൻെറ ആത്മാവു് ഇതിനായി നഷ്ടപ്പെടണം."

ഇത്രയും പറഞ്ഞപ്പോഴേക്കു അദ്ദേഹത്തിന്നു കരച്ചൽ വന്നു ഇരുനേത്രങ്ങളിൽ നിന്നും ബാഷ്പം പ്രവഹിച്ചു. അപ്പോൾ അബൂതാലിബു് "നിങ്ങൾപോയി ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊള്ളുവിൻ. ഞാൻ നിങ്ങളെ ഉപേക്ഷിക്കുന്നതല്ല" എന്നു പറഞ്ഞു. വിരോധികൾക്കു ഈ പ്രാവശ്യവും പരാജയം നേരിട്ടതിനാൽ പിന്നീടു അവർ ഉമാറത്തുബ്നു വലീദ് എന്ന ആളെയുംകൊണ്ടു ഒരു തവണകൂടി അബൂതാലിബിൻെറ അടുക്കൽ ചെന്നു "ഇതാ ഇവൻ ഖുറൈശികളിൽ അതി ബുദ്ധിമാനും സുന്ദരനുമായ ഒരു യുവാവാകുന്നു. ഞങ്ങൾ ഇവനെ സ

ന്തോഷപൂർവ്വം നിങ്ങൾക്ക ഏല്പിച്ചുതരാം. നിങ്ങൾക്ക വേണ്ട സഹായത്തിന്നായി ഇവനെ സ്വന്തമകനാക്കി നിറുത്തുകയും, പകരം മുഹമ്മതിനെ ഞങ്ങൾക്ക വിട്ടു തരികയും ചെയ്യുവിൻ. അവനെ ഞങ്ങൾ കൊല്ലട്ടെ. അവൻ പൂർവ്വികന്മാരുടെ മതത്തോട്ട മത്സരിക്കുകയും ജനങ്ങളെ ഭിന്നിപ്പിക്കുകയും അനേകം ആളുകളെ വഴി തെററിക്കുകയും ചെയ്തിരിക്കുന്നു.'' എന്നു പറഞ്ഞു "നിങ്ങളുടെ മകനെ എനിക്ക പോററുവാൻ തന്നു് എന്റെ മകനെ കൊണ്ടുപോയി കൊല്ലണമല്ലേ? നല്ല നീതി തന്നെ'' എന്നായിരുന്നു അബൂതാലിബിന്റെ സമാധാനം.

ഖുറൈശികളുടെ ഈ കോപം കണ്ടു അബൂതാലിബു സ്വഗോത്രത്തിലെ ആളുകളെയെല്ലാം വിളിച്ചുകൂട്ടി അവരോടു നബിയെ രക്ഷിക്കുവാൻ ഉപദേശിച്ചു. അബൂലഹബൊഴിച്ചു മററെല്ലാവരും കുടുംബബാദ്ധ്യതയോർത്തു ഈ ഉപദേശം സ്വീകരിച്ചു ഹർബിന്റെ മകളായിരുന്ന ഉമ്മുജമീൽ എന്ന സ്ത്രീ തന്റെ ഭാര്യയായിരുന്നതുകൊണ്ടും, അവൾക്ക നബിയോടുണ്ടായിരുന്ന വിരോധംകൊണ്ടുമായിരുന്നുവത്രെ അബൂലഹബു് സ്വീകരിക്കാതിരുന്നതു്. ഈ സ്ത്രീ നബിയെപ്പററി സ്ത്രീകളുടെയിടയിൽ കള്ളവർത്തമാനങ്ങൾ പറഞ്ഞുപരത്തി അവൾക്ക് നബിയുടെ നേരെ വൈരമുണ്ടാക്കിക്കൊണ്ടിരുന്നവളാണു്. ഖുർആൻ, ഹമ്മാലത്തുൽ ഹത്തബു് (വിറകു ചുമക്കുന്നവൾ) എന്നു ഇവൾക്ക നാമകരണം ചെയ്തിരിക്കുന്നു.

ഹജ്ജ്കാലമായപ്പോൾ നബിയുടെ ഉപദേശങ്ങൾ

ജനങ്ങളിൽ ഫലിക്കുമെന്നു ശത്രുക്കൾ ഭയപ്പെട്ടു. അവർ വഴികളിൽ ചെന്നിരുന്നു, ഹജ്ജിന്നു വന്നിരുന്ന ഓരോ ആളോടും മക്കത്തു് ഇന്നയാൾ മഹാമാരണക്കാരനാകുന്നുവെന്നും അയാളുടെ അരികെ പോകരുതെന്നും പറഞ്ഞു അവരെ ഭയപ്പെടുത്തി. എങ്കിലും ഹജ്ജ്കഴിഞ്ഞു ജനങ്ങൾതാന്താങ്ങളുടെ ഗോത്രങ്ങളിൽ തിരിച്ചെത്തിയപ്പോഴേക്കു് അറബുരാജ്യം മുഴുവനും നബിയുടെ വർത്തമാനം പരന്നു. നബിയുടെ മതപ്രചരണത്താൽ തങ്ങൾ ഭക്തിപൂർവ്വം ആചരിച്ചുവരുന്നമതം നശിച്ചുപോകുമെന്ന ഭയം നിമിത്തം അറബികൾ സ്വഗോത്രത്തോടു യുദ്ധം ചെയ്വാൻ ഇടയുണ്ടെന്നു കരുതി അബൂതാലിബു് ഒരു ശ്രുതിപ്പെട്ട കവിത രചിച്ചു. ആ കവിതയിൽ അദ്ദേഹം ഹറമിൻെറ ശ്രേഷ്ഠതയേയും സ്വവംശമാഹാത്മ്യത്തേയും വിവരിച്ചതിനുശേഷം നബിയുടെ മതനിഷ്ഠ, സന്മാർഗ്ഗപ്രതിപത്തി ആദിയായ സൽഗുണങ്ങളെ വാഴ്ത്തിപ്പറയുകയും, താൻ അദ്ദേഹത്തിൻെറ മതത്തിൽ വിശ്വസിച്ചിട്ടില്ലെങ്കിലും ജീവിച്ചിരിക്കുന്ന കാലത്തൊക്കെയും അദ്ദേഹത്തെ രക്ഷിക്കുന്നതാണെന്നു വെളിവാക്കുകയും ചെയ്തു. എന്നിട്ടും ശത്രുക്കൾ നബിയെപലപ്രകാരത്തിൽ ദ്രോഹിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹത്തെ ഹറമിൽവെച്ചു ആരാധന നടത്തുവാൻ അനുവദിച്ചില്ല. അദ്ദേഹത്തെ അവർ ജ്യോതിഷക്കാരനെന്നും, ഭ്രാന്തനെന്നും, കവിയെന്നും, മാരണക്കാരനെന്നും പറഞ്ഞുവന്നു. സ്വഗോത്രങ്ങളിൽ നിന്നു ഇസ്'ലാംമതം വിശ്വസിക്കുന്ന ആളുകളെ ശിക്ഷി

ക്കേണ്ടതിന്നു അതാതു ഗോത്രങ്ങൾതന്നെ വേണ്ട ഏൎപ്പാടുകൾ ചെയ്തു. അടിമകളായിരുന്ന മുസ്ലിംകളെ അവരുടെ യജമാനന്മാർ ദ്രോഹിച്ചിരുന്നതു് ഇന്നപ്രകാരമായിരുന്നുവെന്നു വിവരിക്കുന്നതായാൽ ആൎക്കും രോമാഞ്ചമുണ്ടാകാതിരിക്കുന്നതല്ല.

**അബ്ശീനിയാ ഹിജ്റഃ**:—മുസ്ലിംകൾക്കു് നേരിട്ട കഷ്ടതയും ബുദ്ധിമുട്ടും കണ്ടപ്പോൾ നബി അവരോടു്, "നിങ്ങൾ അബ്ശീനിയാരാജ്യത്തു പൊയ്ക്കൊള്ളുവിൻ; അവിടത്തെ രാജാവു് ആരെയും ഉപദ്രവിക്കുന്നതല്ല. പിന്നീടു് അല്ലാഹു നമുക്കു് വല്ല രക്ഷാമാൎഗ്ഗവും നൽകുന്നതാണു്" എന്നു പറഞ്ഞു. തദവസരത്തിൽ പത്തു പുരുഷന്മാരും നാലു സ്ത്രീകളും അവിടെ പോയി അഭയം പ്രാപിച്ചു. പിന്നീടു് ഇസ്ലാംമതം വിശ്വസിച്ച ആളുകളും ശത്രുക്കളെ ഭയപ്പെട്ടു അവിടേക്കു പോയ്ക്കൊണ്ടിരുന്നതിനാൽ അബ്ശീനിയായിലെ അഭയാൎത്ഥികൾ ക്രമേണ 83 പുരുഷന്മാരും 17 സ്ത്രീകളുംകൂടി 100 ആളുകളായിത്തീൎന്നു ഇവരുടെ കൂട്ടത്തിലുണ്ടായിരുന്ന ചെറുകുട്ടികൾ ഈ തുകയിൽ ഉൾപ്പെടുന്നതല്ല. ഇവർ ഖുറൈശി ഗോത്രത്തിൻെറ വിവിധശാഖകളിൽ ഉൾപ്പെട്ടവരായിരുന്നു. നജ്ജാശീരാജാവു് ഇവരോടു വളരെ അനുകമ്പ പ്രദർശിപ്പിച്ചിരുന്നതുകൊണ്ടു ഇവൎക്കു യാതൊരു ഭയവുംകൂടാതെ ആ രാജ്യത്തു് സുഖമായി പാൎക്കുവാൻ സാധിച്ചു

മുസ്ലിംകൾ അബ്ശീനിയായിൽ പോയി അഭയം പ്രാപിച്ച വിവരം അറിഞ്ഞപ്പോൾ, അവർ സ്വരാ

ജ്യക്കാരിൽ വിവരമില്ലാത്തവരാണെന്നും പൂർവ്വികമതം ഉപേക്ഷിച്ച് ഒരു നവീനമതം കൈക്കൊണ്ടിരിക്കുന്നുവെന്നും, അവരെ അറബിലേക്കുതന്നെ മടക്കി അയക്കുന്നതായാൽ അവർ സത്യമാർഗ്ഗത്തിൽ വരുന്നതാണെന്നും, അല്ലാത്തപക്ഷം അബ്‌ശീനിയക്കാരെ അവർ വഴിപിഴപ്പിക്കുന്നതാണെന്നും, നജ്ജാശി രാജാവിനോടു പറഞ്ഞു അവരെ മടക്കിക്കൊണ്ടുവരുവാനായി ഖുറൈശികൾ അബ്ദുൽലാഹിബ്നു റബീഅത്തിനേയും അംറുബ്നുആസ്സിയേയും അബ്‌ശീനിയായിലേക്കയച്ചു. അവരുടെ പക്കൽ രാജാവിന്നു ചില കാണിക്കകൾ കൊടുത്തയച്ചിട്ടുണ്ടായിരുന്നു. അവർ രാജസന്നിധിയിൽചെന്നു കാണിക്കകൾ സമർപ്പിച്ചുകൊണ്ടു ഖുറൈശികളുടെ അഭിലാഷം അറിച്ചു. രാജാവു് മുസ്‌ലിംകളെ വിളിച്ചന്വേഷിച്ചപ്പോൾ അവരുടെ തലവനായിരുന്ന ഹസ്രത്തു് ജഅഫറുബ്നുഅബിതാലിബ് വിവരങ്ങളെല്ലാം രാജാവിനോടു പറഞ്ഞു. അദ്ദേഹം ഇസ്‌ലാമിന്നു മുമ്പു് അറബികൾ ഏതു സ്ഥിതിയിലായിരുന്നുവെന്നു വിവരിച്ചതിന്നുശേഷം ഇപ്രകാരം പ്രസ്താവിച്ചു. "അദ്ദേഹം (മുഹമ്മദ്നബി) ഞങ്ങളെ വിഗ്രഹാരാധനയിൽ നിന്നു മുക്തരാക്കുകയും, ദൈവംമുമ്പാകെ സാഷ്ടാംഗം ചെയ്യിച്ചു തലകുനപ്പിക്കുകയും സൽസ്വഭാവാനുഷ്ഠാനത്തിന്നു പ്രേരിപ്പിക്കുകയും ചെയ്തിരിക്കുന്നു. സ്വജനങ്ങളുടെ ദ്രോഹം നിമിത്തം സ്വദേശം വെടിഞ്ഞു ഇവിടെ വന്നു രക്ഷപ്രാപിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി." നബി

കക സിദ്ധിച്ചിട്ടുള്ള ചില ദൈവവചനങ്ങൾ ഓതി ക്കേൾപ്പിക്കുവാൻ രാജാവു് ആവശ്യപ്പെട്ടപ്പോൾ, ഹസ്രത്തു് ജഅഫർ, മർയം സൂറത്തിൻെറ ആദ്യ വചനങ്ങൾ ഓതിക്കേൾപ്പിച്ചു. അപ്പോൾ രാജാവു് വളരെ സന്തോഷിച്ചു. ആ വചനവും ഈസാനബിയുടെ വചനവും തമ്മിൽ വ്യത്യാസമില്ലെന്നും, രണ്ടും ഒരേ ദീപത്തിൻെറ പ്രകാശമാണെന്നും, അദ്ദേഹം പ്രസ്താവിച്ചു. സ്വരാജ്യത്തു ചെന്നു സ്വസന്നിധിയിൽ രക്ഷ പ്രാപിച്ച ഈ ആളുകളെ അവക്കു ഏല്പിച്ചുകൊടുക്കുവാൻ സാധിക്കുകയില്ലെന്നാണു് ഖുറൈശി പ്രതിനിധികളോടു അദ്ദേഹം മറുപടി പറഞ്ഞതു്.

ഇങ്ങനെ പരാജയം നേരിട്ടപ്പോൾ, രാജാവുതന്നെ മുസ്'ലിംകളുടെ വിരോധിയായിത്തീൎന്നു അവരെ നശിപ്പിക്കേണ്ടതിന്നു താനൊരു യുക്തി പ്രയോഗിക്കാം എന്നു അംറുബ്നുൽആസ്സ്, അബ്ദുല്ലാഹിബ്നുറബീഅത്തിനോടു പറഞ്ഞു. "അവർ നമ്മുടെ സോദരന്മാരാണല്ലോ. അതുകൊണ്ടു അങ്ങിനെ ചെയ്യാൻ പാടില്ല" എന്നു പറഞ്ഞുകൊണ്ടു അബ്ദുല്ല വിസമ്മതിച്ചുവെങ്കിലും, അംറ് അതു വിലവെക്കാതെ പിറെറ ദിവസം രാജാവിൻെറ സന്നിധിയിൽ ചെന്നു ഇങ്ങിനെ പറഞ്ഞു. ഹസ്രത്തു് ഈസാ ദൈവപുത്രനാണെന്നു ഈ മുസ്'ലിംകൾ സമ്മതിക്കുന്നില്ല; അദ്ദേഹം അടിമയാണെന്നാണു് ഇവർ പറയുന്നതു്."

അതിനെക്കുറിച്ചു നജ്ജാശി രാജാവു് ഹസ്രത്തു് ജഅഫറിനോടു ചോദിച്ചതിന്നു, ഹസ്രത്തു് ഈസാ

അല്ലാഹുവിൻെറ അടിമയും ദൂതനും കലിമത്തും റൂഹുമാണെന്നു തങ്ങളുടെ പ്രവാചകന്നു വഹ്‌യുണ്ടായിരിക്കുന്നുവെന്നു, അദ്ദേഹം മറുപടി പറഞ്ഞു. തദവസരത്തിൽ അദ്ദേഹം പറഞ്ഞതു് വളരെ ശരിയാണെന്നു രാജാവു പ്രസ്താവിച്ചതിനാൽ അവിടെ ഇരുന്നിരുന്ന പാതിരിമാർ അക്ഷമന്മാരായി. എങ്കിലും രാജാവു് അതൊന്നും കൂട്ടാക്കാതെ അഭയാർത്ഥികളോടു സ്വരാജ്യത്തു് നിർഭയമായി താമസിച്ചുകൊള്ളുവാൻ പറയുകയും കാണിക്കവെച്ച സാധനങ്ങൾ ഖുറൈശീ പ്രതിനിധികൾക്കുതന്നെ കൊടുത്തുകൊണ്ടു അവരെ മടക്കി അയക്കുകയും ചെയ്തു.

നബി മദീനത്തേക്കു് ഹിജ്റ പോകുന്നതിന്നുമുമ്പു് ഈ മുഹാജിറുകളിൽ ഏതാനും ആളുകൾ മക്കത്തേക്കു് മടങ്ങിപ്പോന്നിരുന്നു. ബാക്കിയുള്ളവർ അവിടത്തന്നെ താമസിച്ചു ഹിജ്റയ്ക്കുശേഷം മദീനത്തേക്കു് വരികയാണുണ്ടായതു്. ഈ ഹിജ്റയ്ക്കു അല്പം മുമ്പു് ഖുറൈശികളിൽ രണ്ടു മഹാന്മാർ ഇസ്ലാംമതം വിശ്വസിച്ചു. അവരിൽ ഒരാൾ നബിയുടെ പിതൃവ്യനും ഒരു ശ്രുതിപ്പെട്ട ധൈര്യശാലിയുമായ ഹസ്രത്തു് ഹംസയും, രണ്ടാമത്തെ ആൾ ഹസ്രത്തു് ഉമറുമായിരുന്നു. ഇവരുടെ ഇസ്ലാംമത സ്വീകരണം നിമിത്തം ഇസ്ലാമിന്നു വലിയ അഭിവൃദ്ധി സിദ്ധിച്ചു. ഹസ്രത്തു് ഉമർ മുമ്പു് ഇസ്ലാംമതത്തിൻെറ കഠിന വിരോധിയായിരുന്നു.

**നിസ്സഹകരണം:**—പല ശ്രമങ്ങൾ ചെയ്തിട്ടും മതപ്രചരണം തടയുവാൻ സാധിക്കാതായപ്പോൾ ഖു

റൈശികൾ ഐകകണ്ഠ്യേന ഇങ്ങനെ തീർച്ചപ്പെടുത്തി. "ബനൂഹാശിം ഗോത്രക്കാർ, മുഹമ്മദിനെ കൊല്ലുവാൻ വേണ്ടി നമുക്ക് ഏല്പിച്ചുതന്നാലല്ലാതെ നാം അവരുമായി വിവാഹസംബന്ധം നടത്തുകയും സഹവസിക്കുകയും ഇടപാട് നടത്തുകയും ചെയ്യരുത്". തന്നിമിത്തം അബൂലഹബൊഴികെയുണ്ടായിരുന്ന ബനൂഹാശിം ഗോത്രക്കാരും അബൂതാലിബിൻെറ, ശഅബു എന്ന മലഞ്ചരിവിൽപോയി താമസിക്കുവാൻ നിർബ്ബന്ധിതരായി. ചിലപ്പോൾ ആ സ്ഥലത്ത് യാതൊരു ഭക്ഷണപദാർത്ഥവും കിട്ടാതിരുന്നതിനാൽ വൃക്ഷങ്ങളുടെ ഇലകൾപോലും അവർ ഭക്ഷിക്കേണ്ടിവന്നു. അവർ രണ്ട് സംവത്സരത്തിലധികം ഈ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചുകൊണ്ടു അവിടെ കഴിച്ചുകൂട്ടി. നബി ഇക്കാലത്തും രാവും പകലും ഇടവിടാതെ മതപ്രബോധനം ചെയ്തുകൊണ്ടിരുന്നു. അവസാനം ബനൂഹാശിമിൻെറ ഈ കഷ്ടാവസ്ഥയിൽ ഹിശാമുബ്നുഅംറ്, സുഹൈറുബ്നു, അബീഉമയ്യ: മുതലായ ഏതാനും ഖുറൈശീത്തലവന്മാർക്ക് അനുകമ്പ തോന്നിയതിനാൽ അവർ അബൂജഹൽ വിരോധിച്ചിരുന്നുവെങ്കിലും അതു വിലവെക്കാതെ കഅബയിൽചെന്നു പ്രസ്തുത കരാർപത്രം ചീന്തിക്കളഞ്ഞു. ഇങ്ങിനെ ബനൂഹാശിം ഗോത്രക്കാർക്ക് വീണ്ടും മക്കയിൽ വന്നു താമസിക്കുവാൻ സാധിച്ചു.

**അബൂതാലിബിൻെറയും ഖദീജയുടേയും ചരമം:**—ഇത്രയും കാലത്തിന്നുള്ളിൽ ഖുറൈശികളും അ

ല്ലാത്തവരുമായി, വളരെ ആളുകൾ ഇസ്ലാംമതം സ്വീകരിച്ചു. എങ്കിലും നബുവ്വത്ത് പത്താംവർഷം ആരംഭിച്ചപ്പോഴേക്കും ചില കഷ്ടപ്പാടുകൾ തിരുമേനിക്കു നേരിടുകയുണ്ടായി. അദ്ദേഹത്തിനെ അതുവരെ സംരക്ഷിച്ചിരുന്ന പിതൃവ്യൻ അബൂതാലിബ് കാലഗതിയടഞ്ഞു. നബിയുടെ വിശ്വസ്തഭാര്യയായിരുന്ന ഉമ്മുൽമൂമിനീൻ ഖദീജത്തുൽകുബ്റായും അടുത്തുതന്നെ പരലോകം പ്രാപിച്ചു. നബിയുടെ സഹായികളായിരുന്ന ഈ രണ്ടുപേരുടെ വിയോഗങ്ങൾ ഹിജ്രക്കു മൂന്നു സംവത്സരം മുമ്പു ശവ്വാൽമാസത്തിൽ അടുത്ത തിയ്യതികളിലായിട്ടാണു സംഭവിച്ചതു്. ഇതിന്നുശേഷം ശത്രുക്കൾക്കു ആരെയും ഭയപ്പെടുവാനില്ലാതിരുന്നതിനാൽ അവർ നബിയെ പൂർവ്വാധികം ദ്രോഹിപ്പാൻ തുടങ്ങി. ഒരിക്കൽ ഒരാൾ മണ്ണുവാരി നബിയുടെ തലക്കെറിയുകയുണ്ടായി. അവർക്കു തിരുമേനിയെ ദ്രോഹിക്കുന്നതിൽ ഒട്ടും ശങ്കയുണ്ടായിരുന്നില്ലെന്നു ഈ ക്രൂരകൃത്യം തെളിയിച്ചിരിക്കുന്നു.

**താായിഫ് യാത്ര:**-മക്കക്കാർ ഇസ്ലാംമതം സ്വീകരിപ്പാൻ വളരെ പ്രയാസമുണ്ടെന്നു തോന്നുകയാൽ, ഇസ്ലാമിനെ രക്ഷിക്കേണ്ടതിന്നു മററു വല്ല ഗോത്രവും ഒരുങ്ങുന്നപക്ഷം ആ ഗോത്രസഹായത്തോടുകൂടി തനിക്കു മതപ്രബോധനകടമ നിർവ്വഹിക്കാമെന്നു നബി വിചാരിച്ചു. അങ്ങിനെ സഹായം അഭ്യർത്ഥിച്ചുകൊണ്ടു സൈദുബ്നു ഹാരിസത്തോടുകൂടി അദ്ദേഹം താഇഫിലേക്കു ചെന്നു. അവിടത്തെ നിവാസികളായിരുന്ന സഖീഫ്

ഗോത്രത്തലവന്മാരായ അബ്ദു യാലീൽ, മസ്ഊദ് ഹബീബ് എന്നിവരോട് ഇസ്ലാംമതം വിശ്വസിക്കുവാൻ ഉപദേശിച്ചു, അവർ നബിയുടെ ഉപദേശം സ്വീകരിച്ചില്ലെന്നു മാത്രമല്ല, അദ്ദേഹത്തെ ദ്രോഹിക്കേണ്ടതിന്നു സ്വദാസന്മാരേയും അങ്ങാടിപ്പോക്കിരികളേയും പ്രേരിപ്പിക്കുകയാണ് ചെയ്തതു്. അവർ കല്ലെടുത്തു എറിഞ്ഞതിനാൽ നബിക്കും സൈദിന്നും മുറിവുപററി. അവർ ഒരു മുന്തിരി തോട്ടത്തിൽ അഭയം പ്രാപിക്കുകയും, യാതൊരു ഫലവും സിദ്ധിക്കാതെ മക്കത്തേക്കു തിരിച്ചു പോരുകയും ചെയ്തു. മക്കത്തെത്തിയതിന്നുശേഷം തിരുമേനി കഅബാ പ്രദക്ഷിണവും നമസ്കാരവും കഴിച്ചു ഗൃഹത്തിലേക്കുപോയി

അറബികൾ ഹജ്ജിന്നായി മക്കത്തു് വന്നിരുന്നപ്പോൾ നബി അവരുടെ അടുക്കൽചെന്നു അവരെ ഇസ്ലാംമതത്തിലേക്കു് ക്ഷണിക്കുകയും അവക്കു ഖുർആൻ വാക്യങ്ങൾ ഓതികേൾപ്പിക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ അബൂലഹബ് നബിയുടെ കൂടെത്തന്നെ നിന്നുകൊണ്ടു, "ഇവൻ മതമില്ലാത്തവനാണു്; ഇവൻെറ വാക്കു സ്വീകരിക്കരുതു്." എന്നു പറഞ്ഞുകൊണ്ടിരുന്നതിനാൽ, അവർ ഇസ്ലാംമതം സ്വീകരിച്ചില്ല. എന്നു മാത്രമല്ല, ബനൂആമിർ, ബനൂസുബൈഅഃ മുതലായ ചില ഗോത്രങ്ങൾ തിരുമേനിയെ കഠിനമായി ശകാരിക്കുകയും ചെയ്തു

**മദീനക്കാർ**:— അക്കാലത്തു് മദീനായിലെ ഔസ്, ഖസ്രജ് എന്നീ ഗോത്രങ്ങൾ തമ്മിൽ കഠിനമായ

മത്സരമുണ്ടായിരുന്നു. ഖസ്രജ് ഗോത്രത്തിൽ തങ്ങളേക്കാൾ അധികം അംഗങ്ങളുണ്ടായിരുന്നതിനാൽ അവരുമായി പോരാടുവാൻ സാധിക്കേണ്ടതിന്നു ഖുറൈശികളുടെ സഖ്യം സമ്പാദിക്കേണമെന്നു് ഔസ് ഗോത്രക്കാർ തീച്ചപ്പെടുത്തി. അതിന്നുവേണ്ടി അവരുടെ പ്രതിനിധികളായി അബുൽഹർ അനസുബ്നുറാഫിഉം, അയാസുബ്നുമഅദും മക്കത്തു് വന്നപ്പോൾ നബി അവരുടെ അടുക്കൽചെന്നു വിശുദ്ധഖുർആൻ ഓതിക്കേൾപ്പിക്കുകയും അവരെ ഇസ്‌ലാംമതത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. അപ്പോൾ അയാസ് "നാം ഏതുകാര്യത്തിന്നു വേണ്ടി വന്നിരിക്കുന്നുവോ അതിനേക്കാൾ നല്ല കാര്യം ഇതാകുന്നു" എന്നു സത്യംചെയ്തുകൊണ്ടു കൂട്ടുകാരനോടു പറഞ്ഞു. എങ്കിലും അബൂൽഹസർ "നാം വേറെ ആവശ്യത്തിനാണല്ലോ ഇവിടെ വന്നിട്ടുള്ളതു്" എന്നു പറഞ്ഞുകൊണ്ടു അയാളെ ശകാരിക്കുകയും മുഖത്തു ചരൽ വാരി എറിയുകയും ചെയ്തതിനാൽ അയാൾ മൌനമായിരിക്കുകയും തിരുമേനി എഴുന്നീററു പോരുകയും ചെയ്തു. ഇവർ മദീനത്തു് മടങ്ങി ചെന്നതിന്നുശേഷം ഔസും ഖസ്രജും തമ്മിൽ ഒരു ഘോരമായ യുദ്ധം നടന്നു. ബിആസ് എന്നപേരിൽ പ്രസിദ്ധമായ ആ യുദ്ധത്തിൽ അപ്രതീക്ഷിതമായ നിലയിൽ ഔസിന്നു ജയം സിദ്ധിച്ചു.

ഈ യുദ്ധത്തിന്നുശേഷം ഖസ്രജ് ഗോത്രത്തിൽനിന്നു ആറാളുകൾ ഹജ്ജ് കാലത്തു് മക്കത്തു വരികയുണ്ടായി. നബി പതിവനുസരിച്ചു അവരോടും ഇസ്‌ലാം

മതം ഉപദേശിച്ചു. അവർ മദീനയിൽനിന്നുതന്നെ നബിയുടെ വർത്തമാനം അറിഞ്ഞിട്ടുണ്ടായിരുന്നു കൂടാതെ അവസാന പ്രവാചകൻെറ ആഗമനം സമീപിച്ചിരിക്കുന്നുവെന്നും ആ പ്രവാചകൻെറ സഹായത്തോടുകൂടി തങ്ങൾ ജയം പ്രാപിക്കുന്നതാണെന്നും മദീനയിലെ ജൂതന്മാർ പറയുന്നതു അവർ കേട്ടിട്ടുണ്ടായിരുന്നു. തന്നിമിത്തം അവർ തിരുമേനിയുടെ വാക്കു് ശ്രദ്ധയോടെ മനസ്സിലാക്കി. ജൂതപണ്ഡിതന്മാർ ദീർഘദർശനം ചെയ്യുന്ന നബി അദ്ദേഹംതന്നെയാണെന്നും തങ്ങൾക്കുമുമ്പു, അദ്ദേഹത്തെ വിശ്വസിക്കുവാൻ ജൂതന്മാർക്കു സാധിക്കരുതെന്നും അന്യോന്യം പറഞ്ഞുകൊണ്ടു് അവർ അപ്പോൾ തന്നെ ഇസ്ലാംമതം വിശ്വസിച്ചു. അന്യോന്യം ശത്രുക്കളായി വർത്തിച്ചുവരുന്ന സ്വജനങ്ങളിൽ ഈ മതം വഴിയായി യോജിപ്പുണ്ടാകാനിടയുള്ളതുകൊണ്ടു്, അവരോടു് ഈ മതത്തിൽ ചേരുവാൻ ഉപദേശിക്കുന്നതാണെന്നു് അവർ നബിയോടു പറയുകയുണ്ടായി.

**ഒന്നാമത്തെ അഖബാ ഉടമ്പടി:**-മേൽപറഞ്ഞ ആളുകൾ മദീനത്തു മടങ്ങിച്ചെന്നു ഇസ്ലാംമതപ്രബോധനം ആരംഭിച്ചതോടുകൂടി അവിടത്തെ എല്ലാ വീടുകളിലും നബിയുടെ വർത്തമാനം പരന്നു. പിറേറ കൊല്ലത്തെ ഹജ്ജ്കാലത്തു് 12 മദീനക്കാർ മക്കത്തുവന്നു അഖകയിൽവെച്ചു നബിയുമായി ഒരു ഉടമ്പടിചെയ്തു അവരെ ഖുർആൻ പഠിപ്പിക്കുവാനും മദീനത്തു ഇസ്ലാം മതം പ്രചരിപ്പിക്കുവാനുമായി ബനൂഅബ്ദുദ്ദാർ വംശജ

നും പ്രഥമ മുസ്ലിംകളിൽ ഒരാളുമായിരുന്ന ഹസ്രത്ത് മിസ്അബുബ്നു ഉമൈറിനെ നബി അവരോടൊന്നിച്ച് അയക്കുകയുണ്ടായി. അവരുടെ മതസ്വീകരണവും മിസ്അബിൻെറ ഉപദേശവും നിമിത്തം മദീനയിലെ പല പ്രമാണികളും ഇസ്ലാംമതം വിശ്വസിച്ചു. ഔസ്ഗോത്രത്തിലെ നായകന്മാരായിരുന്ന ഉസൈദുബ്നുഹുസൈറും, സഅദുബ്നുമആദും ഇസ്ലാംമതം വിശ്വസിച്ചതുകൊണ്ട് ആ ഗോത്രത്തിലെ അനേകമാളുകൾ അവരെ അനുഗമിച്ചു. ഹസ്രത്ത് മിസ്അബ് താമസിച്ചിരുന്നത് അസ്അദുബ്നുസുറാറയുടെ വസതിയിലായിരുന്നു. അസ്അദിൻെറ അശ്രാന്തപരിശ്രമം നിമിത്തം ഔസ്ഗോത്രക്കാരുടെ സർവ്വ ഭവനങ്ങളിലും ഇസ്ലാംമതം പരന്നു.

**രണ്ടാമത്തെ അഖബാ ഉടമ്പടി:—** നുബുവ്വത്ത് 13-ാം സംവത്സരത്തിൽ മുസ്ലിംകളും അല്ലാത്തവരുമായി വളരെ മദീനക്കാർ ഹജ്ജ്കർമ്മാർത്ഥം മക്കത്തു വരികയുണ്ടായി. ഹജ്ജ് കഴിഞ്ഞശേഷം മുസ്ലിംകൾ, കൂടെയുണ്ടായിരുന്ന അമുസ്ലിംകൾ അറിയാതെ, രാത്രി സമയത്തു മുമ്പു ഉടമ്പടി നടന്ന അഖബയിൽ വന്നുകൂടി. അവിടെവന്നു നബിയുമായി കാണുന്നതാണെന്നു അവർ മുമ്പു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അല്പസമയം കഴിഞ്ഞപ്പോഴേക്കു റസൂൽകരീമും പിതൃവ്യനായ അബ്ബാസോടുകൂടി അവിടെ എത്തിച്ചേൎന്നു. മദീനക്കാരായ മുസ്ലിംകൾ ഉമ്മുഅമ്മാറഃ, ഉമ്മുമനീഉ എന്നീ രണ്ടു സ്ത്രീ

കളോടുകൂടി ആകെ 75 ആളുകളുണ്ടായിരുന്നു ഹസ്റ ത്തു് അബ്ബാസ് അക്കാലത്തു് ഇസ്ലാംമതം വിശ്വസി ച്ചിരുന്നില്ല. എങ്കിലും അദ്ദേഹം മദീനക്കാരോടു ഇപ്ര കാരം പറഞ്ഞു. "ഹേ, ഖസ്റജ് ഗോത്രക്കാരേ! മുഹ മ്മദ് സ്വജനങ്ങളുടെ ഇടയിൽ മാനത്തോടും രക്ഷയോ ടുംകൂടി ജീവിച്ചുവരുന്നു. ശത്രുക്കളിൽനിന്നു ഞങ്ങൾത ന്നെ അദ്ദേഹത്തെ രക്ഷിക്കുന്നുണ്ടു്. എന്നാൽ ഈ അ വസരത്തിൽ ഞങ്ങളെ ഉപേക്ഷിച്ചു നിങ്ങളോടുകൂടി പോരേണമെന്നാകുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. അ ദ്ദേഹത്തെ സ്നേഹിക്കുകയും രക്ഷിക്കുകയും ചെയ്യേണ്ട ചു മതലയെ ശരിക്കു നിർവ്വഹിക്കുവാൻ കഴിയുമെങ്കിൽ അ ദ്ദേഹത്തെ നിങ്ങൾ കൊണ്ടുപോകുവിൻ. അല്ലാത്തപ ക്ഷം ഈ അവസരത്തിൽത്തന്നെ ഒഴിഞ്ഞുകളയുവിൻ." ഇതു കേട്ടപ്പോൾ "അൽലാഹുവിനോടും അവിടത്തോടും ഞങ്ങൾക്കുള്ള ബാദ്ധ്യതകൾ എന്തൊക്കെയാണെന്നു പറഞ്ഞുതരുവിൻ. അവ നിർവ്വഹിക്കാമെന്നു ഞങ്ങൾ ഏററുകൊള്ളാം" എന്നു ഖസ്റജ് ഗോത്രത്തിൽപ്പെട്ട ഒരാൾ അപേക്ഷിച്ചു അപ്പോൾ തിരുമേനി ഖുർആ നിൽനിന്നു ചില വചനങ്ങൾ കാതിക്കേൾപ്പിച്ചു. അ നന്തരം, മദീനയിൽവെച്ചു ആരെങ്കിലും അദ്ദേഹത്തോടു യുദ്ധംചെയ്യുന്നതായാൽ അതിൽനിന്നു അവർ അദ്ദേഹ ത്തെ രക്ഷിക്കേണ്ടതാണെന്ന നിശ്ചയത്തിന്മേൽ അവരു മായി കരാറുചെയ്തുകൊള്ളാമെന്നു നബി പ്രസ്താവിച്ചു. തദവസരത്തിൽ ഖസ്റജി ഗോത്രത്തിലെ നായകനായി

രുന്ന ഹസ്രത്ത്ബർറാഅ് തിരുമേനിയുടെ കൈപിടിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു. "ഈ നിശ്ചയമനുസരിച്ചു ഞങ്ങൾ കരാർ ചെയ്തുകൊള്ളുന്നു. ഞങ്ങൾ യോദ്ധാക്കളും കരാറിനെ പൂർത്തീകരിക്കുന്നവരുമാകുന്നു. പൂർവ്വികന്മാരുടെ കാലം മുതല്ക്കുതന്നെ യുദ്ധങ്ങൾക്കിടയിലാണ് ഞങ്ങൾ വളർന്നിട്ടുള്ളതു്" മററാരു നായകനായിരുന്ന അബുൽഹൈതം ഇങ്ങിനെ പറഞ്ഞു "ഞങ്ങൾ ചില ആളുകളുമായി കരാർ ചെയ്തിട്ടുണ്ടു്. ഈ കരാറോടുകൂടി അതു ദുർബ്ബലപ്പെടുന്നതാണ്. അവിടുത്തേക്കു ജയവും പ്രാബല്യവും സിദ്ധിക്കുമ്പോൾ ഞങ്ങളെ ഉപേക്ഷിച്ചു സ്വജനങ്ങളുടെ അടുക്കലേക്കു പോന്നുകളയരുതു്." ഇതിന്നു നബി മന്ദസ്മിതത്തോടുകൂടി "അങ്ങനെ ചെയ്യുന്നതല്ല; ഞാൻ നിങ്ങളിൽനിന്നും നിങ്ങൾ എന്നിൽനിന്നുമാകുന്നു. എൻെറയും നിങ്ങളുടേയും രക്തം ഒന്നാകുന്നു" എന്നു മറുപടി പറഞ്ഞു. അവരിൽ ഓരോരുത്തനും ഉടമ്പടി ചെയ്തുകഴിഞ്ഞതിന്നുശേഷം അസ്അദുബ്നുസരാറഃ അവരെ അഭിമുഖീകരിച്ചുകൊണ്ട് ഇങ്ങിനെ പ്രസ്താവിച്ചു. നാം ഏന്തു നിശ്ചയത്തിന്മേലാണ് കരർ ചെയ്യുന്നതെന്നു നിങ്ങൾ ഓക്കുന്നുണ്ടോ? ഇതു ലോകത്തിലെ സർവ്വജനങ്ങളോടും പോരാടേണ്ടിവരുന്ന ഒരു കരാറാകുന്നു." അപ്പോൾ അതറിഞ്ഞുകൊണ്ടുതന്നെയാകുന്നു തങ്ങൾ കരാർ ചെയ്തിട്ടുള്ളതെന്നു അവർ ഐകകണ്ഠ്യേന സമ്മതിച്ചു.

അതിന്നുശേഷം, തിരുമേനി, ഇസ്രാഈൽ വര്ഗ്ഗക്കാരിൽ ഉണ്ടായിരുന്നതുപോലെ അവരിൽനിന്നു 12 നഖീബ് (നായകൻ)മാരെ തിരഞ്ഞെടുത്തു്, ഓരോരുത്തനിലും സ്വഗോത്രബാധ്യതകൾ ഭാരമേല്പിച്ചു. ഈ നഖീബുമാരിൽ 9 പേർ ഖസ്രജ ഗോത്രത്തിൽ പെട്ടവരും 3 പേർ ഔസ് ഗോത്രത്തിൽ പെട്ടവരുമായിരുന്നു. അവരുടെ പേരു വിവരം താഴെ കുറിക്കുന്നു:—

1 ഖസ്രജ്ഗോത്രത്തിൽ ബനുന്നജ്ജാർ വംശജനായ അസ്അദുബ്നുസറാറഃ

2 ,, ബനുമാലിക് വംശജനായ സഅദുബ്നുറബീഅ്.

3. ,, ബനുഅംറ് വംശജനായ അബ്ദുല്ലാഹിബ്നുറവാഹഃ

4. ,, ബനുസുറൈഖ് വംശജനായ റാഫിഉബ്നുമാലിക്.

5. ,, ബനുസൽമഃ വംശജനായ ബർറാഉബ്നുമഅ്റൂർ.

6. ,, ,, അബ്ദുല്ലാഹിബ്നുഅംറ്.

7. ,, ബനുഗനം വംശജനായ ഉബാദത്തുബ്നുസാമിത്ത്.

8. ,, ബനുസാഇദ വംശജനായ സഅദുബ്നുഉബാദഃ

9. ,, ,, മുൻദിറുബ്നു അംറ്.

10. ഔസ്ഗോത്രത്തിൽ ബന്തുഅബ്ദിൽഅം
ശ്ഹൽവംശജനായ ഉസൈദുബ്നുഹുസൈർ
11. " " അബുൽഹൈതം.
12. " ബന്തുകഅബ്വംശജനായ സഅ
ദുബ്നഖൈസമ.

ഇങ്ങനെ ഉടമ്പടി കഴിഞ്ഞതിന്നുശേഷം മദീനക്കാർ അവരുടെ തമ്പിൽപോയി ഉറങ്ങി. നേരം പുലൎന്നപ്പോൾ ഇതിനെപ്പററി ചില വിവരങ്ങൾ ഖുറൈശികളുടെ ഇടയിൽപരന്നു. തന്നിമിത്തം അവർ മദീനക്കാരുടെ അടുക്കൽ ചെന്നു "ഞങ്ങളുമായി യുദ്ധം ചെയ്യേണ്ടതിന്നു മുഹമ്മദിനെ ഇവിടെ നിന്നു കൊണ്ടുപോകുവാൻ നിങ്ങൾ വിചാരിക്കുന്നുണ്ടോ?" എന്നു അവരോടു ചോദിച്ചു. എന്നാൽ മദീനക്കാരായ അമുസ്ലിംകൾ ഈ വിവരം അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു, ഒരിക്കലും അങ്ങിനെ ഉണ്ടായിട്ടില്ലെന്നു അവർ സത്യം ചെയ്തു പറഞ്ഞു. മദീനാ നായകനായിരുന്ന അബ്ദുൽലാഹിബ്നുഉബയ്യ് അക്കാലത്ത് ഇസ്ലാംമതം വിശ്വസിച്ചിരുന്നില്ല. അങ്ങിനെയുള്ള യാതൊരു വിവരവും തങ്ങൾക്കു കിട്ടിയിട്ടില്ലെന്നു അയാളും പറയുകയുണ്ടായി. കുറെ ദിവസം കഴിഞ്ഞതിന്നുശേഷം, ഖുറൈശികൾ തീൎച്ച്വിവരം അറിഞ്ഞുവെങ്കിലും അപ്പോഴേക്കു മദീനക്കാർ സ്വദേശത്തേക്കു പോയിക്കഴിഞ്ഞു. ഈ കരാറിന്നുശേഷം മദീനത്ത് മുസ്ലീംകളെ സഹായിക്കുവാനും രക്ഷിക്കുവാനും ധാരാളം ആളുകളുണ്ടായിത്തീൎന്നു. തന്നിമിത്തം

KOTTAYAM PUBLIC LIBRARY, KOTTAYAM

ഇസ്ലാംമതം വിശ്വസിച്ച ആളുകളെ നബി അവിടേക്കു അയച്ചുകൊണ്ടിരുന്നു. ശത്രുക്കൾ നിർബ്ബന്ധപൂർവ്വം മക്കത്തു തടഞ്ഞു നിറുത്തിയിരുന്ന ആളുകളൊഴിച്ചു മററെല്ലാ മുസ്ലിംകളും ക്രമേണ അവിടെ പോയി താമസിച്ചു.

**കൊല്ലാനുള്ള ആലോചന:**—മദീനക്കാർ ഇസ്ലാംമതം വിശ്വസിക്കുകയും, മററു മുസ്ലിംകൾ അവിടെ ചെന്നുകൂടുകയും അവരുടെ പ്രതാപം ദിനംപ്രതി അധികമായി വരികയും, ചെയ്യുന്നതു കണ്ടപ്പോൾ, നബിയും അവരുടെ കൂട്ടത്തിൽ ചെന്നു ചേരുമെന്നും, ശക്തി വർദ്ധിപ്പിച്ചു തങ്ങളോടു യുദ്ധം ചെയ്യുമെന്നും, മക്കയിലെ ശത്രുക്കൾ ശങ്കിച്ചു. അതിന്നിടയാകാതെ കഴിപ്പാനുള്ള മാർഗ്ഗമെന്തെന്നു ആലോചിച്ചു തീർച്ചപ്പെടുത്തുവാനായി അവർ ദാറുന്നദ്വയിൽ യോഗം കൂടി. മുഹമ്മദിന്നു എങ്ങും പോകുവാൻ കഴിയാതിരിക്കത്തക്കവണ്ണം അവനെ വിലങ്ങിട്ടു ഒരു ഉറപ്പുള്ള മുറിയിൽ ആക്കിക്കളയാമെന്നു അവരിലൊരാൾ അഭിപ്രായപ്പെട്ടു. "അവന്റെ ശിഷ്യന്മാർ വിവരമറിഞ്ഞാൽ വാതിൽതുറന്നു അവനെ കൊണ്ടുപോകുവാനും പിന്നീടു് അവൻ ഒരു വലിയ സംഘം ശേഖരിച്ചു നിങ്ങളോടു പ്രതികാരം ചെയ്യാനും, ഇടയുള്ളതുകൊണ്ടു ഈ അഭിപ്രായം ശരിയല്ല" എന്നു പറഞ്ഞുകൊണ്ടു ഒരു വൃദ്ധൻ ഖണ്ഡിച്ചു. അപ്പോൾ "നമുക്കു അവനെ അപമാനത്തോടെ മക്കത്തു്നിന്നു പുറത്താക്കാം. പിന്നീടു് അവന്നു നമ്മുടെ നേരെ യാതൊന്നും പ്രവർത്തിക്കുവാൻ കഴികയില്ല" എന്നു മറെറാരാൾ അഭി

പ്രായപ്പെട്ടു. ഈ അഭിപ്രായത്തെയും ഖണ്ഡിച്ചുകൊണ്ടു വൃദ്ധൻ പറഞ്ഞതാണിതു് "ഞാൻ പറഞ്ഞ ദോഷം ഈ അഭിപ്രായത്തിലുമുണ്ടു്. അവൻെറ സംസാരം എത്ര മധുരമേറിയതാണു്!! അതു ജനങ്ങളെ ആകൎഷിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? ഇത്ര മധുരമേറിയ വാക്കു കേട്ടാൽ അനുസരിക്കുവാൻ തെയ്യാറാകാത്ത ഒരു ഗോത്രവു മുണ്ടാവുകയില്ല. പിന്നീട്ടു് അവനോടു എതിൎത്തു നില്ക്കു വാൻ നിങ്ങൾക്കു സാധിക്കുകയില്ല"

അവസാനം അബൂജഹൽ ഇങ്ങിനെ പറഞ്ഞു. "എല്ലാ ഗോത്രങ്ങളിൽ നിന്നും ഓരോ ശക്തന്മാരായ യുവാക്കളെ തിരഞ്ഞെടുത്തു എല്ലാവൎക്കും ഓരോ വാൾ കൊടുക്കുകയും, അവരെല്ലാവരുംകൂടി ഒരുമിച്ചു മുഹമ്മദിനെ വെട്ടിക്കൊല്ലുകയും ചെയ്യണമെന്നാകുന്നു എൻെറ അഭിപ്രായം. ഇപ്രകാരം ചെയ്യുന്നതായാൽ അവൻെറ രക്തത്തിന്നു സർവ്വ ഗോത്രങ്ങളും ഉത്തരവാദികളായിത്തീരുന്നതാണു്. എല്ലാവരോടും കൂടി യുദ്ധം ചെയ്യു വാൻ ബനൂഅബ്ദിമനാഫ് ഗോത്രത്തിന്നു ധൈൎയ്യ മുണ്ടാകുന്നതല്ല. അബൂജഹലിൻെറ ഈ അഭിപ്രായത്തെ അവർ ഐകകണ്ഠ്യേന സമ്മതിച്ചു. ഉടനെത്തന്നെ സൎവ്വ ഗോത്രങ്ങളിൽനിന്നും ഓരോ യുവാവിനെ തിരഞ്ഞെടുത്തുകൊണ്ടു, ഒരു ദിവസം നിശ്ചയിച്ചു. ആ നിശ്ചിതദിവസം രാത്രി നബിയുടെ വീട്ടിന്നരികെ ഒരുമിച്ചു കൂടേണമെന്നും, രാവിലെ പുറത്തേക്കു വരുമ്പോൾ എല്ലാവരുംകൂടി തിരുമേനിയെ കൊല്ലേണമെന്നും അവരോടു ആജ്ഞാപിച്ചു.

ഹിജ്റ:—നബിക്കു ശത്രുക്കളുടെ, മേൽപ്രസ്താവിച്ച പ്രകാരമുള്ള സവ്വ ആലോചനകളെക്കുറിച്ചും അറിവു കിട്ടുകയും, മക്കാരാജ്യം വിട്ടുകൊള്ളേണ്ടതിന്നു അൽലാഹുവിൻെറ ആജ്ഞ ലഭിക്കുകയും ചെയ്തതിനാൽ തിരുമേനി ഉടനെത്തന്നെ അബൂബക്കർ സിദ്ദീഖിൻെറ ഗൃഹത്തിൽ ചെന്നു അദ്ദേഹത്തോടു വിവരം പറഞ്ഞു. യാത്രാസമയത്തു് തന്നേക്കൂടി ഒരുമിച്ചു് കൂട്ടേണ്ണമെന്നു അബൂബക്കർ അപേക്ഷിക്കുകയും, നബി ആ അപേക്ഷ സ്വീകരിക്കുകയുമുണ്ടായി. ഉടനെ രണ്ടു വാഹനം തയ്യാറാക്കുകയും, ഏറ്റവും എളുപ്പമുള്ള വഴിക്കു മദീനത്തു് എത്തിച്ചു കൊടുക്കേണ്ടതിന്നു ഒരു വഴികാട്ടിയെ നിശ്ചയിക്കുകയും, ഖുറൈശികൾ നബിയെ കൊല്ലുവാൻ തീച്ച്പ്പെടുത്തിയ അതേ രാത്രി മക്കത്തുനിന്നു പുറപ്പെടുവാൻ തീച്ച്പ്പെടുത്തുകയും ചെയ്തു. നിശ്ചിത രാത്രിയായപ്പോൾ, താൻ വീട്ടിലില്ലെന്നു ശത്രുക്കൾ അറിയാതിരിപ്പാനായി തിരുമേനി ഹസ്രത്ത് അലിയെ സ്വശയനവിരുപ്പിൽ കിടത്തി തൻെറ പുതപ്പുകൊണ്ടു അദ്ദേഹത്തിൻെറ ശരീരം മൂടി ജനങ്ങൾ തൻെറ പക്കൽ അനാമത്തു വെച്ചിരുന്ന സാധനങ്ങൾ അദ്ദേഹത്തെ ഏല്പിക്കുകയും, അവ ഉടമസ്ഥന്മാക്കു കൊടുത്തതിന്നു ശേഷം മദീനത്തേക്കു ചെല്ലേണമെന്നു് അദ്ദേഹത്തോടു ആജ്ഞാപിക്കുകയും ചെയ്തു. ഇങ്ങനെ നബി രാത്രിസമയത്തു വീട്ടിൽ നിന്നിറങ്ങി അബൂബക്കറിൻെറ വസതിയിലേക്കു പോയി. അനന്തരം ആരും അറിയാതെ ആ വീട്ടിൻെറ ഒരു ജന

ലിൽക്കൂടി ഇരുപേരും പുറത്തു കടന്നു മക്കത്തുനിന്നു മൂന്നു നാഴിക അകലെ സ്ഥിതിചെയ്യുന്ന സൌർമലയിലെ ഗുഹയിൽ പോയി ഒളിച്ചു.

ഈ അവസരത്തിൽ ഖുറൈശീ യുവാക്കൾ നബി പുറത്തേക്കു വരുമ്പോൾ വാളിന്നിരയാക്കാമെന്ന മോഹത്തോടുകൂടി നബിയുടെ വീട്ടിന്നരികെ നില്ക്കുന്നുണ്ടായിരുന്നു. നേരം പുലൎന്നപ്പോൾ, അകത്തു കിടക്കുന്നതു് മുഹമ്മദ്നബിയല്ലെന്നും, ഹസ്രത്ത് അലിയാണെന്നും, അവൎക്കു മനസ്സിലായി. അപ്പോൾ തന്നെ അവർ ഖുറൈശികൾക്കു അറിവു കൊടുത്തു. ഖുറൈശികൾ നബിയെ തിരഞ്ഞു പിടിക്കേണ്ടതിന്നു വാഹനക്കാരും കാൽനടക്കാരുമായി അനേകം ആളുകളെ നാനാ ഭാഗങ്ങളിലേക്കും അയച്ചു; ജീവനോടുകൂടിയോ, അല്ലാതെയോ, നബിയെ കൊണ്ടുവരുന്ന ആൾക്കു് 100 ഒട്ടകം ഇനാം കൊടുക്കുന്നതാണെന്നു അവർ പരസ്യം ചെയ്തു. ആളുകൾ നാനാ ഭാഗങ്ങളിലും ഓടിച്ചെന്നു നോക്കിയെങ്കിലും, നിരാശയോടെ മടങ്ങിപ്പോരേണ്ടിവരികയാണുണ്ടായതു്. നബിയും അബൂബക്കറും മൂന്നു ദിവസം സൌർ ഗുഹയിൽ കഴിച്ചുകൂട്ടി. അബൂബക്കറിൻെറ മകൻ അബ്ദുൽലഃ അക്കാലത്തു് ഇസ്ലാംമതം വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹം പകൽ മുഴുവനും മക്കത്തു് താമസിച്ചു ശത്രുക്കളുടെ ആലോചനകളും ഒരുക്കങ്ങളും മനസ്സിലാക്കി വൈകുന്നേരം ഗുഹയിലേക്കു അറിവ് കൊടുത്തുവന്നു. ഹസ്രത്തു് അബൂബക്കറിൻെറ മകളായ അ

സ്മാ രാത്രി സമയത്തു ഭക്ഷണം പാകംചെയ്തു ഗുഹയിലേക്കു കൊണ്ടുപോകയും, മേച്ചിൽക്കാരനായിരുന്ന ആമിറു ബ്നുഫുഹൈറഃ അതിരാവിലെ ആടുകളേയുംകൊണ്ടു അവിടെയെത്തി അവൎക്കു കുടിപ്പാൻ പാൽ കറന്നു കൊടുക്കുകയും ചെയ്തിരുന്നു. ഈ ആടുകളുടെ നടത്തംകൊണ്ടു അബ്ദുൽലയുടേയും അസ്മായുടേയും ചവിട്ടടികൾ മാഞ്ഞുപോയിരുന്നു. മൂന്നു ദിവസം കഴിഞ്ഞതിന്നു ശേഷം വഴികാട്ടിയായ അബ്ദുൽലാഹിബ്നുഉറൈഖത്തു് രണ്ടു ഒട്ടകങ്ങളോടുകൂടി രാത്രിസമയം ഗുഹയിൽ എത്തുകയും, അവയുടെ പുറത്തുകയറി നബിയും അബൂബക്കറും മദീനത്തേക്കു യാത്ര ആരംഭിക്കുകയും ചെയ്തു. വഴിയിൽ വെച്ചു നബിയെ ശുശ്രൂഷിക്കേണ്ടതിന്നു ഹസ്രത്തു് അബൂബക്കർ മേൽപറഞ്ഞ മേച്ചിൽക്കാരനെ തന്റെ പിന്നിലായി ഒട്ടകപ്പുറത്തിരുത്തി. ഖുറൈശികൾ കണ്ടെത്തിക്കളയുമെന്ന ഭയം നിമിത്തം സാധാരണ വഴി വിട്ടു ഒരു അസാധാരണ വഴിയിൽക്കൂടിയായിരുന്നു അവർ യാത്ര ചെയ്തതു്. അവർ റബീഉൽഅവ്വൽ 8-ാംനു- (ക്രിസ്താബ്ദം 622 സപ്തെമ്പർ 20-ാംനു-) തിങ്കളാഴ്ച മദീനക്കു സമീപം സ്ഥിതിചെയ്യുന്ന ഖുബാ എന്നിടത്തെത്തിച്ചേൎന്നു; ബനുഅംറുബ്നുഔഫ് ഗോത്രക്കാരുടെ അതിഥിസൽക്കാരം സ്വീകരിച്ചു. അന്നു നബിക്കു് 53 വയസ്സു പ്രായമായിരുന്നു.

# മക്കയിലെ മതോപദേശം.

റസൂൽകരീമിന്റെ ദൌത്യം മുതൽ അദ്ദേഹം ഖ്വബായിൽ എത്തിയതുവരെയുള്ള കാലം മുഴുവനും അദ്ദേഹത്തിന്റെ മക്കാ ജീവിതകാലമായി ഗണിക്കപ്പെട്ടിരിക്കുന്നു. അതു 12 കൊല്ലവും 5 മാസവും 21 ദിവസവുമായിരുന്നു. ഏകദേശം ഖുർആന്റെ മൂന്നിൽ രണ്ടംശം പോരുന്ന 93 സൂറത്തുകൾ (അദ്ധ്യായങ്ങൾ) ഈ കാലത്തിന്നിടയിലായി ഇറക്കപ്പെട്ടു. വ്യക്തിഗതമായ മതചടങ്ങുകൾ അവയിൽ വിവരിക്കപ്പെട്ടിട്ടില്ല. മക്കക്കാർ അന്ധവിശ്വാസത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചവരും ദുസ്സ്വഭാവികളുമായിരുന്നതിനാൽ മാനസിക സംസ്കാരത്തേയും, ഏക ഇലാഹിനെക്കുറിച്ചുള്ള വിശ്വാസകാര്യങ്ങളേയും സംബന്ധിച്ച വചനങ്ങളായിരുന്നു അവരുടെ നേരെ ഇറക്കപ്പെട്ടിരുന്നതു്. ലോകത്തിന്റെ പൊതുനന്മയെ ലാക്കാക്കി അതതു കാലങ്ങളിൽ ആവിർഭവിച്ച മതങ്ങളെല്ലാം സമ്മതിച്ചിട്ടുള്ള വിശ്വാസ തത്വങ്ങളായി

രുന്നു അവയിൽ പ്രതിപാദിക്കപ്പെട്ടിരുന്നതു്. അദ്ദേഹത്തിന്നു് മക്കത്തുനിന്നു് ലഭിച്ച വചനങ്ങളുടെ മൌലിക സിദ്ധാന്തം ശ്ശൂറാസൂറത്തിലെ താഴെ പറയുന്ന വചനമാകുന്നു.

"അല്ലാഹു നൂഹ് നബിക്കു് ഉപദേശിച്ച മാർഗ്ഗത്തെ നിങ്ങൾക്കു മതമാക്കിയിരിക്കുന്നു. നാം നിനക്കു വഹ്‌യ് നൽകിയതും, ഇബ്രാഹീമിനെയും മൂസയേയും ഈസയേയും ഉപദേശിച്ചിട്ടുള്ളതും അതേ മതത്തെ നില നിറുത്തേണമെന്നും അതിൽ ഭിന്നിക്കരുതെന്നുമാകുന്നു. "ശ്ശൂറാ"-13

ഇപ്രകാരം തന്നെ അൻആം സൂറത്തിൽ ചില പ്രാചീന പ്രവാചകന്മാരുടെ പേരുകൾ പറഞ്ഞതിന്നുശേഷം, അൽലാഹു പറയുന്നതാവിതു് "അല്ലാഹു സത്യമാർഗ്ഗത്തിൽ ചേർത്തിട്ടുള്ളവരാകുന്നു അവർ അതിനാൽ അവരുടെ മാർഗ്ഗത്തെ നിങ്ങളും അനുകരിക്കുക" (അൻആം. 91) ഹജ്ജ് സൂറത്തിൽ ഇസ്‌ലാംമതത്തെപ്പററി ഹസ്രത്തു് ഇബ്രാഹീമിൻെറ മാർഗ്ഗമെന്നു പറഞ്ഞിട്ടുള്ളതും മേൽ പ്രസ്താവിച്ച കാര്യത്തിന്നു് ഒരു ലക്ഷ്യമാകുന്നു. ഹസ്രത്തു് ഇബ്രാഹീംനബി പല പ്രവാചകന്മാരുടേയും പൂർവ്വ പിതാവാകുന്നു. "നിങ്ങളുടെ പിതാവായ ഇബ്രാഹീം നബിയുടെ മാർഗ്ഗത്തെ അൽലാഹു നിങ്ങൾക്കു മതമാക്കിത്തരികയും, പ്രാചീനവേദങ്ങളിലും ഇതിലും (ഖുർആനിലും) നിങ്ങൾക്കു മുസ്‌ലിംകളെന്നു പേർ വെക്കുകയും ചെയ്തിരിക്കുന്നു." (ഹജ്ജ് 78) എന്നു പ്രസ്തുത സൂറത്തിൽ പറഞ്ഞിട്ടുണ്ടു്.

മക്കാവചനങ്ങളിൽ അടങ്ങിയിട്ടുള്ള പ്രധാന മതതത്വങ്ങളെ താഴെ വിവരിക്കുന്നു:—

**ഏക ദൈവവിശ്വാസം:**—അൽലാഹുവിനെമാത്രം രക്ഷകർത്താവായി വിശ്വസിച്ച അവനെ മാത്രം ആരാധിക്കുന്നതാണ് മനുഷ്യപ്രകൃതിക്കു യോജിച്ച മതമെന്നും, അതുതന്നെയാണ് ഇസ്ലാംമതമെന്നും വിശുദ്ധ ഖുർആൻ വിശദീകരിച്ചിരിക്കുന്നു. അൽലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആ മതത്തിലേക്കു ശരിയാംവണ്ണം നിങ്ങളുടെ മുഖം തിരിക്കുക. അൽലാഹു മനുഷ്യനെ ഏതു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയോടു യോജിച്ച ആ മതത്തെ മുറുകെ പിടിക്കുക. അൽലാഹുവിൻെറ സൃഷ്ടിക്കു യാതൊരു മാററവുമില്ല. അതാണ് ശരിയായ മതം. പക്ഷെ അധിക ജനങ്ങളും അതു ഗ്രഹിക്കുന്നില്ല. "റൂം" 30 ഈ വിഷയത്തെപ്പററി തന്നെ മറെറാരു വചനത്തിൽ പറയുന്നതാവിതു്. "നിങ്ങളുടെ രക്ഷിതാവ്, ആദം സന്താനങ്ങളിൽനിന്നു-അവരുടെ മുതുകളിൽനിന്നു അവരുടെ സന്താനങ്ങളെ പുറപ്പെടുവിക്കുകയും, അവരെസ്സംബന്ധിച്ച് അവരെ തന്നെ സാക്ഷികളാക്കുകയും ചെയ്ത അവസരത്തെ നിങ്ങാം സ്മരിക്കുവിൻ! "ഞാൻ നിങ്ങളുടെ രക്ഷകർത്താവല്ലെയോ" എന്നു ചോദിച്ചതിന്ന് "അതേ. ഞങ്ങാം അതിന്നു സാക്ഷികളാണ്" എന്ന് അവർ മറുപടി പറഞ്ഞു. "അഅ്റാഫ്" 172.

ആകയാൽ രക്ഷാകർത്താവിൻെറ ഏകത്വത്തിലുള്ള വിശ്വാസമാണ് പ്രകൃതിമതം. ആ മതം ആദ്യംമുതൽ

അവസാനംവരെയും മനുഷ്യസമുദായത്തിന്നു മതമയിട്ടുള്ളതാണ്. ഇതാണ് ഇസ്‌ലാമിൻെറ മൂലസിദ്ധാന്തം. അൽലാഹുവിൻെറ തൃപ്തിയെ മാത്രം ലാക്കാക്കി, അവനെ മാത്രം ആരാധിക്കേണമെന്നും, സൃഷ്ടിക്കുന്നവനും, ജീവിപ്പിക്കുന്നവനും, മരിപ്പിക്കുന്നവനും, മനുഷ്യന്നു പ്രവൃത്തികൾക്കനുസൃതങ്ങളായ ശിക്ഷാരക്ഷകൾ നല്കുന്നവനും, അവൻ മാത്രമാണെന്നുമായിരുന്നു ലോകത്തിൽ വന്ന സർവ്വ പ്രവാചകന്മാരും പ്രബോധം ചെയ്തിരുന്നത്. എങ്കിലും മൂഢന്മാരും അവിവേകികളുമായിരുന്ന ചിലർ ആ യഥാർത്ഥാരാദ്ധ്യനെ വെടിഞ്ഞ്, അവൻെറ നിർമ്മാണഫലങ്ങളായ സൂര്യചന്ദ്രാദി ഗ്രഹങ്ങളേയും പുഴ, മല മുതലായ മററു സൃഷ്ടികളേയും ദൈവങ്ങളായി വിശ്വസിച്ച് അവയെ ആരാധിച്ചു; ചിലർ മലക്കുകളും, മററു ചിലർ റസൂലുകളും അൽലാഹുവിൻെറ സന്താനങ്ങളാണെന്നു വിശ്വസിച്ചു അവരെ ആരാധിച്ചു വേറെ ചില ആളുകൾ അൽലാഹുവിനെ ലോകത്തിലെ രാജാക്കന്മാരുമായി താരതമ്യപ്പെടുത്തുകയും, അവനുമായി അടുപ്പം സമ്പാദിക്കേണ്ടതിന്ന് ലോകത്തിൽ അസാധാരണമായ വല്ല മഹാ കൃത്യങ്ങളും നിർവ്വഹിച്ചിട്ടുള്ള നബിമാരേയും വലിമാരേയും തങ്ങളുടെ മദ്ധ്യസ്ഥന്മാരാക്കുകയും ചെയ്തു. ഇക്കൂട്ടരിൽ ചിലർ ആ നബിമാരുടേയും വലിമാരുടേയും പ്രതിമകൾ ഉണ്ടാക്കി അവയെ വണങ്ങിത്തുടങ്ങി. അവരുടെ പ്രീതി അൽലാഹുവിൻെറ പ്രീതിക്കു ഹേതുകമാണെന്നു വിശ്വസിച്ചു അതു സമ്പാദിക്കുവാൻ വേണ്ടി ചില ആളുകൾ അവരുടെ ഖബറുകളിലേ

ക്ക നേൎച്ച നേരുകയും, തങ്ങൾക്കും സൃഷ്ടികൎത്താവിന്നും ഇടയിൽ അവരെ മദ്ധ്യസ്ഥരാക്കുകയും ചെയ്തു. ഇങ്ങിനെ ബഹുദൈവവിശ്വാസം ജനസമുദായമദ്ധ്യേ വ്യാപിച്ചു. ഇതിനെപ്പററി യൂനസ്സൂറത്തിൽ അല്ലാഹു ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "അവർ അൽലാഹുവിനെ കൂടാതെ, തങ്ങൾക്കു ദോഷം ചെയ്യാത്തവയും, ഗുണം ചെയ്യാത്തവയുമായ വസ്തുക്കളെ ആരാധിക്കുകയും, അവ അൽലാഹുവിൻെറ അടുക്കൽ തങ്ങളുടെ ശിപാൎശിക്കാരാണെന്നു ഘോഷിക്കുകയും ചെയ്യുന്നു "യൂനസ്" 18 അവരുടെ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ടു് ഫാത്തിർസൂറത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "നിങ്ങൾ അൽലാഹുവിനെ കൂടാതെ ആരെ വിളിക്കുന്നുവോ അവർ ഒരു കാരക്കക്കുരുവിൻെറ തൊലിപോലും ഉടമപ്പെടുത്തുന്നില്ല; നിങ്ങൾ അവരെ വിളിച്ചാൽ അവർ നിങ്ങളുടെ വിളി കേൾക്കുന്നതല്ല; കേട്ടാൽത്തന്നെ സമാധാനം നല്കുന്നതുമല്ല. നിങ്ങൾ അവരെ (ദൈവത്തോടു്) കൂറുകൂട്ടിയതിനെക്കുറിച്ചു അവസാനദിവസം അവർ എതിൎത്തു പറയുന്നതുമാണു്." ഫാത്തിർ 13-14. പിന്നീടു് സ്വമാഹാത്മ്യങ്ങളെ വിവരിച്ചുകൊണ്ടു് അൽലാഹു പറയുന്നതാവിതു്. "സന്താനങ്ങളെ ഉല്പാദിപ്പിക്കാത്തവനും, അധികാരത്തിൽ ഒരു പങ്കുകാരനുമില്ലാത്തവനും, സഹായകൻെറ ആശ്രയം നേരിടത്തക്കവണ്ണം അശക്തനല്ലാത്തവനുമായ അൽലാഹുവിന്നാകുന്നു സൎവ്വ സ്തുതിയും" ഇസ്രാഅ് 111. "നിങ്ങളുടെ ആരാധനാൎഹൻ ഏകആരാധ്യൻ മാത്രമാണു്" (അൽകഹ്ഫ് 110) എന്നു മറെറാരു വാക്യത്തിലും പറഞ്ഞിട്ടുണ്ടു്.

അറബികൾ, പൊതുവെ, ബഹുദൈവവിശ്വാസികളും വിഗ്രഹാരാധകരും, വിഗ്രഹപൂജയിൽ മുഴുകിയവരുമായിരുന്നതിനാൽ, വിശുദ്ധഖുർആൻ, ദൈവം ഏകനാണെന്നു അവരുടെ മുമ്പാകെ വിശദമാക്കുകയും, അതിനെ, ശക്തിമത്തായ വിവിധരേഖകളെക്കൊണ്ടു ബലപ്പെടുത്തുകയും, ബഹുദൈവാരാധനകൊണ്ടുള്ള ദോഷങ്ങളെ തെളിയിച്ചു കാണിക്കുകയും ചെയ്തു. പൂർവ്വികന്മാരായ ജനങ്ങൾക്കു ബഹുദൈവാരാധനമൂലം പിണഞ്ഞ ആപത്തുകളേയും, ഏകദൈവവിശ്വാസംകൊണ്ടു സിദ്ധിച്ച ഗുണങ്ങളേയും കഥകളായി വിവരിച്ചു ഒരു വിഷയത്തെത്തന്നെ വിവിധ രൂപത്തിൽ പ്രതിപാദിക്കുന്നതായാൽ മനുഷ്യനു അതു എളുപ്പത്തിൽ ഗ്രഹിക്കാമല്ലൊ. അതിനാൽ സാധാരണന്മാരുടെ സംശയംപോലും നീങ്ങത്തക്കവണ്ണം, ഖുർആൻ ഈ വിഷയത്തെ വിവിധരീതികളിലായി പലവുരു ആവർത്തിച്ചിരിക്കുന്നു.

ഹസ്രത്തു് മൂസാനബിയുടേയും, ഫിർഔനിൻേറയും, കഥ ഖുർആനിൽ പല സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ടു്. ഈ കഥയില്ലാത്ത മക്കീ സൂറത്തുകൾ വളരെ ചുരുക്കമായിട്ടേ കാണപ്പെടുകയുള്ളു. മൂഢന്മാരായ അറബികളെപ്പോലെത്തന്നെ ഇസ്രഈൽ വർഗ്ഗക്കാരും ബഹുദൈവാരാധനയിൽ മുഴുകിപ്പോയിരുന്നു. ഫിർഔൻ തന്നെ താൻ ദൈവമാണെന്നു വാദിച്ചു ഏകദൈവവിശ്വാസത്തിന്നു കഠിന വിരോധിയായിത്തീൎന്നു. അവന്നു വിപരീതമായി ഹസ്രത്തു് മൂസാ, ദിവ്യസന്ദേശം ഉപദേശിക്കുക

യും പ്രത്യക്ഷമായ പല രേഖകളെക്കൊണ്ടും അസാധാരണശക്തികളെക്കൊണ്ടും സ്വദൌത്യത്തെ തെളിയിക്കുകയും ചെയ്തു. അൽലാഹു അദ്ദേഹത്തിന്നു വിജയംനല്കി ഇസ്രാഈൽ വർഗ്ഗത്തിൻെറ ഏകദൈവവിശ്വാസത്തിന്നു പ്രതിഫലമായി അവരെ അടിമത്തത്തിൽനിന്നും കഷ്ടതയിൽനിന്നും മോചിപ്പിക്കുകയും, ഫിർഔനും അവൻെറ സൈന്യവും സത്യത്തോടു മത്സരിച്ചതിനാൽ അവരെ സമുദ്രത്തിൽ മുക്കിക്കളകയും ചെയ്തു. പിന്നീട് ഇസ്രാഈൽ വർഗ്ഗക്കാർ പശുക്കുട്ടിയെ ആരാധിച്ചതുകൊണ്ട് വീണ്ടും അവർ അൽലാഹുവിൻെറ ശിക്ഷയ്ക്കു പാത്രീഭവിക്കുകയും, അവസാനം അവരുടെ പശ്ചാത്താപത്തെ അൽലാഹു സ്വീകരിക്കുകയുമുണ്ടായി ഇസ്രാഈൽവർഗ്ഗക്കാരുടെ മേല്പറഞ്ഞ അവസ്ഥകൾക്കും റസൂൽകരീമിൻേറയും തിരുമേനിയുടെ സമുദായത്തിൻേറയും സ്ഥിതികൾക്കും തമ്മിൽ സാമ്യമുണ്ടായിരുന്നതുകൊണ്ടാണ് ഇസ്രാഈൽ വർഗ്ഗക്കാരുടെ മേല്പറഞ്ഞ അവസ്ഥകൾക്കും റസൂൽകരീമിൻേറയും തിരുമേനിയുടെ സമുദായത്തിൻേറയും സ്ഥിതികൾക്കും തമ്മിൽ സാമ്യമുണ്ടായിരുന്നതുകൊണ്ടാണ് ഇസ്രായിൽവർഗ്ഗക്കാരുടെ കഥ ഖുർആനിൽ പലയിടങ്ങളിലും വിവരിച്ചതു്.

അറബികൾ സ്വപിതാവായും സ്വമതത്തിൻെറ മഹാപ്രവാചകനായും വിശ്വസിച്ചിരുന്ന ഹസ്രത്ത് ഇബ്രാഹീം നബിയുടെ കഥയും, ഖുർആനിൽ പല രൂപങ്ങളിലായി വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ നി

ഷ്കളങ്കമായ ഏകദൈവവിശ്വാസവും, വിഗ്രഹങ്ങളോട്ട അദ്ദേഹത്തിന്നുണ്ടായിരുന്ന വെറുപ്പും, അവയെ ആരാധിച്ചിരുന്ന സ്വപിതാവും കുടുംബങ്ങളും ഉൾപ്പെടെയുള്ള സർവ്വ ജനങ്ങളുമായി അദ്ദേഹം അകന്നുനിന്നതും, വിഗ്രഹങ്ങളെ ധ്വംസിച്ചതും, ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഏകദൈവവിശ്വാസത്തിന്റെ ഗുണത്തെയും വിഗ്രഹാരാധനയുടെ ദോഷത്തെയും തെളിയിപ്പാനായി മററു പൂർവ്വിക നബിമാരുടെ സ്ഥിതികളും, അവരുടെ സമുദായങ്ങളുടെ അവസ്ഥകളും പരിശുദ്ധ ഖുർആനിൽ ദൃഷ്ടാന്തങ്ങളായി വിവരിക്കപ്പെട്ടിട്ടുണ്ട്. ബഹുദൈവവിശ്വാസം നിശ്ശേഷം നശിക്കുവാൻ, ബിംബാരാധനയെക്കുറിച്ചുള്ള സ്മരണപോലും ജനങ്ങൾക്ക് ഉണ്ടാകാതിരിപ്പാനും വേണ്ടിയാണ് പരിശുദ്ധ ഖുർആൻ, ജീവികളെ അറുത്തു ബിംബങ്ങൾക്ക് ബലി കഴിക്കുന്നതിനെ വിരോധിക്കുകയും, അല്ലാഹുവിന്റെ നാമത്തിൽ അറുക്കപ്പെടാത്ത ജന്തുക്കളെ ഭക്ഷിക്കുന്നതു് തെററാണെന്നു വിധിക്കുകയും ചെയ്തിട്ടുള്ളതു്. കൂടാതെ എത്ര ലഘുവായ പ്രവൃത്തിയും ദൈവനാമത്തിൽ ചെയ്യേണ്ടതാണെന്നു ഇസ്ലാംമതം കല്പിച്ചിരിക്കുന്നു ബഹുദൈവാരാധന വളരെ ആപല്ക്കരമായ ഒരു ദോഷമായതുകൊണ്ടും മനുഷ്യൻ എളുപ്പത്തിൽ അതിലേക്കു ആകൎഷിക്കപ്പെടുവാനിടയുള്ളതുകൊണ്ടും, അതിന്റെ സർവ്വ മാൎഗ്ഗങ്ങളേയും അടച്ചുകളയേണ്ടിവന്നു പ്രതിമകളും വിഗ്രഹങ്ങളും നാട്ടുന്നതു് മതവിരുദ്ധമായി ഗണിക്കപ്പെടുവാനുള്ള കാരണം

ഇതാകുന്നു. റസൂൽകരീം ഹുദൈബിയായിലെ ഒരു വൃക്ഷച്ചുവട്ടിൽവെച്ച് തന്റെ അനുചരന്മാരുമായി, ബൈഅത്തുൽരിസ്‌വാൻ എന്ന പേരിൽ ചരിത്രപ്രസിദ്ധമായിത്തീൎന്ന ഒരു ഉടമ്പടി നടത്തിയതുനിമിത്തം ജനങ്ങൾ ആ വൃക്ഷത്തെ വന്ദിക്കുവാൻ തുടങ്ങിയപ്പോൾ ഹസ്രത്തു് ഉമർ ഉടനെത്തന്നേ ആ മരം മുറിച്ചു് അതിന്റെ വേരുംകൂടി നശിപ്പിച്ചുകളഞ്ഞു.

**നബിമാർ:**—മനുഷ്യ സമുദായത്തിന്നു മാൎഗ്ഗ ദൎശകന്മാരായി അനേകം നബിമാർ ഉണ്ടായിക്കൊണ്ടിരുന്നുവെന്നും, അവരിൽ ചിലരുടെ നേരെ വേദഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടിരുന്നുവെന്നും, വിശുദ്ധ ഖുർആനിൽ സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത പ്രവാചകന്മാരുടെ സ്ഥിതികൾക്കു പുറമെ, ഇബ്രാഹിംനബിയുടെ മതഗ്രന്ഥങ്ങളുടേയും, തൌറാത്തു്, സബൂർ, ഇഞ്ചീൽ എന്നീ വേദങ്ങളുടേയും, മാതൃകകളും ഖുർആനിൽ അടങ്ങിയിട്ടുണ്ടു്. മനുഷ്യരെ സന്മാൎഗ്ഗത്തിൽ ചേൎക്കേണ്ടതിന്നു് മലക്കുകൾ നിയോഗിക്കപ്പെടുന്നതല്ലെന്നും, അൽലാഹു മനുഷ്യരിൽനിന്നുതന്നെ തനിക്കിഷ്ടമുള്ളവരെ നബിമാരായി തിരഞ്ഞെടുത്തു് അവൎക്കു് മലക്കുമുഖേന വഹ്‌യ് നല്കുന്നതാണെന്നും, ഖുർആനിൽ പറഞ്ഞിരിക്കുന്നു. അവർ ജനങ്ങൾക്കു് സന്മാൎഗ്ഗദൎശനം ചെയ്തു കൊടുക്കുന്നതിന്നു യാതൊരു ഐഹിക കാൎയ്യലാഭത്തേയും, ഇച്ഛിക്കാതെ അൽലാഹുവിന്റെ പ്രീതിയെ മാത്രം ഉദ്ദേശിച്ചു അവന്റെ കല്പനപ്രകാരം തങ്ങളുടെ കടമകളെ നിൎവ്വഹിക്കുകയാ

ണ് ചെയ്തിരുന്നതെന്നു ഓരോ പ്രവാചകൻെറ കഥയിലും പറഞ്ഞിട്ടുണ്ട്. നബിമാരുടെ യാഥാൎത്ഥ്യത്തിന്നു അവരുടെ വിശ്വസ്തതയും സത്യനിഷ്ഠയും രേഖയാണെന്നും, അൽലാഹ്വ അവൎക്കു് അമാനുഷികശക്തികളും, തൻെറ പ്രത്യേക അനുഗ്രഹവും, ശത്രുക്കളുടെ മേൽ വിജയവും നൽകുന്നതാണെന്നും, ഖുർആൻ വിശദമാക്കിയിരിക്കുന്നു. ഇപ്പറഞ്ഞതിന്നു റസൂൽകരീമിൻെറ സ്ഥിതി തന്നെ ദൃഷ്ടാന്തമാകുന്നു. അദ്ദേഹവും സഖാക്കളും ശക്തന്മാരായിരുന്ന തങ്ങളുടെ ശത്രുക്കളാൽ തോല്പിക്കപ്പെടുകയും, അവരുടെ നാനാ പ്രകാരത്തിലുള്ള ഉപദ്രവങ്ങൾ അനുഭവിക്കുകയും ചെയ്തിരുന്നുവെങ്കിലും, അവസാനജയം തങ്ങൾക്കു് ലഭിക്കുന്നതാണെന്നു അൽലാഹ്വവിൻെറ അടുക്കൽനിന്നു അവൎക്കു് ഉറപ്പു കിട്ടിയിരുന്നു. "അടുത്തു് തന്നേ ഇതിൻെറ അന്ത്യഫലം നിസ്സംശയം നിങ്ങൾ അറിയുന്നതാണ്" (സാദ് 88) എന്നു, ഖുർആൻ ഘോഷിച്ചിരുന്നു "കളവാണെന്നു അവർ വാദിച്ച അവരുടെ പരിഹാസത്തിന്നുള്ള ശിക്ഷകൾ അടുത്ത അവസരത്തിൽ അവർ അറിയുന്നതാണ്" (ശുഅറാ 6) എന്നു മറെറാരു വചനത്തിലും പറയപ്പെട്ടിരിക്കുന്നു. "ആ ശത്രുസംഘം ഉടനെ തോല്പിക്കപ്പെടുകയും, മുസ്ലിംകളിൽനിന്നു തിരിഞ്ഞോടുകയും ചെയ്യുന്നതാണ്" (അൽഖമർ. 45) എന്നും പറഞ്ഞിട്ടുണ്ട്.

**ന്യായവിസ്താരദിവസം**:—"നീവ്വ ജനങ്ങളെയും അല്ലാഹ്വ വിചാരണ ചെയ്യുന്ന ഒരു ദിവസമുണ്ടെന്നും, അ

ന്നു ലോകത്തിൽവെച്ച അവനവൻ ചെയ്ത സർവ്വ പ്രവൃത്തികളും താന്താങ്ങളുടെ മുമ്പാകെ വെളിപ്പെടുന്നതാണെന്നും, ഗുണമാവട്ടെ ദോഷമാവട്ടെ അണുപോലും വിട്ടുപോകുന്നതല്ലെന്നും നന്മ അധികമുള്ളവർ സ്വർഗ്ഗത്തിലും തിന്മ അധികമുള്ളവർ നരകത്തിലും പ്രവേശിക്കുന്നതാണെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു. ഇതിനെക്കുറിച്ച് ഖുർആനിൽ പല പ്രാവശ്യം ഓർമ്മപ്പെടുത്തീട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വചനം മൂലം പാപികൾക്ക് പശ്ചാത്താപത്തിന്നും കുററമോചനാഭ്യർത്ഥനയ്ക്കും മാർഗ്ഗം നൽകി അവരെ നിരാശയിൽനിന്നു രക്ഷിച്ചിരിക്കുന്നു.

"നബി അവരോടു ഇപ്രകാരം പറയുവിൻ. തങ്ങളോടുതന്നെ അക്രമം പ്രവൎത്തിച്ചിട്ടുള്ള സ്വജനങ്ങളെ! നിങ്ങൾ അൽലാഹുവിൻെറ കരുണയിൽ ആശ മുറിക്കരുതു്. തീൎച്ചയായും അൽലാഹു സർവ്വ ദോഷങ്ങളേയും പൊറുക്കുന്നതാണ്; അവൻ പൊറുക്കുന്നവനും ഗുണം ചെയ്യുന്നവനും ആകുന്നു." (അസ്സുമർ 53)

**സദ്ഗുണങ്ങൾ:**—സജ്ജനങ്ങളിൽ ഉണ്ടായിരിക്കേണ്ട സദ്ഗുണങ്ങളെ ഖുർആനിൽ അവിടവിടെയായി അൽലാഹു വിവരിച്ചിരിക്കുന്നു. ഇസ്രാസൂറത്തിൽ മാതാപിതാക്കന്മാരെ ആദരിക്കുവാനും, മക്കളോടു വാത്സല്യപൂർവ്വം പെരുമാറുവാനും, ഉപദേശിച്ചതിന്നു പുറമെ, അറിവും ഉപദേശവും അടങ്ങിയ പല കാൎയ്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. ഖുർഖാൻ സൂറത്തിൻെറ അവ

സാന ഖണ്ഡികയിൽ തന്റെ പ്രത്യേക ജനങ്ങളിൽ സമ്മേളിക്കുന്ന സഹനം, വിനയം ആദിയായ പല സദ്ഗുണങ്ങളെ അൽലാഹ വിവരിച്ചിരിക്കുന്നു. ഈ വിഷയത്തിന്റെ വിവരണം ചരിത്രത്തിൽ ഉൾപ്പെട്ടതല്ല. റസൂൽകരീമിന്റെ സ്വഭാവഗുണങ്ങളും ആചാര മര്യാദകളും സുഗ്രാഹ്യമാവേണ്ടതിന്നു ഏററവും നല്ല ഗ്രന്ഥം ഖുർആൻ തന്നെയാകുന്നു. റസൂൽകരീമിന്റെ ചര്യകൾ ഖുർആനിൽ അടങ്ങീട്ടുള്ള ഉപദേശങ്ങൾക്കു് ഉത്തമമാതൃകകളാകുന്നു.

**ആരാധനങ്ങൾ:**—നമസ്കാരം, ദാനം ആദിയായി മനുഷ്യനും ഇലാഹമായുള്ള ബന്ധത്തിന്നു ആവശ്യമായ ആരാധനങ്ങളേയും ഖുർആനിൽ വിവരിച്ചിട്ടുണ്ടു്. നമസ്കാരത്തെ അനുഷ്ഠിക്കേണ്ടതിനേയും അതിൽ തൃഷ്ണവെക്കേണ്ടതിനേയും കുറിച്ചുള്ള വിധികൾ മക്കാവചനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടു് പക്ഷെ ഇതു കർമ്മപരമായ ഒരു ആരാധനമാകയാൽ ഇതിന്റെ വ്യക്തിപരമായ നിയമങ്ങൾ ഖുർആനിൽ പറയപ്പെട്ടിട്ടില്ല ഇന്നപ്രകാരമാണു് നമസ്കാരമെന്നു റസൂൽകരീം പ്രവൃത്തിമൂലം കാണിച്ചുതന്നതനുസരിച്ചു് സമുദായം അതു ഇന്നുവരെയും നിർവ്വിഘ്നം അനുഷ്ഠിച്ചുവന്നിരിക്കുന്നു നമസ്കാരം പാപവർജ്ജനത്തിന്നുള്ള മാർഗ്ഗമാണെന്നു "നീചകർമ്മത്തേയും ദുഷ്പ്രവൃത്തിയേയും നമസ്കാരം തടുക്കുന്നു" (അങ്കബൂത്തു് 45 എന്ന ഖുർആൻ വചനം മൂലവും, നമസ്കാരത്തിൽ വീഴ്ചവരുത്തുന്നവർ ശിക്ഷാർഹരാണെന്നു "തങ്ങളുടെ നമസ്കാ

രത്തെക്കുറിച്ചു ശ്രദ്ധയില്ലാത്ത നമസ്കാരക്കാർക്ക് നാശമാണ്'' (മാഊൻ 4-5) എന്ന വാക്യം മൂലവും സ്പഷ്ടമായിരിക്കുന്നു. മക്കത്തു് നമസ്കാരത്തെക്കുറിച്ച് കല്പനയുണ്ടായതു് എന്നായിരുന്നുവെന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. മിഅ്റാജ് രാത്രിയിലാണ് അഞ്ചു നേരത്തെ നമസ്കാരം നിർബ്ബന്ധമായതെന്നു പലരും പറയുന്നു. അതുകൊണ്ടു് മിഅ്റാജിനെക്കുറിച്ചും ഈ അവസരത്തിൽ മൊത്തമായി വിവരിക്കാം.

**മിഅ്റാജ്:**—മിഅ്റാജ് എന്ന പദത്തിന്നു ഏണി എന്നാണ് അർത്ഥം. എങ്കിലും റസൂൽകരീമിൻെറ വാനലോകാരോഹണത്തിന്നാണ് ഈ പദത്തെ സാധാരണ ഉപയോഗിച്ചുവരുന്നതു്. വിശുദ്ധ ഖുർആനിൽ ഇസ്രാസൂറത്തിൻെറ ആരംഭത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. തൻെറ അടിമയെ (മുഹമ്മദ്നബിയെ) തൻെറ ചില ശക്തികൾ കാണിച്ചുകൊടുക്കേണ്ടതിന്നായി രാത്രി അല്പസമയംകൊണ്ടു മസ്ജിദുൽഹറാം പള്ളിയിൽനിന്നു, താൻ ചുററുഭാഗവും അനുഗ്രഹിച്ചിട്ടുള്ള മസ്ജദുൽ അഖ്സാ പള്ളിയിലേയ്ക്കു് രാപ്രയാണം ചെയ്യിച്ചവൻ പരിശുദ്ധനാകുന്നു'' (ഇസ്രാഅ് 1) ഇസ്റാസൂറത്തു് മക്കാ സൂറത്തുകളിൽ പെട്ടതാകയാൽ, മിഅ്റാജ് ഉണ്ടായതു് മക്കയിൽനിന്നാണെന്നു ചരിത്രകാരന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. പക്ഷെ അതിൻെറ കൃത്യസമയം തീരുമാനിക്കപ്പെട്ടിട്ടില്ല. നുബുവ്വത്തു് 10-ാം സംവത്സരത്തിലാണെന്നാണ് ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളതു്.

മിഅ്റാജുണ്ടായ അതേ ദിവസം പ്രഭാതസമയത്തു് റസൂൽകരീം അതിനെക്കുറിച്ച് ജനങ്ങളോടു വിവരിച്ചു പറഞ്ഞു. അവർ ആശ്ചര്യഭരിതരാകയും ചിലർ തിരുമേനിയെ പരിഹസിച്ചു തുടങ്ങുകയും ചെയ്തു. പക്ഷെ മുസ്ലിംകൾ അതു വിശ്വസിക്കുകയുണ്ടായി. അബൂബക്കർ ഈ സംഭവത്തെ ദൃഢമായി വിശ്വസിച്ചു. തന്നിമിത്തം അദ്ദേഹത്തിന്നു അതേദിവസം സിദ്ദീഖ് (സത്യവാൻ) എന്നു നാമധേയം ലഭിച്ചു. അമുസ്ലീംകൾ ഇതു തീരെ കളവാണെന്നു വിശ്വസിക്കുകയും ഇസ്ലാംമതത്തിൽ ദൃഢവിശ്വാസമില്ലാതിരുന്ന ചില മുസ്ലിംകൾ പരിഭ്രമിച്ചു ഇസ്ലാംമതം ഉപേക്ഷിക്കുകയുണ്ടായി.

ഈ സംഭവത്തിൻെറ സ്ഥിതിയെക്കുറിച്ച് വിദ്വാന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ടു്. സത്യപരമായ ഒരു സ്വപ്നമായിരുന്നുവെന്നാണ് അമീർമുആവിയായുടെ അഭിപ്രായം. മിഅ്റാജുണ്ടായ കാലത്തു് നബിയുടെ ഭാര്യയല്ലായിരുന്നുവെങ്കിലും, സഹാബികളുടെ കാലത്തു് സർവ്വോപരി തിരുമേനിയുടെ സ്ഥിതിഗതികളറിഞ്ഞിരുന്ന ഉമ്മുൽ മൂഅ്മിനീൻ ഹസ്രത്തു് ആയിശ, മിഅ്റാജു രാത്രി തിരുമേനിയുടെ പരിശുദ്ധ ദേഹം ഉമ്മുഹാനിയുടെ ഗൃഹത്തിൽ യഥാസ്ഥലത്തുണ്ടായിരുന്നതിനാൽ, ഈ ആരോഹണം ആത്മീയമായിരുന്നുവെന്നു പറഞ്ഞിരിക്കുന്നു.

ഈ രണ്ടു അഭിപ്രായങ്ങളുടേയും ഫലം ഒന്നു തന്നെയാകുന്നു. സ്വദേശത്തുനിന്നു അകലെ സ്ഥിതിചെയ്യുന്ന

മസ്ജിദുൽഅഖ്സായിൽ വെച്ച അൽലാഹു തൻെറ ചില ശക്തികൾ തിരുമേനിയുടെ ആത്മാവിന്നു സ്വപ്ന ത്തിൽ കാണിച്ചുകൊടുത്തുവെന്നാണു് ഒരു കൂട്ടർ പറയു ന്നതു്. ഇവർ രേഖയായി പറയുന്നതു് താഴെ പറയുന്ന ഖുർആൻ വാക്യത്തെയാകുന്നു.

"നിനക്കു കാണിച്ച സ്വപ്നത്തെ ജനങ്ങൾക്കു് ഒരു പരീക്ഷയായിട്ടല്ലാതെ നാം ആക്കീട്ടില്ല" (ഇസ്റാഅ് 60) ഈ ഖുർആൻ വചനം മിഅറാജിനെപ്പററി ഇറ ങ്ങീട്ടുള്ളതാണെന്നു ഇതിനെക്കുറിച്ചുള്ള നബിവചനം കഥനം ചെയ്ത ഹസ്രത്തു് ഹസൻബസരീതന്നെ പറ ഞ്ഞിരിക്കുന്നു.

എന്നാൽ ഭൂരിപക്ഷക്കാരായ മുസ്ലിംകൾ പറയു ന്നതു്, ശാരീരികമായ മിഅ്റാജ് ഉണ്ടായിട്ടുണ്ടെന്നാ ണു്. മിഅറാജ് ഉണ്ടായതു് സ്വപ്നത്തിലായിരുന്നുവെ ങ്കിൽ, ശത്രുക്കൾ അതു കളവാണെന്നു പറയുവാനും, വി ശ്വാസം കുറഞ്ഞ മുസ്ലിംകൾ മതപരിത്യാഗം ചെയ്വാ നും സംഗതിവരികയില്ലായിരുന്നുവെന്നും, സ്വപ്നത്തിൽ ഭൂമിയിൽനിന്നു് ആകാശത്തിലേക്കു നോക്കുകയോ സഞ്ച രിക്കുകയോ ചെയ്യുന്നതു ആശ്ചര്യമോ അസാധാരണമോ ആയ ഒരു കാര്യമല്ലെന്നുമാകുന്നു ഇവരുടെ വാദം.

യോഗ്യന്മാരായ ചരിത്രകാരന്മാരിൽ അധികമാ ളുകളും ആനുകൂല്യം പ്രദർശിപ്പിച്ചിട്ടുള്ളതു് ഹസ്രത്തു് ആ

യിശായുടേയും അമീർമുആവിയയുടേയും അഭിപ്രായത്തോടാണ്. എന്നാൽ അവർ അങ്ങിനെ ചെയ്തതു് അസാധാരണമായ ഇത്തരം കാര്യങ്ങൾ നബിമാരിൽ അസംഭാവ്യമാണെന്നു വിശ്വസിച്ചതുകൊണ്ടല്ല; ശാരീരികമായ ആരോഹണത്തെ സ്ഥിരപ്പെടുത്തുന്ന രേഖകൾ കുറവായതുകൊണ്ടു് മാത്രമാണ്.

അമീർമുആവിയയും, ഇസ്ലാംമത വിശ്വാസികളുടെ വന്ദ്യമാതാവായ ഹസ്രത്തു് ആഇശയും, മിഅ്റാജുണ്ടായതു് സ്വപ്നത്തിലായിരുന്നുവെന്നു് പറഞ്ഞിട്ടുള്ളതിനെ സഹാബികളിൽ ആരും ഖണ്ഡിക്കാതിരുന്നതു്, അവരും അങ്ങിനെതന്നെ വിശ്വസിച്ചിരുന്നുവെന്നുള്ളതിന്നു് രേഖയാണ്. ഇതിന്നും പുറമെ ഇമാംഹസൻബസരീ സ്വപ്നത്തെക്കുറിക്കുന്ന മേൽ പ്രസ്താവിച്ച ഖുർആൻ വചനം ഇതിനെപ്പററിയാണെന്നു രാപ്രയാണം സ്വപ്നത്തിലാണ് ഉണ്ടായതെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്നും വിപരീതാഭിപ്രായക്കാർ ഉണ്ടായിരുന്നില്ല.

അൽലാഹു റസൂൽകരീമിനെ രാത്രി സമയത്തു് മസ്ജിദുൽ അഖ്സായിൽ കൊണ്ടുപോയി തൻെറ ചില ശക്തികൾ അദ്ദേഹത്തിന്നു കാണിച്ചുകൊടുത്തുവെന്നു മാത്രമേ ഖുർആനിൽ നിന്നു് സ്പഷ്ടമാകുന്നുള്ളു. നബിമാൎക്കു് ഉറക്കവും ഉണൎച്ച്യയും ഒരുപോലെയാണെന്നുള്ളതു് സർവ്വസമ്മതമാണല്ലോ. അതുകൊണ്ടു സ്ഥൂലദൃഷ്ടിക്കും ആത്മീയദൃഷ്ടിക്കും തമ്മിൽ വ്യത്യാസമുണ്ടെന്നു വിചാരി

പ്പാൻ തരമില്ലാത്തതിനാൽ, സ്വപ്നമായിരുന്നുവെന്നു വ യ്ക്കുന്നതായാലും ഖുർആൻ വചനത്തിൻെറ സാരം യോ ജിക്കാതിരിക്കുന്നതല്ല.

എന്നാൽ അവിശ്വാസികൾ ആശ്ചര്യം പ്രദർശിപ്പി ച്ചതും പരിഹസിച്ചതും എന്തുകൊണ്ടായിരുന്നുവെന്നാക ന്നു ഇനി നമുക്ക് ചിന്തിക്കുവാനുള്ളതു്. അവർ തിരുമേ നിയുടെ ശത്രുക്കളും ദുർമ്മാർഗ്ഗികളുമായിരുന്നുവല്ലൊ പൊ തുജനങ്ങൾക്കു് തിരുമേനിയുടെ നേരെ വൈരമുണ്ടാകു ന്നതിൽ അവർ ബദ്ധശ്രദ്ധരായിരുന്നതുകൊണ്ടു് എത്ര യും ലഘുവായ വർത്തമാനം കേട്ടാൽതന്നെ, അതിനെ പ ർവ്വതീകരിച്ചു വിവിധരൂപങ്ങളിൽ വർണ്ണിക്കുകയായിരുന്നു അവരുടെ പതിവു്. അന്നു രാത്രി തനിക്കു ബൈത്തുൽ മുഖദ്ദസിൽ വെച്ചു അൽലാഹുവിൻെറ ചില സൃഷ്ടിമാ ഹാത്മ്യങ്ങൾ കാണിച്ചുകൊടുത്തുവെന്നു റസൂൽകരീം പ റഞ്ഞതു് ആ ശത്രുക്കൾക്കു ബഹളം കൂട്ടുവാൻ ധാരാളം ഉപയുക്തമായി. അവരുടെ സ്ഥിതിയെക്കുറിച്ചു ഖുർ ആൻ പറയുന്നതാവിതു്. "ഈ ഖുർആൻ നിങ്ങൾ ശ്ര വിക്കാതിരിക്കുകയും, ശ്രവിക്കുമ്പോൾ ആർത്തുവിളിക്കുക യും ചെയ്യിൻ. എന്നാൽ നിങ്ങൾ ജയം പ്രാപിക്കും. എന്നു അവിശ്വാസികൾ (തമ്മിൽ തമ്മിൽ) പറയുന്നു." (ഹാമീം 26) പ്രസിദ്ധ യുദ്ധചരിത്രകാരനായ ഇമാംഇ ബ്നുഇസ്ഹാഖ് ഈ രണ്ടുവിധ അഭിപ്രായങ്ങളേയും വിവരിച്ചതിന്നുശേഷം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ രണ്ടഭിപ്രായങ്ങളിൽ ഏതാണു് വാസ്തവമെന്നു്

അൽലാഹുവിന്നറിയാം. ഉറക്കത്തിലാകട്ടെ, ഉണൎച്ചയിലാകട്ടെ, തിരുമേനി കണ്ടിട്ടുള്ളതെല്ലാം പരമാൎത്ഥമാണു്. അതു് നാം വിശ്വസിച്ചിരിക്കുന്നു."

**ഖുർആൻ:**—വിശുദ്ധ ഖുർആനിനെ മുസ്ലിം സമുദായത്തിൻെറ നടപടികൾക്കുള്ള നിയമഗ്രന്ഥമായി അൽലാഹു നിശ്ചയിച്ചിരിക്കുന്നു "നാം ഇറക്കിയ ഈ ഗ്രന്ഥം അനുഗ്രഹിക്കപ്പെട്ടതാകുന്നു. അതിനെ നിങ്ങൾ തുടരുവിൻ" (അൻആം. 156) എന്നു അവൻ കല്പിച്ചിരിക്കുന്നു. കൂടാതെ അഅ്റാഫ് സൂറത്തിൽ അവൻ ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്. "നിങ്ങൾക്കു് നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നു് ഇറക്കപ്പെട്ട വേദത്തെ നിങ്ങൾ തുടരുവിൻ. അവനെ (അൽലാഹുവിനെ)യല്ലാതെ മററാരെയും നിങ്ങൾ യജമാനന്മാരാക്കരുതു്." (അഅ്റാഫ് 3.) ഖുർആനു മുമ്പു് ഇറങ്ങീട്ടുള്ള സർവ്വ വേദഗ്രന്ഥങ്ങളേയും ജനങ്ങൾ വ്യത്യാസപ്പെടുത്തിക്കളഞ്ഞു. എന്നാൽ ഇസ്ലാം മതം അന്ത്യവും പരിപൂൎണ്ണവുമായ മതമാകയാൽ ഖുർആനിനെ താൻതന്നെ സൂക്ഷിക്കുന്നതാണെന്നു് "ഖുർആൻ ഇറക്കിയതു നാമാകുന്നു. നാം തന്നെ അതിനെ രക്ഷിക്കുന്നതാണു്." (ഹിജ്റ് 9.) എന്ന വചനവും, "അതു (ഖുർആൻ) പരിശുദ്ധ ഗ്രന്ഥമാകുന്നു. അതിൻെറ മുൻഭാഗത്തുകൂടിയും പിൻഭാഗത്തുകൂടിയും (ഒരു പ്രകാരത്തിലും) അസത്യം അതിൽ പ്രവേശിക്കുന്നതല്ല." (ഹാമീം 41) എന്ന വാക്യവും മൂലം അ

വൻ വാഗ്ദാനം ചെയ്തിരിക്കുന്നു ഇതിന്നും പുറമെ ഖുർആനിലെ പദങ്ങൾക്കുപോലും യാതൊരു വിഘ്നവും നേരിടുന്നതല്ലെന്നു കഹ്ഫ്സൂറത്തിലെ താഴെ പറയുന്ന വചനം ഉറപ്പുനൽകിയിരിക്കുന്നു.

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നു നിങ്ങൾക്ക് വഹ്‌യ്മാർഗ്ഗം ഇറക്കപ്പെട്ട ഖുർആൻ നിങ്ങൾ ഓതി കേൾപ്പിക്കുവിൻ. അവൻെറ വചനങ്ങളെ മാററുന്ന ഒരാളുമില്ല. അതിനെ (ഖുർആനെ) അല്ലാതെ യാതൊരു രക്ഷാമാർഗ്ഗത്തെയും നിങ്ങൾ കാണുന്നതല്ല." കഹ്ഫ് 27.

# മദീനാപ്രവേശനം.

റസൂൽകരീം ഖുബായിൽ നാലു ദിവസം താമസിക്കുകയുണ്ടായി അതിന്നിടയിൽ മസ്ജിദുൽഖുബാ എന്ന നാമധേയത്താൽ ഇന്നും ശ്രുതിപ്പെട്ട അവിടത്തെ പള്ളിക്കു് തറക്കല്ലിട്ടു. പിന്നീടു് റബീഉൽ അവ്വൽ 12-ാം തിയ്യതി (ക്രിസ്താബ്ദം 622 സപ്തമ്പർ 24-ാംനു-) വെള്ളിയാഴ്ച അവിടെനിന്നു പുറപ്പെട്ടു മദീനയിൽ എത്തിച്ചേന്നു. അദ്ദേഹം മദീനയിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ഓരോ ഗോത്രക്കാരും അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. ചിലർ തിരുമേനിയെ സ്വീകരിപ്പാനുള്ള മോഹം നിമിത്തം അദ്ദേഹം സവാരിചെയ്തിരുന്ന ഒട്ടകത്തിൻെറ മൂക്കുകയർ പിടിച്ചു അതിനെ നിൎത്തുവാൻ ശ്രമിച്ചു. തദവസരത്തിൽ തിരുമേനി അവരോടു് "വിടുവിൻ; ഈ ഒട്ടകത്തിന്നു് അൽലാഹുവിങ്കൽനിന്നു് കല്പന ലഭിച്ചിട്ടുണ്ടു്. ഞാൻ ഇറങ്ങേണ്ടതായ സ്ഥലത്തു് അതുത

ന്നെ നില്ക്കുന്നതാണു്" എന്നു പറഞ്ഞു. ബനൂമാലിക്ക് ബ്നുന്നജ്ജാറിൻെറ സ്ഥലത്തെത്തിയ അവസരത്തിൽ ഇപ്പോഠം മസ്ജിദുന്നബവി പള്ളിയുടെ വാതിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തു് ഒട്ടകം തനിയെ മുട്ടുകുത്തി. പക്ഷെ നബി ഇറങ്ങാഞ്ഞതിനാൽ അതു എഴുന്നീററു കുറെ മുന്നോട്ടു നടന്നതിന്നുശേഷം മടങ്ങി ആദ്യത്തെ സ്ഥലത്തുതന്നെ വീണ്ടും മുട്ടുകുത്തി. അപ്പോഠം തിരുമേനി "ഇതു നമ്മുടെ വാസസ്ഥലമായിരിക്കാ"മെന്നു പറഞ്ഞു. അവിടെ ഇറങ്ങി. ഉടനെ ഹസ്രത്തു അബൂഅയ്യൂബിൽ അൻസാരി ഒട്ടകപ്പുറത്തുനിന്നു ജീനി ഇറക്കി തൻെറ ഗൃഹത്തിൽകൊണ്ടുപോയി വെയ്ക്കുകയും, തിരുമേനി അദ്ദേഹത്തിൻെറ അതിഥിയായി താമസിക്കുകയും ചെയ്തു

നബിയുടെ ഉപദേശപ്രകാരം * അൻസാരികളിൽ ഓരോരുത്തനും ഓരോ മുഹാജിറിനെ സഹോദരനായി സ്വീകരിച്ചതിനാൽ, മുഹാജിറുകഠം തങ്ങളുടെ സഹോദരന്മാരായ അൻസാരികളുടെ വീട്ടുകളിൽ പോയി പാൎത്തു. അൻസാരികഠം അവരെ യഥാൎത്ഥ സഹോദരന്മാരെപ്പോലെ സ്വഭവനങ്ങളിൽ സ്നേഹപൂൎവ്വം പാൎപ്പിച്ചു ചിലർ തങ്ങളുടെ ധനം രണ്ടംശമായി ഭാഗിച്ചു് ഇഷ്ടമു

---

* മദീനക്കാരായ നബിയുടെ സഖാക്കഠംക്കാണു് അൻസാരികഠം എന്നു പറയുന്നതു്. അവർ തിരുമേനിയേയും മുഹാജിറുകളേയും സഹായിച്ചതുകൊണ്ടാണു് സഖാക്കഠം എന്നൎത്ഥമുള്ള ഈ പേർ അവൎക്കു ലഭിച്ചതു്. —പരിഭാഷകൻ.

KOTTAYAM PUBLIC LIBRARY KOTTAYAM

ള്ള അംശം എടുത്തുകൊള്ളേണമെന്നു തങ്ങളുടെ സഹോദരന്മാരായ മുഹാജിറുകളോടു പറയുകയുണ്ടായി. ഈരണ്ടു ഭാൎയ്യമാരുമുണ്ടായിരുന്ന ചില ആളുകൾ മുഹാജിറുകൾക്കിഷ്ടമുള്ള സ്ത്രീകളെ തങ്ങളുടെ വിവാഹബന്ധം വേർപെടുത്തിക്കൊണ്ടു അവരുടെ ഭാൎയ്യമാരാക്കിക്കൊടുക്കാമെന്നു കൂടി പറഞ്ഞിട്ടുണ്ടായിരുന്നു.

ഒട്ടകം മുട്ടുകുത്തിയിരുന്ന സ്ഥലം സഹ്ൽ എന്നും, സുഹൈൽ എന്നും പേരായ രണ്ടു് അനാഥക്കുട്ടികളുടേതായിരുന്നു. അവരുടെ രക്ഷാകൎത്താക്കന്മാരോടു് റസൂൽകരീം ആ സ്ഥലം വിലക്കു വാങ്ങുകയും, അവിടെ പള്ളി പണിയിക്കുകയും അതിന്നു സമീപം തനിക്കു താമസിപ്പാൻ വേണ്ടി മുറികളുണ്ടാക്കിക്കുകയും ചെയ്തു. പ്രസ്തുത മുറികളുടെ പണി തീൎന്നതിന്നുശേഷം തിരുമേനി ഹസ്രത്ത് അബൂഅയ്യൂബിൻെറ വീടു് ഉപേക്ഷിച്ചു് അവിടെ താമസിച്ചു.

നബി മദീനയിൽ എത്തിയ ഉടനെത്തന്നെ അടുത്തുണ്ടായിരുന്ന ജൂതന്മാരുമായി ഉടമ്പടികൾ നടത്തി. ആ ഉടമ്പടികളിൽ പല നിബന്ധനകൾ ഉൾപ്പെട്ടിരുന്നു. ശത്രുക്കളുമായി യുദ്ധമുണ്ടാകുമ്പോൾ ഇരു കക്ഷികളും പരസ്പരം സഹായിക്കുന്നതാണെന്നും മതം, ജീവൻ, സ്വത്തു് ഇവയെസ്സംബന്ധിച്ചു പരസ്പരം ദ്രോഹിക്കുന്നതല്ലെന്നും, ഇരുകക്ഷികളും തമ്മിൽ വല്ല തകരാറുമുണ്ടായാൽ നീതിന്യായനടപടി നടത്തുവാൻ നബിക്കു് അവകാശമുണ്ടെന്നും ഖുറൈശികൾക്കും അവരുടെ സഹാ

ക്കാംക്കും ജൂതന്മാർ രക്ഷനൽകുന്നതല്ലെന്നുമായിരുന്നു ആ നിബന്ധനകളുടെ സംഗ്രഹം. ഈ ഉടമ്പടികാം നടന്നതിന്നശേഷം നബി മതപ്രചരണം ആരംഭിക്കുകയും അന്നുമുതൽ ഇസ്'ലാമിന്നു് ശ്രേയസ്കരമായ ഒരു നവപരിവർത്തനം ആവിർഭവിക്കുകയുമുണ്ടായി ഇനി പ്രസ്താവിക്കുവാനുള്ള വിഷയങ്ങളെ, ശത്രുക്കളുമായുള്ള യുദ്ധം, മതോപദേശം, നബിയുടെ ശ്രേഷ്ഠഗുണങ്ങാം ഇങ്ങിനെ മൂന്നു പ്രധാന വിഭാഗങ്ങളായി അംശിച്ചു ഓരോ വിഭാഗത്തേയും വഴിക്കുവഴിയായി വിവരിച്ചുകൊള്ളാം.

# യുദ്ധങ്ങൾ

മുസ്ലിംകൾ മദീനയിൽ പോയതിന്നു ശേഷം ഖുറൈശികൾക്കു അവരോടുണ്ടായിരുന്ന പക പതിന്മടങ്ങു വർദ്ധിച്ചു. മുസ്ലിംകൾ ഉപേക്ഷിച്ചുപോയ സ്വത്തുക്കളെല്ലാം അവർ കൈവശപ്പെടുത്തി. ഹജ്ജിന്നും ഉംറയ്ക്കുമായി മക്കയിൽ ചെല്ലുവാൻ പോലും മുസ്ലിംകളെ അവർ അനുവദിച്ചിരുന്നില്ല കൂടാതെ മദീനാ രാജ്യത്തോടു യുദ്ധം ചെയ്യാൻ അവർ പ്രബലമായ ഒരുക്കം ചെയ്തുകൊണ്ടിരുന്നു. മദീനയിലെ നേതാക്കന്മാരിൽ പ്രധാനി അബ്ദുൽലാഹിബ്നു ഉബയ്യായിരുന്നു. റസൂൽകരീമിന്റെ ഹിജ്രക്കു ഏതാനും മാസംമുമ്പ് മദീനക്കാർ അയാളെ രാജാവാക്കുവാൻവേണ്ടി കിരീടം തെയ്യാറാക്കിവച്ചിരുന്നു. "മുഹമ്മദിന്നു നിങ്ങളുടെ നാട്ടിൽ എന്തിന്നു നിങ്ങൾ അഭയം നൽകി? അവനെ പുറത്താക്കാത്തപക്ഷം, നിങ്ങളോടു ഞങ്ങൾ പോരാടുന്നതാണ്" എന്നു ഖുറൈശികൾ അയാൾക്കു എഴുതി അറി

യിച്ചു എന്നാൽ മദീനക്കാരിൽ അധികമാളുകളും മുസ്ലിംകളായിരുന്നതിനാൽ ഖുറൈശികളുടെ കല്പനപ്രകാരം പ്രവൎത്തിപ്പാൻ അബ്ദുല്ലക്കു ധൈൎയ്യമുണ്ടായില്ല. എങ്കിലും ഖുറൈശികൾ അയാളെ കൂടെക്കൂടെ ഇളക്കിക്കൊണ്ടിരുന്നു. അവർ മദീനക്കു സമീപം നിവസിച്ചിരുന്ന ജൂതന്മാരെയും മുസ്ലിംകളുടെ നേരെ ഇളക്കിവിടാതിരുന്നില്ല. അവരുടെ വിരോധം നിമിത്തം മദീനാ മുസ്ലിംകളുടെ സ്ഥിതി വളരെ ആപല്ക്കരമായിത്തീൎന്നു. ശത്രുക്കൾ വല്ല വഴിക്കും മദീനയെ ആക്രമിച്ചു കളയുമെന്ന ശങ്കനിമിത്തം, റസൂൽകരീം രാത്രി അധികസമയവും ഉറങ്ങാതെ കഴിച്ചുകൂട്ടുകയും, ശത്രുക്കൾ പ്രവേശിക്കുന്നതു സൂക്ഷിച്ചുകൊള്ളുവാൻ ധീരന്മാരായ ചില സഖാക്കളെ നിയമിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഖുറൈശികൾ കൊല്ലംതോറും സിറിയായിലേക്കു കച്ചവടത്തിന്നു പോകുക പതിവായിരുന്നു. അവരുടെ ജീവിതമാൎഗ്ഗം ആ കച്ചവടമായിരുന്നതുകൊണ്ടും, മദീനയിൽക്കൂടിയല്ലാതെ സിറിയായിലേക്കു പോകുവാൻ സൗകൎയ്യമില്ലാതിരുന്നതുകൊണ്ടും, അവരുടെ കച്ചവടത്തെ തടഞ്ഞുകൊണ്ടു തങ്ങളുമായി ഉടമ്പടിചെയ്വാൻ അവരെ നിർബ്ബന്ധിതരാക്കാമെന്നു മുസ്ലിംകൾ തീർച്ചപ്പെടുത്തി. ഖുറൈശികളുടെ കച്ചവടസംഘം പുറപ്പെടുന്ന വിവരം കിട്ടുമ്പോൾ അവരെ മുടക്കേണ്ടതിന്നു്, കാരോരുത്തൻെറ നേതൃത്വത്തിലായി റസൂൽ തിരുമേനി ഭടന്മാരെ അയച്ചുകൊണ്ടിരുന്നു. കൂടാതെ പത്തും ഇരുപതും

ആളുകളടങ്ങിയ മുസ്ലിം സംഘങ്ങൾ പോയി ഖുറൈശികളുടെ സ്ഥിതികളെക്കുറിച്ചു അന്വേഷണം നടത്തിവരികയും ചെയ്തു.

നബി സംബന്ധിച്ച സമരത്തിന്നു ഗസ്വഃ എന്നും, അല്ലാത്തതിന്നു സിയ്യഃ എന്നും ചരിത്രകാരന്മാർ സാങ്കേതിക പദങ്ങളായി ഉപയോഗിച്ചിരിക്കുന്നു. ഹിജ്രഃ 2 സഫർ 12ംനു- റസൂൽകരീം ഒന്നാമതായി ഖുറൈശികളുടെ നേരെ പുറപ്പെട്ടു. മദീനയിൽനിന്നു 60 നാഴിക അകലെ സ്ഥിതിചെയ്യുന്ന വദ്ദാൻ വരെ ചെന്നുവെങ്കിലും, ശത്രുക്കളുമായി കണ്ടുമുട്ടാതെ മടങ്ങുകയാണു് ഉണ്ടായതു്. മുസലിംകളെ സഹായിക്കുന്നതാണെന്ന നിശ്ചയത്തിന്മേൽ വദ്ദാൻ നിവാസികളായിരുന്ന ബനൂസംറഃ ഗോത്രക്കാർ തദവസരത്തിൽ തിരുമേനിയുമായി ഉടമ്പടി ചെയ്തു. പിന്നീടു് ഖുറൈശികളുടെ ഒരു കച്ചവടസംഘം വരുന്നുണ്ടെന്ന വിവരം കിട്ടിയതിനാൽ, മക്കത്തുനിന്നു സിറിയായിലേയ്ക്കുള്ള വഴിയിൽ, കടൽക്കരയിൽ സ്ഥിതിചെയ്യുന്ന ബവാത്തു് എന്ന സ്ഥലംവരെ ചെല്ലുകയും അന്നും യുദ്ധമുണ്ടാവാതെ മടങ്ങിപ്പോരുകയുമുണ്ടായി. ഇതിന്നിടയിൽ മക്കയിലെ ഒരു ഗോത്രനേതാവായിരുന്ന കർസുബ്നുജാബിർ, മദീനാരാജ്യത്തോടു ചേൎന്നുകിടക്കുന്ന മേച്ചിൽസ്ഥലത്തെ ആക്രമിച്ചു മുസ്ലിംകളുടെ ഒട്ടകങ്ങളെ പിടിച്ചുകൊണ്ടു പോയി. അയാളെ പിന്തുടൎന്നുകൊണ്ടു നബി സഫ്വാൻവരെ ചെന്നുവെങ്കിലും, കണ്ടെത്തുവാൻ സാധിക്കാഞ്ഞതി

നാൽ തിരിച്ചുപോന്നു. ജമാദുൽ ഊലാ മാസത്തിൽ മനീഇന്നടുത്ത അശീറഃ എന്നിടത്തുപോയി ഒരു മാസത്തിലധികം താമസിക്കുകയും ബനൂമുദ്'ലിജ് ഗോത്രക്കാരും അവരുടെ സഖാക്കളുമായി കരാർചെയ്തു മടങ്ങിപ്പോരുകയും ചെയ്തു.

റജബ് മാസത്തിൽ അബ്ദുൽലാഹിബ്'നു ജഹ്ശിനെ 8 മുഹാജിറുകളോടുകൂടി റസൂൽകരീം മക്കത്തിന്നു നേരെ അയയ്ക്കുകയുണ്ടായി. നബി അദ്ദേഹത്തിന്നു ഒരു കത്തു കൊടുക്കുകയും, രണ്ടു ദിവസത്തെ വഴി സഞ്ചരിച്ചതിന്നു ശേഷം മാത്രം അതു തുറന്നു നോക്കേണമെന്നു കല്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം കല്പനപ്രകാരം കത്തു തുറന്നു നോക്കിയപ്പോൾ, മക്കത്തിൻേറയും തായിഫിൻേറയും ഇടയിലുള്ള നഖ്'ലഃ എന്ന സ്ഥലത്തുചെന്നു ഖുറൈശികളുടെ സ്ഥിതികൾ അറിയുകയും മടങ്ങിവന്നു വിവരം തരുകയും ചെയ്യേണമെന്നു അതിൽ എഴുതപ്പെട്ടിരുന്നു. അവർ നഖ്'ലയിൽപോയി അവിടെ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഖുറൈശികളുടെ സഖാവായിരുന്ന അംറുബ്'നുഹള്റമീ, ചരക്കു കയററിയ കുറെ ഒട്ടകങ്ങളേയുംകൊണ്ടു മൂന്നാളുകളോടുകൂടി ആ വഴിക്കു ചെല്ലുകയുണ്ടായി. തദവസരത്തിൽ മുഹാജിറുകൾക്കു ക്ഷമ വരാതിരുന്നതിനാൽ, അവരിലൊരാൾ അസ്ത്രം വിട്ട് അംറിനെ കൊന്നു. അംറിൻെറ കൂട്ടുകാരിൽ ഒരാൾ ഓടി രക്ഷപ്പെടുകയും ശേഷം രണ്ടുപേരെ മുസ്ലിംകൾ തടവുകാരാക്കി ഒട്ടകങ്ങളോടുകൂടി മദീനത്തേയ്ക്കു കൊണ്ടുപോ

കയും ചെയ്തു. എന്നാൽ ഈ ബന്ധനസ്ഥന്മാരേയും, ക ട്ടകങ്ങളേയും റസൂൽകരീം സ്വീകരിച്ചില്ലെന്നു മാത്രമല്ല, താൻ അവരോടു യുദ്ധം ചെയ്വാൻ കല്പിച്ചിട്ടില്ലെന്നു പറ ഞ്ഞു് അവരുടെ പ്രവൃത്തിയെ ആക്ഷേപിക്കുകയുമുണ്ടാ യി. ഈ സംഭവം നടന്നതു് യുദ്ധം വിരോധിക്കപ്പെട്ട റജബ് മാസത്തിലായതിനാൽ തിരുമേനിക്കു കൂടുതൽ വ്യസനമുണ്ടായി. താഴെ പറയുന്ന ഖുർആൻ വാക്യം ഇറങ്ങിയതു് ഇതിനെക്കുറിച്ചായിരുന്നു.

"യുദ്ധം വിരോധിക്കപ്പെട്ട മാസത്തിൽ യുദ്ധം ചെ യ്യുന്നതിനെപ്പററി അവർ നിന്നോടു ചോദ്യം ചെയ്യുന്നു. ആ മാസത്തിൽ യുദ്ധം ചെയ്യുന്നതു് വലിയ പാപമാ ണെന്നും, പക്ഷെ, അൽലാഹുവിൻെറ മാർഗ്ഗത്തെ തടയു ന്നതും അവനിൽ വിശ്വസിക്കാതിരിക്കുന്നതും മസ്ജി ദുൽ ഹറാമിലേക്കു ചെല്ലുന്നതിനെ തടസ്സം ചെയ്യുന്നതും അവിടത്തെ നിവാസികളെ പുറത്താക്കുന്നതുമാണു് അൽ ലാഹുവിൻെറ അടുക്കൽ അതിലും വലിയ അപരാധമെ ന്നും, മർദ്ദനം കൊലയേക്കാൾ വലിയ തെററാണെന്നും, അവരോടു പറയുവിൻ. അവക്കു സാധിച്ചുവെങ്കിൽ നി ങ്ങളെ മതത്തിൽനിന്നു തെററിക്കുന്നതുവരെ അവർ നി ങ്ങളുമായി പോരാടിക്കൊണ്ടിരിക്കുന്നതാണു്." (അൽ ബഖറഃ 217.)

ഈ വാക്യംമൂലം, തങ്ങളിൽനിന്നു് അപരാധം വ ന്നുപോയിട്ടുണ്ടെങ്കിലും അതിനേക്കാൾ വലിയ അപരാ ധമാണു് ശത്രുക്കൾ ചെയ്തതെന്നും, ഇനിയും അവർ ചെ

യ്യാൻ ഒരുക്കമുണ്ടെന്നും പറഞ്ഞു", അൽലാഹു മുസ്‌ലീം കൾക്കു മനസ്സമാധാനം നൽകി. അംറബ്നുഹസ്രമി യുടെ വധം നിമിത്തം ഖുറൈശികളുടെ മത്സരാഗ്നി കത്തി ജ്വലിക്കുകയും അവക്കു പ്രതികാരത്തിന്നുള്ള മോ ഹം അതികലശലാകുകയുമുണ്ടായി.

## ബദ്ർ യുദ്ധം

ഖുറൈശികളുടെ ഒരു കച്ചവടസംഘം പതിവുപ്ര കാരം സിറിയായിലേയ്ക്കു പോയിരുന്നു. അബൂസുഫ്‌യാ ൻെറ നേതൃത്വത്തിൽ മുപ്പതിൽ കുറയാതെയും, നാല്പതിൽ ഏറാതേയും, ആളുകളുണ്ടായിരുന്ന ആ സംഘം, കച്ചവ ടം കഴിഞ്ഞു മടങ്ങി മദീനയെ സമീപിച്ചപ്പോഠം, നബി യും ശിഷ്യന്മാരും സംഘത്തെ ആക്രമിക്കുവാൻ ഒരുങ്ങു ന്നുണ്ടെന്നു അവരുടെ ചാരന്മാർ അവക്ക് അറിവു കൊ ടുത്തു. അബൂസുഫ്‌യാൻ ഉടനെത്തന്നെ നല്ല ചൊടി യും ചുറുചുറുക്കുമുള്ള ഒരു ദൂതനെ മക്കത്തേയ്ക്കു അയയ്ക്കു കയും, സഹായത്തിന്നായി വേഗം എത്തേണമെന്നും അ ല്ലാത്തപക്ഷം ചരക്കു കൊള്ളയിട്ടു പോകുന്നതാണെന്നും മക്കത്തു വിവരം കൊടുപ്പാൻ അവനെ ഏല്പിക്കുകയും ചെയ്തു. ഖുറൈശികഠം വിവരം കേട്ടപ്പോഠം വളരെ ക്ഷോഭത്തോടും കോപത്തോടുംകൂടി മക്കത്തുനിന്നു പുറ പ്പെട്ടു. എന്നാൽ അബൂസുഫ്‌യാൻ സമുദ്രതീരത്തിൽക്കൂ

ടിയുള്ള ഒരു അസാധാരണവഴിക്ക പരക്കെ രക്ഷപ്പെട്ടത്തു കയും, മക്കത്തേയ്ക്കുതന്നെ മടങ്ങിക്കൊള്ളണമെന്നു ഖുറൈശികളെ അറിയിക്കകയും ചെയ്തുവെങ്കിലും, അബൂജഹൽ വളരെ അഹങ്കാരത്തോടുകൂടി അതു തള്ളിക്കളഞ്ഞു. തങ്ങളുടെ യാത്രയെപ്പററി അറബ്‌രാജ്യമെങ്ങും വത്തമാനം പരക്കകയും, തങ്ങളുടെ പ്രതാപത്തെ ജനങ്ങൾ ഭയപ്പെടുകയും ചെയ്യത്തക്കവണ്ണം, അറബികൾ കൊല്ലംതോറും കൂടാറുള്ള ബദ്‌റിൽ പോയി തങ്ങൾ മൂന്നു ദിവസം താമസിക്കകയും, അവിടെവെച്ചു സദ്യകൾ നടത്തി സന്തോഷം കൊണ്ടാടുകയും ചെയ്യുന്നതാണെന്നായിരുന്നു അയാൾ മറുപടി പറഞ്ഞയച്ചതു്.

റസൂൽകരീം ഒരു സംഘം സഹാക്കളോടുകൂടി ഹിജ്റ 2 റമസാൻ 9-ാംനു- (ക്രിസ്താബ്ദം 624 മാച്ച് 5-ാംനു-) മദീനത്തുനിന്നു പുറപ്പെട്ടു. ഇവർ സഫ്‌റാൻ താഴ്‌വരയിലെത്തിയപ്പോൾ കച്ചവടസംഘം പോയിക്കഴിഞ്ഞിരിക്കുന്നുവെന്നും, മക്കക്കാരുടെ ഒരു വമ്പിച്ച സൈന്യം ബദ്‌റിലേയ്ക്കു വരുന്നുണ്ടെന്നും അറിവു കിട്ടി. തന്നിമിത്തം തിരുമേനി സഹാബികളെ ഒരുമിച്ചുകൂട്ടി എന്താണു് വേണ്ടതെന്നു ആലോചിച്ചു. മദീനത്തുനിന്നു പുറപ്പെട്ടതു യുദ്ധം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയല്ലാതിരുന്നതിനാൽ, അവരുടെ വശം യുദ്ധസാമഗ്രികൾ ചുരുക്കമായിരുന്നു. ഇങ്ങിനെ ശത്രുക്കളോടു നേരിടുവാൻ അവരിൽ ചിലർക്കു ഇഷ്ടമുണ്ടായിരുന്നില്ല. രണ്ടിലൊരു സംഘത്തിൻെറ മേൽ തങ്ങൾക്കു ജയം നൽകുന്ന

താണെന്നു അൽലാഹു വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നും, കച്ചവടസംഘം രക്ഷപ്പെട്ടതുകൊണ്ടു് ഖുറൈശി സൈന്യത്തെ തീൎച്ചയായും തങ്ങൾക്കു തോല്പിക്കുവാൻ സാധിക്കുന്നതാണെന്നും, തിരുമേനി പ്രസ്താവിച്ചു. തദവസരത്തിൽ ഹസ്രത്തു് അബൂബക്കറും ഉമറും, നബി കല്പിക്കുംപ്രകാരം ചെയ്യാൻ ഒരുക്കമാണെന്നു പറയുകയും ഉണ്ടായി. എന്നാൽ ശക്തിയും ജനസംഖ്യയും അധികമുണ്ടായിരുന്നവർ അൻസാരികളായിരുന്നതിനാൽ അവരുടെ അഭിപ്രായമായിരുന്നു നബി അറിവാൻ ആഗ്രഹിച്ചിരുന്നതു്. മദീനത്തു് വന്നു യുദ്ധം ചെയ്യുന്ന ശത്രുക്കളുമായി പൊരുതിക്കൊള്ളാമെന്നു മാത്രമായിരുന്നു അവർ നബിയുമായി കരാർ ചെയ്തിരുന്നതു്. രാജ്യത്തിന്റെ പുറത്തുപോയി ശത്രുക്കളോടു പോരാടുവാൻ അവർ നിശ്ചയിച്ചിരുന്നില്ല. അൻസാരികളുടെ നേതാവായ ഹസ്രത്തു് സഅദുബ്നുമആദ, റസൂൽകരീമിന്റെ ഉദ്ദേശം മനസ്സിലാക്കി ഇപ്രകാരം പറഞ്ഞു. "നബി ചോദിക്കുന്നതു് ഞങ്ങളോടായിരിക്കാം. നബി ഞങ്ങളോടു സമുദ്രത്തിൽ ചാടേണമെന്നു കല്പിച്ചാൽ പോലും അതു സ്വീകരിക്കുവാൻ ഞങ്ങൾ തെയ്യാറാണെന്നുള്ളതിന്നു് അൽലാഹു സാക്ഷിയാണു്" സഅദമിന്റെ ഈ വാക്കു കേട്ടു നബി വളരെ സന്തോഷിച്ചു.

വിജയം ലഭിക്കുമെന്ന പൂൎണ്ണവിശ്വാസം നിമിത്തം മദീനത്തുനിന്നു കൂടുതൽ ഭടന്മാരെ വിളിക്കേണ്ടതില്ലെന്നു വെച്ചു് ഈ ചെറു സേനയുമായി റസൂൽകരീം ബദ്റിൽ

ഒരു ജലാശയത്തിൻെറ സമീപം ചെന്നിറങ്ങി. അപ്പ കടത്തെക്കുറിച്ച് ശങ്കിക്കാതെ ഇവിടെ ഇറങ്ങിയതു് ഇലാഹിങ്കൽ നിന്നുള്ള കല്പനപ്രകാരമോ, അതല്ല യുദ്ധസൌകര്യത്തെ ലാക്കാക്കി സ്വാഭിപ്രായപ്രകാരമോ, എന്നു ഹബ്ബാബുബ്നുമുൻദിർ നബിയോടു ചോദിച്ചു. തൻെറ അഭിപ്രായമനുസരിച്ചു മാത്രമാണെന്നു തിരുമേനി സമാധാനം പറഞ്ഞു. അപ്പോൾ ഹബ്ബാബു്, ഇപ്രകാരം പ്രസ്താവിച്ചു. "ഈ സ്ഥലം പററിയതല്ല. നാം മുന്നോട്ടുചെന്നു ഖുറൈശികളുടെ പാളയത്തിന്നടുത്തുള്ള വെള്ളത്തടം കൈവശപ്പെടുത്തുകയും, നമുക്കു വേണ്ട വെള്ളം കിട്ടാതിരിക്കുവാനായി അടുത്തുള്ള കിണറുകളും മററു ജലാശയങ്ങളും തൂർത്തുകളയുകയും ചെയ്യേണ്ടതാണു്." തിരുമേനി ഹബ്ബാബിൻെറ അഭിപ്രായത്തെ സ്വീകരിക്കുകയും അപ്രകാരം പ്രവൎത്തിക്കുകയുമുണ്ടായി. ഹസ്രത്ത് സഅദിൻെറ അഭിപ്രായമനുസരിച്ചു തിരുമേനിക്കു താമസിക്കുവാനായി, സഖാക്കൾ, ഒരു തമ്പു് പണിതു. ഹിജ്റ 2 റമസാൻ 17-ാംനു- (ക്രിസ്താബ്ദം 624 മാൎച്ച് 13-ാംനു-) വൊവ്വാഴ്ച പ്രഭാതസമയത്തായിരുന്നു ഇരു കക്ഷികളും പോൎക്കളത്തിൽ ഇറങ്ങിയതു്.

മുസ്ലിംപക്ഷത്തിൽ 314 യോദ്ധാക്കളാണു് ഉണ്ടായിരുന്നതു്. അവരിൽ 83 ആളുകൾ മുഹാജിറുകളും ശേഷമുള്ളവർ അൻസാരികളുമായിരുന്നു. അൻസാരികളിൽ 61 പേർ ഔസ് ഗോത്രക്കാരും, 170 പേർ ഖസ്രജ് ഗോത്രക്കാരുമായിരുന്നു. ശത്രുഭാഗത്തു് ആയിരത്തോ

ളും ഭടന്മാരുണ്ടായിരുന്നതോടുകൂടി അബൂലഹബൊഴിച്ചു മക്കയിലെ സർവ്വ തലവന്മാരും ഉൾപ്പെട്ടിരുന്നു. അബൂലഹബിന്നു പുറപ്പെടുവാൻ സാധിക്കാത്തതുകൊണ്ടു് അയാൾ പകരം ഒരാളെ അയക്കുകയുണ്ടായി.

ഇരു കക്ഷികളും അണി നിരന്നതിന്നു ശേഷം റസൂൽകരീം കൈയിലുണ്ടായിരുന്ന വടികൊണ്ടു് ആംഗ്യം കാണിച്ചു അണികൾ സമമാക്കുകയും, ഭടന്മാൎക്കു ഉപദേശം നൽകുകയും ചെയ്തു. അതിന്നുശേഷം ഇരു ഹസ്തങ്ങളുമുയൎത്തി ജഗന്നിയന്താവായ അൽലാഹുവിനോടു പ്രാൎത്ഥിക്കുവാൻ തുടങ്ങി. തിരുമേനി ആ പ്രാൎത്ഥനയിൽ ഭയത്തോടും വിനയത്തോടുംകൂടി സുജൂദിൽ വീണു. "അൽലാഹുവേ! നിന്നെ ആരാധിക്കുന്നവരായ ഈ ഏതാനും ആളുകൾ ഇന്നു നശിച്ചുപോകുന്നതായാൽ, പിന്നീടു് ഒരു കാലത്തും നിന്നെ ആരാധിക്കുവാൻ ഭൂലോകത്തു് ആളുണ്ടാകയില്ല." എന്നു തിരുമേനി സങ്കടത്തോടെ പ്രസ്താവിച്ചു ഇതേ സ്ഥിതിയിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്ന മദ്ധ്യേ മലക്കു വന്നു വിജയാനുമോദനം അറിയിക്കുകയും നബി തല ഉയൎത്തി ഈ സന്തോഷവാൎത്ത മുസ്ലിംകളോടു പറയുകയും ചെയ്തു.

ഇതിന്നിടയിൽ ഹുദൈഫത്തു്, അബൂഖസൽ എന്നീ രണ്ടു സഹാബികൾ മക്കയിൽനിന്നു വന്നു മുസ്ലിംകളുടെ കൂട്ടത്തിൽ ചേൎന്നു. ഇവർ വഴിയിൽ വെച്ചു ശത്രുക്കളുടെ കൈയിൽ അകപ്പെട്ടു പോയതിനാൽ ഈ യുദ്ധത്തിൽ സംബന്ധിക്കുന്നതല്ലെന്നു വാഗ്ദാനം ചെയ്തു ര

ക്ഷ പ്രാപിച്ചവരായിരുന്നു. തന്നിമിത്തം മുസ്ലിംകൾ എണ്ണത്തിൽ ചുരുക്കമായിരുന്നുവെങ്കിലും, തിരുമേനി, വാഗ്ദാനത്തെ യഥാക്രമം നിറവേററണ്ടതാണെന്നു പറഞ്ഞു അവരെ യുദ്ധത്തിൽ പങ്കു കൊള്ളുവാൻ അനുവദിച്ചില്ല.

അറബികളുടെ പതിവുപ്രകാരം ദ്വന്ദയുദ്ധം വഴിയായി സമരം ആരംഭിച്ചു. ഖുറൈശികളുടെ ഒരു പ്രസിദ്ധ നേതാവായിരുന്ന ഉത്ത്ബത്തുബ്നുറബീഅത്തു്, സഹോദരൻ ശൈബത്തോടും, മകൻ വലീദോടുംകൂടി പോർക്കളത്തിൽ ആഗതനായി. മുസ്ലിം പക്ഷത്തിൽ നിന്നു മൂന്നു അൻസാരികൾ അവരോടു നേരിട്ടപ്പോൾ, ഉത്ത്ബത്ത്, അവരുടെ നേരെ തങ്ങൾ വാളെടുക്കുന്നതല്ലെന്നും തങ്ങളോടു പോരാടേണ്ടതിന്നു സ്വഗോത്രക്കാരായ ഖുറൈശികൾ തന്നെ വരേണ്ടതാണെന്നും പറഞ്ഞതിനാൽ, നബിയുടെ കല്പനപ്രകാരം അൻസാരികൾ മടങ്ങുകയും, ഹസ്രത്തു് ഹംസഃ ഉത്ത്ബത്തിനോടും, ഹസ്രത്തു് അലീ വലീദിനോടും, ഹസ്രത്തു് ഉബൈദത്തു് ശൈബത്തിനോടും നേരിടുകയും ചെയ്തു. ഉത്ത്ബത്തും വലീദും ഹസ്രത്തു് ഹംസഃ, അലി എന്നിവരാൽ കൊല്ലപ്പെട്ടു. ഹസ്രത്തു് ഉബൈദത്തിനെ ശൈബത്തു് കഠിനമായി മുറിപ്പെടുത്തിയതുകൊണ്ടു ഹസ്രത്തു് അലീ ചെന്നു അയാളെ കൊല്ലുകയും, ഉബൈദത്തിനെ എടുത്തു തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവരികയും ചെയ്തു. ഇതിന്നശേഷം ഇരുകക്ഷികളും ഇടകലർന്നു സമരമാരംഭിച്ചു.

അബൂജഹല്ലുബ്നുഹിശാം മുതലായ അനേകം ഖുറൈശീ തലവന്മാർ കൊല്ലപ്പെട്ടുകയും, ഏകദേശം തൊണ്ണൂറാളുകൾ ബന്ധനത്തിൽ അകപ്പെട്ടുകയും ബാക്കിയുണ്ടായിരുന്നവർ ഓടി രക്ഷ പ്രാപിക്കുകയും ചെയ്തു ഇങ്ങനെ അല്പസമയത്തിനുള്ളിൽ യുദ്ധം അവസാനിച്ചു. തിരുമേനിയുടെ പിതൃവ്യനായ ഹസ്രത്ത് അബ്ബാസും മകളുടെ ഭത്താവായ അബുൽ ആസിയും ഹസ്രത്ത് അലിയുടെ സഹോദരനായ ഉബൈദുബ്നു അബീതാലിബും തടവുകാരിൽ പെട്ടിരുന്നു.

യുദ്ധം അവസാനിച്ച ഉടനെ വിജയവൃത്താന്തം അറിയിപ്പാനായി അബ്ദുൽലാഹിബ്നുറവാഹഃ, സൈദുബ്നുഹാരിസഃ എന്നിവരെ തിരുമേനി വേഗം മദീനയിലേക്കു അയച്ചു. യുദ്ധക്കളത്തിൽ ഏതു കക്ഷിയുടെ മൃതശരീരങ്ങൾ കണ്ടെത്തുന്നതായാലും, റസൂൽകരീം അവയെ മറമാടിക്കുക പതിവായിരുന്നു. ബദ്റിലെ ശഹീദുമാരെ (പോർക്കളത്തിൽ മരിച്ച മുസ്‌ലിംകൾ) മറച്ചതിന്നുശേഷം ശത്രുപക്ഷത്തിൽ കൊല്ലപ്പെട്ടവരേയും മുസ്‌ലിംകൾ തന്നെ മറവുചെയ്യേണ്ടിവന്നു അവർ അധികമുണ്ടായിരുന്നതിനാൽ ഒരു വലിയ കുഴി കഴിപ്പിച്ചു എല്ലാവരേയുംകൂടി അതിൽ അടക്കം ചെയ്യുകയാണു് ഉണ്ടായതു്. അവസാനം ശത്രുക്കളുടെ പക്കൽനിന്നു് കരസ്ഥമാക്കിയ സാമാനങ്ങളോടും ബന്ധനസ്ഥന്മാരോടും കൂടി മുസ്‌ലിംകൾ മദീനത്തേക്കു മടങ്ങി. ബന്ധനസ്ഥന്മാരിൽ മുസ്‌ലീംകളോടു കഠിനകൃത്യങ്ങൾ ചെയ്ത

വരും അവരെ പദ്യങ്ങൾ വഴിയായി അധിക്ഷേപിച്ചു വന്നവരുമായിരുന്ന നസ്റുബ്നുഹാരിസ്, അഖബത്ത് എന്നിവരെ വഴിയിൽവെച്ചു കൊല്ലുകയുണ്ടായി ബന്ധനസ്ഥന്മാർക്ക ധരിക്കുവാൻ വസ്ത്രം ഇല്ലാതിരുന്നതിനാൽ മദീനത്തെത്തിയതിന്നുശേഷം അവക്കു വസ്ത്രം നല്കി. ഹസ്രത്ത് അബ്ബാസ് അധികം പൊക്കമുള്ള ആളായിരുന്നതിനാൽ അബ്ദുൽലാഹ ബ്നു ഉബയ്യ് തൻെറ കുപ്പായം അദ്ദേഹത്തിന്നു കൊടുത്തു അബ്ദുൽല്ല, തൻെറ പിതൃവ്യന്നു ചെയ്ത ഈ ഉപകാരം റസൂൽകരീം ഒരിക്കലും മറന്നില്ല. അയാൾ കപടവിശ്വാസികളുടെ (മുനാഫിഖ്യൂൻ) തലവനും, മുസ്ലിംകളുടെ കഠിനവിരോധിയുമായിരുന്നിട്ടുപോലും, മരിച്ചപ്പോൾ ശവം മറക്കേണ്ടതിന്നു റസൂൽകരീം തൻെറ വസ്ത്രം അയച്ചുകൊടുക്കുകയുണ്ടായി. ബന്ധനസ്ഥന്മാരുടെ കാര്യം തീർച്ചപ്പെടുത്തുന്നതുവരെ ഒരുമിച്ചു പാർപ്പിക്കേണ്ടതിന്നു തിരുമേനി അവരെ സഹാബികളുടെ വശം ഏല്പിച്ചു. അവരോടു നല്ല വിധത്തിൽ പെരുമാറേണമെന്നു തിരുമേനി കല്പിച്ചതിനാൽ ദരിദ്രന്മാരായ ചില സഹാബികൾ പട്ടിണി കിടന്നുകൊണ്ടു് സ്വഭക്ഷണം അവക്കു കൊടുത്തുവന്നു. ബന്ധനസ്ഥന്മാരിലൊരാളും, ശത്രുപക്ഷത്തിൽ കൊടി പിടിച്ചിരുന്നവനുമായ അബൂഅസിസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. "എന്നെ രക്ഷിക്കേണ്ടതിന്നു ഒരു അൻസാരിയുടെ അടുക്കലാണ് ഏല്പിച്ചിരുന്നതു്. ആ അൻസാരി ഈത്തപ്പഴം തിന്നുകൊണ്ടു റൊട്ടി എനിക്കു തരു

ന്നതു കണ്ടു ഞാൻ ലജ്ജിച്ചപോയി. ഞാൻ ആ റൊട്ടി അയാളുടെ മുമ്പിൽത്തന്നെവെച്ചുകൊടുത്തു. അപ്പോഠം അയാഠം അതു തൊടുകപോലും ചെയ്തില്ല" ബന്ധനസ്ഥന്മാരോടു എത്രത്തോളം ഔദാര്യപൂർവ്വമാണ് മുസ്ലിംകഠം വർത്തിച്ചിരുന്നതെന്നു ഗ്രഹിപ്പാൻ ഈ പ്രസ്താവന ഒരു ദൃഷ്ടാന്തമാണ്.

തടവുകാരെ എന്തു ചെയ്യേണമെന്നു റസൂൽകരീം സഹാബികളോട് അഭിപ്രായം ചോദിച്ചു. "ഇവരും നാമും തമ്മിൽ സഹോദരബന്ധം ഉണ്ടെങ്കിലും, ഇവരെ കൊല്ലേണ്ടതാണ്" എന്നായിരുന്നു ഹസ്രത്ത് ഉമർ അഭിപ്രായപ്പെട്ടതു്. എന്നാൽ ഹസ്രത്ത് അബൂബക്കറും ഭൂരിപക്ഷം സഹാബികളും കൊല്ലുന്നതിനു പ്രതികൂലങ്ങളായിരുന്നു. പിഴ വാങ്ങി വിടേണ്ടതാണെന്നു അവർ അഭിപ്രായപ്പെട്ടു. റസൂൽ തിരുമേനി ഈ അഭിപ്രായത്തെയാണ് സ്വീകരിച്ചതു്. എന്നാൽ തടവുകാരോടു പിഴയായി വസൂൽചെയ്യുന്നതും യുദ്ധത്തിൽ അപഹരിച്ചെടുക്കുന്നതുമായ ധനം അനുഭവിപ്പാൻ ഇതിന്നുമുമ്പു പ്രവാചകന്മാൎക്ക അനുവാദമുണ്ടായിരുന്നില്ല. ഇതിനെക്കുറിച്ചു റസൂൽകരീമിന്നു വിശേഷിച്ചു യാതൊരു കല്പനയും ലഭിച്ചിരുന്നുമില്ല അതുകൊണ്ടായിരുന്നു താഴെ പറയുന്ന ഖുർആൻ വാക്യം ഇറങ്ങിയതു്.

"ഭൂമിയിൽ ശരിയായി രക്തം ഒലിപ്പിക്കാതെ ജനങ്ങളെ തടവുകാരാക്കുവാൻ ഒരു നബിക്കും പാടുള്ളതല്ല.

നിങ്ങൾ ഐഹിക കാര്യലാഭത്തെ ആഗ്രഹിക്കുന്നു; അൽലാഹ കാംക്ഷിക്കുന്നതു് പരലോകത്തെയാണു്. അൽലാഹ വിജയശാലിയും സർവ്വജ്ഞനുമാകുന്നു. അൽലാഹവിങ്കൽനിന്നു മുമ്പുതന്നെ നിങ്ങൾക്കു മാപ്പു് എഴുതപ്പെട്ടിരുന്നില്ലെങ്കിൽ നിങ്ങൾ കരസ്ഥമാക്കിയ ധനത്തിന്നു പകരം, നിങ്ങൾക്കു വലിയ ശിക്ഷ കിട്ടുമായിരുന്നു. എന്നാൽ നിങ്ങൾ ശത്രുക്കളുടെ പക്കൽനിന്നു അപഹരിച്ച ധനം വിരോധമില്ലാത്തതും നല്ലതുമാണെന്നു കരുതി ഭക്ഷിച്ചുകൊള്ളുകയും, അൽലാഹവിനെ ഭയപ്പെടുകയും ചെയ്യുവിൻ അവൻ പൊറുക്കുന്നവനും കരുണാനിധിയും തന്നെയാണു്.” അൻഫാൽ 67-68-69.

യുദ്ധക്കളത്തിൽവെച്ചു, ശത്രുക്കളെ തടവുകാരാക്കുവാൻ പാടില്ലെന്നു ഹസ്രത്തു് സഅദുബ്നുമആദ് മുമ്പ് തന്നെ അഭിപ്രായപ്പെട്ടിരുന്നു. തടവുകാരായി പിടിച്ചതിന്നു ശേഷവും ഉമറിന്റെ അഭിപ്രായംപോലെത്തന്നെ അവരെ കൊല്ലേണ്ടതാണെന്നായിരുന്നു അദ്ദേഹത്തിന്റെയും അഭിപ്രായം. അവരെ തടവുകാരാക്കുന്നതിനേക്കാൾ ഉത്തമം കൊല്ലുകയായിരുന്നുവെന്നു മേല്പറഞ്ഞ ഖുർആൻ വചനവും, വിശദമാക്കി. എങ്കിലും തെററിന്നു മാപ്പു് നൽകിയിരിക്കുന്നുവെന്നും, പിടിച്ചടക്കപ്പെട്ട സ്വത്തു് വിരോധമില്ലാത്തതാണെന്നും, ഈ വചനം മൂലം തെളിഞ്ഞിരിക്കുന്നു.

ഓരോ തടവുകാരനും 4000 ദിർഹമായിരുന്നു പിഴ നിശ്ചയിച്ചതു്. മക്കക്കാർ വിവരമറിഞ്ഞു അവരവരു

ടെ കുടുംബക്കാരുടെ പിഴ അയച്ചു കൊടുത്തപ്പോൾ തിരുമേനി അവരെ വിട്ടയച്ചു. ദരിദ്രന്മാരായിരുന്ന തടവുകാരിൽ എഴുത്തറിഞ്ഞിരുന്നവരോടു, മദീനയിലെ പത്തു കുട്ടികൾക്ക് എഴുത്തു പഠിപ്പിച്ചു സ്വതന്ത്രന്മാരായിക്കൊള്ളുവാൻ കല്പിക്കുകയും അല്ലാത്തവരെ ഒരു പ്രതിഫലവും കൂടാതെ വിട്ടയക്കുകയും ചെയ്തു. മക്കയിലെ ഒരു കവിയായിരുന്ന അംറുജംഹീ പ്രതിഫലം കൂടാതെ മോചനം ലഭിച്ചിരുന്നവരിൽ ഒരാളാണ്. നബിയുടെ പുത്രിയായ സൈനബ് സ്വഭർത്താവായ അബുൽആസ്സിന്റെ പിഴയായി തന്റെ കഴുത്തിലുണ്ടായിരുന്ന മാല അഴിച്ചുകൊടുത്തയച്ചു. ആ മാല അവൾക്കു ഹസ്രത്തു് ഖദീജ കൊടുത്തതായിരുന്നു. അതു കണ്ടപ്പോൾ തിരുമേനിയുടെ മനസ്സലിയുകയും അതു സൈനബിന്നു സ്വമാതാവിന്റെ ഒരു സ്മാരകമാകയാൽ തരമുണ്ടെങ്കിൽ അവൾക്കുതന്നെ മടക്കിക്കൊടുക്കേണമെന്നു സഹാബികളോടു പറയുകയും ചെയ്തു. എല്ലാവരും അപ്രകാരം സമ്മതിച്ചതുകൊണ്ടു അബുൽആസ്സിയേയും പിഴ കൂടാതെ വിട്ടയച്ചു.

ബദ്റിൽ പരാജയം നേരിടുകയും, ഭടന്മാർ വധിക്കപ്പെടുകയും ചെയ്തതിനാൽ, മക്കയിലേ സർവ്വ വീട്ടുകാർക്കും അതിയായ ദുഃഖമുണ്ടായി. പക്ഷെ അഭിമാനം നിമിത്തം ആരും ഉച്ചത്തിൽ കരഞ്ഞിരുന്നില്ല. ഉമയ്യത്തിന്റെ മകനായ സഫ്‌വാൻ, ഇസ്‌ലാമിന്റെ കഠിന വിരോധിയായിരുന്ന ഉമൈറുബ്‌നുവഹബിനെ സ്വവസ

തിയിലേക്കു വിളിച്ചു വരുത്തിക്കൊണ്ടു സ്വകാര്യമായി അദ്ദേഹത്തോട്ട് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ മദീനയിൽ ചെന്നു മുഹമ്മദിനെ കൊല്ലണം. നിങ്ങളുടെ സന്താനങ്ങളെ ഞാൻ രക്ഷിക്കുന്നതാണ്." ഉമൈർ ഉടനെ വാളെടുത്തു അതി ശീഘ്രമായി മദീനയിൽ എത്തിച്ചേർന്നു. ഹസ്രത്തു് ഉമർ എങ്ങിനെയോ അദ്ദേഹത്തെ കണ്ടെത്തുകയും, സംശയം നേരിട്ടതിനാൽ പിരടി പിടിച്ചുകൊണ്ടു റസൂൽകരീമിൻെറ സന്നിധിയിൽ കൊണ്ടുവരുകയും ചെയ്തു. തിരുമേനി ഉമറിനോടു അദ്ദേഹത്തിൻെറ പിരടി വിടുവാൻ കല്പിച്ചു. അനന്തരം ഉമൈറിനെ സ്വസന്നിധിയിൽ വിളിച്ചുവരുത്തി "എന്തിനാണ് വന്നതു്" എന്നുചോദിച്ചു. തടവുകാരിൽപ്പെട്ട സ്വപുത്രനെ വിടുവിക്കുവാൻ എന്നു അദ്ദേഹം മറുപടി പറഞ്ഞു. തിരുമേനി അതു തീരേ നിഷേധിച്ചുകൊണ്ടു 'എന്നെ കൊല്ലുവാൻവേണ്ടി നിങ്ങളെ സഫ്‌വാൻ അയച്ചതാണ്" എന്നു പ്രസ്താവിച്ചു ഈ ഗൂഢാലോചന അദ്ദേഹവും സഫ്‌വാനുമല്ലാതെ മററാരാളും അറിഞ്ഞിരുന്നില്ല. അതിനാൽ അതേ അവസരത്തിൽത്തന്നെ ഉമയിർ ഇസ്‌ലാംമതം വിശ്വസിച്ചു

ബദ്ർയുദ്ധത്തിൻെറ വിസ്തൃത വിവരം ഖുർആനിൽ അടങ്ങിയിട്ടുണ്ടു്. അൻഫാൽ സൂറത്ത് മുഴവനും ഇതിനെസ്സംബന്ധിച്ചു ഇറങ്ങീട്ടുള്ളതാണ്. യുദ്ധത്തിൽ പ്രതിപക്ഷികളിൽനിന്നു ലഭിക്കുന്ന ധനത്തെസ്സംബന്ധിച്ച വിധികൾ ഈ സൂറത്തിൽ അടങ്ങിയിരിക്കുന്നു, പ്ര

സ്തുത ധനത്തിൻെറ അഞ്ചിൽ നാലുഭാഗം ഭടന്മാക്കും, ഒരു ഭാഗം അൽലാഹുവിന്നും, (അവൻെറ മാഗ്ഗത്തിലേക്കും) റസൂലിന്നും, റസൂലിൻെറ കുടുംബത്തിന്നും, അനാഥകുട്ടികൾ, സാധുക്കൾ, യാത്രക്കാർ എന്നിവക്കുമാണെന്നു് അതിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്നു പുറമെ യുദ്ധസാമഗ്രികളില്ലാത്തതിനാൽ മുസ്ലിംകൾ പരിഭ്രമിച്ചിരുന്നതിനേയും, അവർ സമാധാന ചിത്തരായി, യുദ്ധക്കളത്തിൽ നില്ക്കുവാൻവേണ്ടി മലക്കുകളെ ഇറക്കിയതിനേയും, ഖുറൈശികളുടെ അക്രമം, ശത്രുത ആദിയായവയേയും, ആ സൂറത്തിൽ വിവരിച്ചിരിക്കുന്നു. അനന്തരം മുസ്ലിംകളോടു കഴിയുന്നത്ര ശക്തി വദ്ധിപ്പിക്കുവാൻ കല്പിക്കുകയും, അവരെ സഖ്യത്തിന്നു പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവസാനം ബന്ധനസ്ഥന്മാരുമായി വത്തിക്കേണ്ട ക്രമത്തേയും, വിവരിച്ചിട്ടുണ്ടു്.

ഇസ്ലാമിക പ്രതാപത്തിൻെറ അടിസ്ഥാനം വാസ്തവത്തിൽ ബദ്ർ യുദ്ധമായിരുന്നു. തന്നിമിത്തം അതിൽ സംബന്ധിച്ച യോദ്ധാക്കൾ സ്വൎഗ്ഗാവകാശികൾ തന്നെയാണെന്നു ഗണിക്കപ്പെട്ടു. ഇസ്ലാമിൻെറ പ്രധാന വിരോധികളായിരുന്ന ഖുറൈശികളുടെ ബലം ക്ഷയിച്ചതു് ഈ യുദ്ധത്തിലായിരുന്നു. ഈ യുദ്ധത്തിൽ അബൂജഹൽ, ഉത്ത്ബത്ത് മുതലായി തൊണ്ണൂറോളം ഖുറൈശീ തലവന്മാർ വധിക്കപ്പെടുകയും ഏകദേശം 70 ആളുകൾ ബന്ധനസ്ഥരാകുകയും ചെയ്തു. മുസ്ലിം

കളിൽ 14 പേർ മാത്രമേ ശഹീദായിട്ടുള്ളൂ. യുദ്ധത്തിൽ ജയം പ്രാപിക്കുന്നതു യുദ്ധസാമഗ്രികളുടെ ആധിക്യം കൊണ്ടാണെന്നു വിശ്വസിക്കുന്നവർക്കു ഈ യുദ്ധത്തിൽ നിന്നു ഒരു നല്ല പാഠം ലഭിക്കുന്നതാണു്. മുസ്‌ലിം പടയാളികളുടെ എണ്ണം 314 മാത്രമായിരുന്നതോടുകൂടി 3 കുതിരയും 70 ഒട്ടകവും മാത്രമേ അവരുടെ വശം ഉണ്ടായിരുന്നുള്ളൂ. നേരെ മറിച്ചു, ഖുറൈശി സൈന്യത്തിൽ ആയിരത്തോളം ഭടന്മാരും, വേണ്ടുവോളം സാമഗ്രികളുമുണ്ടായിരുന്നതോടുകൂടി, 100 പേർ അശ്വഭടന്മാരുമായിരുന്നു. ഇരുകൂട്ടരും ഒരേ വർഗ്ഗക്കാരായ അറബികളായിരുന്നുവെന്നു മാത്രമല്ല, മദീനക്കാർ തങ്ങളോടു പോരാടുവാൻ മതിയായവരല്ലെന്നു കൂടെ ഖുറൈശികൾ വിശ്വസിച്ചിരുന്നു. എന്നിട്ടും അല്പസമയത്തെ സമരംകൊണ്ടു മുസ്‌ലിംകൾ ജയം പ്രാപിക്കുകയും, ശത്രുക്കളിൽ കുറെ ആളുകൾ കൊല്ലപ്പെടുകയും, കുറെ പേർ ബന്ധനത്തിൽ അകപ്പെടുകയും ബാക്കിയുണ്ടായിരുന്നവർ അന്ധാളിച്ചു ഓടിപ്പോകുകയുമാണല്ലൊ ഉണ്ടായതു്. അതു അൽലാഹു സത്യത്തെ സഹായിച്ചതുകൊണ്ടു മാത്രമായിരുന്നു. അവൻ മുമ്പുതന്നെ വിജയാനുമോദനം അറിയിച്ചിരുന്നു. അവൻ മലക്കുകളെ അയച്ചതുകൊണ്ടു മുസ്‌ലിംകൾക്കു മനോധൈര്യവും ശത്രുക്കൾക്കു ഭീരുത്വവും വർദ്ധിച്ചു. മുസ്‌ലിംകൾ പോരാടിയിരുന്നതു്, ലോകത്തിന്റെ പ്രേമഭാജനവും സർവ്വോപരി മഹാനുഭാവനുമായിരുന്ന ആ റസൂൽകരീമിന്റെ രക്ഷയ്ക്കും സത്യമതാഭ്യുദയത്തിനും വേ

ണ്ടിയായിരുന്നില്ലതാണ് അവരുടെ വിജയകാരണങ്ങളിൽ പ്രധാനമായതു്. മതാഭിവൃദ്ധിക്കായി മരിക്കുന്നതു് ശാശ്വത സൌഖ്യമാണെന്നു അവർ വിശ്വസിച്ചിട്ടുണ്ടായിരുന്നതിനാൽ, മരണത്തെ അവർ ഭയപ്പെട്ടിരുന്നില്ല. നേരെ മറിച്ചു കൊതിക്കുകയാണു് ചെയ്തിരുന്നതു്. എന്നാൽ ഖുറൈശികൾ പ്രതികാരേച്ഛയ്ക്കും കോപത്തിന്നും അടിമപ്പെട്ടു പോരാടിയിരുന്നുവെന്നല്ലാതെ പരിശുദ്ധമായ യാതൊരു ഉദ്ദേശവും അവർക്കുണ്ടായിരുന്നില്ല

സവീഖ് യുദ്ധം:—മക്കാ തലവന്മാരിൽ പ്രധാനികൾ ബദ്ർ യുദ്ധത്തിൽ വധിക്കപ്പെട്ടതിന്നു ശേഷം അവിടത്തുകാർ അബൂസുഫ്‌യാനെ നേതാവായി നിശ്ചയിച്ചു ബദ്റിൽ കൊല്ലപ്പെട്ട പടയാളികളുടെ പ്രതികാരത്തിന്നുശേഷമല്ലാതെ കുളിക്കുകയോ, തലയിൽ എണ്ണ ഉപയോഗിക്കുകയോ ചെയ്യുന്നതല്ലെന്നു അദ്ദേഹം പ്രതിജ്ഞ ചെയ്തിരുന്നു ഈ പ്രതിജ്ഞയെ നിറവേററുവാനായി ഒരു ദിവസം അദ്ദേഹം 200 വാഹനക്കാരോടുകൂടി പുറപ്പെട്ടു മദീനാരാജ്യത്തിൻെറ സമീപവാസികളായ ജൂതന്മാരുടെ അടുക്കൽ എത്തുകയും, രാത്രി സമയത്തു ബനൂ നസീർ ഗോത്രത്തലവനായ സലാമുബ്നുമുശ്ക്കമുമായി കാണുകയും ചെയ്തു സലാമുബ്നുമുശ്ക്കം നബിയുമായി ചെയ്തിരുന്ന കരാറിനെ വിലവെക്കാതെ ഈ ശത്രുക്കൾക്കു ആതിഥ്യം നൽകുകയും, രാത്രിസമയത്തു് മുസ്‌ലിംകളെ ആക്രമിക്കേണ്ടതിന്നു വഴി നിർദ്ദേശിച്ചുകൊടുക്കുകയുമുണ്ടായി. അങ്ങിനെ അബൂസുഫ്‌യാൻ

സ്വഭടന്മാരോടുകൂടി മദീനത്തു നിന്നു ഏതാനും നാഴിക അകലെ സ്ഥിതി ചെയ്യുന്ന അരീസ് എന്ന സ്ഥലത്തെ ആക്രമിക്കുകയും, അവിടെ ഉണ്ടായിരുന്ന ഈത്തപ്പന തോട്ടത്തിന്നു തീ വെക്കുകയും, രണ്ടു അൻസാരികളെ കൊല്ലുകയും ചെയ്തു. അനന്തരം തന്റെ പ്രതിജ്ഞ പൂത്തിയായെന്നു നടിച്ചു മക്കത്തേക്കു മടങ്ങിപ്പോയി. ഈ വിവരം അറിഞ്ഞപ്പോൾ നബി ആ ശത്രുക്കളെ അന്വേഷിച്ചുകൊണ്ട് കദർ എന്ന സ്ഥലംവരെ ചെന്നുവെങ്കിലും അവരെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. അബൂസുഫ്യാൻ വഴിച്ചെലവിന്നായി കുറെ കോതമ്പപ്പൊടി സഞ്ചികളിലാക്കി ഒട്ടകപ്പുറത്തു് കയററി കൊണ്ടുവന്നിരുന്നു. മടക്കത്തിൽ ധൃതിയായി സഞ്ചരിക്കേണ്ടിവന്നതുകൊണ്ടു് ഒട്ടകങ്ങൾക്കു ഭാരം കുറയ്ക്കുവാൻവേണ്ടി, ആ സഞ്ചികൾ വഴിയിൽ അവിടവിടെ ഉപേക്ഷിക്കുകയും, അതു മുസ്ലിംകൾക്കു കിട്ടുകയും ചെയ്തതിനാലാണു് ഈ യുദ്ധത്തിന്നു കോതമ്പപ്പൊടി ലഭിച്ച യുദ്ധമെന്നു അൎത്ഥമായ സവീഖ് യുദ്ധമെന്നു പേർ സിദ്ധിച്ചതു്.

**ബനൂഖൈനുഖാഅ്:**—മദീനയ്ക്കു സമീപം ബനൂഖൈനുഖാഅ്, ബനൂനസീർ, ബനൂഖുറൈസഃ ഇങ്ങനെ മൂന്നു ജൂതഗോത്രങ്ങളുണ്ടായിരുന്നു. നബി മദീനത്തു് എത്തിയ ഉടനെത്തന്നെ അവരുമായി സഖ്യ ഉടമ്പടികൾ ചെയ്തിട്ടുണ്ടായിരുന്നു എന്നാൽ ബദ്ർ യുദ്ധത്തിനുശേഷം ഇസ്ലാമിന്നു സിദ്ധിച്ച അഭിവൃദ്ധി അവൎക്കു രസമായില്ല. അതോടുകൂടി ഖുറൈശികളുടെ രഹ

സ്വമാർഗ്ഗേണയല്ലാത്ത പ്രോത്സാഹനവും ഉണ്ടായിക്കൊണ്ടിരുന്നതിനാൽ അവർ ഇസ്‌ലാമിൻെറ കഠിന ശത്രുക്കളായിത്തീൎന്നു. ഇസ്‌ലാംമതത്തിൻെറ അഭിവൃദ്ധി തടയുവാനും, മുസ്‌ലിംകളെ ദ്രോഹിക്കുവാനും, നബിയോടു അക്രമം പ്രവൎത്തിപ്പാനും അവർ സന്നദ്ധരായി. അവരെസംബന്ധിച്ച തിരുമേനിക്കു ലഭിച്ച ഖുർആൻ വചനങ്ങളിൽ അവരുടെ മതവൈരാഗ്യത്തേയും, ദുസ്സ്വഭാവങ്ങളേയും പലിശ, വഞ്ചന, വ്യാജം എന്നീ ദുഷ്കൃത്യങ്ങളേയും, വിശദീകരിച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച മൂന്നു ഗോത്രങ്ങളിൽ നബിയുമായി ചെയ്തിരുന്ന കരാറിനെ ഒന്നാമതായി ലംഘിച്ചതു്, അവരിൽ ധനംകൊണ്ടും ധീരതകൊണ്ടും പ്രസിദ്ധി സമ്പാദിച്ചിരുന്ന ബനൂഖൈനുഖാഅ് ഗോത്രമായിരുന്നു. ആ ഗോത്രം മുസ്‌ലിംകളോടു് പരസ്യമായി മത്സരിച്ചു തുടങ്ങി. മദീനത്തെ കപടവിശ്വാസികൾ അവൎക്കു അനുകൂലികളായിരുന്നു. ഒരിക്കൽ അവരുടെ തെരുവിൽവെച്ചു ഒരു മുസ്‌ലിം സ്ത്രീയെ ഒരു ജൂതൻ അപമാനിച്ചുകളഞ്ഞു. ആ സ്ത്രീ സഹായത്തിന്നു നിലവിളിച്ചതു കേട്ടു ഒരു മുസ്‌ലിം ചെന്നു അയാളെ കൊന്നു. തദവസരത്തിൽ ജൂതന്മാർ ഏകോപിച്ചുകൊണ്ടു ആ മുസ്‌ലിമിനെ കൊന്നുകളഞ്ഞ വിവരം റസൂൽകരീം അറിയുകയും, തിരുമേനി അവരുടെ അടുക്കൽ ചെന്നു "ഇങ്ങിനെ ചെയ്യുന്നതായാൽ ബദ്റിലെ ശത്രുക്കളെപ്പോലെ നിങ്ങളിലും അല്ലാഹുവിൻെറ ക്രോധം ഉണ്ടായിത്തീരുന്ന

താണ്'' എന്ന് അവരെ അറിയിക്കുകയും ചെയ്തു. "ഖുറൈശികളെ തോല്പിച്ചതുകൊണ്ടു് വഞ്ചിതരാകേണ്ട; യുദ്ധം ചെയ്യേണ്ടതു് എങ്ങിനെയാണെന്നു അവർ അറിഞ്ഞിരുന്നില്ല. ഞങ്ങളോടു് മുന്നിടുന്നതായാൽ യുദ്ധമെന്നതു എന്താണെന്നു ഞങ്ങൾ കാണിച്ചുതരുന്നതാണ്." എന്നായിരുന്നു അവരുടെ മറുപടി. ഇങ്ങനെ കഴപ്പം ദീർഘിച്ചതിനാൽ തിരുമേനി സൈന്യത്തോടുകൂടി അവരുടെ നേരെ ചെന്നു. അവർ തങ്ങളുടെ കോട്ടയിൽനിന്നു് പുറത്തിറങ്ങിയില്ല. അതിനാൽ 15 ദിവസം വരെ മുസ്‌ലിംസൈന്യം അവരെ വളഞ്ഞുനിന്നു. ഒടുവിൽ അവരുടെ ഗൂഢമിത്രവും കപടവിശ്വാസികളുടെ നേതാവുമായിരുന്ന അബ്ദുൽലാഹിബ്നു ഉബയ്യിൻെറ അഭിപ്രായമനുസരിച്ച അവരെമദീനത്തുനിന്നു നാടുകടത്തുവാൻ തീച്ച്പ്പെടുത്തുകയും, അവർ സിറിയാ രാജ്യത്തിൽപ്പെട്ട അദ്റആത്തു് എന്ന പ്രദേശത്തിലേക്കു പോകുകയുമാണ് ചെയ്തതു്.

**കഅബുബ്നുഅശ്റഫ്:** ഇയാളുടെ പിതാവു് ബനൂതയ്യ് വംശജനും, മാതാവു് ബനൂനസീർ വംശജയുമായിരുന്നു. ധനം, ധൈര്യം എന്നിവയിലും പദ്യരചനയിലും ജൂതന്മാരുടെ ഇടയിൽ ഇയാൾക്കു നിസ്തുല്യമായ സ്ഥാനം ലഭിച്ചിരുന്നു. ഇസ്‌ലാംമതത്തിൻെറ അഭിവൃദ്ധി നിമിത്തം ജൂതന്മാരുടെ ലൌകികവും വൈദികവുമായ സർവ്വ ശക്തികളും നശിച്ചുകൊണ്ടിരുന്നതിനാൽ കഅബ് മുസ്‌ലിംകളുടെ കഠിന ശത്രുവായിത്തീർന്നു. ബ

22

ദ്ർയുദ്ധം കഴിഞ്ഞതിന്നുശേഷം ആ യുദ്ധത്തിൽ വധിക്കപ്പെട്ട ആളുകളെക്കുറിച്ചു അയാൾ ഹൃദയഭേദകമായ ഒരു കവിതയുണ്ടാക്കുകയും, മക്കത്തു് ചെന്നു ചൊല്ലിക്കേൾപ്പിച്ചു മുസ്‌ലിംകളോടു പ്രതികാരം ചെയ്യാൻ ഖുറൈശികളെ പ്രേരിപ്പിക്കുകയുമുണ്ടായി. അവിടെനിന്നു മടങ്ങിവന്നതിന്നുശേഷം പദ്യങ്ങൾ വഴിയായി മുസ്‌ലിംകളെ നിന്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു വന്നതിന്നു പുറമെ റസൂൽകരീമിനെ രഹസ്യമായി കൊല്ലിക്കേണ്ടതിന്നു ഗൂഢാലോചന നടത്തുകയും ചെയ്തു. ഈ വിവരം അറിഞ്ഞിരുന്നതുകൊണ്ടു് രാത്രി സമയത്തു് ചുരുക്കമായി മാത്രമേ തിരുമേനി പുറത്തിറങ്ങിയിരുന്നുള്ളു. കഅബിൻെറ ഇത്തരം അക്രമങ്ങൾ സഹിക്കവെഹിയാതായപ്പോൾ തിരുമേനിയുടെ ആജ്ഞപ്രകാരം മുഹമ്മദുബ്നു മസ്‌ലമത്തും രണ്ടു സഹാബികളും കൂടിച്ചെന്നു അയാളെ കൊന്നു.

## ഉഹ്ദ് യുദ്ധം

ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ പ്രതികാരത്തിനുള്ള മോഹം മക്കാശത്രുക്കളുടെ ഹൃദയങ്ങളിൽ എത്രത്തോളമുണ്ടായിരുന്നുവെന്നു വിവരിക്കുവാൻ അസാദ്ധ്യം. അബ്ദുൽലാഹിബ്നുറബീഅത്ത്, ഇക്കരിമത്തുബ്നു അബീജഹൽ, സഫ്വാനുബ്നു ഉമയ്യത്ത് എന്നിവർ ബദ്റിൽ കൊല്ലപ്പെട്ടവരുടെ കുടുംബക്കാരോടുകൂടി അബൂസുഫ്യാന്റെ അടുക്കൽ ചെന്നുകൂടി. തങ്ങളുടെ നേതാക്കളും അനേകം ബന്ധുക്കളും ബദ്ർയുദ്ധത്തിൽ കൊല്ലപ്പെട്ടുപോയിട്ടുള്ളതുകൊണ്ടു് ശത്രുക്കളോടു പകരം വീട്ടേണ്ടതിന്നു, തങ്ങളുടെ കച്ചവടലാഭത്തിൽനിന്നു് ശേഖരിച്ചുവരുന്ന പൊതു ഫണ്ടിൽനിന്നു തങ്ങളെ സഹായിക്കണമെന്നു അഭ്യർത്ഥിക്കുകയും അബൂസുഫ്യാൻ അനുകൂലിക്കുകയും ചെയ്തു. അങ്ങിനെ ഖുറൈശികൾ ഉടനെത്തന്നെ വീണ്ടും യുദ്ധത്തിന്നു തയ്യാറായി. സഖികളായ ഇതരഗോത്രങ്ങളേയും അവർ സഹായത്തി

ന്നു കൂട്ടി. ബദ്ർ യുദ്ധത്തിൽ ബന്ധനസ്ഥനും പിഴ കൂടാതെ മോചനം ലഭിച്ചവനുമായിരുന്ന അംറജംഹി മുതലായ കവികൾ പദ്യങ്ങൾ ചൊല്ലി ജനങ്ങളിൽ പ്രതികാരേച്ഛ ഉളവാക്കി. തങ്ങളുടെ പ്രിയ പിതാക്കളേയും ഭത്താക്കന്മാരേയും കൊന്ന ശത്രുക്കൾക്കു ലഭിക്കുന്ന ശിക്ഷകൾ കണ്ടു് ആനന്ദിക്കുവാനും, തങ്ങളെ രക്ഷിക്കേണ്ട ബാദ്ധ്യതയോൎത്തു പുരുഷന്മാർ യുദ്ധക്കളത്തിൽ നിന്നു് ഓടാതിരിക്കുവാനുമായി ഖുറൈശിത്തലവന്മാരുടെ പുത്രിമാരും ഭായ്യമാരുമായ കുറെ സ്ത്രീകളും സൈന്യങ്ങളോടുകൂടി പുറപ്പെട്ടു. ജുബൈറുബ്നുമുത്ത്ഇം, തൻെറ ഒരു അബ്‌ശീനിയാ അടിമയും ചാട്ടുളി (ഹർബത്ത്) പ്രയോഗത്തിൽ അതി വിദഗ്ദ്ധനും അപൂൎവ്വമായല്ലാതെ പിഴവു വരാത്തവനുമായിരുന്ന വഹ്ശിയോടു, യുദ്ധത്തിനു പുറപ്പെടുവാൻ കല്പിക്കുകയും, ഹംസയെ കൊല്ലുന്നതായാൽ അയാളെ സ്വതന്ത്രനാക്കാമെന്നു് വാഗ്ദാനം ചെയ്യുകയുമുണ്ടായി.

ഖുറൈശീ സൈന്യം മക്കയിൽനിന്നു പുറപ്പെട്ടു മദീനയ്ക്കു നേരെയുള്ള ഉഹ്ദ് മലയുടെ താഴ്‌വരയിൽ ഒരു ജലാശയത്തിങ്കൽ എത്തി താമസിച്ചു. നബി സഖാക്കളെ ഒരുമിച്ചു കൂട്ടി എന്തു് വേണമെന്നാലോചിച്ചപ്പോൾ, മദീനയിൽത്തന്നെ നിൽക്കേണ്ടതാണെന്നും ശത്രുക്കൾ ഇങ്ങോട്ടു വന്നു യുദ്ധം ചെയ്യുമ്പോൾ അവരോടു നേരിടാമെന്നും കപടവിശ്വാസികളുടെ തലവനായ അബ്ദുല്ലാഹിബ്നുഉബയ്യ് അഭിപ്രായപ്പെട്ടു. തിരുമേ

നിയും ഈ അഭിപ്രായത്തോടു യോജിക്കുകയാണ് ഉണ്ടായതു്. എന്നാൽ പല സഹാബികളുടേയും അഭിപ്രായം പട്ടണത്തിൽനിന്നു് പുറത്തുപോയി ശത്രുക്കളുമായി എതിക്കേണമെന്നായിരുന്നു. പിന്നീടു് നബി വീട്ടിൽ പോയി ആയുധം അണിഞ്ഞു പുറത്തേക്കുവന്നു അപ്പോൾ സഹാബികളിൽ ചിലർ, നബി സ്വാഭിലാഷത്തിന്നെതിരായി പുറത്തു പോയി എതിക്കുവാൻ സന്നദ്ധനായതു തങ്ങളുടെ നിർബ്ബന്ധത്താലായിരിക്കാമെന്നു കരുതി, തങ്ങളുടെ വാക്കു് വില വെക്കരുതെന്നും പട്ടണത്തിൽ രക്ഷ പ്രാപിക്കുന്നതാണ് അധികം നല്ലതെങ്കിൽ അവിടെത്തന്നെ ഇരിക്കാമെന്നും, തങ്ങളുടെ അഭിപ്രായം നബിക്കു സ്വീകാര്യമായിത്തീരത്തക്ക പദവി തങ്ങൾക്കില്ലെന്നും വ്യസനസമേതം നബിയെ അറിയിച്ചു ആയുധം അണിഞ്ഞാൽ ശത്രുക്കളായി യുദ്ധം ചെയ്യാതെ അതു അഴിച്ചുവെക്കുന്നതു് ഒരു പ്രവാചകനും, ഭൂഷണമല്ലെന്നായിരുന്നു തിരുമേനിയുടെ സമാധാനം.

ഹിജ്റ 3 ശവ്വാൽ 14-ാംനു- (ക്രിസ്താബ്ദം 625 മാർച്ച് 29-ാംനു-) ജുമുഅഃ നമസ്കാരത്തിനുശേഷം, 1000 സഖാക്കളോടുകൂടി റസൂൽ കരീം മദീനത്തുനിന്നു പുറപ്പെട്ടു വഴയിൽവെച്ചു് അബ്ദുൽലാഹിബ്നു് ഉബയ്യ് തന്റെ കക്ഷിയിൽപ്പെട്ടവരോടു ഇങ്ങിനെ പറഞ്ഞു. "മുഹമ്മദ് എന്റെ അഭിപ്രായം വിലവെക്കാതെ ചില ചെറുപ്പക്കാരുടെ വാക്കു കേട്ടിട്ടാണ് പട്ടണം വിട്ടു പോകുന്നതു്. നാം സ്വജീവനെ നഷ്ടപ്പെടുത്തുന്നതു് എന്തി

നാണെന്നു എനിക്കു മനസ്സിലാകുന്നില്ല” ഇതും പറഞ്ഞുകൊണ്ടു അയാറം തൻെറ സംഘക്കാരായ 300 കപടവിശ്വാസികളോടുകൂടി മടങ്ങിക്കളഞ്ഞതിനാൽ പിന്നീട് 700 ഭടന്മാർ മാത്രമേ മുസ്ലീം സൈന്യത്തിൽ ബാക്കിയുണ്ടായിരുന്നുള്ളു. അവരിൽനിന്നു തന്നെ, 16 വയസ്സു തികയാത്ത കുട്ടികളെ തിരുമേനി മടക്കി അയക്കയാണ് ചെയ്തതു്. യുദ്ധം ചെയ്തു മരിക്കുവാനുള്ള താല്പര്യം നിമിത്തം കുട്ടികറംക്കു മടങ്ങിപ്പോവാൻ തീരേ ഇഷ്ടമുണ്ടായിരുന്നില്ല. അവരിലൊരാളായിരുന്ന റാഫി ഇബ്നുഖദീജ് തനിക്കു അധികം പൊക്കമുണ്ടെന്നു തോന്നിപ്പിക്കുവാനായി, ഇരുകാലുകളുടേയും വിരലുകറം മാത്രം നിലത്തുകുത്തി ഏന്തിനിന്നു. റാഫിൻെറ ആ കൌശലം ഫലിച്ചതിനാൽ അദ്ദേഹത്തിന്നു സൈന്യങ്ങളുടെ കൂട്ടത്തിൽ പോകുവാൻ അനുവാദം ലഭിച്ചു. ഈ ബാലൻെറ സമപ്രായക്കാരനായ സംറത്തിനോടു മടങ്ങിപ്പോകുവാൻ കല്പിച്ചപ്പോറം അദ്ദേഹം ഇങ്ങിനെ പറഞ്ഞു. “ഞാൻ റാഫിഇനേക്കാറം ബലവാനാണ്. അവനെ ഞാൻ വീഴ്ത്തിത്തരാം. എന്നിരിക്കെ എന്തിന്നു ഞാൻ മടങ്ങിപ്പോകണം?” അവസാനം ഗുസ്തി പിടിപ്പിച്ച അവസരത്തിൽ സംറത്തു് റാഫിഇനെ നിലം പതിപ്പിച്ചതിനാൽ അദ്ദേഹത്തിന്നും സമ്മതം ലഭിച്ചു.

മുസ്ലിംകറം ശത്രുക്കളുമായി അടുത്തു ഉഹ്ദ്മലയെ പിന്നിലാക്കിക്കൊണ്ടു അണിനിരന്നു ഹസ്രത്തു് മിസ് അബുബ്നു ഉമൈറായിരുന്നു കൊടി പിടിച്ചിരു

ന്നതു്. മലയുടെ കഴിഞ്ഞ പ്രദേശത്തിൽകൂടി ശത്രുക്കളുടെ അശ്വഭടന്മാർ വന്നു പിന്നിൽനിന്നു ആക്രമിച്ചുകളയുമെന്ന ശങ്കനിമിത്തം അബ്ദുൽലാഹിബ്നുജുബൈറിൻെറ നായകത്വത്തിൻകീഴിൽ 50 അമ്പാളികളെ നബി അവിടെ കാവല്ക്കാരായി നിറുത്തീട്ടുണ്ടായിരുന്നു. ശത്രുക്കളുടെ കുതിരപ്പട്ടാളം ആ വഴിക്കു വരുമ്പോഠം, അമ്പുകഠംകൊണ്ടു തടുക്കേണമെന്നും, തങ്ങഠം ജയിച്ചാലും തോററാലും കല്പനകൂടാതെ ആ സ്ഥലം ഒരിക്കലും വിട്ടു പോകരുതെന്നും തിരുമേനി അവരോടു കല്പിച്ചിട്ടുണ്ടായിരുന്നു.

എതിർഭാഗത്തു ഖുറൈശീസൈന്യവും അണിനിരന്നു അവരുടെ കൊടി പിടിച്ചിരുന്നതു് തൽഹത്തായിരുന്നു. കുതിരപ്പട്ടാളത്തിൻെറ വലഭാഗത്തു് ഖാലിദുബ്നുവലീദും, ഇടത്തുഭാഗത്തു് ഇക്കരിമത്തുബ്നു അബീജഹലും ഉണ്ടായിരുന്നു ആവശ്യാനുസരണം ഉപയോഗക്കേണ്ടതിന്നു 200 സവാരിക്കുതിരകളെ പ്രത്യേകം നിറുത്തിയിരുന്നു. അബ്ദുൽലാഹിബ്നു റബീഅത്ത് അമ്പാളികളുടെ നായകത്വംവഹിച്ചു യുദ്ധം ആരംഭിച്ചതോടുകൂടി ഖുറൈശി സ്ത്രീകഠം മദ്ദളം അടിച്ചുകൊണ്ടു ബദ്റിൽ വധിക്കപ്പെട്ട സ്വജനങ്ങളെക്കുറിച്ചു ദുഃഖസൂചകമായ ഗീതങ്ങഠം പാടിക്കൊണ്ടിരുന്നു.

മുസ്ലിംകഠം ലേശംപോലും പ്രാണഭയം കൂടാതെ ആ ശത്രുക്കളോടു് പോരാടുകയുണ്ടായി ഹം സഃ, അലീ, അബൂദുജാനത്ത് എന്നിവർ ഈ യുദ്ധത്തിൽ പ്രദശിപ്പി

ച്ച ശൌര്യപരാക്രമങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. റസൂൽകരീം തിരുഹസ്തത്തിലുണ്ടായിരുന്ന ഒരു വാൾ അബൂദുജാനത്തിന്ന കൊടുത്തു. അദ്ദേഹം അതു വാങ്ങി വളരെ കൌശലത്തോടും സാമർത്ഥ്യത്തോടുംകൂടി ശത്രുക്കളോടു പൊരുതിയതു കണ്ടപ്പോൾ യുദ്ധക്കളത്തിൽനിന്നല്ലാതെ അത്തരം കൌശലം പാടില്ലെന്നു തിരുമേനി പ്രസ്താവിക്കുകയുണ്ടായി. അബൂദുജാനത്തു ഈ യുദ്ധത്തിൽ അനേകം ശത്രുഭടന്മാരെ കൊന്നിട്ടുണ്ട്. അബൂസുഫ്യാൻെറ ഭാര്യയായ ഹിന്ത് അബൂദുജാനത്തിൻെറ മുമ്പിൽ അകപ്പെട്ടപ്പോൾ അദ്ദേഹം, അവളെ വെട്ടുവാനായി വാളുയർത്തിയെങ്കിലും, റസൂൽകരീമിൻെറ വാളിന്മേൽ ഒരു സ്ത്രീയുടെ രക്തം പിരട്ടുന്നതു് ഉചിതമല്ലെന്നു കരുതി വെട്ടാതെ കൈ വലിച്ചുകളയുകയാണ് ഉണ്ടായതു്. ഹസ്രത്തു് ഹംസഃ രണ്ടു കൈയിലും വാൾ പിടിച്ചുകൊണ്ടു് തൻെറ മുന്നിലുണ്ടായിരുന്ന ശത്രുക്കളെ മുടിച്ചുകൊണ്ടു മുന്നോട്ടു കയറി. എന്നാൽ വഹ്ശി അദ്ദേഹത്തെ നോക്കി നില്ക്കുകയായിരുന്നു ഹംശയെ മുന്നിൽ കണ്ട ഉടനെ വഹ്ശി അദ്ദേഹത്തിൻെറ നേരെ ചാട്ടുളി പ്രയോഗിച്ചു. അതു ആ ധീരയോദ്ധാവിൻെറ നാഭിയിൽ തറച്ചു മറുപുറത്തേക്കു് പുറപ്പെടുകയും, അദ്ദേഹം വഹ്ശിയെ കൊല്ലുവാനായി മുന്നോട്ടു ഗമിച്ചുവെങ്കിലും മുറിവു് വളരെ കഠിനമായിരുന്നതിനാൽ നിലം പതിച്ചു് ശഹീദാകുകയുമുണ്ടായി

ഖുറൈശികൾ മുസ്ലിംകളോടു എതിർത്തു നില്ക്കാൻ ശക്തരാവാതെ പിന്തിരിയുവാൻ തുടങ്ങി. അവരുടെ

കൊടി പിടിച്ചിരുന്നവക്ക തുടരെത്തുടരെ ജീവനാശം സംഭവിച്ചുകൊണ്ടിരുന്നുവെങ്കിലും, പകരമായി ഓരോരുത്തൻ മുന്നോട്ടു വന്നുകൊണ്ടിരുന്നു. അവസാനം സവാബ് എന്നയാൾ കൊടിയുമായി വീണുമരിച്ചതോടുകൂടി ശത്രുസൈന്യം ഛിന്നഭിന്നമായി. ഇതു കണ്ടു അൽഖമത്തിൻെറ മകളായ അംറഃ എന്ന ഖുറൈശി സ്ത്രീ കൊടി പിടിക്കുകയും, അപ്പോൾ ശത്രുക്കൾ വീണ്ടും വന്നു അവളുടെ അരികെ ഒരുമിച്ചു കൂടുകയും ചെയ്തു. എങ്കിലും ധീരന്മാരായ മുസ്ലിം യോദ്ധാക്കളുടെ മുമ്പിൽ അധികസമയം പൊരുതി നില്പാൻ പിന്നീട് അവക്കു സാധിച്ചില്ല അവർ ക്രമേണ പിന്നോട്ടു മാറി പോക്കളും തീരെ ഉപേക്ഷിച്ചു. ശത്രുക്കൾ കേവലം പരാജിതരായപ്പോൾ മുസ്ലിം സൈന്യം ആയുധങ്ങളും മററും പെറുക്കികൂട്ടുവാൻ തുടങ്ങി. തദവസരത്തിൽ അമ്പാളികളായിരുന്ന മുസ്ലിംകൾ അവരുടെ കാവൽ സ്ഥലം വിട്ടുകളഞ്ഞു. അവരുടെ നായകനായിരുന്ന അബ്ദുൽലാഹിബ്നു ജുബൈർ അവരെ കഴിയുംവിധം വിരോധിച്ചുനോക്കിയെങ്കിലും അവർ കൂട്ടാക്കിയില്ല.

കാവൽ സൈന്യം സ്ഥലം വിട്ടതുകൊണ്ടു ശത്രുക്കളുടെ കതിരപ്പട്ടാളത്തിന്നു ആ വഴിക്കു എതിക്കുവാൻ സൌകര്യം ലഭിച്ചു. ഖാലിദ് സ്വസേനയുമായി ആ മലച്ചരിവിൽകൂടി മുസ്ലിംകളുടെ നേരെ പാഞ്ഞെടുത്തു. നിർഭയമായി യുദ്ധക്കളത്തിൽനിന്നു സാമാനം ശേഖരിച്ചുകൊണ്ടിരുന്ന മുസ്ലിംകൾ ശത്രുക്കളെ കണ്ടപ്പോഴേക്കും,

അവരുടെ ഖഡ്ഗങ്ങൾ പിന്നിൽക്കൂടി തലയിൽ വീണു കഴിഞ്ഞു. ഉടനെത്തന്നെ അവർ അങ്ങുമിങ്ങും ചിതറിപ്പോയി. ശത്രുക്കളെ തിരിച്ചറിവാൻ സാധിക്കാഞ്ഞതിനാൽ മുസ്‌ലിംകൾ തമ്മിൽത്തമ്മിൽത്തന്നെ ആയുധപ്രയോഗം നടന്നു. ഹസ്രത്തു് യമാനിനെ ശത്രുവാണെന്നു ഭാവിച്ചു മുസ്‌ലിംകൾ കൊന്ന അവസരത്തിൽ അദ്ദേഹത്തിൻെറ പുത്രനായ ഹസ്രത്ത് ഹുദൈഫത്ത് "അതു എൻെറ പിതാവാണു്" എന്നു നിലവിളിച്ചുകൊണ്ടിരുന്നുവെങ്കിലും, ആ പരിഭ്രമം പിടിപെട്ട സൈന്യം അദ്ദേഹത്തെ കൊല്ലുക തന്നെ ചെയ്തു. ഒടുവിൽ "ഹുദൈഫത്തു്, ഹേ മുസ്‌ലിംകളെ, അൽലാഹു നിങ്ങൾക്കു മാപ്പു തരട്ടെ" എന്നു പ്രാൎത്ഥിക്കുകയാണു് ഉണ്ടായതു്.

മുസ്‌ലിം സൈന്യത്തിൽ കൊടി പിടിച്ചിരുന്ന ഹസ്രത്ത് മിസ്അബ് റസൂൽകരീമിൻെറ തുല്യസാദൃശ്യയായിരുന്നു. ശത്രുതലവന്മാരിൽ ഒരു ധീരയോദ്ധാവായ ഇബ്നുഖമിഅത്ത് അദ്ദേഹത്തെ കൊന്നുകൊണ്ടു താൻ മുഹമ്മദിനെകൊന്നിരിക്കുന്നുവെന്നു പറഞ്ഞു പരത്തി. ഇതു കേട്ടപ്പോൾ മുസ്‌ലിംകളിൽ ബാക്കിയുണ്ടായിരുന്ന മനസ്സമാധാനവും നശിച്ചു. അനേകം പേർ ഓടിപ്പോയി. ചിലർ അന്ധാളിച്ചു് അവിടെത്തന്നെ സ്തംഭിച്ചുനിന്നു. മററുചിലർ ദുഃഖപരവശരായി നിലം പതിച്ചു. അനസിൻെറ പിതൃവ്യനായ ഇബ്നുനസ്ർ ശത്രുക്കളോടു പോരാടിക്കൊണ്ടു പോൎക്കളത്തിൽ നടക്കുകയായിരുന്നു. ഹസ്രത്തു് ഉമർ ആയുധം എറിഞ്ഞു വ്യസ

നിച്ചുകൊണ്ടിരിക്കുന്നതു കണ്ടു, "നിങ്ങളെന്തെടുക്കുന്നു" വെന്നു ഇബ്'നുനസ്'ർ അദ്ദേഹത്തോടു ചോദിച്ചപ്പോൾ, റസൂൽകരീം ശഹീദായിപ്പോയിരിക്കെ ഇനി യുദ്ധം ചെയ്തിട്ടെന്തു ഫലമാണുള്ളതു് എന്നായിരുന്നു അദ്ദേഹം മറുപടി പറഞ്ഞതു്. ഇബ്'നുനസ്'ർ ഇതു കേട്ടപ്പോൾ "നബി ശഹീദായിട്ടുണ്ടെങ്കിൽ നാം പിന്നെ എന്തിന്നു ജീവിച്ചിരിക്കുന്നു" വെന്നു പറഞ്ഞുകൊണ്ടു തൽക്ഷണം ശത്രുക്കളുടെ അണിയിലേക്കു പാഞ്ഞു കയറി യുദ്ധം ചെയ്തു ശഹീദായി സ്വജീവനെക്കുറിച്ചു അല്പവും ഭയമില്ലാത്തവരായിരുന്ന ചില സഹാബികൾ മാത്രമേ തിരുമേനിയുടെ അടുക്കൽ ഉണ്ടായിരുന്നുള്ളു. ശത്രുക്കളിൽനിന്നു തിരുമേനിയെ രക്ഷിക്കേണ്ടതിന്നു അവർ ചെയ്തിട്ടുള്ള ത്യാഗം അവർണ്ണനീയമാണു്. ശത്രുക്കൾ നബിയുടെ നേരെ അമ്പു വർഷിച്ചുകൊണ്ടിരുന്നപ്പോൾ ഹസ്രത്തു് അബൂദുജാനത്തു് തിരുമേനിയുടെ നേരെ തിരിഞ്ഞുനിന്നു, തിരുമേനിയുടെനേക്കു വന്നുകൊണ്ടിരുന്ന അസ്ത്രങ്ങളെ തൻെറ പുറംകൊണ്ടു തടുക്കുകയുണ്ടായി. ഹസ്രത്തു് സഅദുബ്നു അബീവക്കാസും തൽഹത്തും തങ്ങളുടെ അമ്പുകളെക്കൊണ്ടു ശത്രുക്കളെ എതിർത്തുകൊണ്ടിരുന്നു. അഖബാ ഉടമ്പടിയിൽ സംബന്ധിച്ച നസീബത്തു് എന്നു പേരായ ഉമ്മു അമ്മാറത്തു് എന്ന സ്ത്രീ ഒരു വാളുമായി തിരുമേനിയുടെ അടുക്കൽ വന്നു നിന്നു ശത്രുക്കളെ തടുക്കുകയും വധിക്കുകയും ചെയ്തിരുന്നു. ശത്രുക്കളിലൊരുവൻെറ ഏറുകൊണ്ടു തിരുമേനിയുടെ അധരം മുറിപ്പെടുകയും, താ

ഴെ വരിയിലെ മുൻപല്ലുകളിൽ വലത്തെ പല്ല് കൊഴി ഞ്ഞുപോകുകയുണ്ടായി. അനന്തരം ഇബ്നുഖമിഅത്ത് വന്നു വെട്ടിയതിനാൽ തിരുമേനിയുടെ തലക്കോരിക മേൽ വാറം പററി തലക്കോരികയുടെ കണ്ണികറം കവി ളിൽ തറച്ചു ഹസ്രത്ത് അബൂഉബൈദത്ത് ആ കണ്ണി കറം കടിച്ചു പറിച്ചപ്പോറം മുറിവിൽ നിന്നു രക്തം ധാര യായി ഒഴുകി. തിരുമേനിക്കു അപായം നേരിട്ടതു കണ്ടു അക്ഷമയായിത്തീന്ന ഉമ്മു അമ്മാറത്ത് ഇബ്നുഖമി അത്തിനെ പല പ്രാവശ്യം വെട്ടിയെങ്കിലും അയാറം രണ്ടു കവചം അണിഞ്ഞിരുന്നതുകൊണ്ടു ആ മഹതിയു ടെ വെട്ടു ഫലിച്ചില്ല. അയാളുടെ വെട്ടുകൊണ്ടു ഉമ്മു അമ്മാറത്തിൻെറ ചുമലിൽ പററിയ മുറിവു സുഖപ്പെടു ത്തുവാൻ ഒരു കൊല്ലം പൂണ്ണമായി വേണ്ടിവന്നു. സിയാ ദുബ്നുസുക്കൻ എന്ന അൻസാരി തൻെറ അഞ്ചു സഹ കാരികളോടുകൂടി നബിയുടെ രക്ഷയ്ക്കായി തിരുസന്നിധി യിൽ വന്നു യുദ്ധം ചെയ്തു ശഹീദായി. മഹാന്മാരായ അബ്ദുർറഹ്മാനുബ്നുഔഫും സുബൈറുബ്നു അവാ മും, തിരുമേനിയുടെ രക്ഷക്കായി പ്രാണഭയം കൂടാതെ പൊരുതിയിരുന്നു. തൽഹത്ത് ശത്രുക്കളുടെ വാളുകളെ കൈകൊണ്ടു തടുത്തുകൊണ്ടിരുന്നതിനാൽ ഒരു കൈ തീ രെ മുറിഞ്ഞു നിലത്തുവീണു. ഇതിന്നിടയിൽ ഒരാറം ഈ ത്തപ്പഴം തിന്നുകൊണ്ടു് തിരുമേനിയുടെ അരികെ വന്നു, താൻ പോരാടി മരിച്ചൽ എവിടേക്കാണു് പോകുകയെ ന്നു ചോദിച്ചതിന്നു സ്വർഗ്ഗത്തിലേക്കു് എന്നു തിരുമേനി മറുപടി പറഞ്ഞു. അദ്ദേഹം ഉടനെത്തന്നെ കലിമഃ

പൊല്ലി ഇസ്ലാമാകുകയും, ശത്രുമദ്ധ്യത്തിലേക്കു ഓടി ച്ചെന്നു ശഹീദാകുകയുമുണ്ടായി. ഇങ്ങനെ അൽലാഹു വിന്നുഒരു സുജൂദുപോലും ചെയ്യാതെ ആ മനുഷ്യൻ സ്വർഗ്ഗാവകാശിയായിത്തീൎന്നു

ശത്രുക്കളിലൊരാളായിരുന്ന അബൂആമിർ മുസ്ലിംകളെ അകപ്പെടുത്തുവാനായി തിരുമേനിക്കു തമ്പു പണിതിരുന്ന സ്ഥലത്തിന്നടുത്തു ഒരു കുഴി ഉണ്ടാക്കിയിരുന്നു തിരുമേനി അതിന്മീതെ ചവിട്ടിയപ്പോൾ കാലു പൂണ്ടു അതിൽ വീണുപോയി ഹസ്രത്ത് അലി കൈ പിടിച്ചുകൊണ്ടു, ഹസ്രത്ത് അബൂബക്കറും ഹസ്രത്ത് തൽഹത്തുംകൂടി താങ്ങിക്കൊണ്ടും തിരുമേനിയെ അതിൽ നിന്നു രക്ഷപ്പെടുത്തി. അൻസാരികളിലൊരാളായ കഅബുബ്നുമാലിക്ക് നബിയെ കണ്ടപ്പോൾ "മുസ്ലിംകളെ! സന്തോഷിപ്പിൻ! നബി ജീവനോടുകൂടി ഇരിക്കുന്നുണ്ടു" എന്നു ഉറക്കെ വിളിച്ചു പറഞ്ഞതുകേട്ടു സഹാബികളെല്ലാം മടങ്ങിവന്നു. തിരുമേനി അവരോടുകൂടി മല മുകളിൽ കയറി. ശത്രുക്കൾ അവരുടെ നേരെ വന്നുവെങ്കിലും ഹസ്രത്ത് ഉമറും മററും കല്ലെറിഞ്ഞു അവരെ അടുക്കുവാൻ അനുവദിച്ചില്ല ഉബയ്യുബ്നുഖലഫ് "മുഹമ്മദിനെ ഇന്നു ഞാൻ ജീവനോടെ ശേഷിക്കുവാൻ വിടുകയില്ല" എന്നു പറഞ്ഞുകൊണ്ടു ദേഷ്യത്തോടെ അടുത്തെത്തിയപ്പോൾ തിരുമേനി ഹാരിസുബ്നു സമ്മത്തിൻെറ പക്കൽ നിന്നു കുന്തം വാങ്ങി അയാളുടെ പിരടിക്കു കുത്തി. അയാളുടെ പിരടി മുറിപ്പെട്ടു രക്തം ഒഴ

കകയും, അയാഠം കതിരപ്പുറത്തു് നിന്നു് ആടിപ്പോകുക യുമുണ്ടായി. അയാഠം മക്കത്തേക്കു തിരിച്ചുപോയപ്പോഠം ഈ മുറിവു നിമിത്തം വഴിയിൽവെച്ചു മരിച്ചു. നിർഭാഗ്യ വാനായ ആ ഏക മനുഷ്യനെ മാത്രമേ നബി തൻെറ സ്വന്ത കരംകൊണ്ടു ആകപ്പാടെ കൊന്നിട്ടുള്ളു.

നബി ശഹീദായിരിക്കുന്നുവെന്ന കിംവദന്തി മദീനയിൽ കേട്ട ഉടനെ അവിടെ നിന്നു അനേകം സ്ത്രീകഠം ഉഹ്ദിൽ വന്നെത്തി. ഹസ്രത്ത് ഫാത്തിമത്തുസ്സഹ്രായും വന്നിട്ടുണ്ടായിരുന്നു. നബിയുടെ മുറിവു കഴുകുവാനായി ഹസ്രത്ത് അലീ വെള്ളം കൊണ്ടുവന്നു. ഹസ്രത്ത് ഫാത്തിമത്തുസ്സഹ്രാ, രക്തം കഴുകിക്കളഞ്ഞതിന്നു ശേഷം പായക്കഷ്ണം കരിച്ചു അതിൻെറ വെണ്ണീർ മുറിവിൽ നിറക്കുകയും, അപ്പോഠം ചോര നില്ക്കുകയും ചെയ്തു.

അബൂസുഫ്യാൻ ഖുറൈശികളേയുംകൊണ്ടു് ഒരു കുന്നിന്മേൽ കയറി നിന്നുകൊണ്ടു "ഹുബുൽ ജയിക്കട്ടെ" എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അതിന്നു സമാധാനമായി തിരുമേനിയുടെ ആജ്ഞാപ്രകാരം അൽലാഹുവാണു് അത്യുൽകൃഷ്ടനും അതിമഹനുമെന്നു് സഹാബികഠം വിളിച്ചുപറഞ്ഞു. അബൂസുഫ്യാൻഹസ്രത്ത്ഉമറിൻെറ ശബ്ദം കേട്ടു് അദ്ദേഹത്തെ വിളിക്കുകയുണ്ടായി. തിരുമേനിയുടെ കല്പനപ്രകാരം ഉമർ ചെന്നപ്പോഠം തിരുമേനിയുടെ കൊലയെപ്പററിയുള്ള സൂക്ഷ്മവർത്തമാനം പറയുവാൻ അബൂസുഫ്യാൻ ആവശ്യപ്പെട്ടു. "കൊല്ലപ്പെട്ടിട്ടില്ല. അദ്ദേഹം മലമേൽ നിന്നുകൊണ്ടു് നിങ്ങളുടെ സംസാ

രംക്കോരംക്കുന്നുണ്ട്'' എന്നു ഉമർ പറഞ്ഞു. അപ്പോരം അബൂസുഫ്‌യാൻ ''എൻെറ അട്ടക്കൽ ഇബ്നുഖത്താബ്‌ത്തിനേക്കാരം സത്യവാൻ നിങ്ങളാണു'' എന്നു പറയുകയുണ്ടായി പിന്നീട് അബൂസുഫ്‌യാൻ ആ യുദ്ധം ബദ്‌റിന്നു പകരമാണെന്നും, വരുന്നകൊല്ലം ബദ്‌റിൽവെച്ചു തന്നെ സമരമുണ്ടാകുന്നതാണെന്നും, വിളിച്ചുപറഞ്ഞു. അപ്പോരം അതു തങ്ങരംക്കും സമ്മതമാണെന്നു പറയുവാൻ തിരുമേനി സഹാക്കളോടുകല്പിച്ചു ശത്രുക്കളുടെ ഉദ്ദേശമെന്താണെന്നു അറിയേണ്ടതിന്നു തിരുമേനി ഹസ്രത്ത് അലിയെ അയച്ചു അവർ എന്തു ചെയ്യാൻ വിചാരിക്കുന്നുവെന്നറിയേണമെന്നും, ഒട്ടകപ്പുറത്തു സവാരി ചെയ്തു കുതിരകളെ ആരം കയറാതെ നടത്തിക്കുകയാണെങ്കിൽ മക്കത്തേക്കു പോകുവാനാണു ഉദ്ദേശിക്കുന്നതെന്നും, കുതിരപ്പുറത്തു സവാരി ചെയ്തു ഒട്ടകങ്ങളെ നടത്തിക്കുകയാണെങ്കിൽ മദീനയെ ആക്രമിക്കുവാൻ അവർ വിചാരിക്കുന്നുണ്ടായിരിക്കുമെന്നും, അങ്ങിനെയാണെങ്കിൽ തങ്ങളും ഒരുങ്ങേണ്ടതാണെന്നും തിരുമേനി അദ്ദേഹത്തോട്ടു പറഞ്ഞു. അലീ മടങ്ങി വന്നു, അവർ ഒട്ടകപ്പുറത്തു സവാരി ചെയ്തു കുതിരകളെ ആരം കയറാതെ കൊണ്ടു പോകുകയാണെന്നു അറിയിച്ചു.

ശത്രുഭയം ഇല്ലാതായതിൽപ്പിന്നെ മുസ്‌ലിംകരം ശഹീദ്മാരെ മറവു ചെയ്യുന്നതിൽ ഏർപ്പെട്ടു ആകെ ശഹീദായ 70 മുസ്‌ലിംകളിൽ 4 പേർ മുഹാജിറുകളും ശേഷമുള്ളവർ അൻസാരികളുമായിരുന്നു. ശത്രുക്കളിൽ 22 പേക്കാണു ജീവനാശം സംഭവിച്ചതു്.

ബദ്റിൽ തങ്ങൾക്ക് പരാജയം നേരിട്ടതിനാലു ണ്ടായിരുന്ന ദ്വേഷ്യം നിമിത്തം, ശത്രുക്കൾ ശഹീദ്മാരെ കഷ്ണം കഷ്ണമാക്കിക്കളഞ്ഞിരുന്നു. അബൂസുഫ്യാൻെറ ഭാൎയ്യയായിരുന്ന ഹിന്ത് സയ്യിദുശ്ശുഹദാ ഹസ്രത്ത് ഹംസത്തിൻെറ മൃതശരീരത്തോടു അനേകം കഠിനകൃത്യങ്ങൾ ചെയ്തു. അദ്ദേഹത്തിൻെറ മൂക്ക്, ചെവി മുതലായവ അരിഞ്ഞുകളഞ്ഞു. കണ്ണു ചൂന്നെടുത്തു. നെഞ്ച് കീറി കരളിൻെറ ഒരു കഷ്ണമെടുത്തു വായിലിട്ട് ചവച്ചുകൊണ്ടു് വിഴുങ്ങുവാൻ ശ്രമിച്ചുവെങ്കിലും അതിന്നു സാധിക്കാഞ്ഞതിനാൽ ഒടുവിൽ ഉഴിഞ്ഞുകളഞ്ഞു. ഈ ക്രൂരകൃത്യം നിമിത്തം ഹിന്തിന്നു "കരൾ തിന്നവൾ" എന്നു പേർ സിദ്ധിച്ചു.

റസൂൽകരീമിൻെറ പിതൃവ്യയും, ഹംസയുടെ സഹോദരിയുമായ സഫിയ്യത്ത്, സഹോദരൻെറ മൃതശരീരം കാണ്മാൻ വന്നപ്പോൾ തിരുമേനി ആ മഹതിയുടെ മകനായ സുബൈറിനോടു മാതാവിനെ വിരോധിപ്പാൻ കല്പിച്ചു. സുബൈറ് വിരോധിച്ചപ്പോൾ, അവർ ഇപ്രകാരം പറഞ്ഞു "എൻെറ സഹോദരന്നു സംഭവിച്ചതെല്ലാം എനിക്കു മനസ്സിലായിട്ടുണ്ടു്. ഞാൻ കരയുവാനും നിലവിളിക്കുവാനും വേണ്ടി വന്നതല്ല. ഞാൻ സഹോദരനെ കണ്ടാൽ ക്ഷമിക്കുകയും, അദ്ദേഹത്തിന്നുവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യുന്നതാണു്." ഈ വിവരം സുബൈറ് അറിയിച്ചപ്പോൾ, തിരുമേനി അനുവാദം നല്കുകയാണു് ഉണ്ടായതു്. എങ്കിലും സ്വസഹോദരൻെറ

കരാം കീറിയ സ്ഥിതിയും മററും കണ്ടപ്പോാം ആ മാന്യയുടെ ഹൃദയം പിളൎന്നുപോയി. എങ്കിലും അവർ സഹനചിത്തയായി അദ്ദേഹത്തിന്നുവേണ്ടി പ്രാൎത്ഥിക്കുകയും, അദ്ദേഹത്തെ മറയ്ക്കേണ്ടതിന്നായി രണ്ടു തുണി സ്വപുത്രൻവശം ഏല്പിച്ചു മടങ്ങിപ്പോകയും ചെയ്തു. ഹസ്രത്ത് സുബൈറ് പറഞ്ഞതാവിതു്. "ആ തുണികൊണ്ടു ഹസ്രത്ത് സയ്യിദുശ്ശുഹദാഇനെ (ഹംസത്തിനെ) മറയ്ക്കേണമെന്നു ഞങ്ങാം വിചാരിച്ചു. പക്ഷെ അദ്ദേഹത്തിൻെറ സമീപത്ത് ഒരു അൻസാരി ശഹീദായിക്കിടന്നിരുന്നു. ശത്രുക്കാം ഹംസയോടു ചെയ്ത കഠിനകൃത്യം ആ അൻസാരിയോടും ചെയ്തിട്ടുണ്ടായിരുന്നു ഒരാളെ രണ്ടു വസ്ത്രത്തിലും, മറെറാരാളെ തീരെ വസ്ത്രമില്ലാതെയും മറമാടുന്നതു ഉചിതമല്ലെന്നു ഞങ്ങാംക്ക് തോന്നി. അവസാനം രണ്ടാളെയും ഓരോ വസ്ത്രത്തിൽ പൊതിഞ്ഞുകൊണ്ടു മറവു ചെയ്തു." ശഹീദുമാരെ മറയ്ക്കേണ്ടതിന്നു ആവശ്യമായ വസ്ത്രം പോലും, മുസലിംകളുടെ വംശം ഉണ്ടായിരുന്നില്ലെന്നറിയുമ്പോാം അവൎക്ക് അന്നു എത്ര കണ്ടു ദാരിദ്ര്യമുണ്ടായിരുന്നുവെന്നു ഊഹിക്കാമല്ലൊ. മുസ്‌ലിം പക്ഷത്തിൽ കൊടി പിടിച്ചിരുന്ന ഹസ്രത്ത് മിസ്അബിനെ മറവു ചെയ്യേണ്ടതിന്നു, തല മറച്ചാൽ കാലും, കാലു മറച്ചാൽ തലയും, പുറത്താകത്തക്കവണ്ണം ഒരു ചെറിയ തുണി മാത്രമേ ഉണ്ടായിരുന്നുള്ളു. അവസാനം ആ വസ്ത്രംകൊണ്ടു തല മറയ്ക്കുകയും കാലിന്മീതെ പുല്ലിടുകയുമാണു് ഉണ്ടായതു്. ശവങ്ങളെ കളിപ്പിക്കാ

തെ രക്തം പുരണ്ട സ്ഥിതിയിൽത്തന്നെ മറവു ചെയ്തു. ഓരോ ഖബറിൽ ഈരണ്ടു ശവങ്ങൾ വെച്ചിട്ടുണ്ടായിരുന്നു. ഖുർആൻ അധികം അറിഞ്ഞിരുന്ന ആളെയായിരുന്നു മുൻഭാഗത്ത് വെച്ചിരുന്നത്."

മറമാടിക്കഴിഞ്ഞതിന്നു ശേഷം നബിയും സഖാക്കളും മദീനത്തേക്ക് മടങ്ങിപ്പോയി. അവർ വഴിയിൽ വെച്ച് ജഹ്ശ്മകൾ ഹംനത്തുമായി കണ്ടുമുട്ടി. തൻെറ അമ്മാമൻ ഹസ്രത്ത് ഹംസഃ, ശഹീദായ വിവരം കേട്ടപ്പോൾ ആ മാന്യ, ഇന്നാലില്ലാഹി (വ്യസനാവസരത്തിൽ ഉച്ചരിക്കുന്ന ഖുർആൻ വാക്യം) ഉച്ചരിച്ചു. അനന്തരം തൻെറ സഹോദരൻ അബ്ദുല്ലയുടെ വിയോഗവാൎത്ത അറിഞ്ഞപ്പോഴും, ആ സ്ത്രീ ആദ്യത്തെപ്പോലെത്തന്നെ ചെയ്തു എന്നാൽ തൻെറ ഭൎത്താവു് ഹസ്രത്ത് മിസ്അബിൻെറ വിരഹവാൎത്ത അറിഞ്ഞ അവസരത്തിൽ അവർ പൊട്ടിക്കരഞ്ഞു. ഇതു കണ്ടു, സ്ത്രീക്ക് ഭൎത്താവോടാണ് അധികം സ്നേഹമുണ്ടായിരിക്കുക എന്നു റസൂൽകരീം പ്രസ്താവിച്ചു. അൻസാരികളിൽ ബനുദീനാർ ഗോത്രത്തിൽപ്പെട്ട ഒരു സ്ത്രീ നബി ശഹീദായെന്നുണ്ടായ കിംവദന്തി കേട്ട് ഉഹ്ദിലേക്ക് വരുന്നുണ്ടായിരുന്നു. തൻെറ ഭൎത്താവു്, പിതാവു്, സഹോദരൻ എന്നീ മൂന്നുപേരും ശഹീദായിരിക്കുന്നുവെന്നു വഴിയിൽ വെച്ചു അവൎക്കു അറിവുകിട്ടി. എന്നാൽ ഇവരിൽ ഓരോരുത്തൻെറ വിയോഗവൎത്തമാനം കേട്ടപ്പോഴും അവർ "നബി എവിടെ" എന്നു അന്വേഷിക്കുകയാണുണ്ടായ

39038

ു്. നബി ജീവനോടുകൂടി ഉണ്ടെന്നു ജനങ്ങറം പറഞ്ഞപ്പോറം, തനിക്കു കാണിച്ചു കൊടുക്കേണമെന്നു ആ മഹതി ആവശ്യപ്പെടുകയും, സഹാബികറം കാണിച്ചുകൊടുത്തപ്പോറം, തിരുമേനിയുടെ മുഖം ദശിച്ചു സമാധാനിക്കുകയും, നബിക്കു അപായം നേരിടാതിരിക്കുമ്പോറം ഏതു ആപത്തും നിസ്സാരമാണെന്നു പറയുകയും ചെയ്തു.

ശത്രുക്കറം വീണ്ടും മടങ്ങിവരുമെന്നു മദീനത്തെത്തിയതിന്നു ശേഷവും തിരുമേനിക്കു സംശയമുണ്ടായി. അതിനാൽ തിരുമേനി ഉഹ്ദ് യുദ്ധത്തിൽ പങ്കുകൊണ്ടിരുന്ന ഭടന്മാരിൽ ഒരു സംഘത്തോടുകൂടി രണ്ടാം ദിവസം വീണ്ടും പുറപ്പെടുകയും, മുസ്ലിംകറംക്കു ശക്തിയുണ്ടെന്നു പ്രത്യക്ഷപ്പെടുത്തുവാനും ഉഹ്ദിൽ പരാജിതരായതുകൊണ്ടു അവക്ക് ഇനി യുദ്ധം ചെയ്യാൻ സാധിക്കയില്ലെന്നു ശത്രുക്കറം വിചാരിക്കാതിരിക്കുവാനുമായി 8നാഴിക ദൂരം വരെ സഞ്ചരിച്ചു ഹംറാഉൽഅസദ് എന്നിടത്തു താമസിക്കുകയുംചെയ്തു. എന്നാൽ ശത്രുക്കളെപ്പററി തിരുമേനിക്കുണ്ടായിരുന്ന ആ സംശയം നിരത്ഥമായിരുന്നില്ല. അബൂസഫ്യാൻ, റൌഹാഉൽ എത്തിയതിന്നു ശേഷം ചില നായകന്മാരുടെ അഭിപ്രായപ്രകാരം വീണ്ടും മദീനത്ത് മടങ്ങിച്ചെന്നു മുസ്ലിംകളെ നിശ്ശേഷം നശിപ്പിച്ചു മടങ്ങിപ്പോകുവാൻ ആലോചിച്ചിരുന്നു. തിരുമേനി സഖാക്കളോടുകൂടി പിന്നാലെത്തന്നെ വരുന്നുണ്ടെന്നു കേട്ടപ്പോഴാണ്ട് ഈ ആലോചനയിൽ നിന്നു അവർ പിൻമാറിയതു്.

തങ്ങളോട് യുദ്ധം ചെയ്യാൻ ശത്രുക്കളെ കവിത വഴിയായി പ്രേരിപ്പിച്ചിരുന്ന അംറ്ജംഹി മുസ്‌ലിംകൾ ഹംറാഉൽ അസദിൽ നിന്നു മടങ്ങിയപ്പോൾ, വഴിയിൽ വെച്ച് അവരുടെ കൈയിൽ അകപ്പെട്ടു. അയാൾ, മാപ്പു കൊടുക്കേണമെന്നു കെഞ്ചി അപേക്ഷിച്ചുവെങ്കിലും, തിരുമേനി സ്വീകരിച്ചില്ല. "നീ മക്കയിലെത്തിയാൽ, മുഹമ്മദിൻെറ പിടിയിൽനിന്നു രണ്ടു തവണ ഞാൻ ഉപായം പറഞ്ഞു മോചിതനായിരിക്കുന്നു എന്നു പറയുവാൻ ഇടയുള്ളതുകൊണ്ടു ഇനി നിന്നെ വിടുന്നതല്ല" എന്നു തിരുമേനി പറഞ്ഞു. ഇങ്ങിനെ അയാളെ കൊല്ലുകയാണ് ഉണ്ടായത്.

ആലിഇംറാൻ സൂറത്തിലെ 60 വചനങ്ങൾ ഉഹ്ദ് യുദ്ധത്തെപ്പററി ഇറങ്ങീട്ടുള്ളവയാണ്. അവയിൽ അൽലാഹു, മുസ്‌ലിംകൾ ഓടിക്കളഞ്ഞതിനെപ്പററി ആക്ഷേപിക്കുകയും, സഹനമവലംബിക്കേണമെന്നു അവരോട് ഉപദേശിക്കുകയും, തിരുമേനിയുടെ ആജ്ഞയ്ക്കു വിപരീതമായ കാവൽസ്ഥലം ഉപേക്ഷിച്ചു ശത്രുക്കളുടെ സാമാനം പെറുക്കുന്നതിൽ ഏർപ്പെട്ട വഴിക്കു അവരുടെ പക്കൽനിന്നു പ്രത്യക്ഷമായ സ്ഥൈര്യക്കുറവിനെ അധിക്ഷേപിക്കുകയും, സൈനികമായ അച്ചടക്കത്തിന്നു ഹാനികരമാണെന്നു സ്ഥാപിക്കുകയും, അതുതന്നെയായിരുന്നു പരാജയത്തിന്നുണ്ടായ യഥാർത്ഥ കാരണമെന്നു വിശദമാക്കുകയും ചെയ്തിട്ടുണ്ട്—കൂടാതെ, മുസ്‌ലിംകളുടെ കൂട്ടത്തിൽ നിന്നു മടങ്ങിക്കളഞ്ഞതുകൊണ്ടു, കപടവി

ശ്വാസികളോടുള്ള വെറുപ്പിനെ പ്രത്യക്ഷപ്പെടുത്തിയിട്ടുമുണ്ട്. അന്താളിച്ചോടിയവൎക്കു മാപ്പു നൽകിയിരിക്കുന്നുവെന്നും, ശഹീദായ ആളുകൾക്കു് പരലോക സുഖം ലഭിക്കുന്നതാണെന്നും അവർ നിർജ്ജീവികളാണെന്നു പറയരുതെന്നും, അവർ സ്വസന്നിധിയിൽ സജീവരും സന്തുഷ്ടന്മാരുമാണെന്നും പറഞ്ഞതിന്നു പുറമെ മുറിവേററു ക്ഷീണിച്ചവരായിരുന്നിട്ടും രണ്ടാം ദിവസം ശത്രുക്കളുടെ നേരെ പുറപ്പെട്ട യോദ്ധാക്കളെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ടു്.

**റജീഅ്:**—ഖുസൈമത്ത് ഗോത്രത്തിൻെറ, അസ്ല്ഖാറത്ത് എന്നീ ശാഖകളിൽപ്പെട്ട ചില ആളുകൾ റസൂൽകരീമിൻെറ അടുക്കൽ വന്നു, തങ്ങളുടെ നാട്ടിൽ കുറെ ആളുകൾ ഇസ്ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നും, അവൎക്ക് ആ മതവും ഖുർആനും പഠിപ്പിക്കേണ്ടതിന്നു കുറെ സഹാക്കളെ അയച്ചുകൊടുക്കേണമെന്നും പറയുകയുണ്ടായി. തിരുമേനി മുർതിദ്ഗൻവിയേയും വേറെ അഞ്ചാളുകളേയും അവരുടെ കൂടെ അയച്ചുകൊടുത്തു. റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ആ ചതിയന്മാർ പ്രസ്തുത മുസ്ലിംകളെ കൊല്ലാൻവേണ്ടി, ഹുസൈൻ ഗോത്രക്കാരായ 200 ആളുകളെ വിളിച്ചു വരുത്തി. പെട്ടെന്നു ശത്രുക്കളെ കണ്ടു അന്ധാളിച്ച മുസ്ലിംകൾ എതിൎക്കത്തക്കവണ്ണം വാളൂരുവാൻ നിർബ്ബന്ധിതരായി. ശത്രുക്കൾ അവരോടു ഇങ്ങിനെ പറഞ്ഞു: “ഞ

ങ്ങൾ നിങ്ങൾക്ക് അഭയം നൽകാം. നിങ്ങളെ കൊല്ലേ ണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. നിങ്ങൾ ഹേതുവായി ഞങ്ങൾക്കു മക്കക്കാരിൽനിന്നു വല്ലതും കിട്ടേണമെന്നു മാത്രമാണ് ഞങ്ങളുടെ ഉദ്ദേശം.'' എന്നാൽ മുസ്ലീംകൾ അതിന്നു വഴിപ്പെട്ടില്ല. അവരിൽ മൂന്നാളുകൾ എതിർത്തു ശഹീദായി ശേഷിച്ച മൂന്നു പേരെ ശത്രുക്കൾ ബന്ധനസ്ഥരാക്കി. ഒരാളെ വഴിയിൽ വെച്ചു കൊല്ലുകയും, ഖുബൈബ്, സൈദ് എന്നീ രണ്ടാളുകളെ മക്കത്ത് കൊണ്ടുപോയി ഖുറൈശികൾക്ക് വില്ക്കുകയും ചെയ്തു ഹസ്രത്ത് സൈദിനെ വാങ്ങിയതു് സഫ്വാനുബ്നു ഉമയ്യത്തായിരുന്നു. ഒടുവിൽ മക്കാശത്രുക്കൾ അദ്ദേഹത്തെ മക്കത്ത് നിന്നു പുറത്തു കൊണ്ടുപോയി കൊന്നുകളഞ്ഞു തദവസരത്തിൽ, അബൂസുഫ്യാൻ ''സൈദേ! ഇന്നു നിനക്കു പകരം മുഹമ്മദ് കൊല്ലപ്പെടുകയും, നീ സ്വഭവനത്തിൽ സുഖമായി പാർത്തുവരികയും ചെയ്യുകയായിരുന്നുവെങ്കിൽ, അതല്ലേ നന്നായിരുന്നതു്?'' എന്നു ചോദിച്ചു. ''അൽലാഹുവാണാ! ഞാൻ സ്വഭവനത്തിൽ ഇരിക്കവെ, നബിയുടെ കാലിന്നു ഒരു മുള്ളു തറക്കുന്നതുപോലും എനിക്കു സന്തോഷമല്ല'' എന്നായിരുന്നു അദ്ദേഹത്തിൻെറ സമാധാനം. ഇതു കേട്ടപ്പോൾ, മുഹമ്മദിനെപ്പോലെ അനുചരന്മാരാൽ സ്നേഹിക്കപ്പെടുന്ന ഒരാളേയും താൻ കണ്ടിട്ടില്ലെന്നു അബൂസുഫ്യാൻ പറകയുണ്ടായി. ഉഹ്ദ്യുദ്ധത്തിൽ ഹാരിതിനെ കൊന്നതു് ഹസ്രത്ത് ഖുബൈബായിരു

ന്നതിനാൽ അദ്ദേഹത്തിൻെറ വില കൊടുത്തതു് ഹാരീതിൻെറ മക്കളാണു്. അദ്ദേഹം കൊല്ലപ്പെട്ട അവസരത്തിൽ രണ്ടു റക്കഅത്തു് നമസ്കരിക്കുവാൻ അനുവാദത്തിന്നപേക്ഷിക്കുകയും, നമസ്കരിച്ചു കഴിഞ്ഞ ഉടനെത്തന്നെ അധികനേരം നമസ്കരിക്കുകയും, പ്രാത്ഥിക്കുകയും ചെയ്യുന്നതായാൽ മരണഭയംകൊണ്ടാണെന്നു ശത്രുക്കൾ പറയുമെന്നു പ്രസ്താവിച്ചുകൊണ്ടു വേഗം കൊലയ്ക്കു സന്നദ്ധനാകുകയും ചെയ്തു. വധിക്കപ്പെടുമ്പോൾ രണ്ടു റക്കഅത്തു് നിസ്കരിക്കൽ അന്നുമുതൽ മുസ്‌ലിംകളിൽ പതിവായിത്തീൎന്നു

ബീറമഊനഃ_ഹിജ്റ 4 സഫർമാസത്തിൽ ബനുആമിർ വംശജനായ അബൂബർറാഅ് റസൂൽകരീമിനെ കാണ്മാൻ വേണ്ടി മദീനത്തു് വന്നു. നബി അയാളോടു് ഇസ്‌ലാംമതം സ്വീകരിപ്പാൻ ഉപദേശിച്ചപ്പോൾ അയാൾ സമ്മതം പ്രദൎശിപ്പിച്ചു. എങ്കിലും ചില സഹായികളെ നജ്‌ദിലേക്കയക്കുന്നതായാൽ, അവിടത്തുകാർ ഇസ്‌ലാംമതം സ്വീകരിപ്പാനിടയുണ്ടെന്നു അയാൾ തിരുമേനിയെ അറിയിച്ചു. നജ്‌ദുകാർ അവരെ കൊന്നുകളയുമെന്നു തനിക്കു് ഭയമുണ്ടെന്നു തിരുമേനി പ്രസ്താവിച്ചപ്പോൾ, അവരെ രക്ഷിക്കുവാൻ താൻ ഏററുകൊള്ളാമെന്നു അബൂബർറാഅ് പറഞ്ഞു. ഇങ്ങിനെ നജ്‌ദ് നിവാസികളിൽ ഇസ്‌ലാംമതപ്രബോധനത്തിന്നായി തിരുമേനി മുൻദിറുബ്‌നുഉമറിനോടുകൂടി 40 ആളുകളെ അയച്ചു. ഇവർ ബീറമഊനയിലെത്തി, അവിടുത്തെ തല

വനായ ആമിറബ്നു തുഫൈലിന്നു റസൂൽകരീം അയച്ചിരുന്ന കത്തു്, ഹറാമുബ്നുമിഹാൻെറ വശം കൊടുത്തയച്ചു. ആമീർ ഗർവ്വിഷ്ഠനായി ഹറാമിനെ കൊല്ലുകയും, ബനുആമീർ ഗോത്രക്കാരോടു മററു മുസ്ലിംകളെ കൂടി കൊല്ലുവാൻ കല്പിക്കുകയും ചെയ്തു. അബൂബർറാഅ് അവരെ രക്ഷിക്കാൻ ഏററിട്ടുള്ള സ്ഥിതിക്കു് അവരെ കൊല്ലുന്നതു് ഉചിതമല്ലെന്നു പറഞ്ഞു അവർ മടിച്ചപ്പോൾ ആമീർ, ബനുസലീം ഗോത്രക്കാരെ വിളിച്ചുവരുത്തി ആമിർ അവരോടുകൂടി മുസ്ലിംകളുടെ നേരെ ചെന്നു പൊട്ടുന്നനവെ തമ്പിൽ പ്രവേശിച്ചു അവരെ കൊന്നൊടുക്കി. രണ്ടു മുസ്ലീംകൾ മാത്രമേ കൊലയിൽനിന്നു രക്ഷപ്രാപിച്ചുള്ളു. അവരിൽ ഒരാളായ അംറുബ്നു ഉമയ്യത്തിനെ ആമിർ തടവുകാരനാക്കുകയും, അനന്തരം തൻെറ മാതാവു് അടിമയെ സ്വതന്ത്രനാക്കുവാൻ നേർച്ചയാക്കീട്ടുണ്ടെന്നു പറഞ്ഞു വിട്ടയയ്ക്കുകയും ചെയ്തു. രണ്ടാമത്തെ ആളായ കഅബുബ്നുമാലിക്കു് മുറിവുപററി വീണു മൃതശരീരങ്ങളുടെ അടിയിൽ മറഞ്ഞുപോയിരുന്നതിനാൽ അദ്ദേഹം മരിച്ചിരിക്കുന്നുവെന്നുകരുതി ശത്രുക്കൾ ഉപേക്ഷിച്ചുപോയി. ബോധം വന്നതിന്നുശേഷം കഅബു, എഴുന്നീററു മദീനത്തേയ്ക്കു പോന്നു. അംറുബ്നു ഉമയ്യത്തു് മദീനത്തേയ്ക്കു മടങ്ങിയപ്പോൾ, വഴിയിൽവെച്ചു ബനുആമീർ ഗോത്രത്തിൽപ്പെട്ട രണ്ടാളുകളെ കണ്ടു. ആ രണ്ടാളുകൾക്കും, തിരുമേനി രക്ഷനൽകീട്ടുണ്ടായിരുന്നു. പക്ഷെ അംറ് അതറിഞ്ഞിരുന്നില്ല. ബനുആമിർ

ഗോത്രക്കാരോടുണ്ടായിരുന്ന കോപംനിമിത്തം അദ്ദേഹം ആ രണ്ടാളുകളേയും കൊന്നു. അനന്തരം മദീനത്തു വന്ന് വിവരമെല്ലാം നബിയെ അറിയിച്ചു. മുസ്ലിംകൾ ഇങ്ങിനെ ചതിമാർഗ്ഗേണ കൊല്ലപ്പെട്ടുപോയതിനെപ്പററി തിരുമേനി വളരെ വ്യസനിച്ചു. ഇതിനെല്ലാം കാരണഭൂതൻ അബൂബർറാ ആണെന്നും, അയാളെപ്പററി തനിക്കു മുമ്പുതന്നെ സംശയമുണ്ടായിരുന്നുവെന്നും നബി പ്രസ്താവിക്കുകയുണ്ടായി അംറ് വഴിയിൽവെച്ചു കൊന്നുപോയ ആ രണ്ടുപേരെസ്സംബന്ധിച്ചുള്ള നഷ്ടം താൻതന്നെ കൊടുക്കുന്നതാണെന്നും തിരുമേനി പ്രസ്താവിച്ചു.

**ബനുന്നസീർ**:— ബനൂആമിർ ഗോത്രത്തിൽ കൊല്ലപ്പെട്ട മേൽപറഞ്ഞ രണ്ടാളുകളുടെ നഷ്ടം കൊടുക്കേണ്ടതിന്നു റസൂൽ തിരുമേനി യഹൂദികളായ ബനുന്നസീർ ഗോത്രത്തോട് ധനസഹായം ആവശ്യപ്പെട്ടു. ഉടമ്പടിയിലെ നിശ്ചയപ്രകാരം അവർ സഹായിക്കേണ്ടതുമായിരുന്നു. അതിന്നായി അവരുടെ അടുക്കൽ ചെന്നപ്പോൾ അവർ പ്രത്യക്ഷത്തിൽ സഹായിക്കുവാൻ ഒരുക്കം ചെയ്തുകൊണ്ടു ഗൂഢമായി തിരുമേനിയെ വധിക്കുവാൻ ആലോചിച്ചു. നബി ഒരു ചുമരിൻെറ തണലിൽ ഇരിക്കുകയായിരുന്നു. മുകളിൽനിന്നു കല്ലിട്ടു തിരുമേനിയെ കൊല്ലേണ്ടതിന്നായി അവർ ഒരു ജൂതനെ പുരയുടെ മേൽഭാഗത്തു കയററി. അവരുടെ ഈ ദുരുദ്ദേശത്തെപ്പററി അൽലാഹു തിരുമേനിക്കു് അറിവ് കൊടുക്കുകയും തിരുമേനി തൽക്ഷണം മദീനത്തേയ്ക്കു മടങ്ങിപ്പോന്നു് അവരുടെ ചതി

യെപ്പററി സഹാബികളോട്ട് വിവരം പറയുകയും ചെ യ്തു. പിന്നീട്ട് ബനൂനസീർ ഗോത്രക്കാർ തിരുമേനിയെ വിളിച്ചുവെങ്കിലും അവരെക്കുറിച്ചു വിശ്വാസമില്ലെന്നും ഉടമ്പടി പുതുക്കേണ്ടതാണെന്നും തിരുമേനി പറഞ്ഞു. അതിന്ന് അവർ അനുകൂലിച്ചില്ല. മറെറാരു ജൂതഗോത്രമായ ബനൂഖുറൈസഃ തിരുമേനിയുടെ ആവശ്യമനുസരിച്ച് ഉടമ്പടി പുതുക്കി. ബനൂനസീർ ഗോത്രക്കാർക്ക് ശക്തിമത്തായ ചില കോട്ടകൾ ഉണ്ടായിരുന്നു. അതോടുകൂടി, മദിനത്തെ കപടവിശ്വാസികൾ ഗൂഢമായി അവരോട്ട സഹകരിച്ചുവരികയും ചെയ്തിരുന്നു. അതിനാൽ അവർ അക്രമത്തിനൊരുങ്ങുകയാണുണ്ടായത്.

ഹിജ്റ 4 റബീഉൽ അവ്വലിൽ അവരുമായി യുദ്ധം ചെയ്യേണ്ടതിന്നു റസൂൽകരീം സഹാബികളോട്ടുകൂടി പുറപ്പെട്ടു. അവർ കോട്ടയ്ക്കുള്ളിൽ ഇരുന്നുകളഞ്ഞതിനാൽ മുസ്‌ലീംകൾ രണ്ടാഴ്ചയോളം അവരെ വളഞ്ഞുനിന്നു. അപ്പോൾ തങ്ങൾക്കു ജീവരക്ഷ നൽകുന്നതായാൽ, തങ്ങളുടെ ധനവും സാമാനങ്ങളുംകൊണ്ട് നാട്ട് വിട്ടുപോയിക്കൊള്ളാമെന്നു അവർ പറയുകയും ചെയ്തു. ഇങ്ങിനെ ധനവും സാമാനങ്ങളും ഒട്ടകപ്പുറത്ത് കയററി ചിലർ ഖൈബറിലേയ്ക്കും, മററുള്ളവർ സിറിയായിലേക്കും പോയി. ഹശ്റ് സൂറത്ത് മുഴുവനും ഈ സംഭവത്തെക്കുറിച്ച് ഇറങ്ങീട്ടുള്ളതാണ്. കപടവിശ്വാസികൾ ഈ ജൂതന്മാരെ ശത്രുതയ്ക്കു പ്രേരിപ്പിച്ചിരുന്ന സംഗതി അതിൽ വെളിവാക്കിയിരുന്നു. അവർ ഉപേക്ഷിച്ചുപോയ

ധനത്തെ, ശത്രുക്കളിൽനിന്നു യുദ്ധത്തിൽ കൈവശപ്പെടുത്തുന്ന ധനത്തിൻെറ അഞ്ചിലൊരംശത്തെ ഉപയോഗിക്കും പ്രകാരം ഉപയോഗിക്കേണ്ടതാണെന്നും അതിൽ പറഞ്ഞിരിക്കുന്നു.

**ദാത്തുർരിഖാഅ്**:—ഹിജ്റ 4 ജമാദുൽ അവ്വൽ മാസത്തിൽ ഗത്ഫാൻ ഗോത്രക്കാർ മുസ്‌ലിംകളോട്ട് യുദ്ധത്തിന്നൊരുങ്ങിയതിനാൽ. അവരോടെതിരിടാനായി റസൂൽകരിം സഹാബികളേയുംകൊണ്ടു പുറപ്പെട്ടു അവർ ഒരു ഈത്തപ്പനത്തോട്ടത്തിൽ കൂടിനില്ക്കുകയായിരുന്നു. മുസ്‌ലീംകൾ അടുത്തെത്തിയപ്പോൾ അവർ ഭയപ്പെട്ടു പിരിഞ്ഞുപോയതിനാൽ യുദ്ധമുണ്ടായില്ല.

**രണ്ടാമത്തെ ബദ്ർ**:—ഹിജ്റ 4 ശഅബാൻ മാസത്തിൽ മുന്നനിശ്ചയമനുസരിച്ച് റസൂൽകരീം സഹാബികളോടുകൂടി ബദ്റിൽ എത്തി. അബൂസുഫ്‌യാൻ ഖുറൈശികളേയുംകൊണ്ട് മക്കത്തുനിന്ന് പുറപ്പെട്ടുവെങ്കിലും അസഫാനിന്നടുത്തെത്തിയപ്പോൾ, ആ കൊല്ലം വളരെ ക്ഷാമമുള്ളതിനാൽ യുദ്ധത്തിന്നു പോകുന്നതു് ശരിയല്ലെന്നും തങ്ങൾക്കു വെള്ളം കിട്ടുവാനും കുതിരകൾക്ക് തീൻ കൊടുപ്പാനും പ്രയാസമായിരിക്കുമെന്നും പറഞ്ഞ് മടങ്ങിപ്പോവുകയാണുണ്ടായതു്.

## ഖന്തഖ് യുദ്ധം

ഖൈബറിൽ പോയി പാൎത്തിരുന്ന ബനൂന്നസീർ ഗോത്രക്കാരായ ജൂതന്മാരുടെ ചില തലവന്മാർ ബനൂവായിൽ ഗോത്രത്തിൽനിന്ന് ഒരുസംഘം ആളുകളെ ഒരുമിച്ചു കൂട്ടിക്കൊണ്ടു മക്കത്തു ചെന്നു. മുസ്‌ലിംകളെ നിശ്ശേഷം നശിപ്പിക്കുന്നതിന്നു തങ്ങളുമായി യോജിക്കേണമെന്ന് അവർ ഖുറൈശികളോടു അപേക്ഷിക്കയും ഖുറൈശികൾ സമ്മതിക്കുകയും ചെയ്തു. ഗത്ത്ഫാൻ ഗോത്രക്കാരും തങ്ങളുടെ സൎവ്വശക്തിയും ഉപയോഗിച്ചു ഇസ്‌ലാമിനെ ഉന്മൂലനാശം ചെയ്യുവാൻ തീൎച്ചപ്പെടുത്തി, മദീനത്തേയ്ക്കു പുറപ്പെട്ടു ഖുറൈശീസൈന്യത്തിൽ അബൂസുഫ്‌യാനും ഗത്ത്ഫാൻ ഗോത്രത്തിൽ ഉയൈനത്തുബ്നുഹിസൻഫിസാരിയും നായകത്വം വഹിച്ച രണ്ടു സൈന്യത്തിലുംകൂടി ആകെ 24000* ഭടന്മാരുണ്ടാ

---

* ശത്രുഭടന്മാരുടെ എണ്ണം 10000 ആയിരുന്നുവെന്നാണ് സീറത്തുൽ ഹലബിയ്യഃ, താരീഖുൽ ഉമമിൽ ഇസ്‌ലാമിയ്യഃ മുതലായ ഗ്രന്ഥങ്ങളിൽ പറഞ്ഞുകാണുന്നതു്. —പരിഭാഷകൻ.

യിരുന്നു. ബന്തുനസീർ, ബ്നുവാഇൽ എന്നീ ഗോത്രങ്ങളിലെ ആളുകളും ഈ സൈന്യത്തോടു ചേൻ ഈ യുദ്ധത്തിൽ വിവിധ ഗോത്രക്കാരായ അറബികൾ ഏകോപിച്ചിരുന്നതുകൊണ്ടു് പല സംഘങ്ങൾകൂടി നടത്തിയ യുദ്ധമെന്ന അർത്ഥത്തിൽ അഹ്സാബ് യുദ്ധമെന്നും ഇതിന്നു പേർ പറയാറുണ്ടു്.

നബി സഖാക്കളുമായി ആലോചിച്ചപ്പോൾ, മദീനത്തുനിന്നു പുറത്തുപോയി ശത്രുക്കളുമായി നേരിടേണ്ടതാണെന്നും, തുറന്ന മൈതാനത്തിൽ നിന്നുകൊണ്ടു പോരാടുന്നതിന്നു പകരം, സ്വരക്ഷയ്ക്കായി സമീപത്ത് കിടങ്ങുകുഴിക്കേണ്ടതാണെന്നും സൽമാനുൽ ഫാരിസീ അഭിപ്രായപ്പെട്ടു. കിടങ്ങുകീറി യുദ്ധം ചെയ്യാൻ അറബികൾക്ക അറിഞ്ഞുകൂടായിരുന്നുവെങ്കിലും തിരുമേനി ഈ അഭിപ്രായം സ്വീകരിക്കുകയാണു് ഉണ്ടായതു്. ഹിജ്റ 5 ദുൽഖഅദ് 8-ന്നു നബിയും 3000 മുസ്‌ലിംകളും മദീനത്തുനിന്നു പുറത്തുപോയി തങ്ങളുടെ നാലു ഭാഗത്തും അയ്യഞ്ചുവാര ആഴത്തിൽ കിടങ്ങുകീറി.

ഖുറൈശികളും ഗത്ത്ഫാൻ മുതലായ ഗോത്രക്കാരും ഉഹ്ദിന്നു സമീപം എത്തി പാളയമടിച്ചു. ബന്തുനസീർ ഗോത്രത്തലവനായ ഹുയയ്യുബ്നു അഖ്ത്തബ് ബന്തുഖുറൈസഃ ഗോത്രനായകനായ കഅബുബ്നുഅസദിൻെറ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു. "മുസ്‌ലിംകൾക്ക ഒരിക്കലും എതിക്കുവാൻ സാധിക്കാതിരിക്കത്തക്കവണ്ണം, ഈ അവസരത്തിൽ അനേകയോദ്ധാ

ക്കളെ ഞാൻ കൊണ്ടുവന്നിരിക്കുന്നു നിങ്ങളും ഞങ്ങളുടെ ഭാഗത്തു ചേരുവിൻ'' ''ഞാൻ മുഹമ്മദുമായി ഉടമ്പടി ചെയ്തിട്ടുണ്ട്. അവൻ ആ ഉടമ്പടിയെ ഇതുവരേയും അനാദരിച്ചിട്ടില്ല.'' എന്നു കഅബു് സമാധാനം പറഞ്ഞുവെങ്കിലും ഇബ്'നു അഖ്'ത്തബിൻെറ നിർബ്ബന്ധവും പ്രേരണയും നിമിത്തം അവസാനം അയാഠം കരാറിന്നു വിപരീതമായി ശത്രുപക്ഷത്തിൽ ചേരുകയാണുണ്ടായതു്. ബനൂഖുറൈസഃ സമീപവാസികളായിരുന്നതിനാലും, അവരുടെ വഞ്ചനയും ചതിയും മൂലം അനല്പമായ നഷ്ടം നേരിടുവാനിടയുണ്ടായിരുന്നതിനാലും, ഈ വർത്തമാനം റസൂൽകരീമിന്നു് വളരെ ദുഃഖഹേതുകമായിത്തീർന്നു. ഖുറൈശികളുടേയും ഗത്ത്ഫാൻ ഗോത്രത്തിൻെറയും ശത്രുതയേക്കാഠം തിരുമേനിക്കു അധികം ഭയങ്കരമായി തോന്നിയതു് ഇവരുടെ കരാർ ലംഘനമായിരുന്നു. സംഭവത്തിൻെറ യഥാർത്ഥസ്ഥിതി അന്വേഷിക്കാനായി സഅദുബ്'നു മആദു, സഅദുബ്'നു ഉബാദത്ത്, എന്നീ രണ്ടു അൻസാരി നായകന്മാരെ തിരുമേനി ഉടനെത്തന്നെ അയയ്ക്കുകയുണ്ടായി. പ്രസ്തുത മഹാന്മാർ ചെന്നപ്പോഠം അവർ ഉടമ്പടിയെ ലംഘിച്ചിരിക്കുന്നു എന്ന വിവരം വാസ്തവമാണെന്നും, യുദ്ധത്തിന്നു് കരുങ്ങുന്നുണ്ടെന്നും അവക്കു മനസ്സിലായി. ഹസ്രത്ത് സഅദുബ്'നുമആദ് അവരെ ആക്ഷേപിച്ചു സംസാരിച്ചപ്പോഠം, ഹസ്രത്ത്'സഅദുബ്'നുഉബാദത്ത്, ''നാം പോകുക; നാമും അവരുമായുള്ള കാര്യം ഒരു സംസാരവഴക്കു

കൊണ്ടു് തീരുന്നതല്ല" എന്നു പറഞ്ഞു ഇവർ രണ്ടു പേരും മടങ്ങിവന്നു വർത്തമാനം ശരിയാണെന്നു് അറിയിച്ചപ്പോൾ തിരുമേനിക്കു വളരെ വ്യസനമുണ്ടായി.

മൂന്നു ദിവസത്തെ വിശപ്പു്, കിടങ്ങു പണികൊണ്ടു നേരിട്ട ക്ഷീണം, അതി കഠിനമായ ശൈത്യം, രാജ്യത്തിൻെറ അകത്തുനിന്നും പുറത്തുനിന്നുമുത്ഭവിച്ച ശത്രുബാധ ഇങ്ങിനെ മുസ്‌ലിംകളുടെ കഷ്ടപ്പാടുകൾ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന ഒരു ഘട്ടമായിരുന്നു അതു്. അവരുടെ സ്ഥിതിയെപ്പററി അൽലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "രാജ്യത്തിൻെറ മേൽഭാഗത്തുകൂടിയും, താഴ്ഭാഗത്തുകൂടിയും ശത്രുക്കൾ നിങ്ങളുടെ നേരെ വരികയും, നിങ്ങളുടെ കണ്ണുകൾ മങ്ങിപ്പോകുകയും ഹൃദയങ്ങൾ കാളുകയും, നിങ്ങൾ അല്ലാഹുവിനെപ്പററി പലതും വിചാരിക്കുകയും ചെയ്ത ആ അവസരത്തിൽ, സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവക്കു കഠിനമായ കിടുകിടുപ്പു സംഭവിക്കുകയും ചെയ്തു" (അഹ്സാബ് 19 11) കപടവിശ്വാസികളുടെ കാപട്യം ഈ യുദ്ധത്തിൽ വെളിവായി. അവർ സ്വഭവനങ്ങളെ രക്ഷിക്കുവാനാണെന്നു പറഞ്ഞുകൊണ്ടു് ഓടിപ്പോവുകയാണു് ഉണ്ടായതു്.

ഇങ്ങിനെ കഠിന ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടു് മുസ്‌ലിംകൾ 20 ദിവസത്തിലധികം കഴിച്ചുകൂട്ടി. ശത്രുക്കളെ ഭിന്നിപ്പിക്കുവാൻ വേണ്ടി റസൂൽകരീം, ഗത്ഫാൻ ഗോത്രത്തലവനായ ഉയയിനത്തുമായി ഒരു ഗ്ര

ഢാലോചന നടത്തി. അയാറം സ്വഗോത്രത്തേയുംകൊണ്ടു് മടങ്ങുന്നതായാൽ മദീനത്തെ മൊത്തലെടുപ്പിൽനിന്നു് മൂന്നിലൊരു ഭാഗം കൊല്ലംതോറും അയാറംക്ക കൊടുക്കാമെന്നു തിരുമേനി പറഞ്ഞപ്പോറം അയാറം അനുകൂലിച്ചു. പക്ഷെ ഇതിനെപ്പററി കരാറെഴുതുന്നതിന്നു മുമ്പായി തിരുമേനി അൻസാരികളുടെ തലവന്മാരായ സഅദുബ്നുമആദിനേയും സഅദുബ്നുഉബാദത്തിനേയും വിളിച്ചു വിവരം പറഞ്ഞു. അൽലാഹുവിൻെറ ആജ്ഞപ്രകാരമോ, അതല്ല സ്വാഭിപ്രായപ്രകാരമോ, നബി ഇങ്ങിനെ ചെയ്യുന്നതെന്നു് അവർ ചോദിച്ചു. സ്വാഭിപ്രായപ്രകാരമാണെന്നു തിരുമേനി സമാധാനം പറഞ്ഞപ്പോറം അവർ ഇപ്രകാരം പ്രസ്താവിച്ചു. "ഞങ്ങറം ബഹുദൈവവിശ്വാസികളും ബിംബാരാധനക്കാരും അൽലാഹുവിന്റേയും അവനെ ആരാധിക്കേണ്ട ക്രമത്തേയും പററി ബോധരഹിതരുമായിരുന്ന കാലത്തു് മദീനത്തുനിന്നു ഒരു ചുള കാരക്കപോലും വിലയ്ക്കല്ലാതെ അവക്കു വാങ്ങുവാൻ സാധിച്ചിട്ടില്ല എന്നിരിക്കെ തിരുമേനീമുഖേന അൽലാഹു ഞങ്ങളെ സത്യപന്ഥാവിൽ ചേർത്തു ബഹുമാനിച്ചിട്ടുള്ള ഈ അവസരത്തിൽ മദീനയിലെ മുതലെടുപ്പിൽനിന്നു മൂന്നിലൊരംശം അവക്കു കൊടുപ്പാൻ ഒരിക്കലും ഞങ്ങറംക്ക സാധിക്കുന്നതല്ല. അവക്കു ഞങ്ങളുടെ ഊരുക്കൽ വാളല്ലാതെ മറെറാന്നുമില്ല." ഇതു കേട്ടു തിരുമേനി സന്തോഷിക്കുകയും ഉടമ്പടി വേണ്ടെന്നു വെയ്ക്കുകയും ചെയ്തു.

ഒരു ദിവസം യുദ്ധം ചെയ്യാനുള്ള അത്യുത്സാഹം നിമിത്തം ചില ഖുറൈശി യുവാക്കൾ കുതിരകളെ ഓടിച്ചുകൊണ്ടു്, മുസ്'ലിംകളുടെ നേരെ വന്നു. അവരിൽ ഒരാൾ തൻെറ കുതിരയോടുകൂടി കിടങ്ങിൽ വീണു മരിച്ചു. മറെറാരാളെ മുസ്'ലിംകൾ പിടിച്ചു കൊല്ലുകയും ചെയ്തു ചിലർ കിടങ്ങു കടന്നു മുസ്'ലിം സൈന്യത്തിൻെറ അടുക്കലേക്കു വന്നു. അവരിൽ ഒരാളായിരുന്ന അംറുബ്'നു അബ്'ദുവുദ്ദ് അറബു് രാജ്യത്തു കീർത്തി നേടിയ ഒരു യുദ്ധശാലിയായിരുന്നു. ഹസ്രത്ത് അലി, യുദ്ധം ചെയ്തു അയാളെ കൊന്നു. ശത്രുക്കൾ കിടങ്ങിൻെറ മറുപുറത്തുനിന്നു അമ്പു വർഷിച്ചുകൊണ്ടിരിക്കുകയും ആ ദിവസം മുഴുവനും സമരം നടക്കുകയും ചെയ്തു.

മുസ്'ലിംകൾ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതമായ ഒരു കോട്ടയിൽ നിറുത്തിയിരുന്നു. ബനൂഖുറൈസഃ ഗോത്രത്തിൽപ്പെട്ട ഒരു ജൂതൻ അവിടെച്ചെന്നു അവരെ ആക്രമിക്കുവാനുള്ള മാർഗ്ഗം നോക്കിക്കൊണ്ടിരുന്നപ്പോൾ റസൂൽകരീമിൻെറ അമ്മാവിയായ ഹസ്രത്ത് സഫിയ്യത്ത് അയാളെ കണ്ടെത്തുകയും, തിരുമേനിയുടെ കവിയും, സ്ത്രീകളുടെ അടുക്കൽ നിറുത്തപ്പെട്ടിരുന്ന ആളുമായ ഹസ്രത്ത് ഹസ്സാനുബ്'നു താബിത്തിനോടു് പുറത്തിറങ്ങി അയാളെ കൊല്ലുവാൻ പറയുകയും ചെയ്തു. എന്നാൽ ഹസ്സാനു അപ്രകാരം ചെയ്യാൻ ധൈര്യമുണ്ടായില്ല. തനിക്കു സാധിക്കുകയില്ലെന്നു അദ്ദേഹം പറഞ്ഞു. അവസാനം സഫിയ്യത്ത് തന്നെ അയാളുടെ

നേരെ ചെന്നു അടിച്ചു തലപൊട്ടിക്കുകയും തന്നിമിത്തം അയാൾ മരിച്ചുപോകുകയും ഉണ്ടായി. അതിന്നുശേഷം അയാളുടെ ആയുധം എടുത്തുകൊണ്ടു വരുവാൻ ഹസ്സാനോടു പറഞ്ഞപ്പോൾ അതിന്നും അദ്ദേഹം അനുസരിച്ചില്ല. തന്നിമിത്തം സഫിയ്യത്ത് തന്നെ പോയി അയാളുടെ വാളെടുക്കുകയും, നാവു മുറിച്ചെടുത്തു മററു ജൂദന്മാർ നിന്നിരുന്ന സ്ഥലത്തേക്കെറിയുകയും ചെയ്തു. ഇതു കണ്ടപ്പോൾ അവിടെ കാവൽസൈന്യമുണ്ടെന്നു വിചാരിച്ചു ആ ജൂതന്മാര ഓടിപ്പോയി.

ശത്രുക്കളുടെ നടുവിൽ കഷ്ടപ്പെട്ടുനിന്നിരുന്ന മുസ്ലീം സൈന്യത്തിന്നു് രക്ഷപ്രാപിക്കുവാൻ യാതൊരു മാൎഗ്ഗവുമുണ്ടായിരുന്നില്ല. അവർ അൽലാഹുവിനോടു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കെ ഒരു രാത്രി ഗത്ത്ഫാൻ ഗോത്രത്തിലെ ഒരു മാന്യനും പ്രത്യേക നേതാവുമായിരുന്ന നഈമുബ്നുമസ്ഊദ്, തിരുമേനിയുടെ സന്നിധിയിൽ ഹാജരായി, താൻ പൂൎണ്ണമനസ്സോടെ ഇസ്ലാംമതം സ്വീകരിച്ചിരിക്കുന്നുവെന്നും തൻെറ ആളുകൾ അതുവരെയും വിവരമറിഞ്ഞിട്ടില്ലെന്നും, തിരുമേനി കല്പിക്കുന്നതു് ചെയ്വാൻ താൻ ഒരുക്കമാണെന്നും തിരുമേനിയെ അറിയിച്ചു. ഒരു ഏകമനുഷ്യനെക്കൊണ്ടു് ശത്രുക്കളിൽ വല്ല ഭിന്നിപ്പുമുണ്ടാക്കുവാനല്ലാതെ മററൊന്നിന്നും സാധിക്കുകയില്ലെന്നും തിരുമേനിപറഞ്ഞു. ഇതു കേട്ടു് അദ്ദേഹം മടങ്ങിപ്പോയി. തൻെറ പഴയ സ്നേഹിതന്മാരായിരുന്ന ബനൂഖുറൈസയുടെ തലവന്മാ

രെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു. "നിങ്ങഠം ഇപ്പോഠം ചെയ്യുന്നതു് എന്താണെന്നു നിങ്ങഠം ആലോചിച്ചിട്ടുണ്ടോ? ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയും അധികകാലത്തെ പഴക്കമുള്ള ഒരു സ്നേഹിതനുമാകുന്നു ഖുറൈശികളുടെ സ്ഥിതിയും നിങ്ങളുടെ സ്ഥിതിയും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. അവർ ഇവിടുത്തെ സ്ഥിരവാസികളല്ല. അവക്കു ഇവിടെ സ്വത്തുക്കളും സന്താനങ്ങളും ഇല്ല. അവർ നിങ്ങളെ ഉപേക്ഷിച്ചു പോയിക്കളയുന്ന പക്ഷം, പിന്നീടു മുസ്ലിംകളോടു സ്വന്തമായി യുദ്ധം ചെയ്യാൻ നിങ്ങഠംക്കു എങ്ങിനെ കഴിയും? അതിനാൽ അവർ നിങ്ങളെ ഉപേക്ഷിച്ചു പോകാതിരിക്കത്തവണ്ണം അവരുടെ ചില തലവന്മാരെ ജാമ്യനിലയിൽ നിങ്ങളുടെ അരികെ നിറുത്തേണ്ടതാണെന്നു നിങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു."

നഈമിൻെറ ഈ വാക്കു ജൂതന്മാരുടെ മനസ്സിൽ നല്ലവണ്ണം പതിഞ്ഞു. അതിനുശേഷം അദ്ദേഹം ഖുറൈശീതലവന്മാരുടെ അടുക്കൽ ചെന്നു അബൂസുഫ്യാനോടും മററും ഇങ്ങിനെ പറഞ്ഞു "ഈ രാത്രി എനിക്കു ഒരു രഹസ്യവൎത്തമാനം കിട്ടിയിരിക്കുന്നു. ഞാൻ മുമ്പുതന്നെ നിങ്ങളുടെ സ്നേഹിതനും ഗുണകാംക്ഷിയുമായതുകൊണ്ടു് നിങ്ങഠംക്കു ചതിപററാതിരിക്കുവാനായി നിങ്ങളെ വിവരമറിയിക്കേണ്ടതു് എൻെറ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. ബനുഖുറൈസഃ ഈ യുദ്ധത്തിൽ നമ്മുടെ ഭാഗത്തു ചേൎന്നതു് അവരും മുഹമ്മദും

തമ്മിലുണ്ടായിരുന്ന കരാറിന്നു വിരോധമായിട്ടാണ്. ഇപ്പോഠം അവർ ഭയപ്പെട്ടു ഉടമ്പടിലംഘിച്ചുപോയതിനെപ്പററി വ്യസനമുണ്ടെന്നും വീണ്ടും, ഉടമ്പടിചെയ്യാൻ വിചാരമുണ്ടെന്നും, ഖുറൈശികളുടേയും ഗത്ത്ഫാൻ ഗോത്രക്കാരുടേയും ചില തലവന്മാരെ മുസ്ലിംകഠംക്ക ഏല്പിച്ചുകൊടുക്കാമെന്നും അവർതമ്മിൽ യോജിച്ചു നമ്മെ ഇവിടെനിന്നു പുറത്താക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം നാം മദീനയും പരിസരപ്രദേശങ്ങളും കൈവശപ്പെടുത്തുന്നതാണെന്നും മുഹമ്മദിനെ അറിയിച്ചിരിക്കുന്നു" പിന്നീട് ഗത്ത്ഫാൻ ഗോത്രനായകന്മാരെ ഒരുമിച്ചുകൂട്ടി ഇപ്രകാരംതന്നെ അവരോടും പറഞ്ഞു.

നഈമിൻെറ ഈ ഗൂഢതന്ത്രം നിമിത്തം ഖുറൈശികളും ഗത്ത്ഫാൻ ഗോത്രക്കാരും കൂടി ഇക്ക്രിമത്തുബ്നുഅബീജഹലിനെ കുറെ ആളുകളോടുകൂടി, ബനൂഖുറൈസ ഗോത്രക്കാരുടെ അടുക്കലേക്കു അയച്ചു. അവിടെ താമസിച്ചതുകൊണ്ടു", തങ്ങളുടെ ഒട്ടകങ്ങളും കുതിരകളും ചത്തുപോകയും ആളുകഠംക്കു ബുദ്ധിമുട്ടു നേരിടുകയും ചെയ്യുന്നതുകൊണ്ടു തങ്ങഠംക്കു ചെയ്യാനുള്ളതു പിറെറദിവസം രാവിലെത്തന്നെ ചെയ്യേണ്ടതാണെന്നു അവർ ബനൂഖുറൈസയെ അറിയിച്ചു. അതു് ഒരു ശനിയാഴ്ച രാവായിരുന്നു. പിറേറദിവസം, ശനിയാഴ്ചദിവസമാകയാൽ തങ്ങഠം ഒന്നും ചെയ്യുന്നതല്ലെന്നും, കൂടാതെ തങ്ങളെ സ്വന്തമായി മുസ്ലിംകളുടെ അടുക്കൽ ഉപേക്ഷിച്ചു അവർ സ്വഭവനങ്ങളിലേയ്ക്കു മടങ്ങിക്കളയുമെന്നു തങ്ങഠംക്കു സംശയമുള്ളതുകൊണ്ടു് ആ സംശയം തീരു

വാ നായി അവരുടെ ചില തലവന്മാരെ തങ്ങളുടെ അടു ക്കൽ നിറുത്തേണ്ടതാണെന്നും, അല്ലാത്ത പക്ഷം തങ്ങൾ യുദ്ധം ചെയ്യുന്നതല്ലെന്നുമായിരുന്നു ഈ ദൂതന്മാരോടു ബനൂഖുറൈസ ഗോത്രക്കാർ മറുപടി പറഞ്ഞതു്.

ഈ മറുപടി കേട്ടപ്പോൾ നഈം പറഞ്ഞതു് സത്യ മാണെന്നു ഖുറൈശികൾക്കും ഗത്ത്ഫാൻ ഗോത്രക്കാ ക്കും ബോദ്ധ്യമായി. തങ്ങളിൽനിന്നു് ആരെയും അവ രുടെ അടുക്കൽ നിറുത്തുവാൻ സാധിക്കുന്നതല്ലെന്നും, അ വക്കു യുദ്ധം ചെയ്യാൻ ഒരുക്കമുണ്ടെങ്കിൽ തങ്ങളോടുകൂടി വന്നുകൊള്ളേണ്ടതാണെന്നും, അവർ ബനൂഖുറൈസയു ടെ അടുക്കലേയ്ക്കു പറഞ്ഞയച്ചു. തങ്ങൾക്കു ഉറപ്പു നൽ കാതിരിക്കുന്നപക്ഷം യുദ്ധത്തിൽ ഏർപ്പെടുവാൻ സാധി ക്കുന്നതല്ലെന്നു ഖുറൈസഃ അപ്പോഴും മറുപടികൊടുത്തു. ഇങ്ങിനെ ഇരു കൂട്ടരും തമ്മിൽ വിശ്വാസമില്ലാതായി. അതോടുകൂടി രാത്രിസമയത്തു് ഉണ്ടായിക്കൊണ്ടിരുന്ന കൊടുംകാററും അതി കഠിനമായ ശൈത്യവും സൈന്യ ത്തിനു ഭക്ഷണം തെയ്യാറാക്കുവാനുണ്ടായ പ്രയാസവും നിമിത്തം ഖുറൈശികൾ ബുദ്ധിമുട്ടിയിരുന്നു

റസൂൽകരീം ശത്രുക്കളുടെ സ്ഥിതി അറിയേണ്ടതി നായി ഹസ്രത്ത് ഹുദൈഫത്തിനെ അവരുടെ അടുക്ക ലേയ്ക്കു അയക്കുകയുണ്ടായി ഹുദൈഫത്ത് രാത്രി സമയ ത്തു് ഖുറൈശികളുടെ ഇടയിൽ ചെന്നുചേന്നു. അദ്ദേ ഹം അവരുടെ ഇടയിലായിരുന്ന അവസരത്തിൽ, സ്വ സംഘത്തിൽ വല്ല അന്യനമുണ്ടോ എന്നു് അറിയേണ്ടതി

ന്ന് എല്ലാവരും അവരവരുടെ സമീപത്തുള്ള ആളുകളെ പരിശോധിക്കേണ്ടതാണെന്ന് അബൂസുഫ്‌യാൻ ഭടന്മാരോടു പറഞ്ഞു. ഇതുകേട്ട ഉടനെത്തന്നെ ഹസ്രത്ത് ഹുദൈഫത്ത് തൻെറ ഏററവും അടുത്തിരുന്ന ആളുടെ കൈപിടിച്ചുകൊണ്ടു "നിങ്ങൾ ആരാണ്" എന്നു ചോദിച്ചു. താൻ ഇന്നവൻെറ മകൻ ഇന്നയാളാണെന്ന് അയാൾ ഉത്തരംപറഞ്ഞു. പിന്നീട് അബൂസുഫ്‌യാനു, "ഇതു നമ്മുടെ വാസസ്ഥലമല്ല മനുഷ്യരും മൃഗങ്ങളുമെല്ലാം വളരെ നഷ്ടകഷ്ടത്തിലകപ്പെട്ടിരിക്കുന്നു. കാററു കഠിനമായി വീശുന്നതുകൊണ്ടു് തീ കത്തിക്കുവാനും ഭക്ഷണം പാകം ചെയ്യാനും സാധിക്കുന്നില്ല ഈ സ്ഥിതിക്ക് നാം ഇവിടെ താമസിക്കുന്നതു് ഗുണകരമല്ല."

ഇതുംപറഞ്ഞ് അബൂസുഫ്‌യാൻ തൻെറ ഒട്ടകപ്പുറത്തു് കയറി. ഉടനെ മററുള്ളവരും അയാളെ അനുഗമിച്ചു മടങ്ങിപ്പോയി. ഇങ്ങിനെ ഈ അത്യാപത്തിൽ നിന്ന് മുസ്‌ലിംകളെ അൽലാഹു രക്ഷപ്പെടുത്തി. അൽലാഹു മുസ്‌ലിംകൾക്കു നൽകിയ സഹായത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഹേ സത്യവിശ്വാസികളെ! നിങ്ങളുടെ നേരെ വിവിധ സൈന്യങ്ങൾ വന്ന അവസരത്തിൽ അൽലാഹു നിങ്ങൾക്കു ചെയ്ത അനുഗ്രഹത്തെ സ്മരിക്കുവിൻ. നാം അവരുടെ നേരെ കാററിനേയും നിങ്ങൾ കാണാതിരുന്ന സേനകളേയും അയച്ചു" (അഹ്സാബ്-9) "അവിശ്വാസികളെ അവരുടെ കോപത്തോടുകൂടിത്തന്നെ അൽലാ

ഹു മടക്കി. അവക്ക് യാതൊരു ഗുണവും സിദ്ധിച്ചില്ല. സത്യവിശ്വാസികളെ അല്ലാഹു യുദ്ധത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തു" (അഹ്സാബ്=25)

ഈ യുദ്ധത്തിൽ മുസ്ലിംകളുടെ ആപത്തിനെ അതിഭയങ്കരമാക്കിത്തീർത്തതു് ബനൂഖുറൈസയുടെ കരാർ ലംഘനമായിരുന്നു. അവക്ക് അതിന്നു തക്കതായ ശിക്ഷ നൽകാതിരിപ്പാൻ തരമുണ്ടായിരുന്നില്ല തിരുമേനി സൈന്യവുമായി അവരുടെ നേരെ ചെന്നപ്പോൾ തങ്ങൾ ചെയ്ത തെററിനെക്കുറിച്ച് ഖേദിച്ച് മാപ്പുചോദിക്കുന്നതിന്നു പകരം അവർ എതിക്കുവാൻ തുനിഞ്ഞുകൊണ്ടു് കോട്ടയുടെ ഉള്ളിൽ രക്ഷപ്രാപിക്കുകയാണു് ഉണ്ടായതു്. മുസ്ലിംഭടന്മാർ 25 ദിവസം വളഞ്ഞു നിന്നതിനാൽ ബുദ്ധിമുട്ടിയതു നിമിത്തം തങ്ങളുടെ സഖാവായിരുന്ന ഹസ്രത്ത് സഅദുബ്നുമആദ് കല്പിക്കുന്ന വിധിയെ അനുസരിച്ചുകൊള്ളാമെന്നു തിരുമേനിയെ അവർ അറിയിക്കുകയും തിരുമേനി അപ്രകാരം സമ്മതിക്കുകയും ചെയ്തു യുദ്ധംചെയ്വാൻ ശേഷിയുള്ള എല്ലാം പുരുഷന്മാരേയും കൊല്ലേണ്ടതാണെന്നും സ്ത്രീകളേയും കുട്ടികളേയും തടവുകാരാക്കേണ്ടതാണെന്നും അവരുടെ മുതലുകളും സാമാനങ്ങളും കൈവശപ്പെടുത്തേണ്ടതാണെന്നുമായിരുന്നു ഹസ്രത്ത് സഅദിൻെറ വിധി. ഈ വിധിപ്രകാരം അവരിൽ 400 പുരുഷന്മാർ കൊല്ലപ്പെട്ടു. അവരിലൊരു സ്ത്രീ ഒരു മുസ്ലിമിൻെറ മേൽ കല്ലു വലിച്ചിട്ടു അയാളെ കൊന്നു കളഞ്ഞതിനാൽ ആ സ്ത്രീക്കും

കൊലശിക്ഷ നൽകുകയുണ്ടായി. എന്നാൽ മദീനയുടെ അയൽപ്രദേശത്തിൽനിന്നു സിറിയായിലേക്കു നാടു കടത്തപ്പെട്ടിരുന്നവരും ഇവരുടെ സഹോദരങ്ങളുമായിരുന്ന ജൂതന്മാരും ഇതേ അവസരത്തിൽത്തന്നെ റോമക്കാരാലും കൊല്ലപ്പെട്ടിരുന്ന വസ്തുത ഇവിടെ പ്രസ്താവയോഗ്യമാണു്. പേർഷ്യക്കാർ റോമക്കാരെ തോല്പിച്ചിരുന്ന ഒരു യുദ്ധത്തിൽ ആ ജൂതന്മാർ പേർഷ്യക്കാരുടെ ഭാഗത്തു് ചേർന്നിരുന്നതിനാൽ പിന്നീടു് പേർഷ്യക്കാരുടെ മേൽ റോമക്കാർക്കു ജയമുണ്ടായ ഈ അവസരത്തിൽ റോമാരാജാവായിരുന്ന ഹിർഖൽ (ഹിറാക്ലിസ്) വിധിച്ച ശിക്ഷയനുസരിച്ചാണു് ആ ജൂതന്മാർ വധിക്കപ്പെട്ടതു്.

ഖന്തഖ്‌യുദ്ധത്തിൽ ശത്രുക്കൾക്കു മൂന്നു ഭടന്മാർ നഷ്ടമായി. മുസ്‌ലിംസൈന്യത്തിൽ ആറാളുകളാണു് ശഹീദായതു്. അവരിലൊരാൾ അൻസാരിനായകനും ബനൂഖുറൈസയുടെ കാര്യത്തിൽ മേൽപ്രകാരം വിധി കല്പിച്ച ആളുമായിരുന്ന ഹസ്രത്ത് സഅദുബ്നുമആദായിരുന്നു യുദ്ധത്തിൽ ശത്രുക്കളുടെ അമ്പേററു് അദ്ദേഹത്തിൻെറ കൈഞരമ്പിനു മുറിവു പററിയിരുന്നു. ആ മുറിവു ഹേതുവായിത്തന്നെ അദ്ദേഹം ശഹീദായി.

ഖന്തഖ് യുദ്ധത്തിൻെറ വിവരം അഹ്സാബു് സൂറത്തിൽ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു. ബനൂഖുറൈസയെ കോട്ടയിൽനിന്നു പുറത്താക്കി കൊല്ലുകയും തടവുകാരാക്കുകയും ചെയ്ത കഥയും അതിൽ പറഞ്ഞിട്ടുണ്ടു്. ഈ യുദ്ധാനന്തരം ഖുറൈശികളിൽ കീർത്തിപ്പെട്ട നായക

ന്മാരായിരുന്ന അംറബ്നുൽ ആസ്സും ഖാലിദുബ്നുൽ വലീദും മദീനത്തു വന്നു ഇസ്‌ലാംമതം വിശ്വസിച്ചു. മുസ്‌ലിംകളോടു പോരാടി ജയിക്കുന്നതു് എളുപ്പമല്ലെന്നു ഈ യുദ്ധംമൂലം അറബികൾക്കു ബോദ്ധ്യമായി. തന്നിമിത്തം പിന്നീട്ട് അവർ ഒരിക്കലും ഇത്ര ഉത്സാഹത്തോടു കൂടി മുസ്‌ലിംകളുടെ നേരെ പുറപ്പെട്ടിരുന്നില്ല.

**റജീഅ് കൊലയുടെ പ്രതികാരം:**— ഹിജ്ര 6 ജമാദുൽ അവ്വൽ മാസത്തിൽ റസൂൽകരീം, റജീഇൽവെച്ചു സ്വസഖാക്കളെ കൊന്ന ശത്രുക്കളോടു പകരം വീട്ടുവാൻ വേണ്ടി പുറപ്പെട്ടു പക്ഷെ ശത്രുക്കൾ ഭയപ്പെട്ടോടി ഒളിച്ചതിനാൽ യുദ്ധമുണ്ടാവാതെ മടങ്ങിപ്പോന്നു.

**ദീഖിർദ്:**— റസൂൽകരീം മദീനത്തുവന്നു കുറച്ചു ദിവസം താമസിച്ചപ്പോഴേക്കു ഗത്ത്ഫാൻ ഗോത്രത്തലവനായ ഉയൈനത്ത് ഏതാനും അശ്വഭടന്മാരോടുകൂടി മദീനാ അതിർത്തിയിൽനിന്നു തിരുമേനിയുടെ ഒട്ടകങ്ങളെ തെളിച്ചുകൊണ്ടുപോയി അവയുടെ മേച്ചിൽക്കാരൻ ഗഫാരീവംശത്തിൽപ്പെട്ട ഒരാളായിരുന്നു. ശത്രുക്കൾ അയാളെ കൊല്ലുകയും അയാളുടെ ഭാര്യയെ പിടിച്ചുകൊണ്ടുപോകയും ചെയ്തു അസ്ത്രപ്രയോഗത്തിൽ നിപുണനായിരുന്ന ഹസ്രത്ത് സൽമത്ത് ഈ കൊള്ള കണ്ടെത്തി സഹായത്തിന്നു നിലവിളിച്ചു അദ്ദേഹം അമ്പെയ്തുകൊണ്ടു ശത്രുക്കളുടെ പിന്നാലെ ഓടുകയും അവർ ഏകനായ തന്റെ നേക്കു തിരിഞ്ഞിരുന്നപ്പോൾ പിന്മാറുകയും ചെയ്തുകൊണ്ടിരുന്നു. വല്ലവരും സഹായത്തിന്നു

വന്നെത്തുന്നതുവരെ അവരെ വിട്ടുപോവാൻ സമ്മതിക്ക രുതെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. റസൂൽ തിരുമേനി സൽമത്തിൻെറ ശബ്ദം മദീനയിൽ കേട്ട ഉട നെ സഅദുബ്നു സൈദിനോടുകൂടി കുറെ ആ ളുകളെ വേഗം അയക്കുകയും പിന്നാലെത്തന്നെ തിരുമേനിയും എത്തിച്ചേരുകയുമുണ്ടായി. ശത്രുക്കളിൽ ഒരാറം കൊല്ലപ്പെടുകയും ബാക്കിയുണ്ടായിരുന്നവർ ഓ ടി രക്ഷപ്പെടുകയുമാണുണ്ടായതു്. അവരുടെ പക്കൽനി ന്നു ഏതാനും ഒട്ടകങ്ങളെ മുസ്‌ലിംകറം പിടിച്ചുകൊണ്ടു പോന്നു. ഒരു രാപ്പകൽ സമയം ദീഖിർദിൽ താമസിച്ച തിനുശേഷം തിരുമേനി മദീനത്തേക്കു മടങ്ങി.

ബനൂമുസ്ത്തലഖ്:—ഹിജ്റ 6 ശഅബാൻ മാ സത്തിൽ ബനൂമുസ്ത്തലഖ് ഗോത്രത്തലവനായ ഹാ രിതുബ്നുസിറാർ സ്വഗോത്രത്തിലെ ആളുകളോടുകൂടി മുസ്‌ലിംകളോടു പോരാടുവാൻ തെയ്യാറായി. ഈ വി വരം കേട്ട റസൂൽകരീം മദീനത്തുനിന്നു പുറപ്പെട്ടു ഖദീ ദ് എന്ന സ്ഥലത്തിന്നു സമീപം എത്തിയപ്പോറം ശ ത്രുക്കളുമായി കൂട്ടിമുട്ടിയതിൽ ശത്രുക്കറം പരാജിതരായി. ഈ യുദ്ധത്തിൽ മുസ്‌ലിംകറം കൈവശപ്പെടുത്തിയ ധ നത്തേയും തടവുകാരാക്കിയ ആളുകളേയും ഭടന്മാർക്കു ഭാ ഗിച്ചുകൊടുത്തതിന്നു ശേഷം ശത്രുനേതാവായ ഹാരിദി ൻെറ മകറം ജുവൈരിയത്തിനെ തിരുമേനി വിവാഹം ചെയ്തു. ഇങ്ങനെ ബനൂമുസ്ത്തലഖ് ഗോത്രക്കാർ തി

രുമേനിയുടെ ബന്ധുക്കളായിത്തീൎന്നുകൊണ്ടു സഖാക്കൾ തങ്ങൾക്കു കിട്ടീട്ടുണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും സ്വതന്ത്രരാക്കി. ജുവൈരിയയുടെ വിവാഹം നിമിത്തം അവരുടെ ഗോത്രക്കാൎക്കു മുഴുവനും സ്വാതന്ത്ര്യം ലഭിച്ചതുകാരണം ഒരു സ്ത്രീയും ആ മാന്യയേപ്പോലെ സ്വഗോത്രത്തിന്നു അനുഗ്രഹമായിത്തീൎന്നിട്ടില്ലെന്നു ഹസ്രത്ത് ആയിശ പറഞ്ഞിരിക്കുന്നു.

## ഹുദൈബിയാ സന്ധി

റസൂൽകരീമിൻെറ സഖാക്കൾക്കും തിരുമേനിക്കു തന്നെയും കഅബാ സന്ദർശനത്തിന്നു ആഗ്രഹമുണ്ടായിരുന്നു. അതോടുകൂടി മുസ്ലിംകൾ മസ്ജിദുൽ ഹറാമിൽ കടക്കുന്നതായി തിരുമേനിക്കു ഒരു സ്വപ്നവുമുണ്ടായി. തന്നിമിത്തം ഹിജ്റ 6 ദുൽഖഅദ മാസത്തിൽ തിരുമേനിയും സഖാക്കളും മക്കത്തേക്കു പുറപ്പെട്ടു. അവർ യുദ്ധത്തിന്നു ചെല്ലുകയാണെന്നു ശത്രുക്കൾ സംശയിക്കാതിരിപ്പാൻവേണ്ടി അവർ ഉംറയ്ക്കു ഇഹ്റാം കെട്ടുകയും, ബലി കർമ്മത്തിന്നുള്ള മൃഗങ്ങളെ കൂടെ കൊണ്ടുപോകുകയും ചെയ്തു.

ഖുറൈശികൾ വിവരം അറിഞ്ഞപ്പോൾ തടസ്സം ചെയ്വാൻ തെയ്യാറായി. തിരുമേനി മക്കത്തിന്നടുത്തുള്ള ഹുദൈബിയാ എന്ന സ്ഥലത്തുചെന്നു താമസിച്ചപ്പോൾ, ഖുറൈശികളുടെ ഭാഗത്തുനിന്നു ഖുസാഅഃ ഗോത്രത്തലവനായ ബുദൈലുബ്നു വരിഖാഅ് എത്താനും

ആളുകളോടുകൂടി തിരുമേനിയുടെ അടുക്കൽവന്നു, മുസ്ലിംകളുടെ ആഗമനോദ്ദേശ്യമെന്താണെന്നു ചോദിച്ചു. തങ്ങൾ വന്നിട്ടുള്ളതു കഅ്ബയെ സന്ദർശിക്കുവാൻ വേണ്ടി മാത്രമാണെന്നും, യുദ്ധം ചെയ്യാനല്ലെന്നും നബി അവരോടു പറഞ്ഞു. അവർ ഈ വിവരം ഖുറൈശികളോടു പറഞ്ഞപ്പോൾ മുസ്ലിംകൾ യുദ്ധത്തിന്നു വന്നതല്ലായിരിക്കുമെങ്കിൽകൂടി അവരെ മക്കത്തുകടക്കുവാൻ തങ്ങൾ അനുവദിക്കുന്നതല്ലെന്നും, അനുവദിച്ചാൽ ശത്രുക്കൾ ബലമായി മക്കത്തു് കടന്നു ഉംറഃ ചെയ്തു മടങ്ങിപ്പോയെന്നുള്ള വർത്തമാനം അറബുരാജ്യം മുഴുവനും പരക്കുന്നതാണെന്നും അതു തങ്ങൾക്കു സഹിക്കുവാൻ കഴിയുന്നതല്ലെന്നും ഖുറൈശികൾ പറഞ്ഞയച്ചു.

പിന്നീടു് മക്കക്കാർ അഹാബീശ് ഗോത്രങ്ങളുടെ പ്രധാന നായകനും, കിനാനാ വംശക്കാരനുമായ ഹുലൈസുബ്നു അൽഖമത്തിനെ പ്രതിനിധിയായി നിശ്ചയിച്ചു തിരുമേനിയുടെ നേരെ അയച്ചു. ബലികർമ്മത്തിന്നുള്ള മൃഗങ്ങളെ കണ്ടപ്പോൾ അയാൾ വഴിയിൽനിന്നു തന്നെ മടങ്ങി, മുസ്ലിംകൾ ഉംറക്കുവേണ്ടി മാത്രമാണു് വന്നിട്ടുള്ളതെന്നു ഖുറൈശികളോടു പറഞ്ഞു. അപ്പോൾ ഖുറൈശികൾ, അറിവില്ലാത്ത കാടനാണെന്നു പറഞ്ഞുകൊണ്ടു് അയാളെ നിന്ദിച്ചതിനാൽ അയാൾ ദേഷ്യത്തോടുകൂടി ഇങ്ങിനെ പറഞ്ഞു "ഹേ ഖുറൈശികളേ! നാം തമ്മിലുള്ള കരാറിനെ നിങ്ങൾ ലംഘിക്കുകയാണു്. അൽലാഹുവിൻെറ വീട്ടിനോടുള്ള

ബഹുമാനം നിമിത്തം അതിനെ സന്ദർശിക്കുവാൻ വേണ്ടിവരുന്ന ആളുകളെ നിങ്ങൾ എന്തിന്നു തടസ്സം ചെയ്യുന്നു? മുസ്‌ലിംകൾ ഉംറ ചെയ്തുകൊള്ളട്ടെ. നിങ്ങൾ സമ്മതിക്കാത്തപക്ഷം സ്വഗോത്രക്കാരെയെല്ലാം ഒരുമിച്ചുകൂട്ടി ഞാൻ നിങ്ങളോടു പോരാടുന്നതാണ്." ഖുറൈശികൾ അയാളെ സമാധാനപ്പെടുത്തുകയും മുസ്‌ലിംകൾ മക്കയിൽ പ്രവേശിക്കുന്നതു് തീരെ സഹിപ്പാൻ സാധിക്കാത്ത ഒരു കാര്യമാകയാൽ, തങ്ങളുടെ അഭീഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നതിനെ തടയരുതെന്നു അയാളോടു അപേക്ഷിക്കുകയുമാണ് ഉണ്ടായതു്.

അപ്പോഴേയ്ക്കു് ചില ഖുറൈശി യുവാക്കൾ തിരുമേനിയെ കൊല്ലാൻ തരം നോക്കിക്കൊണ്ടു് മക്കത്തുനിന്നു പുറപ്പെട്ടു പട്ടണത്തിൻെറ താഴ്ഭാഗത്തു വന്നുനിന്നു. സഹാബികൾ അവരെ കണ്ടെത്തി ബന്ധനസ്ഥരാക്കുകയും, തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവരുകയും ചെയ്തു എന്നാൽ ദയാലുവായ നബി അവരെയെല്ലാം വിട്ടയയ്ക്കുകയാണുണ്ടായതു്. ഇതിന്നു ശേഷം സഖീഫ് ഗോത്രനായകനായ ഉർവത്തുബ്നുമസ്ഊദ്, ഖുറൈശികളുടെ പ്രതിനിധിയായി തിരുമേനിയുടെ സന്നിധിയിൽ വന്നു് ഇങ്ങിനെ പറഞ്ഞു: "നിങ്ങൾ ഈ ചെറുസംഘത്തേയുംകൊണ്ടു വന്നതുകൊണ്ടു് സ്വജനങ്ങളെ നിങ്ങൾ നശിപ്പിക്കുകയാണ് ചെയ്യുന്നതു്. ഖുറൈശികൾ ആയുധപാണികളായി വരുന്നുണ്ടു്. ഇവിടെവെച്ചു അവരുമായി പോരാടുവാൻ ഇവർക്കു ധൈര്യമു

ണ്ടാകുമോ? ഇവർ നിങ്ങളെ ഉപേക്ഷിച്ച ധൂളിപോലെ പറന്നുകളയും'' ഉർവത്തിൻെറ ഈ വാക്ക മുസ്ലിം കൾക്ക അസഹനീയമായിത്തീന്നതിനാൽ ഹസ്രത്ത് അബൂബക്കർ കോപത്തോടെ മറുപടി പറഞ്ഞു. ഉർവത്ത് അദ്ദേഹത്തിനോട്ട് ഇങ്ങിനെ പ്രസ്താവിച്ചു. "അബൂബക്കറെ, നിങ്ങളുടെ ഒരു ഉപകാരത്തിന്നു ഞാൻ നിങ്ങൾക്ക കടപ്പെട്ടിരിക്കുന്നു. ആ കടപ്പാട്ട പരിഹരിപ്പാൻ എനിക്ക ഇതുവരെ കഴിഞ്ഞിട്ടില്ല അങ്ങിനെ ഒരു കടപ്പാട്ടുണ്ടായിരുന്നില്ലെങ്കിൽ ഞാനും നല്ല ചീത്ത പറയുമായിരുന്നു'' ഞങ്ങൾക്ക യുദ്ധം ചെയ്വാൻ ആഗ്രഹമില്ലെന്നും ഉംറയ്ക്കുവേണ്ടി മാത്രം വന്നിട്ടുള്ളതാണെന്നും തിരുമേനി ഉർവത്തിനോടും പറകയുണ്ടായി. സഹാബികൾക്ക നബിയോടുള്ള സ്നേഹബഹുമാനം നിമിത്തം അവർ തിരുമുഖത്തേയ്ക്കു കണ്ണുതുറന്നു നോക്കുകകൂടി ചെയ്യാതിരിക്കുന്നതും, നബി വുസു (ശുദ്ധി) ചെയ്യുമ്പോൾ അവയവങ്ങളിൽനിന്നും ഉററുന്ന വെള്ളം അവർ മുഖത്തും കണ്ണിലും പിരട്ടുന്നതും കണ്ടു് ഉർവത്ത് ഖുറൈശികളുടെ അടുക്കൽചെന്നു് ഇങ്ങിനെ പറഞ്ഞു. "ഞാൻ കൈസറിൻേറയും കിസ്രായുടേയും അരമനകളിൽ പോയിട്ടുണ്ടു്. എന്നാൽ മുഹമ്മദ് തൻെറ അനുചരന്മാരാൽ സ്നേഹിക്കപ്പെടുംപ്രകാരം ഒരു രാജാവും സ്വജനങ്ങളാൽ സ്നേഹിക്കപ്പെടുന്നതു് ഞാൻ കണ്ടിട്ടില്ല മുഹമ്മദിൻെറ അനുചരന്മാർ ഒരു പ്രകാരത്തിലും അവനെ ഉപേക്ഷിച്ചുകളയുന്നതല്ല. നിങ്ങൾ ഇഷ്ടംപോലെ ചെയ്തുകൊൾവിൻ''

ഖുറൈശികളുടെ അടുക്കൽചെന്നു കുഴപ്പം സമാധാനമായി തീർക്കേണ്ടതിന്നു റസൂൽകരീം ഹസ്രത്ത് ഉമറിനെ തിരഞ്ഞെടുത്തു. അപ്പോൾ അദ്ദേഹം ഇങ്ങിനെ പറഞ്ഞു. "നബിയെ! ഞാൻ ഖുറൈശികളോട് എത്രത്തോളം ഉഗ്രതയും ശത്രുതയും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് അവർക്കറിയാം. എൻെറ ജീവന്നുതന്നെ അപായം വന്നേക്കും. എന്നെ രക്ഷിക്കുവാൻ സ്വകുടുംബക്കാരായ ബനൂഅദീവംശജന്മാരിൽ ആരുംതന്നെ മക്കയിൽ ഇല്ല. ഹസ്രത്ത് ഉസ്മാൻ ബനൂ ഉമയ്യാവംശത്തിൽ ഒരു മാന്യനായതുകൊണ്ട് അദ്ദേഹത്തെ അയക്കാമെന്നാകുന്നു എൻെറ അഭിപ്രായം"

ഉമറിൻെറ ഈ അഭിപ്രായത്തെ തിരുമേനി സ്വീകരിക്കുകയും ഹസ്രത്ത് ഉസ്മാനെ പ്രതിനിധിയായി അയക്കുകയും ചെയ്തു. ഹസ്രത്ത ഉസ്മാൻ മക്കയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിൻെറ വംശത്തിൽ ഒരു നേതാവായിരുന്ന ഇബ്നുസഈദ് അദ്ദേഹത്തിന്നു അഭയം നല്കി കൂടെ കൊണ്ടുപോയി. അദ്ദേഹം തിരുമേനിയുടെ അഭീഷ്ടത്തെ ഖുറൈശീതലവന്മാരെ അറിയിച്ചപ്പോൾ അദ്ദേഹം, മാത്രം വന്നു കഅബാ പ്രദക്ഷിണം ചെയ്യുന്നതിൽ അവർക്കു വിരോധമില്ലെന്നും, മുഹമ്മദിനേയും അനുചരന്മാരേയും മക്കയിൽ പ്രവേശിക്കുവാൻ തീരെ സമ്മതിക്കുന്നതല്ലെന്നുമായിരുന്നു അവരുടെ സമാധാനം. നബിയോടുകൂടിയല്ലാതെ താൻ പ്രദക്ഷിണം ചെയ്യുന്നതല്ലെന്ന് ഹസ്രത്ത് ഉസ്മാൻ പ്രസ്താവിച്ചു.

ഖുറൈശികൾ ഹസ്രത്ത് ഉസ്മാനെ മടങ്ങിപ്പോകുവാൻ സമ്മതിക്കാതെ തടഞ്ഞുനിറുത്തിയതിനാൽ അദ്ദേഹം കൊല്ലപ്പെട്ടുപോയെന്നു മുസ്ലിംകളുടെ ഇടയിൽ വൎത്തമാനം പരന്നു. അപ്പോൾ തിരുമേനി ആ വൎത്തമാനം ശരിയാണെങ്കിൽ ആ കൊലയുടെ പ്രതികാരത്തിന്ന് ശേഷമല്ലാതെ അവിടെനിന്നു മടങ്ങുവാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു് അവിടുത്തെ മരച്ചുവട്ടിൽ ഇരിക്കുകയും കൂടെയുണ്ടായിരുന്ന ആയിരത്തി അഞ്ഞൂറോളം സഹാബികളോടു ആത്മപരിത്യാഗം ചെയ്തുകൊള്ളാമെന്ന് കരാർ ചെയ്യിക്കുകയുമുണ്ടായി. ഈ കരാറിന്നു "ബൈഅത്തുർരിസ്വാൻ" എന്നു പേർ. ഇതിനെപ്പററി ഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സത്യവിശ്വാസികൾ നിങ്ങളുമായി മരച്ചുവട്ടിൽവെച്ചു് കരാർ ചെയ്ത അവസരത്തിൽ അൽലാഹു അവരെപ്പററി തൃപ്തനായിരിക്കുന്നു." (ഫത്ഹ് 18) എന്നാൽ ഹസ്രത്ത് ഉസ്മാൻെറ വധത്തെക്കുറിച്ചുണ്ടായ വൎത്തമാനം കളവായിരുന്നുവെന്നു പിന്നീടു വെളിവായി.

ആ കൊല്ലം നബിയും അനുചരന്മാരും മടങ്ങിപ്പോകേണ്ടതാണെന്നും അവൎക്കു അടുത്തകൊല്ലം വന്നു ഉംറഃ ചെയ്യാവുന്നതാണെന്നുമുള്ള നിശ്ചയത്തിന്മേൽ അന്യോന്യം സന്ധിയാവാമെന്നു നബിയെ അറിയിക്കേണ്ടതിന്നു ഖുറൈശികൾ സുഹൈലുബ്നു അംറിനെ തിരുമേനിയുടെ സന്നിധിയിലേക്കു അയച്ചു. നബി സുഹൈലിനെ കണ്ടപ്പോൾ, ഖുറൈശികൾ അദ്ദേഹത്തെ അയ

ച്ചതിൽനിന്നു അവക്കു സന്ധിയാവാൻ ഒരുക്കമുണ്ടെന്നു പ്രത്യക്ഷപ്പെട്ടതുണ്ടെന്നു പ്രസ്താവിച്ചു. സുഹൈലും നബിയുമായി നടന്ന സംഭാഷണഫലമായി താഴെ പറയുന്ന നിശ്ചയങ്ങളനുസരിച്ചു സന്ധിയാവാൻ തീച്ചപ്പെടുത്തി.

(1) മുസ്'ലിംകൾ ഈ കൊല്ലം മടങ്ങിപ്പോകേണ്ടതും വരുന്ന കൊല്ലം വന്നുകൊള്ളേണ്ടതുമാണു്. എന്നാൽ അവർ ഉറയിലിട്ട വാളല്ലാതെ മററു യാതൊരു ആയുധവും അണിഞ്ഞുകൊണ്ടു മക്കയിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല—അവക്കു മൂന്നുദിവസം ഹറമിൽ താമസിക്കാവുന്നതും ആ ദിവസങ്ങളിൽ ഖുറൈശികൾ മക്കയിൽനിന്നു വിട്ടു പാക്കുന്നതുമാണു്.

(2) അറബികളിൽ അവരവക്കു ഇഷ്ടമുള്ള ഗോത്രങ്ങളുമായി ഉടമ്പടി ചെയ്യാൻ മുസ്'ലിംകൾക്കും ഖുറൈശികൾക്കും അവകാശമുണ്ടു്. ഈ വിഷയത്തിൽ ഇരുകക്ഷികൾക്കും സ്വാതന്ത്ര്യമുണ്ടു്.

(3) ഖുറൈശികളിൽ വല്ലവനും രക്ഷകത്താവിന്റെ അനുവാദംകൂടാതെ മുസ്'ലിംകളുടെ അടുക്കലേക്കു ചെല്ലുന്നതായാൽ മുസ്'ലിംകൾ അവനെ മടക്കി അയക്കുന്നതാണു്. എങ്കിലും വല്ല മുസ്'ലിമും ഖുറൈശികളുടെ അടുക്കലേക്കു വരുന്നപക്ഷം അവനെ മടക്കി അയക്കുന്നതല്ല.

(4) ഇരുകക്ഷികളും തമ്മിൽ 10 കൊല്ലംവരെ യുദ്ധമുണ്ടാകുന്നതല്ല. ഇരുകൂട്ടരും അന്യോന്യം വിശ്വസ്തതയോടും സമാധാനത്തോടുംകൂടി വത്തിക്കുന്നതാണു്.

ഈ ഉടമ്പടിയിലെ മൂന്നാംവകുപ്പ് മുസ്ലിംകൾക്കു തീരെ ദുസ്സഹമായിരുന്നുവെന്നതു് പ്രത്യക്ഷമാണല്ലോ. അതോടുകൂടി, ഒരു മുസ്ലിമും സുഹൈലുബ്നുഅംറിന്റെ മകനുമായിരുന്ന അബൂജന്തൽ ഉടമ്പടി നടന്ന അവസരത്തിൽത്തന്നെ യാദൃച്ഛികമായി ഓടിവന്നു തിരുമേനിയുടെ സന്നിധിയിൽ എത്തുകയുണ്ടായി. ശത്രുക്കൾ കഠിനമായി ശിക്ഷിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ ശരീരത്തിൽ പല മുറിവുകളുമുണ്ടായിരുന്നു. അദ്ദേഹം ആ മുറിവുകൾ കാണിച്ചുകൊണ്ടു തിരുമേനിയോടു സങ്കടം പറഞ്ഞു. അബൂജന്തലിനെ തങ്ങളുടെ ഒരുമിച്ചു മദീനത്തേക്കു അയക്കേണമെന്നു അദ്ദേഹത്തിന്റെ പിതാവിനോടു തിരുമേനി അപേക്ഷിച്ചുവെങ്കിലും പിതാവ് സമ്മതിച്ചില്ല. അവസാനം ഉടമ്പടിയിലെ നിശ്ചയമനുസരിച്ചു അദ്ദേഹത്തെ മടക്കി അയക്കുകയാണു് ഉണ്ടായതു്. ചില മുസ്ലിംകൾ ഇതു കണ്ടു അക്ഷമരായിത്തീർന്നു. ഹസ്രത്ത് ഉമർ കോപം അടക്കാൻ സാധിക്കാതെ തിരുമേനിയുടെ സന്നിധിയിൽ വന്നു. തിരുമേനിയും അദ്ദേഹവും തമ്മിൽ താഴെ പറയുംപ്രകാരം സംഭാഷണം നടന്നു.

ഹസ്രത്ത് ഉമർ—അവിടുന്നു സത്യപ്രവാചകനല്ലേ?

നബി—അതേ. ഞാൻ സത്യപ്രവാചകനാകുന്നു.

ഉമർ—ഞങ്ങൾ മുസ്ലിംകളല്ലെയോ?

നബി—മുസ്ലിംകൾ തന്നെ.

ഉമർ—അവർ ബഹുദൈവാരാധകരല്ലേ?

നബി—അതേ.

ഉമർ—അങ്ങിനെയാണെങ്കിൽ മതകാൎയ്യത്തിൽ നാം ഇത്തരം അപമാനം അനുഭവിക്കേണ്ട ആവശ്യമെന്തു്?

നബി—ഞാൻ അൽലാഹുവിൻെറ റസൂലാണു്. അവൻെറ കല്പനകരം വിപരീതമായി പ്രവൎത്തിക്കുവാൻ എനിക്കു സാധിക്കുന്നതല്ല. അവൻ എന്നെ ഒരിക്കലും താഴ്ത്തിക്കളയുന്നതല്ല.

ഹസ്രത്ത് ഉമർ ക്ഷോഭം അടങ്ങിയതിന്നുശേഷം തൻെറ പക്കൽനിന്നു പ്രത്യക്ഷമായ അക്ഷമയെക്കുറിച്ചു വളരെ ദുഃഖിക്കുകയുണ്ടായി. അദ്ദേഹം തൻെറ ജീവിതകാലം മുഴുവനും ഇതിനെപ്പററി വ്യസനിക്കുകയും തൽപരിഹാരാൎത്ഥം അൽലാഹുവിനോടു മാപ്പിന്നപേക്ഷിക്കുകയും ദാനം കൊടുക്കുകയും അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്തിരുന്നു.

ഉടമ്പടി എഴുതിയതു് ഹസ്രത്ത് അലീയായിരുന്നു. അദ്ദേഹം മുസ്ലിംകളുടെ ആചാരമനുസരിച്ചു ഉടമ്പടിയുടെ ആരംഭത്തിൽ "ബിസ്മിൽലാഹിർറഹ്മാനിർറഹീം" എന്നു എഴുതിയപ്പോരം അറബികളുടെ പതിവുപ്രകാരം "ബിസ്മിക്കൽലാഹുമ്മ" എന്നു എഴുതേണമെന്നു സുഹൈൽ പറഞ്ഞു. അപ്പോരം അപ്രകാരം എഴുതിക്കൊള്ളുവാൻ തിരുമേനി ആജ്ഞാപിച്ചു. "മുഹമ്മദുർറസൂലുൽലാഹി" എന്നെഴുതിയപ്പോഴും സുഹൈല് വിരോധം പറഞ്ഞു. "നിങ്ങരം നബിയാണെന്നു ഞങ്ങരം സമ്മതിക്കുന്നപക്ഷം ഈ തകരാറുതന്നെ ഉണ്ടാ

കുന്നതല്ലല്ലോ. നിങ്ങളുടെ പേരും ഇന്ന ആളുടെ മക നാണെന്നും മാത്രം എഴുതുവിൻ" എന്നായിരുന്നു അദ്ദേ ഹം പറഞ്ഞതു്. അപ്പോൾ നബി "നിങ്ങൾ സമ്മതി ച്ചാലും ഇല്ലെങ്കിലും ഞാൻ അല്ലാഹുവിൻെറ ദൂതൻ ത ന്നെയാകുന്നു" എന്നു പറഞ്ഞു. അനന്തരം ഹസ്രത്ത് അലിയോടു ആ വാക്കു മായിച്ചു കളയുവാൻ കല്പിച്ചു. എന്നാൽ അൽലാഹുവിൻെറ ദൂതനായ മുഹമ്മദ് എന്ന തു് തിരുമേനിയുടെ കല്പനപ്രകാരം മായിക്കുവാൻ കവി ഞ്ഞൊഴുകുന്ന മതാഭിമാനംനിമിത്തം ഹസ്രത്ത്അലി ശക്തനായില്ല തനിക്കു സാധിക്കുകയില്ലെന്നു അദ്ദേഹം പറഞ്ഞു. അവസാനം തിരുമേനി തന്നെ അതു മായം ച്ചു കളഞ്ഞു.

ഉടമ്പടി പൂർത്തിയായതിന്നു ശേഷം ഖുസാഅഃ ഗോത്രം നബിയുമായും, ബനൂബക്കർ ഗോത്രം ഖുറൈ ശികളുമായും സഖ്യഉടമ്പടി ചെയ്തു. മുസ്ലിംകൾ അ വിടെ വെച്ചുതന്നെ ക്ഷൗരം ചെയ്യിക്കുകയും, ഉംറയ്ക്കായി ധരിച്ചിരുന്ന വസ്ത്രം മാററുകയും ബലികർമ്മം നടത്തുകയും ചെയ്തതിൽപ്പിന്നെ മദീനത്തേയ്ക്കു മടങ്ങിപ്പോയി. ഹു ദൈബിയായിൽ വെച്ചു നടന്ന മേല്പറഞ്ഞ സംഭവങ്ങ ളെസ്സംബന്ധിച്ചാണ് ഫത്ത്ഹ് സൂറത്തു് മുഴുവനും ഇറക്കപ്പെട്ടതു്

മുസ്ലിംകൾ പരാജയമായി ഗണിച്ചിരുന്ന ആ സന്ധി ഒരു വലിയ ജയമായിരുന്നുവെന്നു ആ സൂറത്തി ലെ പ്രഥമവചനത്തിൽത്തന്നെ അൽലാഹു പറഞ്ഞിരി

കുന്നു. അതിന്നു മുമ്പ് ഇസ്ലാമിനോടു മത്സരപൂർവ്വം വർത്തിച്ചുവന്ന സർവ്വ അറബികളും വിശേഷിച്ചു ഖുറൈശികളും ആ സന്ധിക്കുശേഷം സമാധാനത്തെ കൈക്കൊണ്ടതിനാൽ അന്യമതസ്ഥന്മാർക്കു മുസ്ലീംകളുമായി സഹവസിക്കുവാനും ഇസ്ലാംമതത്തെക്കുറിച്ചു ചിന്തിക്കുവാനും അവസരം ലഭിച്ചു. കൂടാതെ ഇസ്ലാംമതപ്രബോധനത്തിന്നുണ്ടായിരുന്ന തടസ്സം ഈ സന്ധിമൂലം പരിഹരിക്കപ്പെട്ടതിനാൽ പല ഗോത്രങ്ങളുടേയും ഇടയിൽ മുസ്ലീംകൾ ഭയമെന്യേ സഞ്ചരിക്കുവാൻ തുടങ്ങി. രാജാക്കന്മാർ, ഭരണാധികാരികൾ, ഗോത്രനായകന്മാർ എന്നിങ്ങനെയുള്ള അനേക മഹാന്മാർക്കു റസൂൽ കരീം മതപ്രബോധനസന്ദേശങ്ങളയച്ചു. തന്നിമിത്തം അനേകം ആളുകൾ ഇസ്ലാംമതം സ്വീകരിക്കുകയും മുസ്ലിംകളുടെ തുക വർദ്ധിക്കുകയും ഉണ്ടായി.

ശത്രുക്കളുടെ അഭീഷ്ടത്തിന്നു വഴിപ്പെട്ടിട്ടെങ്കിലും അവരുമായി സന്ധിയായതുകൊണ്ടു് സിദ്ധിച്ച ഗുണങ്ങളെപ്പററി ചിന്തിക്കുമ്പോൾ ഈ സന്ധി വാസ്തവത്തിൽ മുസ്ലിംകൾക്കു മഹത്തായ ജയം തന്നെയായിരുന്നുവെന്നു സ്പഷ്ടമാകുന്നു. മരച്ചുവട്ടിൽവെച്ചു നബിയുമായി ഉടമ്പടിചെയ്ത ആ ആളുകളെ അൽലാഹു തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും ഫത്ത്ഹ് സൂറത്തിൽ പറയപ്പെട്ടിരിക്കുന്നു. കൂടാതെ റസൂൽകരീം യുദ്ധത്തിൽനിന്നു വിരമിക്കേണ്ടിവന്ന സംഗതികൾ വിവരിച്ചതിന്നുശേഷം തിരുമേനിക്കുണ്ടായ സ്വപ്നം സത്യമായി കലാശിക്കുന്നതാണെന്നും,

മുസ്‌ലിംകൾക്കു നിസ്സംശയം മസ്ജിദുൽഹറാമിൽ പ്രവേശിക്കുന്നതാണെന്നും, ഈ ജയം അതിന്നു മുമ്പായി നൽകപ്പെട്ടതാണെന്നും, അല്ലാഹുവിൻെറ വാഗ്ദാനം നിർവ്വഹിക്കപ്പെടാതിരിക്കയില്ലെന്നും അതിൽ വിശദമാക്കിയിരിക്കുന്നു. അവസാനം സഹാബികളെ പ്രശംസിക്കുകയും തൌറാത്തിലും ഇഞ്ചീലിലും പറയപ്പെട്ട അവരുടെ ഉത്തമഗുണങ്ങളെ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

ഉടമ്പടിയിലെ മൂന്നാംവകുപ്പ് പുരുഷന്മാർക്കു മാത്രമേ ബാധകമാകുകയുള്ളുവെന്നും, വല്ല മുസ്‌ലിം സ്ത്രീയും രാജ്യം വിട്ടു ചെന്നാൽ അവളെ മടക്കി അയക്കരുതെന്നും മുംതഹിനഃ സൂത്തിൽ അൽലാഹു പറഞ്ഞിരിക്കുന്നു.

ഉടമ്പടി നടന്നു കുറെ ദിവസങ്ങൾ കഴിഞ്ഞതിന്നുശേഷം ശത്രുക്കളുടെ ഉപദ്രവം സഹിക്കവയ്യാതെ അബൂബസീർ എന്നു പേരായ ഒരു മുസ്‌ലീം മക്കത്തുനിന്ന് ഓടി മദീനത്തുചെന്ന് അഭയം പ്രാപിച്ചു. ഖുറൈശികൾ അദ്ദേഹത്തെ അന്വേഷിക്കുവാൻവേണ്ടി രണ്ടാളുകളെ മദീനത്തേയ്ക്കു് അയക്കുകയും, ഉടമ്പടിയിലെ നിശ്ചയമനുസരിച്ച് നബി അദ്ദേഹത്തെ അവരോടുകൂടി മടക്കി അയക്കുകയും ചെയ്തു. അവരിൽ ഒരാളെ അബൂബസിർ വഴിയിൽവെച്ചു കൊന്നു. മറേറവൻ ഭയപ്പെട്ടു മദീനത്ത് റസൂൽകരീമിൻെറ അടുക്കൽ ഓടിയെത്തി തിരുമേനിയോടു അന്യായം ബോധിപ്പിച്ചു. അബൂബസീറും മദീനത്തേയ്ക്കു വന്നു. നബി അദ്ദേഹത്തെ അവിടെനിന്നു മടക്കി അയച്ചതുകൊണ്ടു തന്നെ തൻെറ ബാദ്ധ്യ

ത നിറവേററിയിട്ടണ്ടെന്നും, പിന്നീട്ട് താൻ ചെയ്ത പ്ര വൃത്തിക്ക നബി ഉത്തരവാദിയല്ലെന്നും, അതിൻെറ ഉ ത്തരവാദി താൻ മാത്രമാകുന്നുവെന്നും പറഞ്ഞു് അദ്ദേ ഹം മടങ്ങിപ്പോകയും, ഐസ് എന്നിടത്തു താമസമുറ പ്പിക്കുകയും ചെയ്തു. അബൂബസീറിന്നു ഒരു സങ്കേതം സിദ്ധിച്ചിരിക്കുന്നുവെന്നു് അറിഞ്ഞപ്പോൾ മക്കയിൽ വെച്ചു ശത്രുദ്രോഹം അനുഭവിച്ചിരുന്ന മുസ്ലിംകൾ കൂ ടക്കൂടെ ഓടിച്ചെന്നു് അദ്ദേഹത്തിൻെറ കൂട്ടത്തിൽ ചേ ന്നു. അവർ അധികം ആളുകളായപ്പോൾ, ഖുറൈശിക ളുടെ വ്യാപാരസംഘത്തെ ആക്രമിച്ചുതുടങ്ങി. തന്നിമി ത്തം ഉടമ്പടിയിലെ മൂന്നാംവകുപ്പു തങ്ങൾ ഉപേക്ഷിച്ചി രിക്കുന്നുവെന്നും, മദീനത്ത് ചെല്ലുന്ന മുസ്ലിംകളെ മട ക്കി അയക്കേണമെന്നു മേലിൽ തങ്ങൾ ആഗ്രഹിക്കുന്നി ല്ലെന്നും റസൂൽകരീമിനെ അറിയിക്കുവാൻ ഖുറൈശി കൾ നിർബ്ബന്ധിതരായി. അവർ ഇപ്രകാരം അറിയിച്ചതി നുശേഷം തിരുമേനി ഐസിൽ പാർത്തിരുന്ന അബൂബ സീർ, അബൂജന്ദൽ മുതലായ മുസ്ലിംകളെ മദീനത്തേ ക്കു വിളിച്ചുവരുത്തി.

**ഖൈബർ:**—ഹുദൈബിയാ സന്ധിയോടുകൂടി ഖുറൈശികളുടെ അക്രമം നിലച്ചു എങ്കിലും, മദീനത്തു നിന്നു നാടുകടത്തപ്പെട്ട ബനുനസീർ, ബനുഖുറൈസഃ എന്നീ ഗോത്രക്കാർ ഉൾപ്പെടെ ഖൈബറിൽ നിവസി ച്ചിരുന്ന ജൂതന്മാർ മുസ്ലീംകളുടെ കഠിന വൈരികളാ യിരുന്നു. അവർ മുസ്ലിംകളുമായി മത്സരിക്കുവാൻ

സന്നദ്ധരാകുകയും, മററു ഗോത്രങ്ങളെ മുസ്ലിംകളോടു യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുകയും, മദീനയുടെ നേരെ ഒരു വമ്പിച്ച ആക്രമണത്തിന്നു ഒരുക്കങ്ങൾ ചെയ്യുകയുമുണ്ടായി. മദീനയിലെ ആദായത്തിൽനിന്നു പാതി ഗത്ത്ഫാൻ ഗോത്രക്കാൎക്കു കൊടുക്കാമെന്നു നിശ്ചയിച്ച് ജൂതന്മാർ അവരെയും വശത്താക്കി. ഖൈബർ മദീനയിൽനിന്നു 200 നാഴിക അകലെയാണെങ്കിലും മദീനയിലെ കപടവിശ്വാസികളെ ജൂതന്മാർ രഹസ്യമായി പാട്ടിൽ വെക്കുകയും, അവർ മുഖേന അവിടത്തെ സൎവ്വ വൎത്തമാനങ്ങളും അറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു.

ഇവരുടെ ശത്രുതയും ബലവും വൎദ്ധിച്ചുവരുന്നതുകണ്ടു് റസൂൽകരീം ഇവരോടു പോരാടുവാൻ ഒരുങ്ങിക്കൊണ്ടു് ഹിജ്റ 7 മുഹർമാസത്തിൽ 200 അശ്വഭടന്മാർ ഉൾപ്പെടെ 1500 സഖാക്കളോടുകൂടി മദീനത്തുനിന്നു പുറപ്പെട്ടു, ഗത്ത്ഫാൻ ഗോത്രത്തിൻേറയും ഖൈബറിൻേറയും മദ്ധ്യേ സ്ഥിതിചെയ്യുന്ന റജീഇൽ ചെന്നു താമസിച്ചു. എന്നാൽ ഗത്ത്ഫാൻ ഗോത്രം ജൂതന്മാരെ സഹായിക്കുകയുണ്ടായില്ല. ജൂതന്മാൎക്കു ആറു കോട്ടകളുണ്ടായിരുന്നു. മുസ്ലിംകൾ അവ ഓരോന്നായി കൈവശപ്പെടുത്തുവാൻ ആരംഭിച്ചു ജൂതന്മാരിൽ ശ്രുതിപ്പെട്ട ഒരു യോദ്ധാവായിരുന്ന മർഹബ് താമസിച്ചിരുന്ന ഖമൂസ് കോട്ട അവയിൽവെച്ചു ഏററവും വമ്പിച്ചതായിരുന്നു. മഹാന്മാരായ പല സഹാബികളും ശ്രമിച്ചുനോക്കിയെങ്കിലും അതു കൈവശപ്പെടുത്തുവാൻ സാധിച്ചില്ല. അവസാ

നം റസൂൽകരീം, ഹസ്രത്ത് അലിയെ വിളിച്ച അദ്ദേഹത്തിൻെറ പക്കൽ കൊടി കൊടുത്തു. മർഹബ് കോട്ടയിൽനിന്നു പുറത്തുവന്നു ഹസ്രത്ത് അലിയുമായി എതിർത്തപ്പോഠം ആ ധീരയോദ്ധാവ് അയാളെ കൊല്ലുകയും അതോടുകൂടി കോട്ട മുസ്‌ലിംകഠംക്കു കീഴ്പെടുകയുമുണ്ടായി. ഇങ്ങിനെ ജൂതന്മാർ കേവലം പരാജിതരായതിന്നുശേഷം അവരുടെ അപേക്ഷയനുസരിച്ച്, ഖൈബറിലെ ആദായത്തിൻെറ പാതി കൊല്ലംതോറും മുസ്‌ലിംകഠംക്കു കൊടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ അന്യോന്യം സന്ധി നടന്നു. മുസ്‌ലിംകഠ വിചാരിക്കുന്ന അവസരത്തിൽ ജൂതന്മാരെ അവിടെനിന്നു പുറത്താക്കുവാൻ അവക്കു അധികാരമുണ്ടെന്നും, സന്ധിയിൽ നിശ്ചയിച്ചിരുന്നു. ഈ യുദ്ധത്തിൽ 93 ജൂതന്മാക്കും 15 മുസ്‌ലിംകഠംക്കും ജീവനാശം സംഭവിച്ചു. മുസ്‌ലിംകഠം മടങ്ങിയ അവസരത്തിൽ വാദിൽഖുറാ എന്നിടത്തുവച്ചു ഫിദക്കിലെ ജൂതന്മാർ അവരുടെ നേരെ അമ്പെയ്തു എതിർത്തുകൊണ്ടു മുസ്‌ലിംകഠം അവരേയും വളഞ്ഞു കീഴടക്കി. ഖൈബർകാരുടെ നിശ്ചയമനുസരിച്ചു അവരും കരാർ ചെയ്യുകയാണുണ്ടായതു്.

ഹിജ്റ 7 ദുൽഖഅദിൽ, ഹുദൈബിയാസന്ധിയിലെ നിശ്ചയപ്രകാരം തിരുമേനി സഖാക്കളോടുകൂടി ഉംറയ്ക്കായി മക്കയിലേക്കു പോയി. ഖുറൈശികഠം നിശ്ചയപ്രകാരം രാജ്യത്തിൻെറ പുറത്തുപോയി പാക്കുകയും, മുസ്‌ലിംകഠം മൂന്നുദിവസം ഹറമിൽ താമസിച്ചു ഉംറയും

കഅബാ പ്രദക്ഷിണവും കഴിച്ചു മദീനത്തേക്കു മടങ്ങി പ്പോരുകയും ചെയ്തു.

**മൂഅ്ത്തായുദ്ധം:—** റസൂൽ കരീം രാജാക്കന്മാക്കു മതപ്രബോധനസന്ദേശങ്ങറം അയച്ച കൂട്ടത്തിൽ ഗസ്സാനി രാജാവായിരുന്ന ശറഹ്ബീലുബ്നു അംറിന്നും ഒരു സന്ദേശം അയച്ചിട്ടുണ്ടായിരുന്നു. ആ സന്ദേശം കൊണ്ടുപോയിരുന്ന ഹാരിതുബ്നു ഉമൈർഅസ്ദി എന്ന സഹാബിയെ ശറയാറം കൊന്നുകളഞ്ഞതിനാൽ പകരം വീട്ടുവാൻവേണ്ടി ഹിജ്റ 8 ജമാദുൽ അവ്വൽ മാസത്തിൽ നബി മദീനത്തുനിന്നു് 3000 ഭടന്മാരെ അയാളുടെ നേരെ അയച്ചു. നബി സൈദുബ്നുഹാരിതത്തിനെയായിരുന്നു ആ സൈന്യത്തിന്നു നായകനായി നിയമിച്ചതു്. അദ്ദേഹം ശഹീദാകുന്നപക്ഷം ജഅഫറുബ്നു അബീതാലിബും, അദ്ദേഹവും, ശഹീദാകുന്നതായാൽ അബ്ദുൽലാഹിബ്നു റവാഹത്തും സൈന്യാധിപത്യം വഹിക്കേണ്ടതാണെന്നു തിരുമേനി കല്പിച്ചിരുന്നു.

ഗസ്സാനീ രാജാവു വിവരം അറിഞ്ഞപ്പോറം എതിക്കുവാനായി ഏകദേശം ഒരുലക്ഷം ഭടന്മാരെ ശേഖരിച്ചു. അക്കാലത്തു (ക്രിസ്താബ്ദം 625ൽ) ഹിർഖൽരാജാവിന്നു പേർഷ്യക്കാരുടെ മേൽ വിജയം ലഭിക്കുകയും, അവർ യരുശലേമിൽനിന്നു എടുത്തുകൊണ്ടുപോയിരുന്ന പരിശുദ്ധ കുരിശു രാജാവിന്നു മടക്കിക്കിട്ടുകയും ചെയ്തിരുന്നതിനാൽ കൃതജ്ഞതാപ്രകടനത്തിന്നായി അദ്ദേഹം ബൈത്തുൽമുഖദ്ദസിൽ വന്നിട്ടുണ്ടായിരുന്നു. ഈ യാത്ര

യിൽ ഹിർഖൽചക്രവർത്തി സിറിയായിലെ ബൽഖാ ജില്ലയിൽപ്പെട്ട മആബു് എന്ന സ്ഥലത്തു് ഒരു ലക്ഷം ഭടന്മാരോട്ടകൂടി പാളയമടിച്ചു താമസിക്കുകയായിരുന്നു. തദവസരത്തിൽ ഗസ്സാനിയെ സഹായിക്കുവാനായി ചില പടനായകന്മാരോട്ടകൂടി കുറെ ഭടന്മാരെ രാജാവും അയക്കുകയുണ്ടായി. മുസ്ലിംകൾ ബൽഖാ അതൃത്തിയിലെത്തി, മുഅ്ത്താ ഗ്രാമത്തിൽ താമസിക്കുകയും, അവിടെവെച്ചു ശത്രുക്കളുമായി ക്രൂട്ടിമുട്ടുകയും ചെയ്തു. യുദ്ധത്തിൽ ഹസ്രത്ത് സൈദ് ശഹീദായതിനാൽ, ഉടനെ തന്നെ ജഅഫറബ്നുഅബീതാലിബ് കൊടി പിടിച്ചു അദ്ദേഹവും അനേക പരുക്കുകളോട്ടകൂടി നിലം പതിച്ചു. അദ്ദേഹത്തിൻെറ ശരീരത്തിൽ നൂറോളം മുറിവുകളുണ്ടായിരുന്നതു് മുഴുവനും മുൻഭാഗത്തായിരുന്നു. പിൻഭാഗത്തു് ഒരു മുറിവുപോലും ഉണ്ടായിരുന്നില്ല. അദ്ദേഹം ശഹീദായതിന്നുശേഷം അബ്ദുല്ലാഹിബ്നുറവാഹത്ത് സൈന്യാധിപത്യം വഹിച്ചു. അദ്ദേഹവും ധൈര്യത്തോടെ പോരാടി ശഹീദായി. അവസാനം ഖാലിദുബ്നുവലിദ് കൊടി പിടിച്ചു ധീരതയോടെ പോരാടി. എട്ടു വാളുകൾ ആ ദിവസം അദ്ദേഹത്തിൻെറ കൈയിൽനിന്നു മുറിഞ്ഞുപോയിട്ടുണ്ടു്. ഖാലിദ് തൻെറ യുദ്ധവിഷയകമായ നൈപുണ്യത്തെ ഒന്നാമതായി പ്രത്യക്ഷപ്പെടുത്തിയതു് അന്നായിരുന്നു. അദ്ദേഹം ആ വൻസൈന്യത്തോട്ട വളരെ ധൈര്യസമേതം പോരാട്ടകയും, ക്രമേണ പിൻമാറിക്കൊണ്ടു മുസ്ലിംഭടന്മാ

രെ മുഴുവനും ആ നാശക്കൂപത്തിൽനിന്നു മോചിതരാക്കുകയും ചെയ്തു. ആകെ 12 മുസ്‌ലിംകളാണു് ഈ യുദ്ധത്തിൽ ശഹീദായതു്. ശത്രുക്കളുമായി വീണ്ടും പോരാടുന്നതിന്നു സൌകര്യമില്ലാതിരുന്നതിനാൽ മുസ്‌ലിംസൈന്യം മദീനത്തേക്കു മടങ്ങിപ്പോന്നു. ജഅ്ഫറിൻെറയും മററും വിയോഗംനിമിത്തം റസൂൽകരീം അത്യന്തം വ്യസനിക്കുകയുണ്ടായി.

# മക്കാവിജയം

ഹുദൈബിയാ സന്ധിക്കുശേഷം ഖുസാഅഃ ഗോത്രക്കാർ നബിയുമായും ബനൂബക്കർ ഗോത്രക്കാർ ഖുറൈശികളുമായും സഖ്യ ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്ന വിവരം മുമ്പു പ്രസ്താവിച്ചിരിക്കുന്നുവല്ലൊ എന്നാൽ ഈ ഗോത്രങ്ങൾ തമ്മിൽ മുൻകാലം മുതല്ക്കേ മത്സരിച്ചും കലഹിച്ചും വന്നിരുന്നു. ഖുറൈശികളുമായുണ്ടായ സഖ്യഉടമ്പടി നിമിത്തം ബനൂബക്കർ ഗോത്രക്കാർ ഗർവ്വിതരായിത്തീൎന്നു. ഖുസാഅഃ ഗോത്രത്തോടു അക്രമത്തിന്നു തെയ്യാറായി മുമ്പ് തങ്ങളുടെ ഗോത്രത്തിൽ നിന്നു് ഖുസാഅഃ ഗോത്രക്കാർ ചില ആളുകളെ കൊന്നിട്ടുണ്ടായിരുന്നതിന്നു് പ്രതിക്രിയ ചെയ്യാൻ അവർ സന്നദ്ധരായി. ഖുറൈശികൾ അവൎക്കു് ആയുധം ശേഖരിച്ചു കൊടുത്തു. കൂടാതെ ചില ഖുറൈശീ തലവന്മാർ യുദ്ധത്തിൽ അവരുടെ ഭാഗത്തു ചേരുകയും ചെയ്തു. ഖുസാഅഃ ഗോത്രക്കാർ പരാജിതരായി, ഹറം അതൃത്തി

കളുളളിൽ രക്ഷപ്രാപിച്ചപ്പോൾ ബന്തൂബക്കറിൻെറ നേതാവായിരുന്ന നൌഫൽ അതുപോലെയുളള അവസരം മേലിൽ കിട്ടുകയില്ലെന്നു പറഞ്ഞുകൊണ്ടു് രക്തം ചൊരിപ്പിക്കൽ തെററായി ഗണിക്കപ്പെട്ടിരുന്ന അവിടെവെച്ചു തന്നെ അവരെ കൊന്നുകളഞ്ഞു.

ഖുസാഅഃ ഗോത്രത്തിൽപ്പെട്ട അംറുബ്നുസാലിം മദീനത്തു് ഓടിച്ചെന്നു ഖുറൈശികൾ ഉടമ്പടി ലംഘിച്ചിരിക്കുന്നുവെന്നും, തങ്ങൾക്കെതിരായി ബന്തൂബക്കറിനെ സഹായിച്ചുവെന്നും, ഹറമിൽ വെച്ചുപോലും തങ്ങളുടെ ആളുകളെ കൊന്നുകളഞ്ഞുവെന്നും റസൂൽകരീമിനോടു ആവലാതി ബോധിപ്പിച്ചു. ഇതിന്നുശേഷം ഖുസാഅഃ ഗോത്രത്തിൽ മറെറാരു അംഗമായ ബുദൈലുബ്നു വരിഖാഅ് സ്വഗോത്രത്തിലെ ചില ആളുകളോടുകൂടി തിരുമേനിയുടെ സന്നിധിയിൽ ചെന്നു വിവരം പറയുകയും തിരുമേനിയോടു സഹായത്തിന്നപേക്ഷിക്കുകയും ചെയ്തു.

എന്നാൽ ഉടമ്പടിയനുസരിച്ചു് മുസ്ലിംകൾ ഖുസാഅയെ സഹായിക്കുമെന്ന ശങ്കനിമിത്തം ഖുറൈശികൾ വളരെ ഭയപ്പെട്ടു. ഹുദൈബിയാ സന്ധിയാൽ, പത്തു വർഷത്തേയ്ക്കു വിശ്രമം സിദ്ധിച്ചിരുന്ന ആ സമരത്തിൻെറ അതിഭയങ്കരമായ രൂപം അവരുടെ മുമ്പിൽ വീണ്ടും പ്രത്യക്ഷമായി. ഉടമ്പടി പുതുക്കുവാനായി സ്വനേതാവായ അബൂസുഫ്യാനെ അവർ മദീനത്തേയ്ക്കു്

അയച്ചുവെങ്കിലും, തിരുമേനി സമ്മതിക്കാഞ്ഞതിനാൽ അദ്ദേഹം നിരാശയോടെ മക്കത്തേയ്ക്കു മടങ്ങി.

നബി മുസ്ലിംകളോടു മക്കത്തേയ്ക്കു പുറപ്പെടുവാൻ ഒരുക്കം ചെയ്യേണമെന്നു കല്പിക്കുകയും, ഖുറൈശികൾക്കു വിവരം കിട്ടാതിരിപ്പാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുകയുമുണ്ടായി എങ്കിലും സഹാബികളിൽ ഒരാളായ ഹാത്തബ്നുബ്നു അബീബൽത്തഅഃ ഈ വിവരം അറിയിച്ചുകൊണ്ടു് ഒരു സ്ത്രീയുടെ വശം ഖുറൈശികൾക്കു ഒരു കത്തയച്ചു അതിനെപ്പററി തിരുമേനിക്കു അറിവുകിട്ടിയതിനാൽ ആ സ്ത്രീയെ വഴിയിൽനിന്നു മടക്കിവരുത്തുകയും അവളുടെ പക്കൽനിന്നു കത്തു കിട്ടുകയുമുണ്ടായി ബദ്ർയുദ്ധത്തിൽ സംബന്ധിച്ച ഒരാളും സഹാബികളുടെ കൂട്ടത്തിൽ ഒരു മഹാനുമായിരുന്ന ഹാത്തബ്ബ് ഇങ്ങിനെ ചെയ്തതിൽ എല്ലാവരും അത്ഭുതപ്പെട്ടു. ഹസ്രത്ത് ഉമർ കോപത്തോടുകൂടി തിരുമേനിയുടെ മുമ്പിൽ വന്നു് "ഈ കപടവിശ്വാസിയുടെ പിരടി വെട്ടുവാൻ എനിക്കു് അനുവാദം തരുവിൻ" എന്നപേക്ഷിച്ചു. "ഉമറേ! ബദ്ർ യുദ്ധത്തിൽ ഏർപ്പെട്ടവരുടെ കുററത്തെ അൽലാഹു പൊറുത്തിരിക്കുന്നു" എന്നു തിരുമേനി സമാധാനം പറഞ്ഞു. ഇതിൽപ്പിന്നെ തിരുമേനി ഹാത്തബിനോടു്, അങ്ങിനെ ചെയ്വാനുണ്ടായ കാരണമെന്താണെന്നു ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു. "എൻെറ കുടുംബക്കാർ മക്കത്തുണ്ടു്. മക്കക്കാർ അവരെ ഉപദ്രവിക്കാതിരിക്കേണ്ടതിനു അവക്കു

ഒരു ഉപകാരം ചെയ്യേണമെന്നു ഞാൻ വിചാരിച്ചുപോയതാണു്." ലോകാനുഗ്രഹിയായ നബി അദ്ദേഹത്തിൻെറ ഈ ഒഴികഴിവു സമ്മതിക്കുകയാണു് ഉണ്ടായതു്.

ഹിജ്രഃ 8 റമസാൻ 10-ാംനു- (ക്രിസ്ത്വാബ്ദം 630 ജനുവരി 1-ാംനു-) റസൂൽകരീം 10,000 സഹാബികളോടു കൂടി മദീനയിൽനിന്നു പുറപ്പെട്ടു മക്കത്തിന്നടുത്ത മർറു സ്സഹ്റാൻ എന്നിടത്തുപോയി താമസിച്ചു.

ഉടമ്പടി ലംഘിച്ചതുകൊണ്ടു് മുസ്ലിംകൾ എന്തു ചെയ്യുമെന്നു ഖുറൈശികൾ അറിഞ്ഞിരുന്നില്ല. സൈന്യം സമീപിക്കുകയും അവരുടെ സംസാരം കേൾക്കുകയും ചെയ്ത അവസരത്തിൽ സൂക്ഷ്മവിവരം അറിയേണ്ടതിന്നായി അബൂസുഫ്യാൻ മററു ചില നായകന്മാരോടുകൂടി രാത്രി സമയത്തു് ചെന്നു നോക്കിയപ്പോൾ മേച്ചിൽ സ്ഥലത്തു് തീ കത്തിക്കൊണ്ടിരിക്കുന്നതും ആളുകൾ നിറഞ്ഞിരിക്കുന്നതും കാണുകയുണ്ടായി. റസൂൽകരീമിൻെറ പിതൃവ്യനായ ഹസ്രത്തു് അബ്ബാസു് സ്വജനങ്ങൾ വല്ല പ്രകാരത്തിലും ഇസ്ലാം മതം സ്വീകരിക്കേണമെന്നുള്ള മോഹവും, അല്ലാത്തപക്ഷം പിറേറ ദിവസം സൈന്യം മക്കത്തു പ്രവേശിക്കുമ്പോൾ അവർ നിശ്ശേഷം നശിച്ചു പോകുമെന്ന ഭയവും നിമിത്തം രാത്രി സമയം റസൂൽകരീമിൻെറ ദുൽദുൽ എന്ന കോവർകഴുതയുടെ പുറത്തു കയറി മക്കത്തേയ്ക്കു പുറപ്പെട്ടു. വഴിയിൽവെച്ചു് അബൂസുഫ്യാനുമായി കാണുകയും അദ്ദേഹത്തിന്നു മാപ്പുകൊടുക്കേണമെന്നു ശുപാർശി ചെയ്വാനായി അദ്ദേഹത്തിനെ

തൻെറ പിന്നിൽ ഇരുത്തിക്കൊണ്ടു വേഗം റസൂൽകരീമി ൻെറ സന്നിധിയിലേയ്ക്കു കൊണ്ടുവരികയും ചെയ്തു.

അബൂസുഫ്‌യാൻ ഇസ്‌ലാമിൻെറ ശത്രുക്കളിൽ സർവ്വപ്രധാനിയായിരുന്നു. മക്കയിൽവെച്ച് മുസ്‌ലിം കളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയും ഹിജ്രക്കു ശേഷം സ്വ സേനയുമായി പല പ്രാവശ്യം മദീനയെ ആക്രമിക്കുകയും ചെയ്തിരുന്നതിനാൽ അദ്ദേഹത്തിൻെറ നേരെ മുസ്‌ലിം കൾക്കുണ്ടായിരുന്ന ദ്വേഷ്യം എത്രയായിരുന്നുവെന്നു വി വരിക്കുവാൻ അസാദ്ധ്യം. ഹസ്രത്ത് അബ്ബാസ് അദ്ദേ ഹത്തെ റസൂൽകരീമിൻെറ സന്നിധിയിലേക്കു കൊണ്ടു വരുന്നത് ഹസ്രത്ത് ഉമർ വഴിയിൽവെച്ചു കണ്ടെത്തുക യും അവരോടുകൂടിത്തന്നെ തിരുമേനിയുടെ സന്നിധി യിൽ ഓടി എത്തിക്കൊണ്ടു, "ഈ ശത്രുവിൻെറ തല വേർപ്പെടുത്തുവാൻ അനുവാദം നൽകേണമെന്ന് അപേ ക്ഷിക്കുകയും ചെയ്തു. എന്നാൽ തിരുമേനി ഉമറിൻെറ ആ ഉദ്ദേശത്തെ തടയുകയും, അബൂസുഫ്‌യാന്ന് അഭയം നൽകി അദ്ദേഹത്തെ ഹസ്രത്ത് അബ്ബാസിൻെറ അധീ നത്തിൽ നിരുത്തുകയുമാണ് ഉണ്ടായത്. അന്നുരാത്രി അബൂസുഫ്‌യാൻ അബ്ബാസിൻെറ തമ്പിൽ താമസിക്കു കയും പ്രഭാതസമയത്ത് തിരുമേനിയുടെ സന്നിധിയിൽ വന്ന് ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു. അബൂ സുഫ്‌യാൻ പദവിയെ ആഗ്രഹിക്കുന്ന ആളാണെന്നും അദ്ദേഹത്തിന്ന് ഒരു ബഹുമതി നൽകുന്നത് വളരെ നല്ലതാണെന്നും ഹസ്രത്ത് അബ്ബാസ് തിരുമേനിയോടു

പറഞ്ഞു തൽഫലമായി തിരുമേനി താഴെ പറയുംപ്രകാരം പ്രഖ്യാപനം ചെയ്തു.

"മക്കക്കാരിൽ കഅബയിലോ, അബൂസുഫ്‌യാന്റെ ഗൃഹത്തിലൊ പ്രവേശിക്കുന്നവർക്കു രക്ഷ നൽകുന്നതാണു്. വാതിലടച്ചു താന്താങ്ങളുടെ ഭവനങ്ങളിൽ നില്ക്കുന്നവർക്കും രക്ഷയുണ്ടു്. വാൾ ഉറയിൽ ഇട്ടിട്ടുള്ളവരോടു വഴിയിൽ വെച്ചും ഞങ്ങൾ യുദ്ധം ചെയ്യുന്നതല്ല." ഇങ്ങനെ അഭയകാര്യത്തിൽ സ്വഭവനത്തേയും കഅബയേയും തുല്യനിലയിൽ ഗണിച്ചതുകൊണ്ടു് അബൂസുഫ്‌യാന്നു അളവററ സന്തോഷമുണ്ടായി. അദ്ദേഹം ഉടനെ മക്കയിൽചെന്നു ഇപ്രകാരം വിളിച്ചുപറഞ്ഞു. "മുഹമ്മദു് ഒരു വലിയ സൈന്യവുമായി എതിക്കുവാൻ വന്നിരിക്കുന്നു ആ സൈന്യത്തോടു് എതിക്കുവാൻ നിങ്ങൾക്കു സാധിക്കുന്നതല്ല. നിങ്ങൾക്കു ജീവരക്ഷ കിട്ടേണമെന്നു വിചാരമുണ്ടെങ്കിൽ കഅബയിലോ എന്റെ ഭവനത്തിലോ രക്ഷ പ്രാപിക്കേണ്ടതാണു്. അല്ലാത്തപക്ഷം താന്താങ്ങളുടെ വീടുകളിൽ കടന്നു വാതിൽ അടയ്ക്കുകയും വാൾ ഉറയിലിടുകയും ചെയ്യേണ്ടതാണു്."

മുസ്‌ലീം സൈന്യം ഓരോ ഗോത്രക്കാർ വെവ്വേറെയായി വളരെ പ്രതാപത്തോടുംകൂടി മക്കയിൽ പ്രവേശിച്ചു. ഹറമിൽ തീരെ രക്തം കലിപ്പിക്കരുതെന്നു് റസൂൽകരീം ഭടന്മാരോടു നിഷ്കർഷിച്ചു പറഞ്ഞിരുന്നു. തന്നിമിത്തം പറയത്തക്ക സമരമൊന്നും കൂടാതെ സൈന്യം മക്കയിൽ കടന്നു. അവർ അവിടെ

പ്രവേശിച്ചതോടുകൂടി ജനങ്ങൾ സമാധാനത്തോടുകൂടി യിരുന്നു. ഉടനെ കഅബയുടെ നേരെ ചെന്നു് വാഹനപ്പുറത്തു സവാരി ചെയ്തുകൊണ്ടുതന്നെ ഏഴു പ്രാവശ്യം അതിനെ പ്രദക്ഷിണം ചെയ്തതിന്നു ശേഷം മസ്ജിദുൽ ഹറാമിലുണ്ടായിരുന്ന വിഗ്രഹങ്ങളെയെല്ലാം ദൂരീകരിച്ചു. ഇതിന്നുശേഷം തിരുമേനി കഅബയുടെ അകത്തു കടന്നു് രണ്ടു റക്കഅത്തു് നമസ്കരിക്കുകയും അതിന്റെ വാതിൽക്കൽ നിന്നുകൊണ്ടു് ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. നബി ആ പ്രസംഗം ആരംഭിച്ചതു് ഇങ്ങനെയായിരുന്നു "അൽലാഹു ഏകനാകുന്നു. അവന്നു് ഒരു പങ്കുകാരനുമില്ല. അവൻ വാഗ്ദത്തം പൂർത്തീകരിക്കുകയും തന്റെ അടിമയെ സഹായിക്കുകയും ചെയ്തു. ശത്രുസംഘങ്ങളെയെല്ലാം പരാജിതരാക്കിയതു് അവൻ മാത്രമാണു്. പദവി, രക്തം, ധനം എന്നിവയെപ്പററിയുള്ള സർവ്വ വഴക്കുകളും ഇന്നുമുതൽ എന്റെ കാലടിയിൻ ചുവട്ടിലാകുന്നു."

സ്വപദവിയേയും പൂർവ്വികന്മാരുടെ മഹാ കൃത്യത്തേയും കുറിച്ചു് അറബികൾക്കു വലിയ അഭിമാനമുണ്ടായിരുന്നു. ഗോത്രത്തിൽ ഒരാൾ വധിക്കപ്പെട്ടുന്ന പക്ഷം അതിനെക്കുറിച്ചുള്ള പ്രതികാരവാഞ്ഛ അവർ ഗോത്രപിൻഗാമികളിൽ പരമ്പരയായി നിലനിറുത്തുകയും, രക്തമായോ ധനമായോ ആ കൊലയ്ക്കു പകരം വീട്ടുകയും ചെയ്യും. ഇതു വലിയ മാനമാണെന്നുമായിരുന്നു അവരുടെ വിശ്വാസം. വിവേകശൂന്യമായ ഈ ദുരഭിമാനത്തെ ധ്വംസിച്ചുകൊണ്ടു നബി അവരോടു ഇപ്രകാ

രം പറഞ്ഞു: "ഹേ ഖുറൈശീ സംഘമേ; നിങ്ങളുടെ അജ്ഞതാപൂർവ്വമായ ദുരഭിമാനത്തേയും ആഭിജാത്യാഡംഭരത്തേയും അൽലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. സർവ്വ മനുഷ്യരും ആദമിൻെറ സന്താനങ്ങളാണു്. ആദമാകട്ടെ, മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട ആളുമാണു്."

ഇസ്‌ലാമിനോടും റസൂൽ തിരുമേനിയോടും മത്സരിക്കുന്നതിൽ സദാ ഉത്സുകരായിരുന്ന ഖുറൈശികൾ പരാജിതരും ഭയവിഹ്വലരുമായി തിരുമേനി അവരെ നോക്കിക്കൊണ്ടു് താൻ അവരോടു എങ്ങിനെ വർത്തിക്കുമെന്നാണു് അവർ വിചാരിക്കുന്നതെന്നു ചോദിച്ചു. അദ്ദേഹം തങ്ങളുടെ മാന്യ സോദരനും ശ്രേഷ്ഠനായ സോദരപുത്രനുമാകുന്നുവെന്നായിരുന്നു അവർ മറുപടി പറഞ്ഞതു്. തിരുമേനി ഇങ്ങിനെ സ്നേഹവും ദയയും പ്രദർശിപ്പിച്ചതു നിമിത്തം ആ അമുസ്‌ലിംകൾ ഇസ്‌ലാംമതത്തിലേക്കു കാലുവെച്ചു തുടങ്ങി. ഏതാനും ചിലരൊഴിച്ചു സർവ്വ ഖുറൈശികളും അന്നുതന്നെ ഇസ്‌ലാംമതം സ്വീകരിച്ചു. അന്നു സ്വീകരിക്കാതിരുന്ന ആ ചുരുക്കം ചിലരും പിന്നീടു ഇസ്‌ലാമിൽ ചേരുകയുണ്ടായി. ചില കഠിന കുററങ്ങൾ ചെയ്തവരായിരുന്ന ഏതാനും അമുസ്‌ലിംകളെ കൊല്ലുകയാണു് ഉണ്ടായതു്.

റസൂൽതിരുമേനി കഅബയുടെ താക്കോൽ ഉസ്മാൻ എന്ന സഖാവിൻെറ പക്കൽ കൊടുത്തു. അതു് ഇന്നുവരെയും അദ്ദേഹത്തിൻെറ സന്തതികൾ കൈവശം വെച്ചുവരുന്നു.

മക്കാവിജയം അതിന്നു മുമ്പും പിമ്പുമുള്ള കാലത്തെ പരസ്പരം വേർതിരിക്കുന്ന ഒരു അതൃത്തിയാകുന്നു. ഖുറൈശികൾ അറബികളുടെ ദൃഷ്ടിയിൽ മതപുരോഹിതന്മാരായിരുന്നു. ഇസ്‌ലാംമതം സ്വീകരിക്കുവാൻ ആഗ്രഹിച്ചിരുന്ന അനേകം അറബിഗോത്രങ്ങൾ ഖുറൈശികൾ എന്തു ചെയ്യുന്നുവെന്നു് പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു് ഖുറൈശികളുടെ മതസ്വീകരണം, അറബുരാജ്യമൊട്ടുക്കുമുണ്ടായിരുന്ന ബഹുദൈവവിശ്വാസത്തിൻെറയും ബിംബാരാധനയുടേയും ഉന്മൂലനാശമായിത്തീർന്നു. കഅബായിലെ ബിംബങ്ങൾ ധ്വംസിക്കപ്പെട്ടതോടുകൂടി അറബുരാജ്യത്തുണ്ടായിരുന്ന സകല വിഗ്രഹങ്ങളും നാമാവശേഷമായി

# ഹുനൈൻ യുദ്ധം

മക്കയുടേയും താഇഫിൻേറയും ഇടയിൽ അധിവസിച്ചിരുന്ന സഖീഫ്, ഹവാസിൻ എന്നീ ഗോത്രത്തിലെ ആളുകൾ യുദ്ധവിദഗ്ദ്ധരും ഇസ്ലാമിൻെറ ശത്രുക്കളുമായിരുന്നു. അവർ മക്കാ വിജയത്തിന്നു ശേഷം യുദ്ധത്തിന്നു തെയ്യാററായി മുസ്ലിംകളുടെ നേരെ പുറപ്പെട്ടു അവരുടെ പ്രധാനനായകൻ മാലിക്കുബ്നു ഔഫായിരുന്നു. നബി വിവരം അറിഞ്ഞപ്പോൾ മക്കത്തുനിന്നുതന്നെ സഖാക്കളേയുംകൊണ്ടു അവരുടെ നേരെ ചെന്നു. ഈ അവസരത്തിൽ മുസ്ലിം സൈന്യത്തിൽ 12,000 ഭടന്മാരുണ്ടായിരുന്നതോടുകൂടി അവർക്ക് ആയുധങ്ങളും ധാരാളം ഉണ്ടായിരുന്നു. വളരെ ചുരുങ്ങിയ കാലത്തുതന്നെ പല വമ്പിച്ച സൈന്യങ്ങളേയും പരാജിതരാക്കിയിട്ടുണ്ടായിരുന്ന സഹാബികൾ സ്വസൈന്യബാഹുല്യവും ശക്തിയും കണ്ടപ്പോൾ ഇനി തങ്ങളെ തോല്പിക്കുവാൻ ആക്കും കഴികയില്ല എന്നു പറഞ്ഞുപോയി.

എന്നാൽ ഈ വാദഗ് ഏക ഇലാഹിന്നു തൃപ്തിയായില്ല. യുദ്ധം ആരംഭിച്ചപ്പോഠം ശത്രുക്കഠം തുരുതുരെ അമ്പു് വ ർഷിച്ചതിനാൽ മുസ്ലിംസൈന്യം അങ്ങുമിങ്ങും ചിതറി. അവരിൽ മിക്ക ആളുകളും യുദ്ധക്കളം വിട്ടു് ഓടിപ്പോ യി. നബിയും ഏതാനും സഹാക്കളും മാത്രമേ പോൎക്ക ളത്തിൽ നില്ക്കുകയുണ്ടായുള്ളു. ഹസ്രത്ത് അബ്ബാസ് ന ല്ല ശബ്ദമുള്ള ആളായിരുന്നതിനാൽ റസൂൽകരീം അദ്ദേ ഹത്തോടു് ഓടിപ്പോയ ആളുകളെ വിളിക്കുവാൻ പറ ഞ്ഞു. അദ്ദേഹത്തിൻെറ വിളി കേട്ടു ചില അൻസാരി കഠം ഓടിവരികയും, നൂറു ഭടന്മാർ തികഞ്ഞപ്പോഠം ശ ത്രുക്കളോടു പോരാടുകയും ചെയ്തു. ഉടനെത്തന്നെ മററു മുസ്ലിംകളും വന്നു ശത്രുക്കളോടു നേരിട്ടു. അനന്തരം ഏതാനും മണിക്കൂർ നേരം പൊരുതിയപ്പോഴേയ്ക്കു ശത്രു ക്കഠം പരാജിതരായി. മുസ്ലിംകഠംക്കു അവരുടെ പ ക്കൽനിന്നു സ്ത്രീകളും കുട്ടികളുമായി 6000 ആളുകളും, 24,000 ഒട്ടകങ്ങളും, 4000 ഊഖിയഃ വെള്ളിയും കൈ വശമായി.

ഈ യുദ്ധത്തെപ്പററി വിശുദ്ധ ഖുർആനിൽ തൌ ബാസൂറത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്. "അല്ലാ ഹു പല സ്ഥലങ്ങളിൽവെച്ചും നിങ്ങളെ സഹായിച്ചിരി ക്കുന്നു. ഹുനൈൻ യുദ്ധമുണ്ടായ ദിവസത്തിലും അവൻ നിങ്ങളെ സഹായിച്ചു. ആ ദിവസത്തിൽ നിങ്ങളുടെ ആഠംപ്പെരുപ്പം നിങ്ങളെ ദുരഭിമാനികളാക്കിത്തീൎത്തു. എന്നാൽ ആഠം അധികമുണ്ടായതുകൊണ്ടു നിങ്ങഠംക്കു്

ഒരു ഫലവും ഉണ്ടായില്ല. ഭൂമി വിശാലമായിരുന്നിട്ടു പോലും, നിങ്ങൾക്കു അതു ഇടുങ്ങിപ്പോകയും നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്തു. പിന്നീട് അൽലാഹു തന്റെ റസൂലിന്നും സത്യവിശ്വാസികൾക്കും ആശ്വാസം നൽകി. നിങ്ങൾ കാണാത്ത സൈന്യങ്ങളെ അവൻ ഇറക്കി. അവിശ്വാസികളെ ശിക്ഷിക്കുകയുമുണ്ടായി. അവിശ്വാസികളുടെ പ്രതിഫലം അതുതന്നെയാകുന്നു" (തൌബഃ 25_26)

ഹവാസിൻ ഗോത്രത്തിലെ ചില ആളുകൾ തങ്ങളുടെ പരാജയത്തിന്നു ശേഷം റസൂൽകരീമിന്റെ സന്നിധിയിൽ വന്ന് ഇസ്‌ലാംമതം സ്വീകരിച്ചു. അനന്തരം അവർ നബിയോടു് ഇങ്ങിനെ പറഞ്ഞു. "നബിയേ! ഞങ്ങൾ നിങ്ങളുടെ കുടുംബക്കാരാകുന്നു. നിങ്ങൾക്കു മുല തന്ന ഹലീമഃ ഞങ്ങളുടെ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. നുഅ്മാനുബ്നുമുൻദിർ, ഹാരിഥ് ഗസ്സാനി മുതലായ അറബിരാജാക്കന്മാരിൽ ആരെങ്കിലും ഞങ്ങളുടെ ഗോത്രത്തിൽപ്പെട്ട ഏതെങ്കിലും ഒരു സ്ത്രീയുടെ മുല കുടിക്കുന്നതായാൽ ഞങ്ങൾക്കു്, പല സഹായങ്ങൾ ലഭിക്കാറുണ്ടു്. നബി ഞങ്ങൾക്കു, അവർ ചെയ്യുന്നതിനേക്കാൾ വലിയ സഹായം ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. ഈ യുദ്ധത്തിൽ ബന്ധനസ്ഥരായ സ്ത്രീകളിൽ വളരെ ആളുകൾ അവിടുത്തെ ഇളയമ്മമാരും അമ്മാവികളുമാണു്"

"നിങ്ങൾക്കു മുതലോ, കുടുംബമോ അധികം പ്രിയപ്പെട്ടതു്?" എന്നു തിരുമേനി ചോദിച്ചു. കുടുംബത്തെ

യാണ് തങ്ങൾ അധികം സ്നേഹിക്കുന്നതെന്നു അവർ സമാധാനം പറഞ്ഞപ്പോൾ നബി ഇപ്രകാരം പറഞ്ഞു. "എനിക്കും ബനൂഅബ്ദിൽ മുത്തലിബിനും അവകാശമായി സിദ്ധിച്ചിട്ടുള്ള നിങ്ങളുടെ കുടുംബക്കാരെ ഞാൻ മടക്കിത്തന്നുകൊള്ളാം. എങ്കിലും ഞാൻ സുഹ്റ നമസ്കരിച്ചതിന്നുശേഷം, നിങ്ങൾ തന്നെ ജനങ്ങളുടെ മുമ്പാകെ വന്നു നിങ്ങളുടെ കുടുംബക്കാരെ മടക്കിത്തരേണമെന്നു അവരോടു എന്റെ മുഖേന അപേക്ഷിക്കുന്നതാണ് നല്ലതു്" അവർ അപ്രകാരം ചെയ്തപ്പോൾ ബനൂഅബ്ദിൽമുത്തലിബിന്റെ അംശത്തിൽ വന്നിട്ടുള്ള, അവരുടെ ആളുകളെ താൻ അവക്കു വിട്ടുകൊടുത്തിരിക്കുന്നുവെന്നു് നബി ജനമുമ്പാകെ പ്രഖ്യാപനം ചെയ്തു. ഇതു കേട്ടു അവരുടെ കുടുംബക്കാരിൽ തങ്ങൾക്കു സിദ്ധിച്ച സവ്വ ആളുകളേയും തങ്ങൾ നബിക്കു് ദാനം ചെയ്തുവെന്നു സഹാബികൾ ഐകകണ്ഠ്യേന പ്രസ്താവിച്ചു. ഇങ്ങിനെ ഹവാസിൻ ഗോത്രക്കാക്കു് അവരുടെ കുടുംബക്കാരെ മുഴുവനും മടക്കിക്കിട്ടി.

പുതു മുസ്ലിംകളായിരുന്ന ഖുറൈശീ നായകന്മാരെ സന്തോഷിപ്പിക്കുവാൻ വേണ്ടി തിരുമേനി ഈ യുദ്ധത്തിൽ കിട്ടിയ ധനത്തിൽ അധികവും അവക്കു കൊടുത്തു. എന്നാൽ അൻസാരികളിൽ ചിലക്കു അതു രസമായില്ല. അവക്കു് കൊടുക്കാതെ ധനം മുഴുവനും നബി സ്വജനങ്ങൾക്കു കൊടുത്തുകളഞ്ഞുവെന്നും, ഖുറൈശികൾ തങ്ങളുടെ വാളിന്നു് കീഴ്പെട്ടവരായിരിക്കേ ത

ങ്ങൾ കഷ്ടത അനുഭവിക്കുകയും, ഖുറൈശികൾ ധനം കൊണ്ടുപോകയും ചെയ്യുവെന്നും അവർ തമ്മിൽത്തമ്മിൽ പറയുകയുണ്ടായി. വിവരം അറിഞ്ഞപ്പോൾ അൻസാരികളെ ഒരുമിച്ചുകൂട്ടി ഇന്നിന്നപ്രകാരം അവർ പറഞ്ഞിട്ടുണ്ടോ എന്നു് അവരോടു ചോദിച്ചു. ചില ചെറുപ്പക്കാർ അങ്ങിനെ പറഞ്ഞതു് വാസ്തവമാണെന്നും, പ്രധാനികളിൽ ഒരാളും യാതൊന്നും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, അങ്ങിനെ വിചാരിക്കുകപോലും ചെയ്തിട്ടില്ലെന്നുമായിരുന്നു അവരുടെ സമാധാനം. പിന്നീടു് നബി അവരോടു് ഇങ്ങിനെ ചോദ്യംചെയ്തു "ദുർമ്മാർഗ്ഗികളായിരുന്ന നിങ്ങളെ അൽലാഹു സന്മാർഗ്ഗത്തിൽ ചേർത്തതു് എന്നെക്കൊണ്ടല്ലെയോ? പരസ്പരം ശത്രുക്കളായിരുന്ന നിങ്ങൾ തമ്മിൽ യോജിപ്പുണ്ടാകുവാൻ കാരണം ഞാനല്ലെയോ? ദരിദ്രന്മാരായിരുന്ന നിങ്ങളെ അൽലാഹു ധനവാന്മാരാക്കിത്തീർത്തതു് എന്നെക്കൊണ്ടല്ലെയോ?" "അതേ, അൽലാഹുവിൻെറയും റസൂലിൻെറയും കരുണ എത്രയും വലിയതാകുന്നു" എന്നായിരുന്നു അൻസാരികളിൽ ഓരോരുത്തനും ഇതിന്നു സമാധാനം പറഞ്ഞതു്. പിന്നീടു് നബി താഴെ പറയുംപ്രകാരം പ്രസ്താവിച്ചു.

"അങ്ങിനെയല്ല നിങ്ങൾക്കു് മറിച്ചും മറുപടി പറയാമായിരുന്നു. 'നീ അസത്യവാനാണെന്നു ലോകം ഐകകണ്ഠ്യേന ഘോഷിച്ചപ്പോൾ ഞങ്ങൾ നിന്നിൽ വിശ്വസിച്ചു സർവ്വരും നിന്നെ ബഹിഷ്കരിച്ചപ്പോൾ ഞങ്ങൾ നിനക്കു് അഭയം നല്കി. നീ നിസ്സഹായനാ

യിരുന്നപ്പോഠം ഞങ്ങഠം നിന്നെ സഹായിച്ചു’ ഇപ്ര കാരം നിങ്ങഠം പറഞ്ഞിരുന്നുവെങ്കിൽ ഞാൻ സമ്മതി ക്കമായിരുന്നു. ഹേ! അൻസാരികളേ! ഒട്ടകങ്ങളേയും കൊണ്ടു ജനങ്ങഠം പോകുകയും, മുഹമ്മദിനേയും കൊണ്ടു നിങ്ങഠം സ്വഗൃഹങ്ങളിലേക്കു പോകുകയും ചെയ്യുന്നതു് നിങ്ങഠം തൃപ്തിപ്പെടുന്നില്ലേ’’ തിരുമേനിയുടെ ഈ വാക്കു കേട്ടു് അൻസാരികഠം കരഞ്ഞുപോയി. അവരുടെ താ ടികഠം ബാഷ്പംകൊണ്ടു മുഴകി. ഖുറൈശികഠം പുതു മുസ്ലീംകളായതുകൊണ്ടു് അവരെ സന്തോഷിപ്പിക്കു വാൻ വേണ്ടിയാണു് കൂടുതൽ ധനം അവക്കു കൊടുത്ത തെന്നും, അതുകൊണ്ടു അവക്കു് അധികം കിട്ടുവാൻ അ വകാശമുണ്ടെന്നു വിചാരിക്കരുതെന്നും തിരുമേനി അവ രോടു പറയുകയുമുണ്ടായി.

KOTTAYAM PUBLIC LIBRARY
KOTTAYAM

## തബൂക്ക് യുദ്ധം

സിറിയായലെ ഗസ്സാനീരാജാവു്, മുഅ്ത്തായുദ്ധത്തിന്നു പകരം വീട്ടുവാൻ വേണ്ടി അറബി ക്രിസ്ത്യാനികളിൽ നിന്നു് ഒരു സൈന്യം ശേഖരിച്ചു. അവർ കൈസറിനോടു സഹായത്തിന്നപേക്ഷിച്ചപ്പോൾ അയാൾ 40000 ഭടന്മാരെ അയച്ചുകൊടുത്തു മദീനയെ ആക്രമിക്കേണമെന്നായിരുന്നു ഗസ്സാനിയുടെ ഉദ്ദേശം. മദീനത്തു് വിവരം കിട്ടിയപ്പോൾ മുസ്‌ലിംകൾക്കു വളരെ ഭയം നേരിടുകയും നബി ആ ശത്രുക്കളുടെ നേരെ പുറപ്പെടുവാൻ തീർച്ചപ്പെടുത്തുകയും, ധനംകൊണ്ടും ആളുകളെക്കൊണ്ടും സഹായിക്കേണമെന്നു് അറബിഗോത്രങ്ങളോടെല്ലാം അപേക്ഷിക്കുകയും ചെയ്തു. അക്കാലത്തു് അസഹനീയമാംവണ്ണം ഉഷ്ണം ഉണ്ടായിരുന്നതോടുകൂടി നാട്ടിൽ വലിയ ക്ഷാമവും നേരിട്ടിരുന്നു. തന്നിമിത്തം സൈന്യം ശേഖരിക്കുവാൻ വളരെ പ്രയാസം നേരിട്ടു. ആ അത്യുഷ്ണകാലത്തു് യുദ്ധത്തിന്നു പോകരുതെ

ന്നു പറഞ്ഞുകൊണ്ടു കപടവിശ്വാസികൾ മുസ്‌ലിംക ളെ ഭയപ്പെടുത്തുകയുണ്ടായി. താഴെ പറയുന്ന ഖുർആൻ വചനത്തിൽ അൽലാഹു അവരുടെ കാപട്യത്തെ വെളി വാക്കിയിരിക്കുന്നു.

"ഉഷ്ണകാലത്തു പോകരുതെന്നു അവർ (കപടവി ശ്വാസികൾ) പറഞ്ഞു. നരകത്തിലെ അഗ്നിയാണ് അധികം ചൂടുള്ളതെന്നു നബി പറയുക (തൌബഃ 81)

ധനികന്മാരും ഔദാര്യവാന്മാരുമായിരുന്ന സഹാ ബികളുടെ, പ്രത്യേകിച്ചു ഒരു നല്ല ധനവാനായിരുന്ന ഹസ്രത്ത് ഉസ്മാൻെറ, പരിശ്രമം നിമിത്തം സൈന്യ ത്തിനു വേണ്ടിവന്ന സാമഗ്രികൾ ശരിപ്പെട്ടതിനാൽ, ഹിജ്റ 9 റജബ് മാസത്തിൽ 30,000ത്തോളം ഭടന്മാരേ യുംകൊണ്ടു റസൂൽകരീം മദീനയിൽനിന്നു പുറപ്പെട്ടു, ത ബൂക്കിൽചെന്നു താമസിച്ചു മദീനയിൽനിന്നു ദിമിശ് ഖിലേക്കുള്ള (ഡമാസ്കസ്സ്) വഴിയിലാണ് തബൂക്ക് സ്ഥിതിചെയ്യുന്നതു് മദീനയിൽനിന്നു അവിടേക്കു 14 ദിവസത്തെ വഴിയുണ്ടു് ഗസ്സാനീരാജാവു് എതിക്കു വാൻ വന്നില്ല ഐലത്തിലെ ഭരണാധികാരിയായി രുന്ന യൂഹന്നാ തിരുമേനിയുടെ അരികെ വന്നു സന്ധി ക്കരാർ എഴുതുകയും ജിസയഃ കൊടുക്കാമെന്നു സമ്മതി ക്കുകയും ചെയ്തു ജർയാഅ്, അദ്റുഹ് എന്നിവിടങ്ങ ളിലെ നിവാസികളും വന്നു ജിസ്‌യഃ കൊടുക്കാമെന്ന നിശ്ചയമനുസരിച്ചു ഉടമ്പടി എഴുതി. ദൂമത്തുൽ ജന്ത ലിലെ തലവനായിരുന്ന ഉക്കൈദിർ, കൈസറിൻെറ

പിരിവുകാരനും ഇസ്‌ലാമിന്റെ ശത്രുവുമായിരുന്നതി നാൽ തിരുമേനി 400 ഭടന്മാരോടുകൂടി ഹസ്രത്ത് ഖാലിദിനെ അയാളുടെ നേരെ അയച്ചു അയാറം ബന്ധനസ്ഥനായി തിരുമേനിയുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. തിരുമേനി അയാറക്ക മാപ്പു കൊടുക്കുകയാണ് ഉണ്ടായതു്. അയാളും ജിസ്‌യഃ കൊടുത്തുകൊള്ളാമെന്നു കരാറു ചെയ്തു മടങ്ങിപ്പോയി നബി 10 ദിവസത്തോളം തബൂക്കിൽ താമസിച്ചതിന്നുശേഷം മദീനത്തേക്ക മടങ്ങിപ്പോന്നു നബിയുടെ അവസാനത്തെ യുദ്ധം ഇതാകുന്നു.

**ഹജ്ജ്അക്ബർ** — മുസ്ലിംകളുടെ അധികാരത്തിൻകീഴിൽ ഒന്നാമതായി ഹജ്ജുണ്ടായതു് ഹ ജ്ര 9ാം സംവത്സരത്തിലായിരുന്നു ആ ഹജ്ജിൽ നബി പങ്കുകൊണ്ടിരുന്നില്ല തിരുമേനി ആ ഹാജിമാരക്ക ഹസ്രത്ത് അബൂബക്കറിനെ നേതാവായും, ഹസ്രത്ത് അലിയെ ഉപദേഷ്ടാവായും നിശ്ചയിച്ചുകൊണ്ടു 300 ആളുകളോടുകൂടി അവരെ മക്കത്തേക്കയച്ചു ബലികമ്മത്തിന്നുള്ള ഒട്ടകങ്ങളേയും അവരുടെ കൂടെ അയച്ചിട്ടുണ്ടായിരുന്നു.

ഹസ്രത്ത് അബൂബക്കർ ഹജ്ജിന്റെ കമ്മങ്ങറം ജനങ്ങറംക്ക പഠിപ്പിച്ചുകൊടുത്തു ഹസ്രത്ത് അലി, മേലിൽ നഗ്നന്മാരാരും കഅബയിൽ പ്രവേശിച്ചുകൂടാ എന്നു വിളിച്ചുപറകയും ബറാഅത്ത് സൂറത്തിലെ ആദ്യവചനങ്ങറം ഓതിക്കേറംപ്പിക്കുകയും ചെയ്തു. കൂടാ

തെ തങ്ങൾ ബഹുദൈവവിശ്വാസികളുമായി ചെയ്തിട്ടുള്ള ഉടമ്പടിയെ അതിന്റെ അവധിവരെ നിലനിറുത്തുന്നതാണെന്നും, യാതൊരു കരാറും ചെയ്യാത്തവൎക്ക നാലു മാസത്തെ അവധി കൊടുത്തിരിക്കുന്നുവെന്നും, ഈ അവധിക്കശേഷം അൽലാഹുവും റസൂലും (ഇസ്‌ലാം) അവരുടെ രക്ഷക്ക ഉത്തരവാദികളല്ലെന്നും, വിളംബരം ചെയ്തു.

മേൽ പ്രസ്താവിച്ച വിളംബരത്തിന്നുശേഷം മക്കത്തു് ബാക്കിയുണ്ടായിരുന്ന അമുസ്‌ലിംകളും ഇസ്‌ലാംമതം വിശ്വസിച്ചു. മററു അറബികളിൽനിന്നും അനേകം ആളുകൾ തിരുമേനിയുടെ സന്നിധിയിൽ കൂട്ടം കൂട്ടമായി വന്നു ഇസ്‌ലാംമതം സ്വീകരിച്ചു. അപ്പോഴാണു് താഴെ പറയുന്ന നസ്ര്‌സൂറത്ത് ഇറങ്ങിയതു്.

"അൽലാഹുവിന്റെ സഹായം വരികയും മക്കാവിജയം സിദ്ധിക്കുകയും, അൽലാഹുവിന്റെ മതത്തിൽ ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതു നിങ്ങൾ കാണുകയും ചെയ്താൽ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടുകൂടി അവന്റെ പരിശുദ്ധതയെ സമ്മതിച്ചു പറയുകയും, അവനോടു മാപ്പിന്നപേക്ഷിക്കുകയും ചെയ്യുവിൻ. അവൻ തീൎച്ചയായും മാപ്പു് കൊടുക്കുന്നവനാകുന്നു."

നബി തന്റെ കടമയെ നിൎവ്വഹിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും, ഇനി അദ്ദേഹം ജീവിച്ചിരിക്കേണ്ട ആവശ്യമില്ലെന്നുമുള്ള ഒരു സൂചനയും ഈ സൂറത്തിൽ അന്തർഭവിച്ചിട്ടുണ്ടു്.

**ഹജ്ജത്തുൽവിദാഅ്:—** ഹിജ്ര 10-ൽ നബി തന്നെ ഹജ്ജിന്നു പോവാൻ തെയ്യാറായിക്കൊണ്ടു്, അറബിഗോത്രങ്ങൾക്കെല്ലാം അറിവു കൊടുത്തു. ദുൽഖഅ്ദ് മാസത്തിൽ നബി സഹാബികളോടുകൂടി മക്കയിലേക്ക പോയി. മദീനാ നിവാസികളിൽ അധികംപേരും ആ യാത്രയിൽ സംബന്ധിച്ചിരുന്നു. പല സ്ഥലങ്ങളിൽനിന്നും ഗോത്രങ്ങളിൽനിന്നുമായി ഒരു ലക്ഷത്തിലധികം ആളുകൾ ആ കൊല്ലം മക്കയിൽ വന്നുകൂടി. ഹജ്ജിന്നുശേഷം തിരുമേനി അവരെ അഭിമുഖീകരിച്ചുകൊണ്ടു ഒരു ഗൌരവമായ പ്രസംഗം ചെയ്തു. അതിൻെറ സംക്ഷേപം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "ജനങ്ങളെ! ശ്രദ്ധിച്ചു കേട്ടു മനസ്സിലാക്കുവിൻ. മേലിൽ എനിക്ക നിങ്ങളുമായി കാണ്മാൻ സൌകര്യം ലഭിച്ചില്ലെന്നു വരാം. ഈ ദിവസത്തേയും, മാസത്തേയും, സ്ഥലത്തേയും നിങ്ങൾ എങ്ങിനെ വന്ദിക്കുന്നുവോ അതേ പ്രകാരം മുസ്ലിമിൻെറ രക്തത്തേയും സ്വത്തിനേയും മാനത്തേയും നിങ്ങൾ മാനിക്കേണ്ടതാണു്. അൽലാഹു നിങ്ങളുടെ ഓരോ പ്രവൃത്തിയെക്കുറിച്ചും നിങ്ങളെ വിചാരണ ചെയ്യുന്നതാണു്. എനിക്കുശേഷം നിങ്ങൾ ദുർമ്മാർഗ്ഗികളായിത്തീൎന്നു അന്യോന്യം കലഹിക്കരുതു്. സ്ത്രീകൾക്ക നിങ്ങളെസ്സംബന്ധിച്ചുള്ള കത്തവ്യംപോലെത്തന്നെ, നിങ്ങൾക്ക സ്ത്രീകളെസ്സംബന്ധിച്ചും ചില ബാദ്ധ്യതകളുണ്ടു്. അവരോടു സൌമ്യത പ്രദർശിപ്പിക്കുകയും, ദയാപൂർവ്വം ഇടപെടുകയും, അവരോടുള്ള ബാദ്ധ്യതകളെ നിറവേററുകയും ചെയ്യുവിൻ. അടിമകളോടു നല്ല നില

യിൽ ഇടപെടുകയും അവനവൻ ഭക്ഷിക്കുന്ന ഭക്ഷണം തന്നെ അവൎക്കു ഭക്ഷിപ്പാൻ കൊടുക്കുകയും, അവനവൻ ധരിക്കുന്ന മാതിരി വസ്ത്രം അവരെ ധരിപ്പിക്കുകയും ചെയ്യേണ്ടതാണു്. അവരുടെ പക്കൽനിന്നു വല്ല പിഴവും വരുന്നതായാൽ നിങ്ങൾ വിട്ടുവീഴ്ച ചെയ്യണം. അല്ലാത്തപക്ഷം അവരെ പിരിച്ചുകളയണം. അവരും അല്ലാഹുവിന്റെ സൃഷ്ടികളാകുന്നു. അവരോടു നിങ്ങൾ ക്രൂരമായി ഇടപെടരുതു്. അറബികൾ അനറബിയെക്കാളും, അനറബികൾ അറബിയെക്കാളും യാതൊരു ശ്രേഷ്ഠതയും ഇല്ല. എല്ലാ മുസ്‌ലിംകളും പരസ്പരം സഹോദരന്മാരാകുന്നു. സഹോദരന്റെ ധനം അവൻ തൃപ്തിയോടുകൂടി തന്നാലല്ലാതെ നിങ്ങൾക്കു അനുഭവിക്കുവാൻ പാടുള്ളതല്ല. സൂക്ഷിക്കുവിൻ. നിങ്ങൾ അനീതി പ്രവൎത്തിക്കരുതു്. ഞാൻ നിങ്ങളുടെ സമക്ഷം സമൎപ്പിച്ച ഖുൎആനിനെ നിങ്ങൾ മുറുകെ പിടിക്കുന്നതായാൽ എനിക്കു ശേഷം നിങ്ങൾ ഒരിക്കലും ദുൎമ്മാൎഗ്ഗികളായിത്തീരുന്നതല്ല. ജനങ്ങളെ! പ്രവൃത്തിയിൽ നിഷ്കളങ്കരായിരിക്കുക, മുസ്‌ലിം സഹോദരന്മാൎക്കു ഗുണം കാംക്ഷിക്കുക, പരസ്പരം യോജിപ്പോടുകൂടി വൎത്തിക്കുക എന്നീ മൂന്നു കാര്യങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നു. എന്റെ ഈ വാക്കു ഇവിടെ ഹാജരില്ലാത്ത ആളുകളെ നിങ്ങൾ അറിയിക്കേണ്ടതാണു്. സംസാരത്തെ നേരിട്ടു കേൾക്കുന്നവരേക്കാൾ കേട്ടവരിൽനിന്നു കേട്ടു ഓൎമ്മിച്ചു വരുന്ന അനേകം ജനങ്ങളുണ്ടു്.”

പ്രസംഗാനന്തരം തിരുമേനി ജനങ്ങളെ അഭിമുഖീ

കരിച്ചു ഇങ്ങിനെ ചോദ്യം ചെയ്തു. “ഞാൻ അൽലാഹു വിൻെറ കല്പനകളെ നിങ്ങൾക്ക പ്രബോധനം ചെയ്തു തന്നിരുന്നോ ഇല്ലെ എന്നു നീതിന്യായദിവസം അവൻ നിങ്ങളോട്ട ചോദിക്കുന്നതാണ്. നിങ്ങൾ അതിന്നു എന്താണു സമാധാനം പറയുക?” “അവിടന്നു അൽലാഹു വിൻെറ കല്പനകളെ ഞങ്ങൾക്ക അറിയിച്ചു തരികയും, ദൌത്യകൎമ്മയെ നിൎവ്വഹിക്കുകയും ചെയ്തിരിക്കുന്നുവെന്നു ള്ളതിന്നു ഞങ്ങൾ സാക്ഷികളാണ്.” എന്നു എല്ലാവരും ഉറക്കെ മറുപടി പറകയുണ്ടായി. ഇതു കേട്ട തിരുമേനി ആകാശത്തിലേക്ക കൈ ഉയൎത്തി അൽലാഹുവിനെ വിളിച്ചു “നീ സാക്ഷ്യം വഹിക്കേണമേ” എന്നു മൂന്നു പ്രാവശ്യം പ്രാൎത്ഥിച്ചു

**ഖുർആൻ സമാപ്തി** —നബി ഹജ്ജത്തുൽവിദാ ഇൽനിന്നു വിരമിച്ച ദിവസം ഖുർആനിലെ താഴെ പറയുന്ന വചനം ഇറക്കപ്പെട്ടു

“ഞാൻ ഇന്നു് നിങ്ങൾക്കു് നിങ്ങളുടെ മതത്തെ പൂൎത്തീകരിച്ചു തരികയും, എൻെറ അനുഗ്രഹത്തെ പരിപൂൎണ്ണമാക്കുകയും നിങ്ങൾക്കു് ഇസ്‌ലാംമതത്തെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു” (മായിദഃ 3) ഇതോടുകൂടി ഖുർആൻ വചനങ്ങൾ മുഴുവനും റസൂൽ തിരുമേനിക്കു് കിട്ടിക്കഴിഞ്ഞു അതിലെ വചനങ്ങളും അദ്ധ്യായങ്ങളുമെല്ലാം തിരുമേനിയുടെ ജീവിതകാലത്തു തന്നെ ക്രമപ്പെടുത്തി വെക്കുകയും അനേകം സഹാബാക്കൾ അതു മുഴുവനും മനഃപാഠം പഠിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

# മതപ്രബോധനം

റസൂൽകരീം മക്കാരാജ്യം വിട്ടന്നതിന്നു മുമ്പു ഖുറൈശികളിൽനിന്നും അവരുടെ സഖികളായ ഇതരഗോത്രങ്ങളിൽ നിന്നുമായി ഒരു ചെറിയ ജനവിഭാഗം മാത്രമേ ഇസ്'ലാംമതം വിശ്വസിച്ചിട്ടുണ്ടായിരുന്നുള്ളു. ഖുറൈശികളല്ലാത്ത മററു ചില അറബികളും അക്കാലത്തു ഇസ്'ലാംമതത്തിൽ ചേർന്നിട്ടുണ്ടായിരുന്നുവെങ്കിലും അവരുടെ സംഖ്യ നന്നേ കുറവായിരുന്നു. ഹിജ്റക്കുശേഷം മദീനക്കാരായ അറബികൾക്കു ഇസ്'ലാംമതത്തോടു വലിയ പ്രതിപത്തിയും അതു സ്വീകരിക്കുന്നതിന്നു അതിയായ ഉത്സാഹവും ഉൽഭൂതമായി. അവരിൽ അനേകം ആളുകൾ ആ മതവിശ്വാസികളായിത്തീൎന്നു. അതിൻെറ അഭിവൃദ്ധിക്കായി ഭഗീരഥപ്രയത്നം ചെയ്തതിനാലാണ് അവൎക്കു "അൻസാർ" എന്നു നാമധേയം സിദ്ധിച്ചതു്. എന്നാൽ അവരിലും ചുരുക്കം ചില നായകന്മാർ ഇസ്'ലാംമതത്തിൻെറ യഥാൎത്ഥസ്ഥിതി ഗ്രഹിക്കാഞ്ഞതുകൊ

ണ്ടോ, നേതൃത്വം പൊയ്പ്പോകുമെന്ന ഭയം നിമിത്തമോ അതിനോടു മത്സരിച്ചു വരുകയും ഏതാനും ആളുകൾ അവരുടെ ഭാഗത്തു ചേരുകയും ചെയ്യാതിരുന്നില്ല. മുസ്ലിംകളുടെ പ്രാബല്യം നിമിത്തം പ്രത്യക്ഷത്തിൽ ഇസ്ലാംമതം സ്വീകരിച്ചുകൊണ്ടു ഗൂഢമായി അതിന്നു വിരോധം പ്രവർത്തിക്കുകയാണു് അവർ ചെയ്തിരുന്നതു്. വിശുദ്ധ ഖുർആൻ അവർക്കു മുനാഫിക്കുൻ (കപടവിശ്വാസികൾ) എന്നു നാമകരണം ചെയ്തിരിക്കുന്നു. എന്നാൽ റസൂൽകരീം വളരെ സ്നേഹപൂർവ്വമായിരുന്നു അവരുമായി ഇടപെട്ടിരുന്നതു്. അവരുടെ തലവനായിരുന്ന അബ്ദുൽലാഹിബ്നു ഉബയ്യ് മരിച്ചപ്പോൾ തിരുമേനി അയാളുടെ മയ്യത്തിന്നുവേണ്ടി നമസ്കരിക്കുകയും, ശവപ്പുടവയ്ക്കുവേണ്ടി സ്വവസ്ത്രം അയച്ചുകൊടുക്കുകയും, അയാളുടെ ഖബ്റിൽ ഇറങ്ങുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ സഹാബികൾ വിരോധം പ്രദർശിപ്പിച്ചുവെങ്കിലും നബി അതു വിലവെച്ചില്ല അബ്ദുല്ലയുടെ വിരോധം നിമിത്തം ഇസ്ലാമിന്നും മുസ്ലിംകൾക്കും നബിക്കുതന്നേയും അനേകം കഷ്ടനഷ്ടങ്ങൾ നേരിട്ടിരുന്നു എന്നിട്ടും അയാളുടെ നേരെ ഇത്ര കരുണ പ്രദർശിപ്പിച്ചതു് അത്തരക്കാരുടെ ഹൃദയങ്ങളെ വശീകരിച്ചു് അവരുടെ ബാഹ്യരൂപത്തെപ്പോലെതന്നെ അന്തർഗ്ഗതങ്ങളേയും നന്നാക്കുവാൻ വേണ്ടിയായിരുന്നു അബ്ദുല്ലാഹിബ്നുസലാം മുതലായ ചില ജൂതന്മാരും നബി മദീനത്തു ചെന്ന അവസരത്തിൽ ഇസ്ലാംമതം സ്വീകരിച്ചു നേരിട്ടു ഉപദേശിച്ചും ആളെയോ സന്ദേശമോ അയച്ചും നബി അറ

ബികളെ ഇസ്ലാം മതത്തിലേയ്ക്കു ക്ഷണിച്ചു. പക്ഷെ ഖുറൈശികളുടെ പരാജയത്തിന്നു മുമ്പു പറയത്തക്ക ഫലം സിദ്ധിച്ചിരുന്നില്ല. മുസ്ലീംങ്ങളും ഖുറൈശികളും തമ്മിൽ നടന്നുകൊണ്ടിരുന്ന യുദ്ധം എങ്ങിനെ പര്യവസാനിക്കുമെന്നു മുൻകൂട്ടി തീർച്ചപ്പെടുത്തുവാൻ സാധിക്കാതിരുന്നതിനാൽ അറബികൾ പൊതുവിൽ അന്നു ഇസ്ലാംമതം കൈക്കൊണ്ടില്ല. ബദ്ർ യുദ്ധത്തിൽ മുസ്ലിംകളായിരുന്നു ജയം പ്രാപിച്ചിരുന്നതെങ്കിലും ഉഹ്ദിൽ അവർ തോററുവെന്നും, "ഖന്തഖ്" യുദ്ധത്തിൽ ഖുറൈശികളുമായി നേരിട്ടുപൊരുതുവാൻ അവക്കു സാധിച്ചില്ലെന്നും അറബികൾ മനസ്സിലാക്കി. തന്നിമിത്തം ഇസ്ലാംമതത്തിൻെറ പ്രചാരഗതി മന്ദീഭവിച്ചു. എന്നാൽ ഹുദൈബിയസന്ധിമൂലം യുദ്ധം സമാധാനിച്ചതിനാൽ അന്നു മുതൽ അമുസ്ലീംകൾക്കു മുസ്ലീംകളുമായി അടുത്തു സംസാരിപ്പാനും, ഖുർആൻ വാക്യങ്ങളും റസൂൽകരീമിൻെറ ഉപദേശങ്ങളും ശ്രവിക്കുവാനും സൌകര്യം ലഭിച്ചു. തന്മൂലം അവക്കു ഇസ്ലാംമതത്തോടു് വിശ്വാസം വർദ്ധിച്ചുവെങ്കിലും വീണ്ടും അവർ ഖുറൈശികളുടെ ഗതിയെത്തന്നെ നോക്കിക്കൊണ്ടിരിക്കുകയാണു് ചെയ്തതു്.

ഹിജ്റ 8ൽ മുസ്ലിംകൾ മക്കാ പട്ടണം കീഴടക്കിയപ്പോൾ സർവ്വ അറബികളും കണ്ണു തുറന്നു. ഇസ്ലാംമതത്തിന്നു അദൃശ്യസഹായവും ഏക ഇലാഹിൻെറ പ്രത്യേക തുണയും ഉണ്ടായിരുന്നില്ലെങ്കിൽ മുസ്ലിംകൾക്കു

വിശ്രുഖല കഅബയെ കീഴടക്കാൻ സാധിക്കുമായിരുന്നി ല്ലെന്നു് അവർ ദൃഢമായി വിശ്വസിച്ചു. അതോടുകൂടി അറബികളുടെയെല്ലാം മതനായകന്മാരായി ഗണിക്കപ്പെട്ടി രുന്ന ഖുറൈശികളിൽ ഏകദേശം മുഴുവൻ ആളുകളും ഇസ്ലാംമതം വിശ്വസിക്കുകയും ചെയ്തതിനാൽ സർവ്വ അറബികളും അതിലേയ്ക്കു ആകർഷിക്കപ്പെട്ടു. അവരിൽ കാരോ ഗോത്രവും നിവേദകസംഘം രൂപവൽക്കരിച്ചു റ സൂൽതിരുമേനിയുടെ സന്നിധിയിൽ അയയ്ക്കുകയും അ വർ മുഖേന ഇസ്ലാംമതം വിശ്വസിക്കുകയും ചെയ്തു. നിവേദകസംഘങ്ങളുടെ ബഹുലത നിമിത്തം ഹിജ്രഃ 9-ാംവർഷത്തിന്നു് ഇസ്ലാം ചരിത്രത്തിൽ "ആമുൽവു ഫൂദ്" (നിവേദകസംഘവർഷം) എന്ന നാമധേയം സി ദ്ധിച്ചിരിക്കുന്നു

**നിവേദകസംഘങ്ങൾ** നബി മക്കയിൽനിന്നു മദീനത്തു് മടങ്ങിയെത്തിയതിന്നുശേഷം അബ്ദുയാലീലു ബ്നു അംറിന്റെ നേതൃത്വത്തിൻകീഴിൽ സഖീഫ് ഗോത്രക്കാർ ഒരു പ്രതിനിധിസംഘത്തെ തിരുസന്നിധി യിലേയ്ക്കു അയച്ചു. അവർക്കു താമസിക്കുവാൻ വേണ്ടി ന ബി മസ്ജിദുന്നബവിയോടു ചേർത്തു് ഒരു തമ്പു കെട്ടി ച്ചു കൊടുത്തു. അവർ ഇസ്ലാംമതം വിശ്വസിച്ചുവെ ങ്കിലും, നമസ്കാരത്തിൽനിന്നു അവരെ ഒഴിവാക്കേണമെ ന്നു അപേക്ഷിക്കുകയുണ്ടായി. നമസ്കരിക്കാതെ ഈ മതം അനുഷ്ഠിക്കുന്നതുകൊണ്ടു ഒരു പ്രയോജനവുമില്ലെ ന്നായിരുന്നു നബി മറുപടി പറഞ്ഞതു്. സ്വവിഗ്രഹ

ങ്ങളെ നശിപ്പിക്കണമെന്ന ചുമതലയിൽനിന്ന അവരെ ഒഴിവാക്കണമെന്നും അവർ അപേക്ഷിക്കുകയുണ്ടായി. നബി അത്ര സ്വീകരിക്കുകയും, അബൂസുഫ്‌യാൻ, മുഗീറത്തുബ്നുശഅബഃ എന്നിവരോട്ട പോയി അവരുടെ "ലാത്ത" എന്ന ബിംബത്തെ നശിപ്പിച്ചുകളയുവാൻ കല്പിക്കുകയും ചെയ്തു. നബി ആ ഗോത്രക്കാൎക്ക അവരിലൊരാളായ ഉസ്മാനുബ്നുഅബിൽ ആസ്സിനെ അമീറായി നിയമിച്ചു. അദ്ദേഹം ചെറുപ്പക്കാരനായിരുന്നുവെങ്കിലും, ഖുർആനും ഇസ്‌ലാംമത തത്വങ്ങളും അറിവുള്ള ആളായിരുന്നു. നമസ്കാരകാൎയ്യത്തിൽ അവരെ ബുദ്ധിമുട്ടിക്കരുതെന്നും അവരുടെ കൂട്ടത്തിലുള്ള അശക്തരുടേയും ദരിദ്രരുടേയും കുട്ടികളുടേയും വൃദ്ധരുടേയും കാൎയ്യത്തിൽ വിശേഷിച്ചു ദൃഷ്ടി പതിക്കേണമെന്നും അദ്ദേഹത്തോട്ട നബി ഉപദേശിച്ചിരുന്നു. ക്രമേണ ഈ ഗോത്രക്കാർ ഇസ്‌ലാംമതത്തിൽ ദൃഢവിശ്വാസികളായിത്തീൎന്നു.

തമീം ഗോത്രനായകന്മാരായ അത്താറുബ്നുഹാജിബ്, അക്‌റഉബ്നുഹാബിസ്, സബർഖാനുബ്നുബദർ മുതലായവർ മസ്ജിദുന്നബവിയിൽ വന്നു പ്രവാചകവസതിയുടെ പിൻഭാഗത്തു നിന്നുകൊണ്ട് "മുഹമ്മദ്!" എന്നു ഉച്ചത്തിൽ വിളിക്കുകയുണ്ടായി. ഹുജ്ജുറാത്ത് സൂറത്തിലെ ആദ്യവാക്യങ്ങൾ ഇറങ്ങിയതു ഇവരെ സ്സംബന്ധിച്ചായിരുന്നു. അവർ അന്യോന്യം വിളിക്കും പ്രകാരം നബിയെ വിളിക്കരുതെന്നും അങ്ങിനെ വിളിക്കുന്നപക്ഷം അവരുടെ സൽക്കൎമ്മം നിഷ്ഫലമായിത്തീരുന്നതാണെന്നും അതിൽ പറയപ്പെട്ടിരിക്കുന്നു.

നബി അവരുടെ അട്ടക്കലേയ്ക്കു ചെന്നപ്പോഠം അവരുടെ പ്രാസംഗികൻ സ്വമാഹാത്മ്യങ്ങളെപ്പററി പ്രസംഗിക്കുകയും കവി പദ്യം ചൊല്ലുകയും ചെയ്തു. നബിയുടെ ഭാഗത്തുനിന്നു ഖൈസുബ്നുശമ്മാസും പ്രസംഗിക്കുകയുണ്ടായി. ഖൈസ് തൻെറ പ്രസംഗത്തിൽ അൽലാഹുവിനെയും നബിയേയും കുറിച്ചു പ്രസ്താവിച്ചതിനുശേഷം മുഹാജിറുകളുടേയും അൻസാരികളുടേയും ശ്രേഷ്ഠതകഠം വണ്ണിക്കുകയുണ്ടായി. ഹസ്രത്ത് ഹസ്സാനുബ്നു താബിത്ത് അവരുടെ പദ്യങ്ങഠംക്കു മറുപടിയായി പദ്യം ചൊല്ലി. ഇതിനുശേഷം അവർ ഇസ്ലാംമതം വിശ്വസിക്കുകയും നബി അവക്കു ചില സമ്മാനങ്ങഠം നൽകുകയും ചെയ്തു. "ബനൂസഅദുബ്നുബക്ര്" ഗോത്രത്തിൻെറ ഒരു നിവേദകസംഘവും തിരുമേനിയുടെ സന്നിധിയിൽ വരികയുണ്ടായി. അവരുടെ കൂട്ടത്തിൽ ശരീരം നിറയെ വലിയ രോമങ്ങളുണ്ടായിരുന്നതോടുകൂടി കാഴ്ചയിൽ ഒരു ക്രൂരനായിരുന്ന സമാമുബ്നുതഅലബഃ അട്ടത്തെത്തിയ അവസരത്തിൽ നബി ഒരു കൂട്ടം സഹാബികളോടുകൂടി ഇരിക്കുകയായിരുന്നു. അയാളും നബിയുമായി താഴെ പറയുംപ്രകാരം ഒരു സംഭാഷണം നടന്നു.

സമാം—നിങ്ങളിൽ അബ്ദുൽ മുത്തലിബിൻെറ പൌത്രൻ ആരാണു്?

നബി—ഞാൻ തന്നെ.

സമാം—മുഹമ്മദോ?

നബി—അതെ.

സമാം—ഞാൻ നിങ്ങളോടു ചില ചോദ്യങ്ങൾ ചോദിക്കുന്നുണ്ടു്. അതു നിങ്ങൾക്കു അനിഷ്ടമായപ്പോയാൽ കോപിക്കരുതു

നബി—ഇല്ല ചോദിപ്പാനുള്ളതു് യാതൊരു ശങ്കയും കൂടാതെ ചോദിക്കാം.

സമാം—മുൻഗാമികളും പിൻഗാമികളും ഇപ്പോൾ ഉള്ളവരുമായ സർവ്വ ജനങ്ങളുടേയും ഇലാഹിനെ മുൻനിറുത്തിക്കൊണ്ടു്, അവൻ നിങ്ങളെ നബിയായി നിയോഗിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു.

നബി—ഉവ്വ്. അക്കാര്യത്തിൽ സംശയമില്ല.

സമാം—ഞങ്ങളെ അഞ്ചുനേരം നമസ്കരിപ്പിക്കുവാൻ അവൻ ആജ്ഞാപിച്ചിട്ടുണ്ടോ എന്നു ആ ഇലാഹിനെത്തന്നെ മുൻനിറുത്തി ഞാൻ ചോദിക്കുന്നു.

നബി—ഉവ്വ്. സംശയമില്ല.

ഇപ്രകാരം ഹജ്ജ്, സക്കാത്ത്, നോമ്പ് മുതലായ സർവ്വ ആരാധനകളേയും കുറിച്ചു ചോദിച്ചു മറുപടി ശ്രവിച്ചതിനു ശേഷം സമാം ഇസ്ലാംമതം വിശ്വസിച്ചു. അനന്തരം സ്വകർത്തവ്യങ്ങൾ നിർവ്വിഘ്നം നിറവേററുന്നതാണെന്നും മത വിരോധമായ പ്രവൃത്തികൾ ഉപേക്ഷിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്തു മടങ്ങിപ്പോയി. അയാളുടെ ഗോത്രത്തിലെ സർവ്വ ജനങ്ങളും അന്നുതന്നെ ഇസ്ലാംമതം കൈക്കൊണ്ടു.

റബീഅത്തുബ്നു അബ്ദിൽഖൈസ് ഗോത്രത്തിൽപ്പെട്ട ജാറൂദുബ്നു ബിശ്റും തിരുമേനിയുടെ സന്നിധിയിൽ വന്നു ഇസ്ലാംമതം വിശ്വസിച്ചു ഒരു യഥാർത്ഥ മുസ്ലിമായിത്തീർന്നു. മുമ്പ് ഇദ്ദേഹം ഒരു ക്രിസ്ത്യാനിയായിരുന്നു. ഥഹ ത്താൻ ഗോത്രത്തിൽനിന്നും, ഒരു പ്രതിനിധിസംഘം വരുകയുണ്ടായി. അതിലെ നായകൻ സൈദുൽഖൈലായിരുന്നു. ജനാഭിനന്ദനത്തിനു പാത്രീഭവിച്ചവരായ പലരേയും താൻ കണ്ടിട്ടുള്ളതിൽ ഒരാളിലും ജനങ്ങൾ വാഴ്ത്തിപ്പറഞ്ഞ ഗുണങ്ങൾ പൂർണ്ണമായി ശോഭിച്ചു കണ്ടിട്ടില്ലെന്നും, എന്നാൽ സൈദിനെ കണ്ടപ്പോൾ ജനവർണ്ണനയിൽ കൂടുതൽ ഗുണങ്ങൾ അദ്ദേഹത്തിൽ താൻ കണ്ടിരിക്കുന്നുവെന്നും നബി അദ്ദേഹത്തെപ്പറ്റി പ്രശംസിച്ചിട്ടുണ്ടായിരുന്നു. നബി അദ്ദേഹത്തിൻെറ സാക്ഷാൽ പേർ മാററി "സൈദുൽഖൈർ" എന്നാക്കുകയും ഫൈദ് എന്ന സ്ഥലവും അതിൻെറ സമീപമുണ്ടായിരുന്ന മററു ചില ഭൂമികളും അദ്ദേഹത്തിനു കൊടുക്കുകയുമുണ്ടായി.

തയ്യ് ഗോത്രത്തിൽനിന്നു ഹാത്തം മകൻ അദിയ്യ് വന്നു ഇസ്ലാംമതം വിശ്വസിച്ചു. അദ്ദേഹം മുമ്പ് ക്രിസ്ത്യാനിയായിരുന്നു. സബീദ്, കിന്തഃ, മുറാദ് എന്നീ ഗോത്രങ്ങളിൽനിന്നും പ്രതിനിധി സംഘങ്ങൾ തിരുമേനിയുടെ അടുക്കൽ വന്നിട്ടുണ്ടായിരുന്നു. ഹിംയരീ രാജാവായിരുന്ന ഹാരിത്തുബ്നുഅബ്ദികലാലും, അദ്ദേഹത്തിൻെറ സഹോദരന്മാരായ നഈം, നുഅമാൻ എന്നി

വരും കൂടാതെ സർജഃ, ദൂയസൻ; മാലിക്കബ്നുമുർറഃ മുതലായവരും ഇസ്ലാംമതം വിശ്വസിച്ചുകൊണ്ട് ദൂതന്മാർ മുഖേന നബിയെ വിവരമറിയിച്ചു നബി സക്കാത്തിനെക്കുറിച്ച് പ്രത്യേകം ഉപദേശിച്ചുകൊണ്ടു അവക്ക ഒരോ മറുപടി അയയ്ക്കുകയും ഇസ്ലാംമതം പഠിപ്പിക്കേണ്ടതിന്നു ചില സഹാബികളെ അയച്ചുകൊടുക്കുകയും ചെയ്തു

സിറിയയിൽപ്പെട്ട "മആൻ" രാജ്യത്ത് റോമാക്കാരുടെ ഒരു ഗവർണ്ണരായിരുന്ന "ഫർവ്വത്തുബ്നുഅംറ്" ഇസ്ലാംമതം വിശ്വസിച്ചു. കത്തുവഴിയായി നബിയെ വിവരമറിയിച്ചു. റോമക്കാർ വിവരമറിഞ്ഞപ്പോൾ അദ്ദേഹത്തെ ആദ്യം തടവിലാക്കുകയും പിന്നീട് കൊന്നുകളയുകയും ചെയ്തു അദ്ദേഹം സ്വധർമ്മരക്ഷയ്ക്കുവേണ്ടി ആ അന്യായമായ കൊലയെ സസന്തോഷം സ്വാഗതം ചെയ്യുകയാണ് ഉണ്ടായത്. "ബനൂഹാരിത്" ഗോത്രത്തിൽനിന്നും ഒരു നിവേദകസംഘം ഹസ്രത്ത് ഖാലിദുബ്നുവലീദോടുകൂടി നബിയുടെ അടുക്കൽ വരികയുണ്ടായി. അവർ ഇസ്ലാമിന്നു മുമ്പ് ധീരതയിൽ കീർത്തി നേടുകയും പല പ്രാവശ്യം അവരുടെ ശത്രുക്കളെ തോല്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അവക്ക ശത്രുക്കളുടെമേൽ സിദ്ധിച്ച ജയങ്ങൾക്ക എന്തായിരുന്നു കാരണമെന്നു നബി ചോദിച്ചതിന്നു് തങ്ങൾ ഐക്യതയോടെ വർത്തിച്ചിരുന്നുവെന്നും, അക്രമത്തിൻെറ ആരംഭം തങ്ങളുടെ പക്കൽനിന്നു ഒരിക്കലും ഉണ്ടായിരു

ന്നില്ലെന്നും, അവർ മറുപടി പറഞ്ഞു. ഗോത്ര നായകന്മാരും മഹാന്മാരുമായ അറബികൾ ഇങ്ങിനെ തുടരെത്തുടരെ വന്ന് ഇസ്‌ലാംമതം വിശ്വസിച്ചതു നിമിത്തം മിക്ക അറബികളും മുസ്‌ലിംകളായിത്തീന്നു. എന്നാൽ ഈ ജനങ്ങളിലെല്ലാം ഇസ്‌ലാംമതം ശരിയായി ശോഭിച്ചിരുന്നുവെന്നു പറവാൻ നിവൃത്തിയില്ല. ആ പുതു മുസ്‌ലിംകളായ അനേകം മലംപ്രദേശക്കാരാലും, ഇസ്‌ലാമിന്നു മുമ്പുണ്ടായിരുന്ന ചില ദൂഷിച്ച ആചാരങ്ങൾ ഇസ്‌ലാംമതസ്വീകരണത്തിന്നു ശേഷവും നടപ്പുണ്ടായിരുന്നു ഇസ്‌ലാമിക സംസ്കാരം പൂൎണ്ണമായി അവരിൽ പ്രകാശിച്ചിരുന്നില്ല. എല്ലാററിലും അവസാനമായി ഇറങ്ങിയ ഖുർആൻ സൂറത്തിൽ ഈ മലംപ്രദേശക്കാരിൽ ചിലരുടെ മൂഢതയും മററു ചിലരുടെ ഉത്തമഗുണങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മക്ക, മദീനഃ, തായിഫ്, യമൻ, ബഹറയിൻ മുതലായ നഗരങ്ങളിൽ അധിവസിച്ചിരുന്ന ജനങ്ങളിൽ ഇസ്‌ലാമികസംസ്കാരം പൂൎണ്ണമായി വികസിച്ചിരുന്നുവെന്നു നിസ്സംശയം പറയാവുന്നതാണ്. ഇവരിൽനിന്നാണ് മഹാന്മാരായ സഹാബികളും ജനനായകന്മാരും ഉത്ഭവിച്ചതു

**സന്ദേശങ്ങൾ:**—തിരുമേനിയെ അൽലാഹു നബിയായി നിയോഗിച്ചതു് അറബികളുടെ നേക്കു മാത്രമായിരുന്നില്ല. നേരെ മറിച്ച് സർവ്വ മനുഷ്യസമുദായങ്ങളുടേയും നേരെയായിരുന്നു തന്നിമിത്തം നബി വി

ദേശികളായ രാജാക്കന്മാരിൽനിന്നും ഭരണാധികാരിക ളിൽനിന്നും കഴിയുന്നത്ര ആളുകൾക്കു മതപ്രബോധന സന്ദേശങ്ങൾ അയച്ചിട്ടുണ്ടായിരുന്നു ഈ സന്ദേശങ്ങൾ കൊണ്ടുപോകുവാനായി അവരുടെ തലസ്ഥാനങ്ങളെക്കു റിച്ചു അറിവും പരിചയവും ഉള്ള സഹാബികളെയാ ണ് ഏല്പിച്ചിരുന്നതു് റോമാ ചക്രവർത്തിയായിരുന്ന ഹിറാക്ലിസിന്നു് ഹസ്രത്ത് ദഹിയ്യത്തുൽ കൽബിയുടെ പക്കൽ അയച്ചിരുന്ന സന്ദേശം താഴെ ഉദ്ധരിക്കുന്നു:—

"നിങ്ങൾ ഇസ്ലാംമതം വിശ്വസിക്കുവിൻ. എന്നാൽ നിങ്ങൾക്കു രക്ഷയുണ്ട്. അൽലാഹു ഇരട്ടി പ്രതിഫലം തരുന്നതുമാണ്. അല്ലാത്തപക്ഷം സ്വഭരണീയരുടെ അപരാധത്തെക്കൂടി നിങ്ങൾ ചുമക്കേണ്ടിവരും" ചക്രവർത്തി അക്കാലത്തു് പാർസികളുമായി യുദ്ധം ചെയ്തു ജയം നേടുകയും, അവർ മുമ്പു് എടുത്തുകൊണ്ടുപോയിരുന്ന പരിശുദ്ധ കുരിശു മടക്കിവാങ്ങുകയും, അതിനെക്കുറിച്ചു സന്തോഷം കൊണ്ടാടുവാൻ വേണ്ടി സിറിയായിൽ വരുകയും ചെയ്തിട്ടുണ്ടായിരുന്നു ഹിംസിൽനിന്നു് ബൈത്തുൽ മുഖദ്ദസിലേയ്ക്കു വന്നതു് കാൽനടയായിട്ടായിരുന്നതിനാൽ വഴിയിൽമുഴുവനും പരവതാനി വിരിച്ചു പുഷ്പങ്ങൾ വിതരണം ചെയ്തിരുന്നു. ഹസ്രത്ത് ദഹിയ്യത്തു് റസൂൽകരീമിൻെറ സന്ദേശവുമായി അവിടേയ്ക്കു ചെന്നപ്പോൾ ചക്രവർത്തി അതു പരിഭാഷ ചെയ്യിച്ചുകേട്ടു. ഇസ്ലാം സത്യമാണെന്നു അദ്ദേഹത്തിന്നു ദൃഢമായെങ്കിലും സ്വമതപണ്ഡിതന്മാരെയും പുരോഹിതന്മാരേയും

വിളിച്ചുകൂട്ടി ആലോചിച്ചപ്പോൾ അവർ വിരോധം പറഞ്ഞതിനാൽ ഇസ്ലാംമതം സ്വീകരിപ്പാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല.

ശജാഉബ്നുവഹബ്, നബിയുടെസന്ദേശവുമായി സിറിയയിലെ ഗസ്സാനീ രാജാവായ മുൻദിറുബ്നുഹാരിദിൻെറ അടുക്കൽ ചെന്നു. ആയാൾ ഇസ്ലാംമതം സ്വീകരിച്ചില്ലെന്നു മാത്രമല്ല, സ്വരാജ്യത്തിൽ വഞ്ചിതനായിക്കൊണ്ടു തൻെറ രാജ്യം കൈവശപ്പെടുത്തുവാൻ ആക്കും കഴികയില്ലെന്നു അഹങ്കരിച്ചു മറുപടി പറകയും ചെയ്തു. അംറുബ്നു ഉമയ്യത്തിനെ നജ്ജാശീരാജാവിൻെറ സന്നിധിയിലേയ്ക്കു സന്ദേശവും കൊടുത്ത് അയച്ചതനുസരിച്ചു അദ്ദേഹം ഇസ്ലാംമതം വിശ്വസിച്ചുകൊണ്ടു് വിവരത്തിന്നു നബിക്കു മറുപടി അയച്ചു. നജ്ജാശി രാജാവു് പരലോകം പ്രാപിച്ചപ്പോൾ ഇലാഹിങ്കൽനിന്നു വിവരം കിട്ടിയതനുസരിച്ച് നബി ജനങ്ങൾക്കു അറിവുകൊടുക്കുകയും, മദീനയിൽവെച്ച് അദ്ദേഹത്തിന്നുവേണ്ടി മയ്യിത്ത് നമസ്കാരം നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു.

അബ്ദുല്ലാഹിബ്നു ഹുദാഫത്തിനെയാണ് പാർസി രാജാവായ ഖുസ്റുപർവ്വീസിൻെറ അടുക്കലേക്കു് സന്ദേശവുമായി അയച്ചിരുന്നതു്. രാജാക്കന്മാക്കയക്കുന്ന കത്തുകളിൽ, അയക്കുന്നവൻെറ പേർ ഒടുവിലായിരുന്നു പേഷ്യക്കാർ എഴുതിവന്നതു്. എന്നാൽ നബിയുടെ സന്ദേശം കിട്ടിയപ്പോൾ, ആദ്യം തിരുമേനിയുടെ പേർ

എഴുതിയിരുന്നതു കണ്ടു ഖുസ്രുപർവ്വീസ് കോപാന്ധനായി കത്തു ചീന്തിക്കളഞ്ഞു. നബി ഈ വിവരം കേട്ടപ്പോൾ അയാളുടെ സാമ്രാജ്യം ശിഥിലമായിപ്പോകുന്നതാണെന്നു പറകയുണ്ടായി. എന്നാൽ കത്തു ചീന്തിക്കളഞ്ഞതുകൊണ്ടുമാത്രം ഖുസ്രു തൃപ്തിപ്പെട്ടിരുന്നില്ല "ഹിജാസിലെ ആ നബിതപ്പാടിയെ പിടിച്ചു എൻെറ സന്നിധിയിൽ അയക്കണം" എന്നു തൻെറ കീഴിൽ യമൻ രാജ്യം ഭരിച്ചിരുന്ന ബാദാനിന്നു ഉത്തരവു കൊടുത്തു. ബാദാൻ ഉടനെത്തന്നെ രണ്ടാളുകളെ മദീനത്തേക്കയച്ചു. അവർ മദീനയിൽ ചെന്നു നബിയെ ഭീഷണിപ്പെടുത്തിക്കൊണ്ടു, "മഹാരാജാവിൻെറ ആജ്ഞയനുസരിച്ചു നിങ്ങൾ ഞങ്ങളോടുകൂടി രാജധാനിയിലേക്കു പോരേണ്ടിവരുന്നതാണു" എന്നു പറഞ്ഞു. അതേ ദിവസം രാത്രിതന്നെ ഖുസ്രു രാജാവു സ്വപുത്രനായ ശേർവ്വയാൽ കൊല്ലപ്പെട്ടു. അതിനെപ്പററി നബിക്കു ഇലാഹികൽ നിന്നു വിവരം കിട്ടിയിരുന്നതിനാൽ "നിങ്ങളുടെ രാജാവ് കഴിഞ്ഞ രാത്രി വധിക്കപ്പെട്ടിരിക്കുന്നു" എന്നു തിരുമേനി ആ ദൂതന്മാരെ അറിയിച്ചു. ഇതുകേട്ട് ആ പേഷ്യക്കാർ ഇങ്ങനെ പറഞ്ഞു. "നിങ്ങൾ പറയുന്നതു് എന്താണെന്നു സൂക്ഷിക്കണം. ഈ വിവരം ഞങ്ങൾ രാജാവിന്നു് എഴുതുന്നതാണു്. അതിൻെറ ഭവിഷ്യത്തുകൾ നിങ്ങൾ അനുഭവിക്കേണ്ടിവരും. നിങ്ങളെ പിടിച്ചുകൊണ്ടു പോകുവാനായി ഞങ്ങൾ വരേണ്ടിവന്ന ആ തെററിനേക്കാൾ വലിയ തെററു ഇതായിരിക്കും."

നബി ഇങ്ങിനെ മറുപടി പറഞ്ഞു. "ഈ വൎത്തമാനത്തി ന്നു ഞാൻ ഉത്തരവാദിയാണു്. നിങ്ങൾ എഴുതിക്കൊൾവിൻ. കൂടാതെ എൻെറ മതം അയാളുടെ ഭരണം സ്ഥിതിചെയ്യുന്ന രാജ്യത്തു് എന്നു വേണ്ട, ഒട്ടകത്തിന്നോ കുതിരക്കോ സഞ്ചരിപ്പാൻ കഴിയുന്ന സൎവ്വ ദിക്കുകളിലും, വിജയം പ്രാപിക്കുന്നതാണെന്നുകൂടി എഴുതി അറിയിക്കണം." അവസാനം അവർ യമനിലേക്കു മടങ്ങിപ്പോയി ബാദാനിനോടു വിവരം പറഞ്ഞു. ഖുസ്രുപെൎവ്വീസ് ഇന്ന ദിവസം വധിക്കപ്പെട്ടിരിക്കുന്നുവെന്നും, അയാൾക്കു് പകരം ശേൎവ്വാ സിംഹാസനാരോഹണം ചെയ്തിരിക്കുന്നുവെന്നുമുള്ള വിവരത്തിന്നു അധികം താമസം കൂടാതെ രാജധാനിയിൽനിന്നും ബാദാനിന്നു വിവരം കിട്ടി. പിതാവ് ഹിജാസിൽനിന്നു് ഹാജരാക്കാൻ കല്പിച്ചിരുന്ന ആളെ സംബന്ധിച്ചു തൻെറ കല്പന കിട്ടുന്നതുവരെ ഒന്നും പ്രവൎത്തിക്കേണ്ടതില്ലെന്നും ശേൎവ്വാരാജാവ് അദ്ദേഹത്തിന്നു എഴുതിയിരുന്നു. ആ അത്ഭുത സംഭവം നിമിത്തം ബാദാനും അദ്ദേഹത്തോടുകൂടി യമനിലുണ്ടായിരുന്ന സൎവ്വ പാൎസികളും ഇസ്ലാംമതം വിശ്വസിച്ചു.

ഈജിപ്തു് രാജാവായിരുന്ന മുഖൌഖിസിൻെറ അടുക്കലേക്കു ഹാത്തബുബ്നു അബീബൽതഅത്തിനെയാണു് അയച്ചിരുന്നതു്. മുഖൌഖിസ് ഇസ്ലാംമതം വിശ്വസിച്ചില്ലെങ്കിലും "ദുൽദുൽ" എന്നു പേരായ ഒരു കോവർ കഴുതയേയും, രണ്ടു അടിമസ്ത്രീകളേയും, നബിക്കു

കാണിക്കയായി അയച്ചുകൊടുത്തു നബിയുടെ പുത്രൻ ഇബ്രാഹീമിൻെറ മാതാവായ മാരിയത്തുൽഖിബ്ത്തിയ്യഃ ഈ അടിമസ്ത്രീകളിൽ കരാളായിരുന്നു. ബന്തുഹനീഫ് ഗോത്രനായകനായ ഹൌദബ്നുഅലിയുടെ നേരെ സലീത്തുബ്നു അംറിനേയും, ബഹറയിൻ ഭരണാധികാരിയായ മുൻദിറുബ്നുസാവിയുടെ നേരെ അലാഉബ്നു ഹസ്രമിയേയും, ബന്തുയസ്ദ് ഗോത്രനായകന്മാരുടെ നേരെ അംറുബ്നു ആസ്സിയേയും, മതപ്രബോധനസന്ദേശങ്ങളുമായി അയച്ചിട്ടുണ്ടായിരുന്നു. അവരിൽ ചിലരൊക്കെ ഇസ്ലാംമതം വിശ്വസിക്കുകയും, മററുള്ളവർ അതിനെപ്പററി ചിന്തിച്ചുവരികയുമാണ് ഉണ്ടായത്. മേൽ പ്രസ്താവിച്ച പ്രകാരം അനേക രാജ്യങ്ങളിലും നബിയുടെ ജീവിതകാലത്തുതന്നെ ഇസ്ലാംമതം പ്രചരിച്ചു.

# മദീനയിലെ മതോപദേശം

ഏകദേശം വിശുദ്ധ ഖുർആന്റെ മൂന്നിൽ ഒരംശമായ 21 സൂറത്തുകൾ മദീനയിലാണു് ഇറക്കപ്പെട്ടതു്. അവ മക്കാവചനങ്ങളുമായി ചില സംഗതികളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രാചീന ജനസമുദായങ്ങളുടെ കഥകളും, മനുഷ്യൎക്കു പാഠം സിദ്ധിക്കത്തക്ക സംഭവങ്ങളും മക്കാവചനങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മദീനാവചനങ്ങളിൽ മുസ്‌ലിംകൾതന്നെ നടത്തിയ യുദ്ധങ്ങളും, അവയുടെ കാരണങ്ങളാദിയായവയും, അടങ്ങിയ ഭാഗങ്ങളാണു് അധികമുള്ളതു്. ഇവയിൽ മക്കാവചനങ്ങളിൽ പറയപ്പെട്ടവയേക്കാൾ അധികം മതവിധികൾ അടങ്ങിയിരിക്കുന്നു. അതിനാൽ മക്കാവചനങ്ങളിൽ, "ആദമിന്റെ സന്താനങ്ങളെ! ജനങ്ങളെ! വേദക്കാരെ!" എന്നിപ്രകാരവും, മദീനാവചനങ്ങളിൽ 'സത്യവിശ്വാസികളെ' എന്നുമാകുന്നു അല്ലാഹു മിക്കവാറും സംബോധനം ചെയ്തിട്ടുള്ളതു്.

**യുദ്ധം:—** നബി മക്കത്തുനിന്നു ഹിജ്റ പോയ ഉടനെത്തന്നെ യുദ്ധത്തിന്നു അനുവാദം ലഭിച്ചു. എന്നാൽ യുദ്ധം ചെയ്യാവുന്ന കാരണങ്ങൾ എന്തൊക്കെയാണെന്നു ഇവിടെ വിവരിക്കേണ്ടിയിരിക്കുന്നു. യുദ്ധത്തെസ്സംബന്ധിച്ച ഖുർആനിൽ അവിടവിടെയായി പറയപ്പെട്ട പല വചനങ്ങളെക്കുറിച്ചും വിചിന്തനം ചെയ്യുമ്പോൾ യുദ്ധത്തിന്നു താഴെ പറയുന്ന രണ്ടു ഉദ്ദേശങ്ങളാണുള്ളതെന്നു സ്പഷ്ടമാകുന്നു.

1. പരദ്രോഹത്തെ തടുക്കുക.

2. മതപ്രചരണ തടസ്സങ്ങൾ പരിഹരിക്കുക.

ഈ ഉദ്ദേശങ്ങളെ ഇവിടെ ഒന്നുകൂടി വിശദമാക്കാം. മുസ്‌ലിംകളെ മതം ഉപേക്ഷിക്കുവാനായി ദ്രോഹിക്കുകയോ, ഇസ്‌ലാംമതസ്വീകരണത്തെ നിർബ്ബന്ധപൂർവ്വം വിരോധിക്കുകയോ, മതപ്രബോധനത്തെ തടയുകയോ ചെയ്യുന്നവരോടു യുദ്ധംചെയ്യാൻ മുസ്‌ലിംകൾക്കു അനുവാദം ലഭിച്ചിരിക്കുന്നു. യുദ്ധത്തെപ്പററി ഒന്നാമതായി ഇറങ്ങിയ വചനം താഴെ ഉദ്ധരിക്കുന്നു.

"ശത്രുക്കളാൽ എതിർക്കപ്പെടുന്ന മുസ്‌ലീംകൾക്കു്, അവർ ദ്രോഹിക്കപ്പെടുന്നതു നിമിത്തം (യുദ്ധം ചെയ്യാൻ) അനുവാദം നല്കിയിരിക്കുന്നു. അവരെ സഹായിക്കുന്നതിന്നു് അൽലാഹു തീർച്ചയായും ശക്തനാണു്. തങ്ങളുടെ രക്ഷിതാവു് അൽലാഹുവാണു് എന്നു പറയുന്നതൊഴിച്ചു്, യാതൊരു കാരണവും കൂടാതെ സ്വഭവനങ്ങളിൽ നിന്നു അവർ ബഹിഷ്കരിക്കപ്പെട്ടു." (ഹജ്ജ് 39-40)

യുദ്ധത്തിന്നു അനുവാദം നൽകിയതോടുകൂടി യുദ്ധത്തിനുള്ള കാരണങ്ങളേയും ഈ വചനത്താൽ അൽലാഹ വെളിവാക്കിയിരിക്കുന്നു. മക്കക്കാർ മുസ്‌ലിംകളെ ദ്രോഹിച്ചതും, സ്വഭവനങ്ങളിൽനിന്നു പുറത്താക്കിയതും മുസ്‌ലീംകൾ അൽലാഹുവിൽ വിശ്വസിച്ചതുകൊണ്ടു മാത്രമാണെന്നും, അതൊരു അപരാധമല്ലാത്ത സ്ഥിതിക്കു അവരുടെ ദ്രോഹം തീരെ അക്രമമാണെന്നും അതുകൊണ്ടു മുസ്‌ലിംകൾക്കു അവരോടു യുദ്ധം ചെയ്യാവുന്നതാണെന്നുമാകുന്നു ഈ വചനത്തിന്റെ സാരം "ഫിത്ത്നഃ" ഉണ്ടാവാതിരിക്കുകയും, അനുസരണം അൽലാഹുവിന്നു മാത്രമായിത്തീരുകയും ചെയ്യുന്നതുവരെ അവരോടു നിങ്ങൾ പോരാടുവിൻ" (ബഖറഃ 193) എന്നു ബഖറഃ സൂറത്തിൽ പറയപ്പെട്ടിരിക്കുന്നു. ഫിത്ത്നഃ എന്ന പദത്തിന്റെ ഭാഷാർത്ഥം സ്വർണ്ണമോ, വെള്ളിയോ ഉരുക്കി കൂട്ടുള്ളതും ഇല്ലാത്തതും തമ്മിൽ വേർതിരിക്കുക എന്നാണെങ്കിലും, മതപരിത്യാഗം ചെയ്യേണമെന്ന ദുരുദ്ദേശത്തോടുകൂടി മനുഷ്യനെ ശിക്ഷിക്കുക എന്ന അർത്ഥമാണ് ശറഇൽ ഈ പദംകൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ യുദ്ധത്തിന്റെ പരമോദ്ദേശമായി അൽലാഹു നിശ്ചയിച്ചിട്ടുള്ളതു് മർദ്ദനം നിശ്ശേഷം നശിക്കുകയും, അനുസരണം അൽലാഹുവിന്നു മാത്രമായിത്തീരുകയും ചെയ്യുകയാണെന്നുള്ളതിൽ സംശയമില്ല. മതകാര്യത്തിൽ ആക്കും ഒരാളെയും ദ്രോഹിക്കാനവകാശമുണ്ടായിരിക്കരുതു്. ആരുടേയും നിർബ്ബന്ധം കൂടാതെ അൽലാഹു

വിൻെറ പ്രീതിയെ ലാക്കാക്കി മതം കൈക്കൊള്ളുവാൻ മനുഷ്യന്നു് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണു്. മനുഷ്യനെ അവൻെറ വിശ്വാസം നിമിത്തം ശിക്ഷിക്കുന്നതും, അവൻെറ സന്മാർഗ്ഗാന്വേഷണസ്വാതന്ത്ര്യത്തെ കവൎന്നെടുക്കുന്നതും കഠിനദ്രോഹമാണെന്നും, കൂടാതെ അതു കൊലയേക്കാളും, രക്തം ഒലിപ്പിക്കുന്നതിനേക്കാളും വലിയ അക്രമമാണെന്നും, വല്ലവരും അങ്ങിനെ ചെയ്താൽ അവരോടു പോരാടേണ്ടതാണെന്നും അൽലാഹു വിശദീകരിച്ചിരിക്കുന്നു.

ഇസ്ലാംമതസ്വീകരണത്തെ വിരോധിക്കാതിരിക്കുകയും, തങ്ങളോടു പോരാടാതിരിക്കുകയും ചെയ്യുന്ന ഇതര മതസ്ഥരുമായി യുദ്ധം ചെയ്യാൻ മുസ്ലീംകൾക്കു യാതൊരു അവകാശവുമില്ല. "അവർ (അന്യമതസ്ഥർ) സമാധാനത്തിലേയ്ക്കു ചായുന്നപക്ഷം നിങ്ങളും അതിലേയ്ക്കു ചായുവിൻ" (അൻഫാൽ 61) എന്നു അൻഫാൽ സൂറത്തിൽ പറഞ്ഞിരിക്കുന്നു. യുദ്ധോദ്ദേശ്യമായ മതപ്രബോധനാവകാശസംരക്ഷണം സന്ധിമാൎഗ്ഗമായും സാധിക്കുന്നതാണല്ലൊ. അതുകൊണ്ടു വിമതസ്ഥർ സഖ്യത്തിന്നു ആവശ്യപ്പെടുമ്പോൾ ഏക ഇലാഹിൻെറ ആജ്ഞയനുസരിച്ചു അതു സ്വീകരിപ്പാൻ മുസ്ലീംകൾ കടപ്പെട്ടവരാണു്. എന്നു മാത്രമല്ല, മതവിഷയകമായി മുസ്ലീംകളോടു പോരാടാത്ത ഇതരമതസ്ഥരുമായി സഹകരിക്കുന്നതിന്നും അവൎക്കു സഹായം ചെയ്യുന്നതിന്നും മുസ്ലീംകൾക്കു വിരോധവുമില്ല. "മതവിഷയത്തിൽ

നിങ്ങളുമായി പോരാട്ടുകയും സ്വഭവനങ്ങളിൽനിന്നു നിങ്ങളെ പുറത്താക്കുകയും ചെയ്യാത്ത അമുസ്‌ലീംകൾക്കു ഗുണം ചെയ്യുന്നതിന്നും, അവരുമായി നീതിപൂർവ്വം ഇടപെടുന്നതിന്നും, അൽലാഹു നിങ്ങളെ വിരോധിക്കുന്നില്ല" (മുംതഹിനഃ-8) എന്നു മുംതഹിനഃ സൂറത്തിൽ അൽലാഹു പറഞ്ഞിരിക്കുന്നു.

നബി മക്കാരാജ്യം വിട്ടു മദീനത്തു് ചെന്നപ്പോൾ കപടവിശ്വാസികൾ, ജൂതന്മാർ ഇങ്ങിനെ രണ്ടു ശത്രുസംഘം അവിടെ ഉണ്ടായിത്തീൎന്നു പ്രത്യക്ഷത്തിൽ ഇസ്‌ലാംമതം സ്വീകരിച്ചുകൊണ്ടു രഹസ്യമാൎഗ്ഗേണ ശത്രുത പ്രയോഗിക്കുകയാണു് കപടവിശ്വാസികൾ ചെയ്തിരുന്നതു്. ജൂതന്മാരുമായി നബി സഖ്യഉടമ്പടി ചെയ്തിരുന്നുവെങ്കിലും, ഖന്തഖ് യുദ്ധത്തിൽ അവർ ഉടമ്പടി ലംഘിച്ചു ഖുറൈശികളുടെ ഭാഗത്തുചേൎന്നു് മുസ്‌ലിംകളോടു പോരാടുവാൻ വരികയുണ്ടായി. തന്നിമിത്തം മനസ്സമാധാനത്തോടുകൂടി പോൎക്കളത്തിൽ നില്ക്കുവാൻ മുസ്‌ലീംകൾക്കു സാധിച്ചില്ല. ഒടുവിൽ ആപത്തിൽനിന്നു മോചനം ലഭിച്ചപ്പോൾ ആ ജൂതന്മാരുമായി യുദ്ധംചെയ്യാൻ അവൎക്കു അൽലാഹുവിങ്കൽ നിന്നു കല്പന സിദ്ധിച്ചു. അവൻ ഇപ്രകാരം കല്പിച്ചിരിക്കുന്നു. "വേദം കൊടുക്കപ്പെട്ടവരിൽ അൽലാഹുവിലും അവസാനദിവസത്തിലും വിശ്വസിക്കാതിരിക്കുകയും, അൽലാഹുവും റസൂലും വിരോധിച്ചവയെ വിരോധമായി ഗണിക്കാതിരിക്കുകയും ചെയ്യുന്നവരോടു്, അവർ വിനീതന്മാരാ

യി സ്വന്തം കൈകൊണ്ടു ജിസ്‌യഃ തരുന്നതുവരെ നിങ്ങൾ പോരാടുവിൻ.'' (തൌബഃ 29)

മേൽപറഞ്ഞ ആയത്തുകളിൽ നിന്നെല്ലാം പ്രത്യക്ഷമാകുന്നതു് ഇസ്‌ലാംമതം സഖ്യത്തേയും സമാധാനത്തേയും യഥാർത്ഥമായി കാംക്ഷിക്കുന്നുണ്ടെന്നും, അന്യായമായി മുസ്‌ലിംകളെ ദ്രോഹിക്കുകയോ, ഇസ്‌ലാംമത പ്രചരണത്തെ തടയുകയോ ചെയ്യുന്നതായാൽ മാത്രമേ യുദ്ധത്തിന്നു അതു സമ്മതം നൽകുന്നുള്ളുവെന്നുമാകുന്നു.

ലോകത്തിലെ സവ്വജനങ്ങളുടേയും നേരെ ഇറക്കപ്പെട്ട വിശുദ്ധ ഖുർആൻ ലോകസമാധത്തിന്നുള്ള തറയെ ഉറപ്പിച്ചിരിക്കുന്നു. മത്സരത്തിൻെറ മൂലകാരണമായി സ്ഥിതിചെയ്യുന്ന, മനുഷ്യരുടെ സവ്വവിധ സ്വാത്ഥങ്ങളേയും അതു പാടെ വിപാടനം ചെയ്യുകയും, മനുഷ്യൻ ഹൃദയപൂർവ്വം ചെയ്യുന്ന സവ്വ പ്രവൃത്തികളുടേയും ഉദ്ദേശം അൽലാഹുവിൻെറ പ്രീതി മാത്രമായിരിക്കേണമെന്നു നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അൽലാഹു അൻആം സൂറത്തിൽ പറയുന്നതാവിതു്. "എൻെറ നമസ്കാരവും ആരാധനയും, ജീവിതവും, മരണവും ലോകരക്ഷിതാവും, യാതൊരു കൂറുകാരനുമില്ലാത്തവനുമായ അൽലാഹുവിന്നു വേണ്ടിയാണു് എന്നു പറയുക'' (അൻആം 163-164) ഓരോരുത്തനും അൽലാഹുവിൻെറ പ്രീതിയെ മാത്രം ഉദ്ദേശിച്ചു പ്രവത്തിക്കുകയെന്നതു് മനുഷ്യസമുദായത്തിൻെറ ഏകീകരണത്തിന്നുള്ള ഏക മാർഗ്ഗമാണു്. ഉദ്ദേശം ഏകീകൃതമാകുമ്പോൾ പരസ്പരഛിദ്രത്തിന്നു് മാർഗ്ഗംതന്നെ ശേഷിക്കുന്നതല്ല.

**ഉടമ്പടി.**- ഇതു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒരു വിഷയമാകയാൽ ഇതിനെപ്പററി ഇവിടെ അല്പം വിവരിക്കാതെ കഴികയില്ല. "സത്യവിശ്വാസികളെ! ഉടമ്പടികളെ നിങ്ങൾ പൂർത്തീകരിക്കുവിൻ" (മായിദഃ 1) എന്നു മാഇദഃ സൂറത്തിൽ അല്ലാഹു കല്പിച്ചിരിക്കുന്നു. "കരാറിനെ പൂർത്തീകരിക്കുവിൻ. അവസാന ദിവസം അതിനെപ്പററി തീർച്ചയായും ചോദ്യമുണ്ടാകുന്നതാണ്." (ഇസ്രാഅ് 34) എന്നു ഇസ്രാസൂറത്തിലും പറഞ്ഞിരിക്കുന്നു. കൂടാതെ നിസാഅ് സൂറത്തിലുള്ളതും, ശത്രുക്കളെ കണ്ടേടത്തു വെച്ചു കൊല്ലേണമെന്നുള്ളതുമായ കല്പനയുടെ തുടർച്ചയായി, "നിങ്ങളുമായി ഉടമ്പടി ചെയ്തിട്ടുള്ള ആളുകളുടെ അടുക്കൽ, അവർ ചെന്നു ചേർന്നാൽ ഒഴികെ," (നിസാഅ് 90) എന്നു പറഞ്ഞിരിക്കുന്നു തങ്ങളുമായി ഉടമ്പടി ചെയ്ത അന്യ മതസ്ഥന്മാരുടെ അടുക്കൽ തങ്ങളുടെ കഠിനശത്രു അഭയം പ്രാപിക്കുന്നതായാൽപോലും, ആ ശത്രുവിനെ കൊല്ലുവാൻ മുസ്‌ലിംകൾക്കു പാടില്ലെന്നും ഇതിൽനിന്നു തെളിയുന്നു. അറിയാതെ ഒരു മുസ്‌ലിമിനെ കൊന്നുപോയാൽ കൊടുക്കേണ്ടതായ നഷ്ടംതന്നെ, തങ്ങളുമായി ഉടമ്പടി ചെയ്തിട്ടുള്ള ഒരു അന്യമതസ്ഥനെ കൊന്നാലും, മുസ്‌ലിംകൾ കൊടുക്കേണ്ടതാണെന്നു വിശുദ്ധ ഖുർആൻ കല്പിച്ചിട്ടുള്ളതും ഉടമ്പടിയുടെ പ്രാധാന്യത്തിന്നു ഒരു തെളിവാകുന്നു. ഇതിന്നും പുറമെ അൻഫാൽ സൂറത്തിലെ താഴെ പറയുന്ന വാക്യത്തിൽ

നിന്നു, ഇസ്‌ലാമിക സാഹോദര്യത്തേക്കാളും ഉടമ്പടി യെയാണ് ഇസ്‌ലാംമതം വിലമതിച്ചിട്ടുള്ളതെന്നു കാ ണാവുന്നതാണ്.

"മുസ്‌ലിംകൾ നിങ്ങളോടു മതകാര്യത്തിൽ സഹാ യത്തിന്നപേക്ഷിച്ചാൽ സഹായിക്കേണ്ടതു് നിങ്ങളുടെ കടമയാണ്. നിങ്ങളുമായി കരാർ ചെയ്തിട്ടുള്ളവരോടു എതിക്കുവാൻ വേണ്ടിയാണെങ്കിലൊഴികെ" (അൻഫാ ൽ 12)

ഖുറൈശികളും നബിയുമായും തമ്മിലുണ്ടായ ഹു ദൈബിയാ സന്ധിയിൽ "മക്കയിൽനിന്നു വല്ലവനും മു സ്‌ലിംകളുടെ കൂട്ടത്തിൽ ചെന്നുചേന്നാൽ അവനെ മട ക്കി അയക്കുന്നതാണ്" എന്നു് ഒരു വകുപ്പുണ്ടായിരുന്ന തിനാൽ ഒരു മുസ്‌ലിമായിരുന്ന അബൂജന്തൽ മക്കക്കാ രുടെ തടവിൽനിന്നു എങ്ങിനെയോ രക്ഷപ്പെട്ടു നബിയു ടെ അടുക്കൽ ചെന്നു തൻെറ ശരീരത്തിലുണ്ടായിരുന്ന പരുക്കുകൾ കാണിച്ചുകൊണ്ടു തന്നെ, മദീനത്തേക്കു കൊണ്ടുപോകേണമെന്നു അപേക്ഷിച്ചപ്പോൾ, തിരുമേ നി അദ്ദേഹത്തിൻെറ പിതാവോടു സമ്മതം ചോദിച്ച തും, അദ്ദേഹം സ്വീകരിക്കാഞ്ഞതിനാലും, ഉടമ്പടിയെ അനാദരിക്കുവാൻ നിവൃത്തിയില്ലാഞ്ഞതിനാലും, മുസ് ലിംകളുടെ ഹൃദയങ്ങൾ തപിച്ചുകൊണ്ടിരിക്കവെ, അദ്ദേ ഹത്തെ മടക്കി അയക്കുവാൻ തിരുമേനി നിർബ്ബന്ധിത നായതും, മുമ്പു പറഞ്ഞിരിക്കുന്നുവല്ലോ.

**ബന്ധനസ്ഥന്മാർ:—** യുദ്ധത്തിൽ ബന്ധനത്തിലകപ്പെടുന്ന ആളുകളെപ്പററി ഖുർആനിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "നിങ്ങൾ അവരുടെ ശക്തിയെ ക്ഷയിപ്പിച്ചാൽ, അവരെ പിടിച്ചു കെട്ടി തടവുകാരാക്കുവിൻ പിന്നീട് വെറുതെയോ, പിഴ വാങ്ങിയോ, അവരെ വിട്ടയക്കുവിൻ." (ഖിത്താൽ 4) തടവുകാരെസ്സംബന്ധിച്ച ഇതല്ലാതെ മറെറാരു വിധിയും ഖുർആനിലില്ല.

**അടിമത്തം:—**വിശുദ്ധ ഖുർആൻെറ ആവിർഭാവകാലത്ത് അറബികൾ, അനേകം സ്ത്രീപുരുഷന്മാരെ അടിമകളാക്കി വെച്ചിരുന്നു. അടിമസ്ത്രീകളെ അവരുടെ യജമാനന്മാർ ഭാര്യമാരെപ്പോലെ നിറുത്തിവരാറു പതിവായിരുന്നു. വിശുദ്ധ ഖുർആൻ ഈ ആചാരത്തെ വിരോധിച്ചിട്ടില്ല. എങ്കിലും അത്, അടിമകളെ മോചിപ്പിക്കുന്നതിന്നു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, അതിന്നായി താഴെ വിവരിക്കുന്ന മൂന്നു പ്രത്യേക മാർഗ്ഗങ്ങളെ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(1) ഉപകാരസ്മരണക്കായി മനുഷ്യന്നു സൃഷ്ടികർത്താവിനോടുള്ള കടമകളെ ബലദ്സൂറത്തിൽ പറഞ്ഞ സ്ഥലത്ത് ഒന്നാമതായി അടിമത്തമോചനത്തെയാണ് എണ്ണീട്ടുള്ളത്. "നാം അവന്നു രണ്ടു കണ്ണും ഒരു നാവും രണ്ടു ചുണ്ടും നൽകുകയും, രണ്ടു മാർഗ്ഗങ്ങൾ (സന്മാർഗ്ഗവും ദുർമ്മാർഗ്ഗവും) കാണിച്ചുകൊടുക്കുകയും ചെയ്തില്ലയോ? എന്നിട്ടും അവൻ ആ കടവഴിയെ എന്തുകൊണ്ടു കടക്കുന്നില്ല? ആ കടവഴി എന്താണെന്നു നിങ്ങൾക്കറിയാമോ?

അതു അടിമത്തത്തെ മോചിപ്പിക്കുകയാകുന്നു (ബലദ് 8-9-10-11-12-13)

(2) സക്കാത്തു് ധനം കൊടുക്കേണ്ടവരായ എട്ടു സംഘക്കാരിൽ ഒരു സംഘമായി അടിമകളെ ഉൾപ്പെടുത്തിയിരിക്കുന്നു

(3) അടിമയെ മോചിപ്പിക്കൽ ചില പാപങ്ങൾക്കു പ്രായശ്ചിത്തമായി നിശ്ചയിച്ചിരിക്കുന്നു.

റസൂൽകരീം അടിമകളെ സ്വതന്ത്രരാക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെ വിവരിക്കുകയും, ജനങ്ങൾക്കു മാതൃകായോഗ്യമായിത്തീരത്തക്കവണ്ണം പ്രവൎത്തിച്ചു കാണിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

**ആരാധനകൾ:**—(1) നമസ്കാരം മക്കയിൽനിന്നു തന്നെ ആരംഭിച്ചു. അതിനാൽ ജുമുഅഃ നമസ്കാരത്തെപ്പററി മാത്രം ജുമുഅഃ സൂറത്തിലും, ഭയങ്കരസമയത്തെ നിസ്കാരത്തെപ്പററി നിസാഅ് സൂറത്തിലുമല്ലാതെ നമസ്കാരത്തെപ്പററി മദീനാവചനങ്ങളിൽ കൂടുതലായി പ്രതിപാദിച്ചിട്ടില്ല. പക്ഷെ നിസ്കാരത്തെ കൃത്യമായും ശ്രദ്ധയോടുകൂടിയും ആചരിക്കേണ്ടതാണെന്നു അവയിലും ശാസിച്ചിട്ടുണ്ടു്. നിസ്കാരത്തിന്നു ബാങ്കു നടപ്പാക്കിയതു് ഹിജ്റ ഒന്നാം സംവത്സരത്തിലാണു്. ജൂതന്മാരുടേയും ക്രിസ്ത്യാനികളുടേയും ഖിബ്ലഃ (നിസ്കാരത്തിൽ നേരിടുന്ന സ്ഥലം) ആയിരുന്ന ബൈത്തുൽ മുഖദ്ദസിലേക്കു തിരിഞ്ഞുകൊണ്ടു തന്നെയായിരുന്നു മുസ്ലിംകൾ മദീനത്തുനിന്നും നമസ്കരിച്ചിരുന്നതു്. എന്നാൽ ഇബ്രാഹീം

നബിയുടെ ഖിബ്'ലയായിരുന്ന കഅബ്‌ തന്നെ മുസ്ലിംകൾക്കും ഖിബ്'ല ആയിരിക്കണമെന്നു റസൂൽകരീമിന്നു വലിയ ആഗ്രഹവുണ്ടായി ഹിജ്രയ്ക്കുശേഷം 17 മാസം കഴിഞ്ഞതിൽപ്പിന്നെ തിരുമേനിയുടെ ഇഷ്ടപ്രകാരം കഅബയുടെ നേരെ തിരിഞ്ഞുകൊണ്ടു നിസ്കരിക്കുവാൻ അൽലാഹു കല്പിച്ചു

(2) ഹിജ്ര രണ്ടിൽ നോമ്പു നിർബ്ബന്ധമാവുകയും ഖുർആൻ ഇറക്കപ്പെട്ട കാലമായ റമസാൻ മാസത്തെ അതിന്നു നിജപ്പെടുത്തുകയും ചെയ്തു.

(3) സക്കാത്തും (നിർബ്ബന്ധദാനം) നിർബ്ബന്ധമായതു് മദീനയിൽവെച്ചുതന്നെയാണ്. സക്കാത്തിൻെറ ധനം ഇന്നിന്ന മാർഗ്ഗങ്ങളിലാണ് ചിലവാക്കേണ്ടതെന്നു് തൌബഃ സൂറത്തിൽ വിവരിച്ചിട്ടുണ്ട്. ഹിജ്ര ഒമ്പതിൽ സക്കാത്ത് പിരിക്കുവാൻ വേണ്ടി നബി ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും അവക്കയച്ച ഒരു സന്ദേശത്തിൽ സക്കാത്തിനെക്കുറിച്ചുള്ള വിസ്തീർണ്ണ വിവരം എഴുതിക്കുകയും ചെയ്തു

(4) ഹജ്ജിൻെറ ചരിത്രവും ഉദ്ദേശങ്ങളും ഹജ്ജ് സൂറത്തിൽ പറയപ്പെട്ടിരിക്കുന്നു ഹിജ്ര എട്ടിൽ ആലി ഇംറാൻ സൂറത്തിൽ കഅബയുടെ പ്രാഥമ്യത്തേയും ശ്രേഷ്ഠതകളേയും വിവരിച്ചുകൊണ്ടു് ഹജ്ജ് നിർബ്ബന്ധമാക്കി.

**സമുദായബന്ധം:**—മേൽപ്രസ്താവിച്ച ഹജ്ജും സക്കാത്തുമാണ് സമുദായബന്ധത്തിൻെറ പ്രധാന അസ്ഥി

വാരം. അവയുടെ വിസ്തീർണ്ണവിവരണം കർമ്മശാസ്ത്ര പണ്ഡിതന്മാർ തങ്ങളുടെ അവകാശമായി കരുതിവരുന്നതിനാൽ, അവരുടെ അവകാശാതിർത്തികളിൽ കാലുവെയ്ക്കുവാൻ ഞാൻ വിചാരിക്കുന്നില്ല ധനവാന്മാരുടെ ധനം കൊണ്ടു് ദരിദ്രന്മാർക്കു സഹായം ലഭിക്കുകയെന്നുള്ളതു് സക്കാത്തിൻെറയും, ലോകത്തിൻെറ നാനാ ഭാഗങ്ങളിലുമുള്ള മുസ്'ലീംകൾ അറഫായിൽ ചെന്നുകൂടി അൽലാഹുവിനെ സ്തോത്രം ചെയ്യുകയും അന്യോന്യം പരിചയിക്കുകയും ആലോചനകൾ നടത്തുകയും പരസ്പരം സഹായിക്കുവാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചറിയുകയും ചെയ്യുക എന്നുള്ളതു് ഹജ്ജിൻെറയും ഉദ്ദേശങ്ങളാകയാൽ ഇവ രണ്ടും സമുദായ ബന്ധത്തിന്നും സമുദായാംഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിന്നും വളരെ സഹായകങ്ങളായിത്തീർന്നിരിക്കുന്നു ആരാധനകളെപ്പററി ഇത്രമാത്രം പറഞ്ഞുകൊണ്ടു് മററു വിഷയങ്ങളെക്കുറിച്ചും മൊത്തമായി വിവരിച്ചുകൊള്ളാം

**സമത്വവും സഹോദരത്വവും:**- സർവ്വ മുസ്'ലീംകളും പരസ്പരം സഹോദരന്മാരാണെന്നുള്ളതു് ഇസ്'ലാം മതത്തിലെ ഒരു വിശിഷ്ട തത്വമാണു് തറവാട്ടു മഹിമയെ അടിസ്ഥാനമാക്കി ജനങ്ങൾ നിർമ്മിച്ചിട്ടുള്ളതും, സഹോദരത്വത്തിന്നു പ്രതിബന്ധമായിട്ടുള്ളതുമായ സർവ്വ ആചാരങ്ങളേയും ഇസ്'ലാം എടുത്തുകളഞ്ഞിരിയ്ക്കുന്നു. "മുസ്'ലീംകൾ അന്യോന്യം സഹോദരന്മാരാണു്" (ഹുജ്ജുറാത്തു് 10) എന്നു ഹുജ്ജുറാത്തു് സൂറത്തിൽ അൽ

ലാഹു പറഞ്ഞിരിക്കുന്നു. തറവാട്ടുമഹിമയെക്കുറിച്ചുള്ള അഭിമാനം നിരർത്ഥമാണെന്നും, പദവിയുടെ മാർഗ്ഗം ഭക്തി മാത്രമാണെന്നും, താഴെ പറയുന്ന ഖുർആൻ വാക്യത്തിൽ നിന്നു തെളിഞ്ഞിരിക്കുന്നു.

"ഹേ, ജനങ്ങളെ! നാം നിങ്ങളെ ഒരേ സ്ത്രീപുരുഷന്മാരിൽനിന്നു സൃഷ്ടിക്കുകയും, അന്യോന്യം അറിയുവാനായി വിവിധ സംഘങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും നിങ്ങളിൽ വെച്ച് അധികം ഭക്തിയുള്ളവനാണ് നിങ്ങളിൽ അതി ശ്രേഷ്ഠൻ" (ഹുജ്ജുറാത്ത് 13) ഗോത്രങ്ങളുടേയും കുടുംബങ്ങളുടേയും ആവശ്യം നേരിട്ടുള്ള പരസ്പരം മനസ്സിലാക്കുവാൻ വേണ്ടി മാത്രമാണെന്നും, പദവി ഭക്തിയെ ആശ്രയിച്ചാണ് സ്ഥിതി ചെയ്യുന്നതെന്നും, ഇതിൽനിന്നു സ്പഷ്ടമായി മക്കാവിജയാവസരത്തിൽ തിരുമേനി ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞിട്ടുണ്ട്. "അറബിക്ക് അനറബിയേക്കാളും, അനറബിക്ക് അറബിയേക്കാളും യാതൊരു ശ്രേഷ്ഠതയുമില്ല. ജനങ്ങളെല്ലാം ആദമിൻെറ സന്താനങ്ങളും, ആദം സൃഷ്ടിക്കപ്പെട്ടതു് മണ്ണിൽനിന്നുമാകുന്നു"

**മുസ്ലിംകൾ തമ്മിലുള്ള കടമകൾ:**—സർവ്വ മുസ്ലിംകളുടേയും അവകാശം സമമാണെന്നും ഒരുവൻെറ ജീവന്നോ ധനത്തിന്നോ മാനത്തിന്നോ ഭംഗം നേരിടീക്കുവാൻ മററുള്ളവക്കു പാടില്ലെന്നും ഖുർആൻ കല്പിച്ചിരിക്കുന്നു നിസാഅ് സൂറത്തിൽ ഇങ്ങിനെ പറയപ്പെട്ടിരിക്കുന്നു. ഒരു മുഅ്മിനിനും (സത്യവിശ്വാ

സിക്കും) മുഅ്മിനിനെ കൊല്ലുവാൻ പാടുള്ളതല്ല. എങ്കിലും ശത്രുവാണെന്നു തെററിദ്ധരിച്ചു കൊന്നാൽ പാപമില്ല" (നിസാഅ് 92) മനഃപൂർവ്വം മുഅ്മിനെ കൊല്ലുന്നവന്നു ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് അൽലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു "വല്ലവനും ഒരു മുഅ്മിനിനെ മനഃപൂർവ്വം കൊല്ലുന്നതായാൽ അവൻെറ പ്രതിഫലം നരകമാകുന്നു. അവൻ അതിൽ ശാശ്വതമായി വസിക്കുന്നതാണ്. അൽലാഹു അവനെ ദ്വേഷിക്കുകയും ശപിക്കുകയും അവന്നു വലിയ ശിക്ഷ തെയ്യാറാക്കി വെക്കുകയും ചെയ്തിരിക്കുന്നു. (നിസാഅ് 93) ഹുജൂറാത്ത് സൂറത്തിൽ അൽലാഹു പറയുന്നതാവിതു്. "സത്യവിശ്വാസികളെ! നിങ്ങളിൽനിന്നുള്ള പുരുഷന്മാർ അന്യോന്യം പരിഹസിക്കാതിരുന്നുകൊള്ളട്ടെ. പരിഹസിക്കപ്പെട്ടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമന്മാരായിരിക്കുവാൻ ഇടയുണ്ടു്. സ്ത്രീകളും അന്യോന്യം പരിഹസിക്കാതിരിക്കേണ്ടതാണ് പരിഹസിക്കപ്പെട്ടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളേക്കാൾ നല്ലവരായിരിക്കാവുന്നതാണ്. നിങ്ങൾ അന്യോന്യം കുററം പറയുകയും, ചീത്തപ്പേരുകളെക്കൊണ്ടു് വിളിക്കുകയും ചെയ്യരുതു്. ഈ ദുർഗ്ഗുണങ്ങൾ സത്യവിശ്വാസത്തിന്നു ശേഷം എത്ര നീചമായിട്ടുള്ളവയാണ്!! ഇവയിൽനിന്നു വിരമിക്കാത്തവർ തീർച്ചയായും അക്രമികളാണ്. സത്യവിശ്വാസികളെ, ഊഹങ്ങളിൽ അധികവും നിങ്ങൾ ഉപേക്ഷിക്കേണ്ടതാണ്. ഊഹങ്ങളിൽ ചിലതു തീർച്ചയായും കുററമാക

ന്നു. നിങ്ങൾ മുസ്ലിംകളുടെ കുറവുകൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയും അന്യോന്യം അധിക്ഷേപിക്കുകയും ചെയ്യരുതു്. സ്വസഹോദരന്റെ മാംസം തിന്നുവാൻ നിങ്ങളിൽ ആരെങ്കിലും വിചാരിക്കുന്നുവോ? (ഹുജ്ജുറാത്ത് 11-12)

**സാമുദായിക കടമ:**—മുസ്ലീംകൾ പരസ്പരം സഹായിക്കുകയും ദിവ്യമതം ലോകത്തിലെ സർവ്വ സമുദായങ്ങളിലും പ്രചരിപ്പിക്കുകയും, നന്മയെ പരത്തുകയും തിന്മയെ നശിപ്പിക്കുകയും ചെയ്വാൻ കടപ്പെട്ടവരാകയാൽ, വിശിഷ്ട സമുദായമെന്ന നാമധേയം അല്ലാഹു അവക്കു നൽകിയിരിക്കുന്നു. അവൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "മനുഷ്യൎക്കു വേണ്ടി അയക്കപ്പെട്ട സമുദായങ്ങളിൽവച്ചു ഉത്തമസമുദായം നിങ്ങളാകുന്നു. നിങ്ങൾ സല്കൎമ്മത്തെ ഉപദേശിക്കുകയും ദുഷ്കൎമ്മത്തെ വിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു." (ആലു ഇംറാൻ 109) ഇങ്ങിനെ ചെയ്യുന്നവൎക്കു ഇഹത്തിൽ വെച്ചുതന്നെ അല്ലാഹു നല്കുന്ന പദവിയെ കുറിച്ചു അവൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "നിങ്ങളിൽ നിന്നു സത്യവിശ്വാസം കൈക്കൊള്ളുകയും സല്കൎമ്മങ്ങൾ പ്രവൎത്തിക്കുകയും ചെയ്തിട്ടുള്ളവൎക്കു് ഭൂമിയിൽ ആധിപത്യം നൽകുന്നതാണെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (നൂറ്-55) അവരുടെ പരലോക ഗുണത്തെക്കുറിച്ചു അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതു് ഇപ്രകാരമാണു് "സത്യവിശ്വാസത്തെ അവലംബിച്ച പുരുഷന്മാൎക്കും സ്ത്രീകൾക്കും, താഴ്ഭാഗത്തു പ

ല നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അൽലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവയിൽ അവർ സ്ഥിരമായി വസിക്കുന്നതാണ്." (തൌബഃ 72)

മേൽ പ്രസ്താവിച്ച സമുദായ കടമകളെ നിർവ്വഹിക്കാത്തവർ അനുഭവിക്കേണ്ടിവരുന്ന ശിക്ഷയെപ്പററി അവൻ പറയുന്നതാവിതു്. "നബി അവരോടു ഇങ്ങിനെ പറയുവിൻ—നിങ്ങളുടെ പിതാക്കന്മാരും പുത്രന്മാരും സഹോദരന്മാരും ഭാര്യമാരും കുടുംബക്കാരും നിങ്ങൾ സമ്പാദിച്ച സമ്പത്തുകളും നിങ്ങൾ മുടങ്ങിപ്പോകുമെന്നു ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ പ്രിയപ്പെടുന്ന വീടുകളും, അൽലാഹുവിനേയും അവൻെറ റസൂലിനേയും അവൻെറ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നതിനേയും അപേക്ഷിച്ച നിങ്ങൾക്കു പ്രിയപ്പെട്ടവയാണെങ്കിൽ, അൽലാഹുവിൻെറ വിധി വരുന്നതുവരെ നിങ്ങൾ കാത്തിരിക്കുവിൻ. അൽലാഹു തെമ്മാടികളായ ആളുകളെ സത്യമാർഗ്ഗത്തിൽ ചേർക്കുന്നതല്ല." (തൌബഃ 24)

**ഗൃഹജീവിതം:**—ഗൃഹജീവിതത്തിലുള്ള സുഖത്തിൻെറ അസ്തിവാരം ഭാര്യാഭർത്താക്കന്മാരുടെ കൂട്ടുകെട്ടാകുന്നു. തന്നിമിത്തം വിവാഹബന്ധത്തെ അൽലാഹു ശക്തിമത്താക്കി. അവൻ സ്ത്രീപുരുഷന്മാർ തമ്മിൽത്തമ്മിൽ സ്നേഹം ഉണ്ടാക്കുകയും, അവരുടെ പാതിവ്രത്യ രക്ഷയ്ക്കു പുരുഷന്മാരെ സ്ത്രീകളുടേയും, സ്ത്രീകളെ പുരുഷന്മാരുടേയും വസ്ത്രമാക്കുകയും ചെയ്തിട്ടുള്ളത് അവൻെറ അനുഗ്രഹമായി ഖുർആനിൽ വർണ്ണിച്ചിരിക്കുന്നു. വി

വാഹം ചെയ്യാൻ പാടില്ലാത്ത സ്ത്രീകഠം ആരൊക്കെയാണെന്നു നിസാഅ് സൂറത്തിൽ വിശദമായി വിവരിച്ചിരിക്കുന്നു. ഇതിന്നു പുറമെ ബഹുദൈവാരാധനക്കാരുമായി വിവാഹബന്ധം പാടില്ലെന്നു ബഖറഃ സൂറത്തിലും, വ്യഭിചാരിണികളുമായി പാടില്ലെന്നു നൂർ സൂറത്തിലും, അവൻ പറഞ്ഞിരിക്കുന്നു. മാഇദഃ സൂറത്തിൽ വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യാൻ മുസ്ലിംകഠംക്കു അനുവാദം നൽകിയിട്ടുണ്ടു്.

കൂടാതെ നീതിപൂർവ്വം ഇടപെടുവാൻ കഴിയുന്നപക്ഷം ഒരേ കാലത്തുതന്നെ നാലു ഭാര്യമാരെ നിറുത്തുവാൻ പുരുഷന്മാൎക്കു അനുവാദം കൊടുക്കുകയും നീതിയോടുകൂടി ഇടപെടുവാൻ കഴികയില്ലെന്നു ഭയമുള്ളപക്ഷം ഏക ഭാര്യയെക്കൊണ്ടു തൃപ്തിപ്പെടേണ്ടതാണെന്നു നിഷ്കൎഷിക്കുകയും ചെയ്തിട്ടുണ്ടു്. സ്ത്രീക്കു മഹ്ർ (വിവാഹം നിമിത്തം പുരുഷനിൽനിന്നു സ്ത്രീക്കു കിട്ടേണ്ട ധനം) പുരുഷൻ കൊടുക്കേണ്ടതാണെന്നു ഖുർആൻ കല്പിച്ചിരിക്കുന്നു. പക്ഷെ അതു ഇത്ര വേണമെന്നു നിജപ്പെടുത്തീട്ടില്ല. കുടുംബനായകത്വം പുരുഷന്നു നൽകിയിരിക്കുന്നുവെങ്കിലും, ഇരുപേരും തമ്മിലുള്ള ബാദ്ധ്യതകഠംക്കു യാതൊരു വ്യത്യാസവും കല്പിച്ചിട്ടില്ല. ഭാര്യമാരോടു സൌമ്യതയോടും സ്നേഹത്തോടുംകൂടി ഇടപെടേണ്ടതാണെന്നു വിശുദ്ധ ഖുർആൻ പുരുഷന്മാരോടു കല്പിച്ചിരിക്കുന്നു. ഭാര്യാഭൎത്താക്കന്മാർ വിപരീതസ്വഭാവികളായിരിക്കുന്നപക്ഷം, അവർ തമ്മിലുള്ള വിവാഹബന്ധം സുസ്ഥാപിതമായി

രിക്കേണ്ടതിന്നു പല മാർഗ്ഗങ്ങൾ ഖുർആനിൽ വിവരിച്ചിട്ടുണ്ടു്. ഭാര്യമാരോടു സ്നേഹമില്ലാത്ത ഭർത്താക്കന്മാർക്കു വിശുദ്ധ ഖുർആൻ നൽകുന്ന ഉപദേശമാണിതു്. "നിങ്ങൾ അവരുമായി (ഭാര്യമാരുമായി) നല്ല നിലയിൽ സഹവസിക്കുവിൻ. നിങ്ങൾക്കു് അവരോടു വെറുപ്പു തോന്നുന്നപക്ഷം (ക്ഷമിക്കേണ്ടതാണു്) നിങ്ങൾ വല്ല സാധനത്തേയും വെറുക്കുകയും, അൽലാഹു ആ സാധനത്തിൽ വളരെ ഗുണം നൽകുകയും, ചെയ്യുക്കാവുന്നതാണു്." (നിസാഅ് — 19) ഭർത്തൃകല്പനകളനുസരിക്കാതിരിക്കുന്ന ഭാര്യമാരെക്കുറിച്ചു ഭർത്താക്കന്മാരോടു അൽലാഹു ഇപ്രകാരം കല്പിച്ചിരിക്കുന്നു. "വല്ല ഭാര്യമാരെക്കുറിച്ചും, അവർ സ്വാകൃത്യം നിർവ്വഹിക്കുകയില്ലെന്നു നിങ്ങൾക്കു ശങ്ക നേരിട്ടാൽ അവരെ നിങ്ങൾ ഉപദേശിക്കുവിൻ. (സ്വീകരിക്കാത്തപക്ഷം) ശയനസ്ഥലങ്ങളിൽ അവരെ വെടിഞ്ഞുകളയുവിൻ. (എന്നിട്ടും സ്വീകരിക്കുന്നില്ലെങ്കിൽ) അവരെ അടിക്കുവിൻ. അവർ നിങ്ങളെ അനുസരിക്കുന്നതായാൽ വീണ്ടും അവരെ ശിക്ഷിക്കുവാൻ തരം നോക്കരുതു്" (നിസാഅ് 34) ഭർത്താവിനെക്കൊണ്ടു തീർക്കുവാൻ സാധിക്കാത്ത പിണക്കം ഇരുപേരുടേയും ഇടയിൽ ഉണ്ടായിത്തീർന്നാൽ, അതു തീർക്കേണ്ടതിന്നു് അൽലാഹു നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗം താഴെ പറയുന്നു.

"(അവർ) ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിരിഞ്ഞുകളയുമെന്നു നിങ്ങൾ ഭയപ്പെട്ടാൽ, അവൻെറ കുടുംബ

ത്തിൽനിന്നു ഒരു മദ്ധ്യസ്ഥനേയും, അവളുടെ കുടുംബ ത്തിൽനിന്നു് ഒരു മദ്ധ്യസ്ഥനേയും അവരുടെ നേരെ അയക്കുവിൻ. ആ മദ്ധ്യസ്ഥന്മാർ സഖ്യമുണ്ടാക്കുവാൻ വിചാരിക്കുന്ന പക്ഷം അൽലാഹ അവരെ സഹായിക്കു ന്നതാണു്'' (നിസാഅ് 35)

മദ്ധ്യസ്ഥന്മാരെക്കൊണ്ടും യോജിപ്പിക്കുവാൻ സാ ധിക്കാത്തപക്ഷം വിവാഹബന്ധം വിടുത്തുകയല്ലാതെ നിവൃത്തിയില്ലാത്തതിനാൽ, "അവർ തമ്മിൽ പിരിയു ന്നതായാൽ രണ്ടുപേർക്കും സ്വഭണ്ഡാരത്തിൽനിന്നു അൽ ലാഹ ഐശ്വര്യം നൽകുന്നതാണു'' (നിസാഅ് 130) എന്ന വാക്യം മൂലം അനുവാദം നൽകിയിരിക്കുന്നു.

വിവാഹബന്ധം വിടുത്തുന്നതിന്നും പരിശുദ്ധ ഖുർ ആൻ ഒരു പ്രത്യേക ക്രമം നിശ്ചയിച്ചിരിക്കുന്നു. രണ്ടു തലാഖ് (വിവാഹബന്ധം വിടുത്തുക) മാത്രമേ ഉണ്ടായി ട്ടുള്ളുവെങ്കിൽ, ഭർത്താവിന്നു മടക്കി എടുക്കുവാൻ അവ കാശം നല്കിയിരിക്കുന്നു. ഇദ്ദഃ (മററു ഭർത്താവിനെ വ രിക്കേണ്ടതിന്നു നിശ്ചയിച്ച അവധി) കഴിയുന്നതുവരെ ഭാര്യയ്ക്കു ഭർത്തൃഗൃഹത്തിൽതന്നെ നില്ക്കേണ്ടിവരുന്നതാ ണു്. ഇക്കാലത്തു് തൻെറ ഹിതപ്രകാരം ഭാര്യയെ മട ക്കി എടുക്കുവാൻ അവകാശമുണ്ടു്. "അവർ (ഭർത്താക്ക ന്മാർ) ഗുണം ചെയ്വാൻ ഉദ്ദേശിക്കുന്നപക്ഷം അക്കാല ത്തു് (ഇദ്ദഃ കാലത്തു്) അവരെ മടക്കി എടുക്കുവാൻ അ വർ അധികം അവകാശമുള്ളവരാണു്'' (ബഖറ 228) എന്നു ഖുർആനിൽ പറഞ്ഞിരിക്കുന്നു.

മൂന്നു പ്രാവശ്യം തലാഖ് നടന്നുപോയാൽ ആ ഭാര്യാഭർത്താക്കന്മാർ തമ്മിൽ സൌഹാർദ്ദമുണ്ടാവാൻ ഹിതമില്ലെന്നു സ്പഷ്ടമായതിനാൽ അതിന്നു ശേഷം മടക്കിയെടുക്കുവാൻ പാടുള്ളതല്ല. സുന്നത്തനുസരിച്ച് ഒരു തലാഖ് ഒരു മാസത്തിലും രണ്ടാം തലാഖ് രണ്ടാമത്തെ മാസത്തിലുമായിരിക്കയാൽ, ആദ്യത്തെ തലാഖ് മുതൽ ഇദ്ദഃ കഴിയുന്നതുവരെ ഒരു ഗണ്യമായ കാലമുണ്ടാകുന്നതാണ്. സഖ്യതയ്ക്കു വല്ല മാർഗ്ഗവുമുണ്ടെങ്കിൽ അതിനെ അനുവർത്തിക്കുവാൻ ആ കാലം മതിയാകാതെ വരുന്നതല്ല. ആ കാലം കഴിഞ്ഞിട്ടും യോജിപ്പുണ്ടായില്ലെങ്കിൽ പിന്നെ വേർപ്പാടാണ് അധികം നല്ലതു്.

തലാഖിന്നു് നീതിമാന്മാരായ രണ്ടു സാക്ഷികളുണ്ടായിരിക്കേണ്ടതാണ്. ഭർത്താവ് തൻെറ ഭാര്യയ്ക്കു കൊടുത്തിട്ടുള്ള സാധനങ്ങൾ തലാഖ് സമയത്തു് മടക്കിവാങ്ങരുതെന്നും, പിരിയുന്ന അവസരത്തിൽ വല്ല സാധനവും വീണ്ടും കൊടുത്തു് അവളെ യാത്ര അയക്കേണ്ടതാണെന്നും, "വിവാഹബന്ധം വിടുത്തപ്പെട്ട സ്ത്രീകൾക്കു (ഭർത്താക്കന്മാരിൽനിന്നു അവരുടെ സ്ഥിതിക്കനുസരിച്ചു) വല്ലതും കിട്ടേണ്ടതാണ്. അതു കൊടുക്കേണ്ടതു് ഭക്തന്മാരുടെ കടമയാണ്." എന്ന വചനംമൂലം അൽലാഹു കല്പിച്ചിരിക്കുന്നു. ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തെ നിലനിർത്തുവാൻ സഹായകരമായ ഒരു മാർഗ്ഗത്തേയും വിശുദ്ധ ഖുർആൻ വിട്ടുകളഞ്ഞിട്ടില്ലെന്നു മേൽപ്രസ്താവിച്ച വചനങ്ങളിൽനിന്നു തെളിയാതിരിക്കയില്ല.

**അനന്തരാവകാശം:**—ഈ വിഷയത്തിൻെറ പൂർണ്ണ വിവരം നിസാഅ് സൂറത്തിൽ വിസ്തീർണ്ണമായി പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിന്നു മുമ്പ് അറബ്‌രാജ്യത്ത് സ്ത്രീകൾക്ക് അനന്തരസ്വത്തുക്കളിൽ അവകാശമുണ്ടായിരുന്നില്ല. ഖുർആൻ മൂലം അവക്കും അവകാശം ലഭിച്ചു. ഖുർആൻ വിധിപ്രകാരം മിക്കപ്പോഴും അവക്കു ലഭിക്കുന്നത്, പുരുഷൻെറ ഓഹരിയുടെ പാതിയാകുന്നു. പ്രായം തികയാത്ത അനാഥക്കുട്ടികളുടെ സംരക്ഷണത്തേയും അവരുടെ സ്വത്തു സൂക്ഷിക്കേണ്ട ക്രമത്തേയും കാണിക്കുന്ന വചനങ്ങളും ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ ധനം അവരെ ഭരമേല്പിക്കേണ്ടതു് എപ്പോഴാണെന്നും ഇതിൽ കാണിച്ചിരിക്കുന്നു.

**ഇടവാടുകൾ:**—ഇടവാടുകളുടെ മൂലസിദ്ധാന്തങ്ങളായ താഴെ പറയുന്ന കാര്യങ്ങൾ ഖുർആനിൽ പലയിടങ്ങളിലും പറയപ്പെട്ടിരിക്കുന്നു

(1) വാഗ്ദാനത്തേയും കരാറിനേയും പൂർത്തീകരിക്കുക. എന്നാൽ ഇതു് ഇടവാടുകളെ സംബന്ധിച്ച മാത്രമുള്ള ഒരു വിധിയല്ല. മതസംബന്ധവും ഐഹികവുമായ സർവ്വ വിഷയങ്ങൾക്കും ഇതു ബാധകമാണ്.

(2) അന്യോന്യം തൃപ്തിയോടുകൂടി ചെയ്യപ്പെടുന്ന വ്യാപാരംമൂലം സിദ്ധിക്കുന്ന ലാഭം അനുഭവിക്കാവുന്നതും ജനങ്ങളുടെ ധനം അന്യായമായി കൈക്കലാക്കുന്നതു തെറ്റുമാകുന്നു.

(3) ബഖറഃ സൂറത്തിൽ പലിശയെ കഠിനമായി വിരോധിക്കുകയും, പലിശ മുതൽ തിന്നുന്നവരെ കഠിന വാക്കുകളെക്കൊണ്ടു് അധിക്ഷേപിക്കുകയും ചെയ്തിട്ടുണ്ടു്.

(4) ബഖറഃ സൂറത്തിൻെറ അവസാനത്തിലുള്ള ഖുർആനിലെ ഏററവും വലിയ വചനത്തിൽ ഇടവാടകളുടെ ക്രമത്തെ വിവരിച്ചിരിക്കുന്നു. കടം അല്പമായാലും അധികമായാലും എഴുതിവെയ്ക്കേണ്ടതാണെന്നും, സാക്ഷികൾ ഉണ്ടായിരിക്കേണ്ടതാണെന്നും, റൊക്കം നടക്കുന്ന ഇടവാടുകളെ എഴുതേണ്ടതില്ലെന്നും, കടത്തിന്നു പണയം കൊടുക്കുന്നതിന്നു വിരോധമില്ലെന്നും, സാക്ഷികൾ ഇടവാടിനെ മറച്ചുവെയ്ക്കുന്നതു തെററാണെന്നും എഴുത്തുകാരനേയും സാക്ഷികളേയും ഇടവാടുകാർ ബുദ്ധിമുട്ടിക്കരുതെന്നും അതിൽ പറഞ്ഞിട്ടുണ്ടു്.

**ആചാരങ്ങൾ:**—(1) അന്യൻെറ വീട്ടിൽ കടക്കുമ്പോൾ സമ്മതം വാങ്ങേണ്ടതാണെന്നും, ചില പ്രത്യേക സമയങ്ങളിൽ അവനവൻെറ വീട്ടിൽ വട്ടവന്മാർ, അടിമസ്ത്രീകൾ, കുട്ടികൾ എന്നിവരെപ്പോലും സമ്മതം കൂടാതെ കടക്കുവാൻ അനുവദിക്കരുതെന്നും, നൂർ സൂറത്തിൽ പറയപ്പെട്ടിരിക്കുന്നു. (2) സ്ത്രീകൾ അവരുടെ പ്രത്യക്ഷമല്ലാത്ത സൌന്ദര്യത്തെ, വിവാഹം വിരോധിക്കപ്പെട്ട ബന്ധുപുരുഷന്മാരുടെ അരികെ വെച്ചല്ലാതെ വെളിവാക്കരുതെന്നും, അവൻ സ്വശരീരത്തെ വസ്ത്രംകൊണ്ടു മറക്കേണ്ടതാണെന്നും, ആ സൂറത്തിൽ അൽലാഹു കല്പിച്ചിരിക്കുന്നു. (3) നിങ്ങൾക്കു വല്ലവനും സലാം പറഞ്ഞാൽ

അപ്രകാരം തന്നെയോ, അതിലും നല്ല പ്രകാരത്തിലോ, നിങ്ങൾ അവന്നും സലാം പറയേണ്ടതാണെന്നു ഖുർആൻ കല്പിച്ചിരിക്കുന്നു.

**പ്രതികാരം:**— ഒരുവൻ കൊല്ലപ്പെട്ടാൽ പ്രതികാരത്തിന്നായി കൊന്നവൻെറ ബന്ധുക്കളിൽ കണ്ടുകിട്ടുന്ന ആളെ കൊല്ലുകയായിരുന്നു ഇസ്‌ലാമിന്നു മുമ്പുണ്ടായിരുന്ന പതിവു്. പരിശുദ്ധ ഖുർആൻ അതിനെ വിരോധിക്കുകയും കൊന്നവനോടല്ലാതെ പ്രതിക്രിയ ചെയ്യാൻ പാടില്ലെന്നു കല്പിക്കുകയും ചെയ്തു. കൊല്ലപ്പെട്ടവൻെറ രക്ഷിതാവിന്നു കൊന്നവന്നു മാപ്പു കൊടുക്കുവാനുള്ള അവകാശവും പരിശുദ്ധ ഖുർആൻ നൽകിയിരിക്കുന്നു.

**ശിക്ഷകൾ:**—താഴെ പറയുന്ന പ്രത്യേക കുററങ്ങൾക്കുള്ള മൂന്നു ശിക്ഷകളെ നിജപ്പെടുത്തുകയും, മററുള്ള കുററങ്ങളുടെ ശിക്ഷകൾ നിർണ്ണയിക്കുവാനുള്ള അവകാശം ന്യായാധിപന്മാൎക്കു വിട്ടുകൊടുക്കുകയുമാണു് ഖുർആൻ ചെയ്തിട്ടുള്ളതു്.

(1) കള്ളൻെറ കൈ മുറിക്കുക. രാജദ്രോഹിയുടെയും കവച്ചക്കാരൻെറയും കാലും മുറിക്കേണ്ടതാണു്. ഈ കുററക്കാരുടെ അപരാധ ഗൌരവത്തിന്നനുസരിച്ചു ഇവരെ കൊല്ലുകയോ, നാടു കടത്തുകയോ ചെയ്യാനും ന്യായാധിപന്നു അധികാരമുണ്ടു്.

(2) വ്യഭിചാരിയുടേയും വ്യഭിചാരിണിയുടേയും ശിക്ഷ 100 അടിയാണു്. പക്ഷെ കണ്ടിട്ടുള്ള നാലു സാക്ഷികൾമൂലം തെളിയേണ്ടതാണു്.

(3) വ്യഭിചാരകുററം കളവായി ചുമത്തുന്നവന്നു് 80 അടി ശിക്ഷ വിധിച്ചിട്ടുണ്ടു്.

ഖുർആനിലടങ്ങീട്ടുള്ള തത്വങ്ങളെ മൊത്തമായി വിവരിക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളു. മനുഷ്യജീവിതത്തിൽ ഓരോ ഘട്ടത്തിലേക്കും ആവശ്യമായ മാർഗ്ഗദർശനങ്ങളടങ്ങിയ ആ വിശുദ്ധ ഗ്രന്ഥത്തിലെ എല്ലാ വിഷയങ്ങളേയും ഇവിടെ വിവരിക്കുവാൻ സാധിക്കുന്നതല്ല.

# ആകൃതിയും സ്വഭാവവും

റസൂൽകരീമിൻെറ പരിശ്രമത്തിന്നു കഠിന മത്സരങ്ങളും, ശക്തിമത്തായ പ്രതിഷേധങ്ങളും, ഉണ്ടായിരുന്നിട്ടുപോലും, വിജയം ലഭിച്ചതു് എന്തുകൊണ്ടായിരുന്നുവെന്നു സൂക്ഷ്മാവലോകനം ചെയ്യുന്നപക്ഷം ലോകത്തിൽ ഇന്നുവരെ ഒരാൾക്കും സിദ്ധിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ പ്രകൃതിവിശേഷവും അദ്വിതീയമായ സ്വഭാവവൈശിഷ്ട്യവും കൊണ്ടായിരുന്നുവെന്നു പ്രത്യക്ഷപ്പെടുന്നതാണു്. അനേക ജനങ്ങൾ തിരുമേനിയുടെ ആകൃതി കണ്ട മാത്രയിൽതന്നെ, അദ്ദേഹത്തിൻെറ സത്യസന്ധതയ്ക്കു് യാതൊരു രേഖയും അന്വേഷിക്കാതെ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നു. തനിക്കു് ഹിറാഅ് ഗുഹയിൽ വെച്ചുണ്ടായ സംഭവങ്ങൾ, നബി ഖദീജയോടു പറഞ്ഞപ്പോൾ "നിങ്ങൾ മററുള്ളവരുടെ ഭാരം ചുമക്കുകയും, സാധുക്കൾക്കു് ദാനം കൊടുക്കുകയും, കഷ്ടപ്പെട്ടവരെ സഹായിക്കുകയും ചെയ്യുന്ന ആളാകയാൽ, അല്ലാ

ഹു നിങ്ങളെ ഒരിക്കലും നാഴ്ത്തിക്കളകയില്ല" എന്നു ആ മഹിള പറഞ്ഞിട്ടുള്ളതു് ഇവിടെ പ്രസ്താവയോഗ്യമാണു്. തിരുമേനിയെ അഭിമുഖീകരിച്ചുകൊണ്ടു് അൽലാഹു പറയുന്നതാവിതു്. "നിങ്ങഠം ദുസ്സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ ജനങ്ങഠം നിങ്ങളുടെ അടുക്കൽനിന്നു പോയിക്കളയുമായിരുന്നു" (ആലു ഇംറാൻ 158) നബിയുടെ സൽഗുണങ്ങളെ സംക്ഷിപ്തമായി താഴെ വിവരിച്ചുകൊള്ളുന്നു.

ശുചി:—ശുചിയുടെ കാര്യത്തിൽ നബി സദാ ദൃഷ്ടി പതിക്കുകയും സുഗന്ധദ്രവ്യങ്ങഠം ഉപയോഗിക്കുകയും ചെയ്തിരുന്നു. മതം ശുചിയിലാണു് സ്ഥിതി ചെയ്യുന്നതെന്നു തിരുമേനി പ്രസ്താവിച്ചിട്ടുണ്ടു്. നബി ഒരു വഴിയിൽകൂടി പോകുന്നതായാൽ ആ വഴിയിൽനിന്നു സുഗന്ധം പുറപ്പെട്ടിരുന്നുവെന്നും, നബിക്കു് കൈകൊടുക്കുന്നവന്റെ കൈ അത്തർ മണത്തിരുന്നുവെന്നും അറിയുമ്പോഠം അദ്ദേഹത്തിന്റെ ശരീരം എത്രത്തോളം നിർമ്മലമായിരുന്നുവെന്നു ഊഹിക്കാമല്ലൊ. ഉഷ്ണകാലത്തു് തങ്ങഠം ഈത്തപ്പനത്തോട്ടത്തിൽ വേലചെയ്തു ക്ഷീണിക്കുമ്പോഠം, പള്ളിയിൽവന്നു അകലെ നിന്നുതന്നെ തിരുമേനിയുടെ മുഖം ഒന്നു ദർശിക്കുന്നതായാൽ തങ്ങളുടെ ക്ഷീണം തീർന്നുപോയിരുന്നുവെന്നു സഹാബികഠം പറഞ്ഞിട്ടുള്ളതു് തിരുമേനിയുടെ സൌന്ദര്യത്തിന്നു ഒരു നല്ല ദൃഷ്ടാന്തമാകുന്നു.

**ബുദ്ധിയും വിവേകവും:**— നബിയുടെ പ്രവൃത്തികളെക്കുറിച്ചും, പാമരന്മാരും, പ്രത്യേകക്കാരുമായ ഏതു ജനങ്ങളിലും പ്രത്യക്ഷമായും, പരോക്ഷമായും അദ്ദേഹം വരുത്തിയ പരിഷ്കാരങ്ങളെപ്പററിയും, ചിന്തിക്കുന്നതായാൽ ഈ വിഷയത്തിലും അദ്ദേഹം അദ്വിതീയനായിരുന്നുവെന്നു തെളിയാതിരിക്കുന്നതല്ല. കഠിന ഹൃദയന്മാരും മൂഢന്മാരുമായിരുന്ന ഒരു ജനസമുദായം അദ്ദേഹത്തിൻെറ ഉപദേശവും മാർഗ്ഗദർശനവും മൂലം എത്ര അറിവും വിവേകവുമുള്ളവരായിത്തീൎന്നു!! അവരുടെ ഇടയിൽ തിരുമേനിക്കു എത്ര ബഹുമാനം സിദ്ധിച്ചു!! സ്വന്തമാതാപിതാക്കന്മാരെക്കാൾ, എന്നു വേണ്ട, ലോകത്തിലെ സർവ്വ വസ്തുക്കളെക്കാളും സ്വന്ത ജീവനെക്കാളും, അവർ തിരുമേനിയെ സ്നേഹിച്ചിരുന്നു. സ്വജീവനെ തിരുമേനിക്കുവേണ്ടി സസന്തോഷം അർപ്പണംചെയ്യാൻ അവർ ഒരുക്കമുള്ളവരായിരുന്നു. അൽലാഹുവിങ്കൽനിന്നു തുടരെത്തുടരെ വഹ്‌യും, അദ്ദേഹത്തിൻെറ എല്ലാ പ്രവൃത്തികളിലും അദൃശ്യസഹായവും സിദ്ധിച്ചുകൊണ്ടിരുന്നുവെങ്കിലും, തിരുമേനി വളരെ വിവേകത്തോടുകൂടി തൻെറ കൃത്യം നിർവ്വഹിച്ചിട്ടുണ്ടെന്നുള്ളതു് ഒട്ടും അപ്രത്യക്ഷമല്ല.

**വാക്ചാതുൎയ്യം:**—റസൂൽകരീം സർവ്വ അറബിഗോത്രങ്ങളുടേയും ഭാഷ അറിയുകയും, ഓരോ ഗോത്രക്കാരോടും അവരുടെ ഭാഷയിൽതന്നെ സംസാരിക്കുകയും ചെയ്തിരുന്നു. നബി സംസാരിക്കുന്ന വാക്കുകൾ വളരെ സാ

രഗർഭവും ഹൃദയാകർഷകവുമായിരുന്നു. അവ താമസമെന്യേ നാടെങ്ങും പ്രചരിച്ചിരുന്നു. അനേകപണ്ഡിതന്മാർ തിരുമേനിയുടെ സാരവത്തായ ചെറു ഉപദേശങ്ങൾ കൂട്ടിച്ചേർത്തു പുസ്തകങ്ങളാക്കിയിട്ടുണ്ട്. താൻ സർവ്വരേക്കാളും വാക്ചാതുര്യമുള്ളവനാണെന്നു തിരുമേനി വാദിക്കുകയും അതു സർവ്വരും സമ്മതിക്കുകയും ചെയ്തിരുന്നു. സഹ്ബാൻവാഇൽ, ഖിസ്സബ്നു സാഇദഃ തുടങ്ങി അറബുരാജ്യത്തുണ്ടായിരുന്ന ശ്രുതിപ്പെട്ട പ്രാസംഗികന്മാരുടേയും വാഗ്മികളുടേയും നേട്ടങ്ങൾ തിരുമേനിയുടെ സരസതയ്ക്കു കീഴ്പ്പെട്ടിരുന്നു.

**ക്ഷമ:—** ക്ഷമാശീലന്മാരായിരുന്ന പൂർവ്വീക നബിമാരെപ്പോലെ ക്ഷമയെ കൈക്കൊള്ളേണ്ടതാണെന്നു ഇലാഹിങ്കൽനിന്നു് കൂടെക്കൂടെ ഉപദേശിക്കപ്പെട്ടിരുന്നതിനാൽ തിരുമേനി ക്ഷമയുടെ കാര്യത്തിൽ ഒരിക്കലും വീഴ്ച വരുത്തിയിരുന്നില്ല. താനുമായി സംബന്ധം മുറിച്ചവരോട്ട് സംബന്ധം ചേർക്കുകയും, തന്നോട്ട് മത്സരിപ്പാൻ കച്ചകെട്ടി പുറപ്പെട്ടവരോട്ട് ദയാപൂർവ്വം ഇടപെടുകയും, ദ്രോഹിച്ചവർക്ക മാപ്പുകൊടുക്കുകയുമാണു് അദ്ദേഹം ചെയ്തിരുന്നതു്. നബി തൻെറ സ്വന്തകാര്യത്തിൽ ഒരിക്കലും പക വീട്ടീട്ടില്ലെന്നും, പക്ഷെ മതത്തിൻെറ പരിശുദ്ധതയെ വല്ലവനും ഹനിക്കുന്നതായാൽ അവനു് ശിക്ഷ നൽകിയിരുന്നുവെന്നും ഹസ്രത്ത് ആഇശഃ പറഞ്ഞിരിക്കുന്നു.

ഉഹ്ദ് യുദ്ധത്തിൽ മുറിവു് പററി മുഖത്തുനിന്നു് രക്തം ഒഴുകിയ സന്ദർഭത്തിൽ, ഹസ്രത്ത് നൂഹ്നബി

ചെയ്തിരുന്നതുപോലെ, ആ ശത്രുക്കൾക്ക് ആപത്തു നേരിടുവാൻ വേണ്ടി പ്രാർത്ഥിക്കേണമെന്ന് ജനങ്ങൾ പറഞ്ഞപ്പോൾ താൻ ശപിക്കുവാൻവേണ്ടി വന്നവനല്ലെന്നും അൽലാഹു ജനങ്ങൾക്ക് അനുഗ്രഹമായിട്ടാണ് തന്നെ നിയോഗിച്ചിട്ടുള്ളതെന്നും. അദ്ദേഹം മറുപടി പറയുകയും, "എന്റെ ജനങ്ങൾക്ക് അറിവില്ല അവരെ സന്മാർഗ്ഗത്തിൽ ചേർക്കണമേ" എന്ന് അൽലാഹുവിനോടു പ്രാർത്ഥിക്കുകയുമാണ് ചെയ്തതു്. കപടവിശ്വാസികളിൽനിന്ന് രാപ്പകൽ ഇടവിടാതെ ബുദ്ധിമുട്ടും കഷ്ടതയും നേരിട്ടുകൊണ്ടിരുന്നുവെങ്കിലും, അവരെ ശിക്ഷിക്കേണമെന്ന് തിരുമേനി മോഹിക്കുകയുണ്ടായില്ല. എല്ലായ്പോഴും സ്നേഹത്തോടും കരുണയോടുംകൂടിയാണ് അവരുമായി ഇടപെട്ടിരുന്നതു്. ഖുറൈശികൾതന്നെ നബിയെ ഏതെല്ലാം പ്രകാരത്തിൽ ദ്രോഹിച്ചു!! തിരുമേനി ആ ദ്രോഹങ്ങളെ ക്ഷമിക്കുകയും, അവരെ കീഴടക്കിയപ്പോൾ അവക്കു മാപ്പു കൊടുക്കുകയുമല്ലേ ചെയ്തതു്? നബിക്ക് താമസത്തോടുകൂടിയല്ലാതെ കോപം വന്നിരുന്നില്ല. കോപം വന്നാൽതന്നെ അതു ക്ഷണനേരംകൊണ്ടു് അടങ്ങുകയും ചെയ്തിരുന്നു.

ഔദാര്യം:—നബി യാചകന്ന് വല്ലതും കൊടുക്കാത്ത ഒരു അവസരവും ഉണ്ടായിരുന്നില്ല. ഹസ്രത്ത് ഇബ്നു അബ്ബാസ് ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "സർവ്വരേക്കാളും ഔദാര്യവാൻ നബിയായിരുന്നു. പ്രത്യേകിച്ച് റമസാൻ മാസത്തിൽ നബിയുടെ ദാനം വളരെ വ

ദ്ധിച്ചിരുന്നു. നബിത്വത്തിന്നു മുമ്പും ഇക്കാര്യത്തിൽ തിരുമേനി കീർത്തി നേടിയിരുന്നു. ഒരിക്കൽ തിരുമേനി തൻെറ ഒട്ടകങ്ങൾക്കായി വെച്ചിരുന്ന യവമെല്ലാം ഒരാൾക്കു ദാനംചെയ്തു. ചില ആളുകൾക്കു് 100ൽ അധികം ഒട്ടകങ്ങളെത്തന്നെ നബി ദാനം ചെയ്തിട്ടുണ്ടു്. നബിത്വത്തിന്നുശേഷം ധനത്തെ തൻെറ വീട്ടിൽ സൂക്ഷിക്കുവാൻ തന്നെ നബി ഇഷ്ടപ്പെട്ടിരുന്നില്ല. കിട്ടുന്ന ധനമെല്ലാം വൈകന്നേരത്തിന്നു് മുമ്പായി ദാനം ചെയ്തുതീർക്കുകയായിരുന്നു പതിവു്. ഒരിക്കൽ 90,000 ദിർഹം കിട്ടിയതു് മുഴുവനും തിരുമേനി ഒരു പായയിൽ ചൊരിഞ്ഞു യാചകന്മാർക്കു കൊടുത്തുതീർത്തു. തീർന്നതിന്നു ശേഷം ഒരാൾ വന്നപ്പോൾ "ഇനി എൻെറ പക്കൽ ഒന്നുമില്ല. നിങ്ങൾ എൻെറ പേരിൽ കടം വാങ്ങിക്കൊൾവിൻ. ഞാൻ വീട്ടുന്നതാണു" എന്നു പറഞ്ഞു. അവനവനു സാധിക്കാത്ത കാര്യം ചെയ്യേണമെന്നു് അൽലാഹു കല്പിച്ചിട്ടില്ലയോ എന്നു തദവസരത്തിൽ ഹസ്രത്ത് ഉമർ പറഞ്ഞതു തിരുമേനിക്കു സന്തോഷമായില്ല. അപ്പോൾ ഒരു അൻസാരി ഇങ്ങിനെ പറഞ്ഞു "നബി ചെലവഴിക്കുവിൻ. അൽലാഹു ദയാലുവായിരിക്കേ എന്തു തിടുക്കമാണുള്ളതു്" ഇതു കേട്ടു് തിരുമേനി സന്തോഷിക്കുകയും അങ്ങിനെ ചെയ്യാനാണു് തനിക്കു സിദ്ധിച്ച കല്പന എന്നു പ്രസ്താവിക്കുകയും ചെയ്തു.

**ധൈര്യം:**—റസൂൽകരീം വളരെ ധൈര്യവാനായിരുന്നുവെന്നതു് സർവ്വസമ്മതമാണു്. ധൈര്യവാന്മാരുടെ

രാജാവായ ഹസ്രത്ത് അലി പറയുന്നതാവിതു്. "യു ദ്ധംഭയ കരമായിത്തീരുമ്പോൾ ഞങ്ങൾ തിരുമേനിയു ടെ പിന്നിൽ അഭയം പ്രാപിക്കുക പതിവായിരുന്നു. ശ ത്രുക്കളുമായി തിരുമേനി മറ്റെല്ലാവരേക്കാളും അധികം അടുത്താണു് നില്ക്കുക." ഗസ്സാനീ രാജാവ് മദീനത്തു പ്ര വേശിച്ചിരിക്കുന്നുവെന്ന ഊഹം നിമിത്തം ഒരു രാത്രി മ ദീനയിൽ ജനങ്ങൾക്കു വലിയ ഭയം നേരിട്ടു. തദവസ രത്തിൽ തിരുമേനി തന്നെ വേഗം ജീനിയില്ലാത്ത ഒരു കുതിരയുടെ പുറത്തു കയറി രാജ്യം മുഴുവനും ചുററുകയും, മടങ്ങി വന്നു യാതൊന്നും ഉണ്ടായിട്ടില്ലെന്നു പറഞ്ഞു് ജനങ്ങളെ സമാധാനപ്പെടുത്തുകയും ചെയ്തു.

**മര്യാദ**:—നബി ഒരാളോടും അയാൾക്കു് ഇഷ്ടമി ല്ലാത്ത വാക്കു് പറഞ്ഞിരുന്നില്ലെന്നും, അദ്ദേഹത്തിന്നു് ഇഷ്ടമില്ലാത്ത വല്ലതും സംഭവിച്ചാൽ മുഖം നോക്കീട്ടായി രുന്നു തങ്ങൾ മനസ്സിലാക്കിയിരുന്നതെന്നും, ഹസ്രത്ത് അബൂസഈദ് പറഞ്ഞിരിക്കുന്നു. ആരെങ്കിലും നബി ക്കു ഇഷ്ടമില്ലാത്തതു പ്രവൎത്തിക്കുകയോ, പറയുകയോ, ചെയ്താൽ അയാളുടെ പേർ വിളിച്ചു തിരുമേനി ഒന്നും പറയാറുണ്ടായിരുന്നില്ലെന്നും, ഇപ്രകാരം ചെയ്വാൻ, അ ഥവാ, പറയുവാൻ ജനങ്ങൾക്കു് എന്തായിപ്പോയി എ ന്നിങ്ങിനെ പറയാറായിരുന്നു പതിവെന്നും, ഹസ്രത്ത് ആയിശഃ പറഞ്ഞിരിക്കുന്നു. നബി ഒരാളുടേയും നേ രെ രൂക്ഷതയോടെ നോക്കിയിരുന്നില്ല. എപ്പോഴും താ ഴ്ഭാഗത്തേക്കായിരുന്നു അദ്ദേഹത്തിന്റെ നോട്ടം. ചി

രിവരുമ്പോൾ പുഞ്ചിരിതൂകുക മാത്രമാണ് ചെയ്തിരുന്നതു്.

**സഹവാസം:**— റസൂൽകരീം ചെറിയവരെന്നും വലിയവരെന്നുമുള്ള വ്യത്യാസം കൂടാതെ എല്ലാവരുമായും വളരെ സ്നേഹപൂർവ്വം സഹവസിച്ചുവന്നു. തന്നിമിത്തം സർവ്വ ജനങ്ങളും തിരുമേനിയെ സ്വപിതാക്കളേക്കാൾ അധികം ബഹുമാനിച്ചിരുന്നു നബി തൻെറ അടുക്കൽ വരുന്ന ആളുകളെ ആദരിക്കുകയും അവർ എഴുന്നീററു പോകുവാൻ വിചാരിക്കുന്നതുവരെ യാതൊരു വെറുപ്പും കൂടാതെ അവരോടുകൂടി ഇരിക്കുകയും ചെയ്യുക പതിവായിരുന്നു. അവക്കു ഇരിക്കുവാനായി മിക്കപ്പോഴും തൻെറ വിരിപ്പോ പുതപ്പോ ആയിരുന്നു തിരുമേനി വിരിച്ചുകൊടുത്തിരുന്നതു്. അന്യോന്യം കണ്ടുമുട്ടുമ്പോൾ സലാം പറയുന്നതിലും, കൈ കൊടുക്കുന്നതിലും നബി മററുള്ളവരേക്കാൾ മുങ്കടന്നിരുന്നു. വല്ലവനേയും വിളിക്കുന്നതായാൽ അയാളുടെ പേരുകളിൽ ഏററവും പ്രിയപ്പെട്ട പേർ കൊണ്ടായിരുന്നു വിളിച്ചിരുന്നതു്. സംസാരിക്കുന്നവന്നു അവൻെറ സംസാരം പൂർത്തീകരിക്കുന്നതിന്നു അവസരം കൊടുക്കാതെ ഇടക്കുകടന്നു സംസാരിച്ചിരുന്നില്ല. നമസ്കരിക്കുമ്പോൾ, തന്നെ ഉദ്ദേശിച്ചു വല്ലവനും വരുന്നതായാൽ നമസ്കാരം വേഗം തീക്കുകയായിരുന്നു പതിവു്. ഖുർആൻ ഇറങ്ങുമ്പോഴും പ്രസംഗസമയത്തുമൊഴിച്ചു മറെറല്ലാ സമയങ്ങളിലും മന്ദസ്മിതത്തോടുകൂടിയിരിക്കുക പതിവായിരുന്നു. നബിയുടെ സ

ദസ്സിൽ പരദൂഷണം, അസംബന്ധമായ പ്രശംസ, ചി ത്ത സംസാരം എന്നിവയൊന്നും തീരെ ഉണ്ടായിരുന്നില്ല.

തിരുമേനിക്കു തന്നോടാണു് അധികം ഇഷ്ടമെന്നു സഹാബികളിൽ ഓരോരുത്തനും വിചാരിക്കത്തക്കവണ്ണം എല്ലാവരേയും നബി സ്നേഹിച്ചുവന്നു. ഒരാൾക്കും നബിയിൽനിന്നു നിരാശയ്ക്കു ഇട വന്നിരുന്നില്ല. തനിക്കു വല്ലവനും കാണിക്ക സമർപ്പിക്കുന്നതായാൽ നബി അതു വാങ്ങുകയും, പകരം സമ്മാനമായി അവന്നും വല്ലതും കൊടുത്തയക്കുകയും ചെയ്യുക പതിവായിരുന്നു. അടിമകൾ, സാധുക്കൾ, ദരിദ്രന്മാർ എന്നിവരുടെ വിരുന്നുകൾപോലും തിരുമേനി സ്വീകരിച്ചിരുന്നു. വല്ലവന്നും രോഗം പിടിപെട്ടാൽ നബി കാണ്മാൻ പോകുക പതിവായിരുന്നു. ആരെങ്കിലും വല്ല ഉപകാരവും ചെയ്താൽ അതിന്നുപകരം അതിലും വലിയ ഉപകാരം തിരുമേനി ചെയ്തുവന്നു. ശ്രേഷ്ഠ ഗോത്രങ്ങളെ അവരുടെ സ്ഥിതിക്കനുസരിച്ചു തന്നെ നബി ബഹുമാനിച്ചിരുന്നു. എന്നാൽ ഇത്ര ദയാലുവും കരുണാനിധിയുമായിരുന്ന തിരുമേനിയുടെ മുഖത്തേയ്ക്കു കണ്ണുമിഴിച്ചു നോക്കുവാൻ ജനങ്ങൾ ധൈര്യപ്പെട്ടിരുന്നില്ല അവൎക്കു തിരുമേനിയോടുണ്ടായിരുന്ന ബഹുമാനം സീമാതീതമായിരുന്നു. ആ പ്രവാചകശ്രേഷ്ഠന്റെ ഇത്രയും ഗൌരവത്തോടുകൂടിയ സദസ്സു് ജനങ്ങൾക്കു് ഏററവും പ്രിയപ്പെട്ടതും ആശാസജനകവുമായിരുന്നു.

**അനുകമ്പ:**—നബി തൻെറ സഹാബികളേയോ, സമുദായത്തേയോ മാത്രം സ്നേഹിച്ചിരുന്ന ഒരാളായിരുന്നില്ല. ശത്രുക്കളോടു പോലും വളരെ ദയാപൂർവ്വമായിരുന്നു അദ്ദേഹം ഇടപെട്ടിരുന്നതു്. തിരുമേനി റഊഫാണെന്നും, (ദയാലു) റഹീമാണെന്നും, (കരുണാനിധി) റഹ്മത്തുൻലിൽ ആലമീനാണെന്നും (ലോകാനുഗ്രഹം) അൽലാഹുതന്നെ പറഞ്ഞിട്ടുണ്ടു്. ഹസ്രത്ത് അബൂഹുറയിറഃ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഒരിക്കൽ മദീനയിൽവെച്ച് എനിക്കു് ഏതാനും ദിവസത്തെ പട്ടിണി നേരിട്ടു. പക്ഷെ ഇരക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല. ഞാൻ വീട്ടിൽനിന്നു പുറത്തിറങ്ങി, ഞാൻ പറയാതെതന്നെ വല്ല വഴിയാത്രക്കാരനും എൻെറ സ്ഥിതി മനസ്സിലാക്കി ഭക്ഷണത്തിനു് വല്ലതും തരുവാനായി ഞാൻ വഴിയിൽ ഇരുന്നു. ഹസ്രത്ത് അബൂബക്കർ യദൃശ്ചയാ അതിലെ പോകുകയുണ്ടായെങ്കിലും, സലാം ചൊല്ലിക്കൊണ്ടു മുന്നോട്ടു നടക്കുകയാണുണ്ടായതു്. ഞാൻ അദ്ദേഹം പോകുന്നതുകണ്ടപ്പോൾ അദ്ദേഹത്തെ വിളിച്ച് ഒരു ആയത്തിൻെറ അർത്ഥം ചോദിച്ചു. ആ ആയത്തിൻെറ അർത്ഥം ഞാൻ നല്ലപോലെ അറിഞ്ഞിരുന്നുവെങ്കിലും, സംസാരമദ്ധ്യേ എൻെറ സ്ഥിതി അദ്ദേഹം മനസ്സിലാക്കുവാൻ വേണ്ടിയാണു് ഞാൻ അങ്ങിനെ ചെയ്തതു്. അദ്ദേഹമാകട്ടെ അർത്ഥം വിവരിച്ചു തന്നുകൊണ്ടു് മറെറാന്നും പറയാതെ പോയിരുന്ന സ്ഥലത്തേയ്ക്കുതന്നെ പോകയാണു് ഉണ്ടായതു്. പിന്നീടു് ഹ

സ്രത്ത് ആലീ ആ വഴിക്ക വരികയും അദ്ദേഹവും എന്റെ സ്ഥിതി മനസ്സിലാക്കുവാൻ കഴിയാതെ കടന്നുപോകുകയുമുണ്ടായി. അല്പം കഴിഞ്ഞതിന്നുശേഷം ലോകാനുഗ്രഹിയായ നബി ആ വഴിക്ക വന്നു. ദൂരത്തുനിന്നുതന്നെ എന്നെ കണ്ടു പുഞ്ചിരി തൂകിക്കൊണ്ട് അദ്ദേഹം അടുത്തുവന്നു എന്റെ കൈപിടിച്ചു എന്നെ സ്വഭവനത്തിലേയ്ക്കു കൊണ്ടുപോയി. ഭക്ഷിപ്പാനു വല്ലതുമുണ്ടോ എന്നു ഭാര്യമാരോട് ചോദിച്ചപ്പോൾ ഒന്നുമില്ലെന്നും, ഇന്നയാൾ സൗജന്യമായി അയച്ചിട്ടുള്ള ഒരു കോപ്പ പാൽ മാത്രമേ ഉള്ളുവെന്നും ഹസ്രത്ത് ആയിശഃ പറഞ്ഞു. നബിയുടെ കല്പനയനുസരിച്ച് അവർ അതു കൊണ്ടുവന്ന ഉടനെത്തന്നെ, തിരുമേനി അതു എന്റെ നേരെ നീട്ടി. തിരുമേനി കടിക്കാതെ ഞാൻ കുടിക്കുന്നതല്ലെന്നു ഞാൻ പറഞ്ഞതിനാൽ നബി കുറെ കുടിക്കുകയും പിന്നീട് എനിക്കു തരികയും ചെയ്തു. ഞാൻ ഭക്ഷണം കഴിച്ചിട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞിരുന്നു. വയററിൽ സ്ഥലമുള്ളേടത്തോളം കുടിച്ചിട്ടും കോപ്പയിൽ ആദ്യമുണ്ടായിരുന്നതുതന്നെ പാൽ പിന്നേയും ഉണ്ടായിരുന്നു. വീണ്ടും കുടിക്കുവാൻ കല്പിച്ചപ്പോൾ ഇനി വയററിൽ സ്ഥലമില്ലെന്നു ഞാൻ പറഞ്ഞതിനാൽ നബി അതു പള്ളിയിലെ ആളുകൾക്കു് (അസ്ഹാബു് സുഫഃ) കൊടുത്തയച്ചു. അവരും വയർ നിറയെ കുടിച്ചിട്ടും കോപ്പയിലെ പാൽ മുൻസ്ഥിതിയിൽതന്നെ ശേഷിപ്പുണ്ടായിരുന്നു"

തനിക്കു ക്ലേശമുണ്ടാകത്തക്കവണ്ണം ഒരാളെക്കുറിച്ചും തന്നോട്ട് ആവലാതി പറയരുതെന്നും, എല്ലാവരുമായും തനിക്കു മനസ്സമാധാനത്തോടുകൂടി ഇടപെടുവാൻ സാധിക്കേണമെന്നും സഹാബികളോടു അദ്ദേഹം ബലപ്പെടുത്തി പറയാറുണ്ടായിരുന്നു. ഏതുവിധ തെററിനെക്കുറിച്ചും നിസ്സാരമായ ഒഴികഴിവു പറഞ്ഞാൽപ്പോലും അതു സ്വീകരിക്കുകയായിരുന്നു നബിയുടെ പതിവ്.

**വാഗ്ദാനനിർവ്വഹണം:**—വാഗ്ദാനം നിർവ്വഹിക്കാത്തവൻ മതം ഇല്ലാത്തവനാണെന്നു തിരുമേനി പറഞ്ഞിരിക്കുന്നു. നബി ചെറുപ്പം മുതല്ക്കേ ഇക്കാര്യത്തിൽ വളരെ ശ്രദ്ധവെച്ചിരുന്നു. വാഗ്ദത്തമോ, കരാറോ ചെയ്താൽ നബി ഒരിക്കലും അതിനെ അവഗണിക്കുകയോ മറന്നുകളയുകയോ ചെയ്തിരുന്നില്ല. ഇക്കാര്യത്തിൽ ശത്രുവാകട്ടെ, മിത്രമാകട്ടെ എല്ലാവരും തിരുമേനിക്കു ഒരുപോലെയായിരുന്നു.

**ഉപകാരസ്മരണ:**—ആരെങ്കിലുമായി നിസ്സാരമായ ഒരു കൂട്ടുകെട്ടുണ്ടായാൽപോലും, നബി അതു മറന്നിരുന്നില്ല. തിരുമേനിയുടെ പോററമ്മയായ ഹലീമയുടെ മകളായ ശൈമാഅ്, ഹുനൈൻ യുദ്ധത്തിൽ തടവുകാരുടെ കൂട്ടത്തിൽ അകപ്പെട്ട വിവരം തിരുമേനി അറിഞ്ഞപ്പോൾ അവരെ വിളിച്ചുവരുത്തി സ്വവസ്ത്രത്തിൽ ഇരുത്തുകയും, അധികനേരം സംസാരിച്ചതിന്നു ശേഷം പല സമ്മാനങ്ങളും കൊടുത്തു മടക്കി അയക്കുകയും ചെയ്തു. വീട്ടിൽ നല്ല സാധനങ്ങൾ കിട്ടിയിരുന്ന മിക്ക അ

വസരങ്ങളിലും, അതു ഇന്ന സ്ത്രീക്കു കൊടുക്കേണമെന്നും അവളെ ഖദീജ വളരെ പ്രിയപ്പെട്ടിരുന്നുവെന്നും, തിരുമേനി പറയാറുണ്ടായിരുന്നുവെന്നു ഹസ്രത്ത് അനസ് പറഞ്ഞിരിക്കുന്നു. അബൂലഹബിൻെറ ഒരു അടിമയായിരുന്ന തുവൈബത്തും, തിരുമേനിക്ക് കുറേ ദിവസം മുല കൊടുത്തിരുന്നതുകൊണ്ടു അവൎക്കു കൊല്ലംതോറും സമ്മാനം കൊടുത്തയക്കുക പതിവായിരുന്നു. തുവൈബത്ത് ചരമം പ്രാപിച്ചതിന്നുശേഷം അവരുടെ അനന്തരക്കാരായി വല്ലവരുമുണ്ടോ എന്നു അന്വേഷിക്കുകയുണ്ടായി. അപ്പോഠ ഇല്ലെന്നാണ് വിവരം കിട്ടിയതു്.

നജ്ജാശിരാജാവിൻെറ അടുക്കൽനിന്നു നിവേദകസംഘം വന്ന അവസരത്തിൽ തിരുമേനിതന്നെ അവരെ ശുശ്രൂഷിക്കുന്നതിൽ ഏൎപ്പെട്ടതു കണ്ടു ഞങ്ങഠ വേണ്ടതു ചെയ്തുകൊള്ളാമെന്നു സഹാബികഠ പറഞ്ഞപ്പോഠ "ഇവർ എൻെറ കഷ്ടപ്പെട്ട സഹാബികളെ സന്തോഷിപ്പിക്കുകയും, ബഹുമാനത്തോടുകൂടി രക്ഷിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് അതിന്നു പകരമായി ഇവൎക്കു ഞാൻതന്നെ ശുശ്രൂഷ ചെയ്വാൻ വിചാരിക്കുന്നു." എന്നു തിരുമേനി സമാധാനം പറഞ്ഞു.

**വിനയം:**—നബി സാധുക്കളുടേയും ദരിദ്രന്മാരുടേയും കൂടെ ഇരിക്കുകയും അവൎക്കു ദീനം പിടിച്ചാൽ അവരെ കാണ്മാൻ പോകുകയും ചെയ്തിരുന്നു. വല്ലവനും ബഹുമാനപുരസ്സരം എഴുന്നീല്ക്കുന്നതായാൽ "പേഷ്യക്കാരെപ്പോലെ ബഹുമാനിക്കുവാനായി എഴുന്നീല്ക്കരുതു്" എ

ന്ന് തിരുമേനി അവരോട്ട പറയുക പതിവായിരുന്നു. അദ്ദേഹം സഹാബികളോടുകൂടി ഇരുന്നിരുന്ന അവസരങ്ങളിൽ അന്യക്ക് അദ്ദേഹത്തെ മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല ഹജ്ജത്തുൽവിദാഇൽ 200 ഒട്ടകങ്ങളെ അറത്തു് ബലികഴിച്ചിരുന്ന ആ പ്രവാചകവര്യൻ സവാരി ചെയ്തിരുന്ന ഒട്ടകപ്പുറത്തു് ഒരു കേട്ടുവന്ന ജീനിയും പഴയ ഒരു വിരിപ്പുമാണ് ഇട്ടിരുന്നതു്. അദ്ദേഹം ഇത്ര വിനീതനായിരുന്നതുകൊണ്ടാണ് തനിക്ക് യൂനുസ് നബിയേക്കാൾ ശ്രേഷ്ഠത കല്പിക്കരുതെന്നും, തന്നെ മൂസാ നബിയേക്കാൾ വലിയ ആളായി ഗണിക്കരുതെന്നും, സഹാബികളോട്ട് അദ്ദേഹം കല്പിച്ചിരുന്നതു്. ഒരിക്കൽ ഒരാൾ തിരുമേനിയുടെ സന്നിധിയിൽ വന്നു് ഭയവും ബഹുമാനവും നിമിത്തം വിറച്ചുകൊണ്ടിരുന്നപ്പോൾ തിരുമേനി അയാളെ സമാധാനിപ്പിക്കുവാനായി, "ഭയപ്പെടേണ്ട; ഞാൻ രാജാവല്ല; നേരെ മറിച്ചു് ഉണക്കമാംസം തിന്നിരുന്ന ഒരു ഖുറൈശി സ്ത്രീയുടെ മകനാണ്" എന്നു പറയുകയുണ്ടായി.

**സത്യം:—** തിരുമേനി നീതിമാനും നിഷ്പക്ഷപാതിയും വിശ്വസ്തനുമായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കഠിന ശത്രുക്കൾപോലും സമ്മതിച്ചിരുന്നു. നബിത്വത്തിന്നുമുമ്പുതന്നെ അദ്ദേഹം 'വിശ്വസ്തൻ' എന്ന ശ്രേഷ്ഠനാമധേയത്തിൽ കീർത്തി പ്രാപിക്കുകയും, ജനങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽചെന്നു തങ്ങളുടെ വഴക്കുകൾ തീർക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ

സത്യസന്ധതയെ അബൂജഹലിനെപ്പോലെയുള്ള കഠിന വിരോധികരംപോലും നിഷേധിച്ചിരുന്നില്ല. ഹിറാക് റീസ് ചക്രവർത്തി, മക്കാവിജയംവരെ ഇസ്ലാമിൻെറ കഠിന വൈരിയായിരുന്ന അബൂസുഫ്യാനോട്ട് ബൈത്തുൽ മുഖദ്ദസിൽവച്ച "അയാരം (നബി) ഒരു കളവു പറയുന്ന ആളാണെന്നും, അയാളുടെ നബിത്വവാദത്തിന്നു മുമ്പു അവർ വിശ്വസിച്ചിരുന്നോ" എന്നു ചോദിച്ചപ്പോരം, ഇല്ല എന്നുതന്നെ അദ്ദേഹം മറുപടി പറയേണ്ടി വന്നു.

**ഗൌരവം:**—ഖാരിജത്തുബ്നുയസീദ് ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "തിരുമേനി തൻെറ സദസ്സിൽ എല്ലായ്പോഴും ഗൌരവത്തോടുകൂടിയാണ് ഇരുന്നിരുന്നതു്. ആവശ്യംകൂടാതെ യാതൊന്നും സംസാരിച്ചിരുന്നില്ല. വല്ലവനും ഇഷ്ടമില്ലാത്ത വാക്കു പറഞ്ഞാൽ മുഖം തിരിച്ചുകളയുകയാണ് ചെയ്തിരുന്നതു്. തിരുമേനിയുടെ സദസ്സിൽവച്ച ഒരാളും മററുള്ളവരെ ദുഷിക്കുകയോ, ഉച്ചത്തിൽ സംസാരിക്കുകയോ ചെയ്തിരുന്നില്ല. ജനങ്ങരംവളരെ അടക്കത്തോടുകൂടിയും തല താഴ്ത്തിക്കൊണ്ടുമായിരുന്നു അദ്ദേഹത്തിൻെറ അരികെ ഇരുന്നിരുന്നതു്. വല്ലവനേയും സംബന്ധിച്ച ആക്ഷേപം കേരംക്കുന്നതു തന്നെ തിരുമേനിക്കു വെറുപ്പാണെന്നു ജനങ്ങരം മനസ്സിലാക്കിയിരുന്നു. ആക്ഷേപക്കാരുടെ വാക്കു് അദ്ദേഹം ഒരിക്കലും വിലവെച്ചിരുന്നില്ല.

ആകയാൽ ലോകത്തിൽ ജീവിച്ചിരുന്ന ശ്രേഷ്ഠ പ്രവാചകന്മാരിൽ ഒരാരംക്കും ഇന്നുവരെ സിദ്ധിച്ചിട്ടില്ലാ

ത്ത ഉൽകൃഷ്ട പദവികളും ഉത്തമ സ്വഭാവങ്ങളുമാണ് തിരുമേനിക്കു സിദ്ധിച്ചിരുന്നതു്. വിശുദ്ധ ഖുർആൻ നബിയെ പ്രശംസിച്ചുകൊണ്ടു "നിങ്ങൾ തീർച്ചയായും മഹത്തായ സ്വഭാവത്തിലാണ്" എന്നു പറഞ്ഞിരിക്കുന്നു. തിരുമേനിയുടെ ഉൽകൃഷ്ട ഗുണങ്ങളെ പൂൎണ്ണമായി വിവരിക്കുവാൻ മനുഷ്യൎക്കും സാധിക്കുന്നതല്ല. ജനങ്ങൾക്കു ഉപദേശമായിത്തീരുവാനായി ചില വിവരങ്ങൾ മാത്രം എടുത്തു വിവരിക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളതു്.

നാനാവിധ ശത്രുതകളും മത്സരങ്ങളും പ്രയോഗിച്ചിരുന്ന ആ അറബികൾ തിരുമേനിയുടെ അടുക്കലേക്കു ആകൎഷിക്കപ്പെട്ടതു് ഇത്തരം ശ്രേഷ്ഠഗുണങ്ങൾ നിമിത്തമായിരുന്നു. ആ കഠിനവൈരികളുടെ മതസ്വീകരണത്തിന്നുണ്ടായ കാരണവും ഈ പരിശുദ്ധ ഗുണങ്ങളല്ലാതെ മറെറാന്നുമായിരുന്നില്ല. ദൈവികമായ പ്രത്യേക ശക്തിയാൽ തിരുമേനിയുടെ പക്കൽനിന്നു അനേകം അത്ഭുത സംഭവങ്ങൾ ഉണ്ടു്. അവയും തിരുമേനിയുടെ മേൽ പ്രസ്താവിച്ച ശ്രേഷ്ഠഗുണങ്ങളും അദ്ദേഹം സത്യവാനായിരുന്നുവെന്നുള്ളതിന്നു് പ്രത്യക്ഷ തെളിവുകളാണ്.

## പ്രവാചകഗൃഹം

റസൂൽകരീം തൻെറ 25-ാംവയസ്സിൽ മക്കയിൽ വച്ച് ഹസ്രത്ത് ഖദീജയെ വിവാഹം ചെയ്തു. ആ വനിതയുടെ വിയോഗംവരെ മററാരേയും തിരുമേനി വിവാഹം ചെയ്തിരുന്നില്ല. ഹിജ്റയുടെ മൂന്നു കൊല്ലം മുമ്പായിരുന്നു ഹസ്രത്ത് ഖദീജ പരലോകം പ്രാപിച്ചതു്. അന്നു തിരുമേനിക്കു 50 വയസ്സു പ്രായമുണ്ടായിരുന്നു. മാരിയത്തുൽഖിബ്ത്തിയ്യായിൽ ജനിച്ച പുത്രനായ ഇബ്രാഹീമൊഴിച്ചു തിരുമേനിയുടെ മററെല്ലാം സന്താനങ്ങളും ഖദീജയിലാണ് ജനിച്ചതു്. ഒന്നാമതായി ഹസ്രത്ത് ഖാസിം എന്ന പുത്രൻ ജാതനായി. ഈ പുത്രൻ നാലാം വയസ്സിൽ പരലോകം പ്രാപിച്ചു. ഇദ്ദേഹത്തിൻെറ പേരോടു ചേർത്തു തിരുമേനിയെ അബുൽഖാസിം എന്നു ജനങ്ങൾ വിളിച്ചുവന്നു. പിന്നീട് സൈനബും അതിനുശേഷം അബ്ദുല്ലയും ജാതരായി. അബ്ദുൽല്ലക്കു് തയ്യിബ് എന്നും താഹിറ് എന്നും പേരുണ്ടായിരുന്നു.

രണ്ടാം വയസ്സിൽ അബ്ദുൽലയും പരലോകപ്രാപ്തനായി. പിന്നീട് റുഖ'യ്യത്തും അതിന്നു ശേഷം ഉമ്മുകൽത്തൂമും അതിന്നുശേഷം ഫാത്തിമത്തുസ്സഹ്റായും ഭൂജാതരായി.

സൈനബിനെ ഹിജ്റയ്ക്കുമുമ്പ് അവരുടെ മച്ചുനനായ അബുൽആസ്സി വിവാഹം ചെയ്തു. അദ്ദേഹം തന്റെ പൂർവ്വികന്മാരുടെ മതംതന്നെ ആചരിച്ചുവന്നു. അബുൽ ആസ്സി ബദ്ർയുദ്ധത്തിൽ ബന്ധനസ്ഥനായി മദീനത്തു വന്നപ്പോൾ സൈനബ് മക്കത്തുനിന്നു തനിക്കു ഖദീജഃ കൊടുത്തിട്ടുണ്ടായിരുന്ന മാല അദ്ദേഹത്തിന്റെ പിഴയായി അയക്കുകയും, തിരുമേനിയുടെ ശുപാർശിപ്രകാരം ആ മാല മടക്കിക്കൊടുത്തുകൊണ്ടു സഖാക്കൾ അദ്ദേഹത്തെ പിഴകൂടാതെ വിട്ടയക്കുകയും ചെയ്ത വിവരം മുമ്പു പ്രസ്താവിച്ചിരിക്കുന്നുവല്ലൊ. മക്കയിൽ മടങ്ങിച്ചെന്നതിന്നുശേഷം സൈനബിന്നു മദീനത്തേക്കു പോരുവാൻ അനുവാദം കൊടുത്തുകൊള്ളാമെന്നു തദവസരത്തിൽ അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. അതനുസരിച്ചു അദ്ദേഹം മക്കയിലെത്തിയതിൽപ്പിന്നെ സൈനബിനെ മദീനയിലേക്കയച്ചു. പിന്നീട് അദ്ദേഹം മക്കാവിജയത്തിന്നു മുമ്പ് സിറിയായിൽ കച്ചവടത്തിന്നുപോയി മടങ്ങി വന്നതിന്നുശേഷം തന്റെ പക്കലുണ്ടായിരുന്ന അനാമത്തു മുതലുകൾ ഉടമസ്ഥന്മാരെ ഏല്പിച്ചു, മദീനായിൽ ചെന്നു്, ഇസ്‌ലാംമതം വിശ്വസിച്ചു. അപ്പോൾ നബി അദ്ദേഹവും സൈനബുമായുള്ള വിവാഹബന്ധത്തെ സ്ഥിരപ്പെടുത്തിയെന്നും, പുനർവിവാഹം

കൂടാതെത്തന്നെ സൈനബിനെ അദ്ദേഹത്തിൻെറ അടു ക്കലേക്ക് അയച്ചുവെന്നും, ചരിത്രകാരന്മാർ പറഞ്ഞുകാണുന്നു. ആദ്യം റുഖിയ്യയെയും അവരുടെ വിയോഗാനന്തരം ഉമ്മുകൽസൂമിനെയും ഹസ്രത്ത് ഉസ്മാനും, ഹസ്രത്ത് ഫാത്തിമയെ ഹസ്രത്ത് അലിയും വിവാഹം ചെയ്തു. ഇവരിൽ ഫാത്തിമയ്ക്കു മാത്രമേ സന്താനപരമ്പര ശേഷിച്ചിട്ടുള്ളു. ഹസൻ, ഹുസൈൻ, സൈനബ്, ഉമ്മുകൽസൂം ഇങ്ങിനെ ഫാത്തിമയ്ക്കു നാലു മക്കളുണ്ടായിരുന്നു.

ഹസ്രത്ത് ഖദീജയുടെ വിയോഗത്തിന്നു ശേഷം നബി അധികം സ്ത്രീകളെ വിവാഹം ചെയ്യുകയുണ്ടായി. ഇങ്ങിനെ ചെയ്തതു വിവാഹബന്ധം വിവിധ ഗോത്രങ്ങളുടെ സ്നേഹത്തിന്നു ഒരു നല്ല മാർഗ്ഗമായിരുന്നതുകൊണ്ടു മാത്രമായിരുന്നു ഹസ്രത്ത് ഖദീജയെ വിവാഹം ചെയ്തതുകൊണ്ട് മക്കയിൽവെച്ച് പല ഗുണങ്ങളും നബിക്കു സിദ്ധിച്ചിരുന്നു അവർ നിമിത്തം പല ഉപദ്രവങ്ങളിൽനിന്നും, കഷ്ടതകളിൽനിന്നും തിരുമേനിക്കു രക്ഷകിട്ടി തിരുമേനി മദീനയിൽ വന്നതിന്നു ശേഷം ഖുറൈശികളിലും മററു അറബികളിലും ഇസ്രാഈൽ വർഗ്ഗത്തിലും പെട്ട ചില പ്രബലഗോത്രക്കാരായ സ്ത്രീകളെ വിവാഹം ചെയ്തു. ഹസ്രത്ത് ജുവൈരിയഃ, ജഹ്ശിൻെറ മകളായ സൈനബ്, സഫിയ്യഃ മുതലായ ഏതാനും സ്ത്രീകളെ വിവാഹം ചെയ്വാൻ ചില പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു. ഇതിന്നു പുറമേ ഇത്ര പേരെ മാത്രമേ ഭാര്യമാരാക്കുവാൻ പാടുള്ളുവെന്നു അക്കാലത്തു നിയമമുണ്ടാ

യിരുന്നുമില്ല. പിന്നീട്ട് നാലിലധികം ഭാര്യമാർ പാടി ല്ലെന്നു കല്പന ഉണ്ടായി എന്നാൽ തിരുമേനിയുടെ ഭാര്യമാർ മുസ്‌ലിംകളുടെ വന്ദ്യമാതാക്കളായി ഗണിക്കപ്പെട്ടിരുന്നതിനാലും, അവരെ മററുള്ളവർക്ക് വിവാഹം ചെയ്യാൻ പാടില്ലാഞ്ഞതിനാലും, സ്വഭാര്യമാരെ മുൻസ്ഥിതിയിൽത്തന്നെ നിറുത്തുന്നതിന്നു തിരുമേനിക്കു പ്രത്യേക അനുവാദം നല്കിക്കൊണ്ടും, കൂടുതൽ ഭാര്യമാരെ സ്വീകരിക്കുന്നതിനെ വിരോധിച്ചുകൊണ്ടും ദിവ്യകല്പനയുണ്ടായി. ഹസ്രത്ത് ഖദീജഃ, സൈനബ് ഇവർ തിരുമേനിയുടെ ജീവിതകാലത്തുതന്നെ കാലഗതിയടഞ്ഞു. താഴെ പറയുന്ന 9 ഭാര്യമാർ നബിയുടെ വിയോഗാവസരത്തിൽ ജീവനോടുകൂടി ഉണ്ടായിരുന്നു.

1. സംഅത്തിൻെറ മകഠം സൂദത്ത്. ഈ മഹതി, ഖുറൈശീ ഗോത്രത്തിൽപ്പെട്ട ബനൂആമിർ വംശജയായ ഒരു വിധവയായിരുന്നു. ഈ മാന്യയുടെ മുമ്പത്തെ ഭർത്താവ് സക്രാനുബ്നു അംറായിരുന്നു.

2. ഹസ്രത്ത് അബൂബക്കർ സിദ്ദീഖിൻെറ പുത്രിയായ ഹസ്രത്ത് ആയിശഃ. തിരുമേനിയുടെ ഭാര്യമാരിൽ കന്യക, ഈ മാന്യ മാത്രമായിരുന്നു.

3. ഹസ്രത്ത് ഉമറുബ്നുൽഖത്താബിൻെറ മകഠം ഹഫ്സഃ ഈ മാന്യ ഖുനൈസുബ്നു ഹുദാഫത്തിൻെറ ഭാര്യയായിരുന്നു. വിധവയായപ്പോഠം തിരുമേനി വിവാഹം ചെയ്തു.

4. മഖ്സൂമി വംശജയായ ഉമ്മുസൽമത്ത്. ഇവരുടെ ഭർത്താവായിരുന്ന അബൂസൽമത് മരിച്ചതിന്നു ശേഷം തിരുമേനി ഇവരെ വിവാഹം ചെയ്തു.

5 അബൂസുഫ്യാൻെറ മകൾ ഉമ്മുഹബീബഃ. ഇവർ അബ്ദുൽലാഹബ്നു ജഹ്ശിൻെറ ഭാര്യയായിരുന്നു. ഭർത്താവോടുകൂടി അബ്സീനിയായിലേയ്ക്കു ഹിജ്റ പോവുകയും ഭർത്താവ് അവിടെവെച്ച് പരമഗതി പ്രാപിക്കുകയും ചെയ്തതിന്നുശേഷം അബ്സീനിയ രാജാവായ നജ്ജാശി മുഖേന തിരുമേനി ഇവരെ വിവാഹം ചെയ്തു

6 ജഹ്ശിൻെറ മകൾ സൈനബ്. ഇവർ തിരുമേനിയുടെ അമ്മാവിയുടെ മകളായിരുന്നു. തിരുമേനി ഇവരെ തൻെറ ദത്തുപുത്രനായ സൈദുബ്നു ഹാരിഥത്തിനു വിവാഹം ചെയ്തുകൊടുത്തു. എന്നാൽ സൈദ് വടുകനായിരുന്നതുകൊണ്ടു് ഇവർ അദ്ദേഹത്തെ നീചനായി ഗണിച്ചതിനാൽ രണ്ടുപേരും തമ്മിൽ സൌഹാർദ്ദമുണ്ടായിരുന്നില്ല. സൈദ് ഇവരെ ഉപേക്ഷിക്കുവാൻ വിചാരിച്ചപ്പോൾ തിരുമേനി അൽലാഹുവിനെ ഭയപ്പെടുക എന്നും വിവാഹബന്ധം വിടുത്തരുതെന്നും പറഞ്ഞു്, സൈദിനെ ഉപദേശിക്കുകയുണ്ടായി.

അറബികൾ ദത്തുപുത്രൻെറ ഭാര്യയെ വിവാഹം ചെയ്യുന്നതു തെററായി ഗണിച്ചിരുന്നു. ഇസ്ലാംമതപ്രകാരം ദത്ത്സമ്പ്രദായംതന്നെ നിഷിദ്ധമായിരുന്നതുകൊണ്ടു് ആ ആചാരത്തെത്തന്നെ നശിപ്പിക്കേണ്ടതായിത്തീർന്നു. സൈദ്, സൈനബിനെ പിരിക്കുമ്പോൾ തി

രുമേനി അവരെ വിവാഹം ചെയ്യുന്നതു് അതിന്നു ഒരു നല്ല മാൎഗ്ഗമായിരുന്നു എങ്കിലും അറബികളുടെ ഇടയിൽ ദുഷ്ക്കീൎത്തി പരക്കുമെന്ന ഭയം നിമിത്തം വിവാഹബന്ധം വിടുത്തുവാനല്ല, നേരെമറിച്ചു് നിലനിൎത്തുവാനാണു് സൈദിനോടു നബി ഉപദേശിച്ചിരുന്നതു്. തന്നിമിത്തം നബിയെ ആക്ഷേപിച്ചുകൊണ്ടു് അൽലാഹു ഇപ്രകാരം പറഞ്ഞു "അൽലാഹു മഹത്തായ ഗുണം ചെയ്തുകൊടുക്കുകയും (ഇസ്ലാംമതത്തിൽ ചേൎക്കുകയും) നിങ്ങളും വലിയ സഹായം ചെയ്തുകൊടുക്കുകയും (അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയും) ചെയ്ത ആളോടു (സൈദിനോടു) സ്വഭാൎയ്യയെ (സൈനബിനെ) ഉപേക്ഷിക്കരുതെന്നും, അൽലാഹുവിനെ ഭയപ്പെടേണമെന്നും നിങ്ങൾ ഉപദേശിക്കുകയും, അൽലാഹുവിന്നു വെളിവാക്കുവാനുള്ള കാൎയ്യത്തെ നിങ്ങൾ മറച്ചുവെക്കുകയും, (ദത്തു്പുത്രന്റെ ഭാൎയ്യയെ വിവാഹം ചെയ്തുവെന്നു ജനങ്ങൾ പറയുന്നതിനെ) ഭയപ്പെടുകയും ചെയ്ത അവസരത്തെപ്പററി ചിന്തിക്കുവിൻ നിങ്ങൾക്കു ഭയപ്പെടുവാൻ അധികം അൎഹതയുള്ളവൻ അൽലാഹുവാണു്. സൈദ് അവളെ ഉപേക്ഷിച്ചപ്പോൾ, ദത്തുപുത്രന്മാർ സ്വഭാൎയ്യമാരെ ഉപേക്ഷിച്ചാൽ സത്യവിശ്വാസികൾക്കു(ദത്തെടുത്തവൎക്കു്)അവരെ വിവാഹംചെയ്യുന്നതിന്നു മുടക്കം ഇല്ലാതിരിക്കാൻ വേണ്ടി അവളെ നാം നിങ്ങൾക്കു വിവാഹംചെയ്തുതന്നു. അൽലാഹുവിന്റെ വിധി സംഭവിക്കുകതന്നെ ചെയ്യുന്നതാണു്." (അഹ്സാബു് 37) ആ ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ തീരെ സൌഹാൎദ്ദമുണ്ടായിരുന്നില്ലെന്നും, വേൎപ്പാടു് അത്യാ

വശ്യമായിരുന്നുവെന്നും, എങ്കിലും തിരുമേനി അപശ്രുതിയെ ഭയപ്പെട്ടു വേഴ്ച്ചാടിനെ വിരോധിച്ചിരുന്നുവെന്നും, വാസ്തവത്തിൽ അൽലാഹുവിനെ അല്ലാതെ മററാരേയും ഭയപ്പെടേണ്ടതില്ലെന്നും, അവസാനം അൽലാഹുവിൻെറ ഉദ്ദേശമനുസരിച്ചു സൈദ് സൈനബിനെ ഉപേക്ഷിക്കുകയും, നബി വിവാഹം ചെയ്യുകയും നിമിത്തം അറബികളുടെ ഒരു ദുരാചാരം നശിക്കുകയും ചെയ്തുവെന്നുമാകുന്നു ഈ ആയത്തിൻെറ സാരം. പിന്നീട് അൽലാഹു താഴെ പറയുന്ന വചനം മൂലം ദത്ത്സമ്പ്രദായത്തെയും വിരോധിച്ചു. "സ്വപിതാക്കളുടെ നാമത്തോടു ചേർത്തുതന്നെ അവരെ നിങ്ങൾ വിളിക്കണം. അതാകുന്നു അൽലാഹുവിൻെറ അടുക്കൽ അധികം ന്യായമായിട്ടുള്ളതു്." (അഹ്സാബു 5)

ജുവൈരിയഃ ഇവർ ബനുമുസ്തലഖ് ഗോത്രനായകനായ ഹാരിതിൻെറ മകളായിരുന്നു. ബന്ധനത്തിൽ അകപ്പെട്ട സന്ദർഭത്തിൽ തിരുമേനി ഇവരെ വിവാഹം ചെയ്തതിനാൽ ഇവരുടെ ഗോത്രം മുഴുവനും മോചിതരാവുകയും പിതാവ് ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു.

8. ഹാരീതിൻെറ മകൾ മൈമൂനത്ത്. ഇവരുടെ ഭർത്താവ് അബ്ദുൽഉസ്സായുടെ മകൻ അബൂറഹ്മായിരുന്നു. വിധവയായിരുന്നപ്പോഴാണു് തിരുമേനി ഇവരെ വിവാഹം ചെയ്തതു്.

9 ഒരു ജൂതഗോത്രനായകനായ ഹുയയ്യുബ്നു അഖ്തബിൻെറ മകളും കിനാനത്തുബ്നുഅബിൽഹവി

ഖിൻെറ ഭാൎയ്യയുമായിരുന്ന സഫിയ്യത്ത്. ഇവരുടെ ഭത്താവു് വധിക്കപ്പെട്ടതിന്നുശേഷം തിരുമേനി ഇവരെ വിവാഹം ചെയ്തു

ഈ ഭാൎയ്യമാൎക്കു പുറമെ മാരിയത്തുൽഖിബ്ത്തിയ്യഃ തിരുമേനിക്കു് അവരിൽ സന്താനം ജനിച്ചതിനാൽ സ്വതന്ത്രയായിത്തീൎന്ന ഒരു അടിമയായിരുന്നു. ശൈശവത്തിൽ മദീനയിൽവെച്ചു ചരമം പ്രാപിച്ച തിരുമേനിയുടെ പുത്രൻ ഇബ്രാഹീം അവരിലാണു് ജാതനായതു്.

തിരുമേനിയുടെ ഈ ഭാൎയ്യമാരെയെല്ലാം ഉമ്മഹാത്തുൽ മുഅ്മിനീൻ (സത്യവിശ്വാസികളുടെ വന്ദ്യമാതാക്കൾ) എന്നു പറഞ്ഞുവരുന്നു ഖുർആനിലും ഈ നാമധേയം ഇവൎക്കു് നൽകപ്പെട്ടിരിക്കുന്നു. ഇവരുടെ ജീവിതം പാവനവും പരിശുദ്ധവുമായിരുന്നു. ഇവർ വഴിയായി, പ്രത്യേകിച്ചു് ഹസ്രത്ത് ആയിശഃ നിമിത്തം തിരുമേനിയുടെ ഗൃഹജീവിതത്തെപ്പററി പല വിവരങ്ങളും നമുക്കു ലഭിച്ചിരിക്കുന്നു. ഹസ്രത്ത് ആയിശയ്ക്കു സഹാബികളുടെ കാലത്തു് വിജ്ഞാനവിഷയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു.

**വിയോഗം**—ഹജ്ജത്തുൽവിദാഅ് കഴിഞ്ഞു മടങ്ങിയതിന്നുശേഷം ഹിജ്റ പതിനൊന്നു സഫർമാസത്തിൽ തിരുമേനി ജ്വരബാധിതനായതിനാൽ മററു ഭാൎയ്യമാരുടെ അനുവാദത്തോടുകൂടി മസ്ജിദുന്നബവിയോടു തൊട്ടു കിടക്കുന്ന ഹസ്രത്ത് ആയിശയുടെ ഭവനത്തിലേയ്ക്കു

പോയി. രോഗിയായിരുന്ന കാലത്തു് ഒരുദിവസം തിരുമേനി പള്ളിയിലെ പ്രസംഗപീഠത്തിൽ ഇരുന്നുകൊണ്ടു് തന്റെ അന്ത്യോപദേശമായി സഖാക്കളോടു് ഇങ്ങിനെ പറഞ്ഞു. "മുഹാജിറുകളെ! അൻസാരികളോടു സ്നേഹപൂർവ്വം വർത്തിക്കുവിൻ. ജനങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ അൻസാരികൾ മുൻസ്ഥിതിയിൽ തന്നെയാണു്. എന്നെ ആദ്യം സഹായിച്ചവർ ഇവരാകുന്നു. ഇവരുടെ അടുക്കലാണു് ഞാൻ രക്ഷപ്രാപിച്ചതു്. ഇവരിൽ നല്ലവർക്കു ഗുണം ചെയ്യണം. കുററക്കാർക്കു മാപ്പു കൊടുക്കുകയും ചെയ്യുവിൻ. എന്റെ വീട്ടുകാരുടെ മാനത്തേയും നിങ്ങൾ രക്ഷിക്കണം. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ അചഞ്ചലരായിരിപ്പിൻ"

ഇക്കാലത്തു് മുസ്ലിംകൾക്കു ഇമാമായി നിസ്കരിക്കുവാൻ ഹസ്രത്ത് അബൂബക്കറിനെയായിരുന്നു നബി നിയമിച്ചിരുന്നതു്. രോഗബാധിതനായ കാലത്തു് തിരുമേനി ജനങ്ങൾക്കു പല ഉപദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. "ജൂതന്മാരും ക്രിസ്ത്യാനികളും, തങ്ങളിൽനിന്നു വല്ല നായകനും മരിച്ചുപോയാൽ അവന്റെ ശവകുടീരത്തെ ആരാധനസ്ഥലമാക്കിയിരുന്നതിനാലാണു് അൽലാഹു അവരെ ശപിച്ചതു്. സൂക്ഷിക്കുവിൻ. എന്റെ ഖബറിനെ നിങ്ങൾ ബിംബമാക്കുകയോ, ബഹുദൈവാരാധകന്മാരെപ്പോലെ അതിനെ ആരാധിക്കുകയോ ചെയ്യരുതു്." എന്നിങ്ങനെ തിരുമേനി വീണ്ടും വീണ്ടും ഉപദേശിക്കുകയുണ്ടായി.

രോഗം കൂടെക്കൂടെ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ ഹിജ്രഃ 11 റബീഉൽ അവ്വൽ 12-നു (ക്രിസ്താബ്ദം 632 ജൂൺ 8-ാം-നു) തിങ്കളാഴ്ച വൈകുന്നേരം ആ പരിശുദ്ധാത്മാവ് ഉൽകൃഷ്ട ലോകത്തേക്കു യാത്രയായി. തിരുമേനി ചന്ദ്രവർഷാനുസരിച്ച 63 സംവത്സരക്കാലം ജീവിച്ചിരുന്നിട്ടുണ്ടു്.

തിരുമേനിയുടെ ഉൽകൃഷ്ടതയും പരിശുദ്ധ ഗുണങ്ങളും എത്രത്തോളം മഹത്തായവയായിരുന്നുവെന്നു്, അചഞ്ചലഹൃദയനും മഹാനുമായ ഹസ്രത്ത് ഉമറിൻെറ തദവസരത്തിലുണ്ടായ സ്ഥിതിയിൽനിന്നു നമുക്കു ഊഹിക്കാവുന്നതാണു്. റസൂൽകരീമിന്നു മരണം സംഭവിക്കുമെന്നു അദ്ദേഹം വിശ്വസിച്ചിരുന്നില്ല. തന്നിമിത്തം അദ്ദേഹം വാളെടുത്തുകൊണ്ടു സുബോധമില്ലാതെ അങ്ങുമിങ്ങും ഓടിക്കൊണ്ടു്, റസൂൽകരീം വഫാത്തായെന്നു പറയുന്നവനെ താൻ കൊന്നുകളയുന്നതാണെന്നു പറഞ്ഞിരുന്നു. എന്നാൽ ഹസ്രത്ത് അബൂബക്കർ എത്തിയ ഉടനെ പള്ളിയിൽ പോയി മുസ്‌ലിം ജനക്കൂട്ടത്തിൽ തിരുമേനിയുടെ വിയോഗവിവരം പരസ്യപ്പെടുത്തി. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. "ഹേ! ജനങ്ങളെ! വല്ലവനും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ, അദ്ദേഹം കാലഗതിയടഞ്ഞു. അൽലാഹുവിനെ വല്ലവനും ആരാധിച്ചിരുന്നുവെങ്കിൽ, അവൻ ജീവിച്ചിരിക്കുന്നു. മരിക്കുകയില്ല"

ഇതിന്നുശേഷം അദ്ദേഹം താഴെ പറയുന്ന ഖുർആൻ വചനം ഓതിക്കേൾപ്പിച്ചു. "മുഹമ്മദ്" (സ) ഒരു

ദൂതൻ മാത്രമാകുന്നു അദ്ദേഹത്തിനു മുമ്പു വളരെ ദൈവദൂതന്മാർ കാലഗതി അടഞ്ഞിരിക്കുന്നു. അദ്ദേഹം വഫാത്താകുകയോ, കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ നിങ്ങളുടെ മുൻസ്ഥിതിയിലേയ്ക്കു മടങ്ങിക്കളയുമോ? വല്ലവനും മടങ്ങുകയാണെങ്കിൽ, അവൻ അൽലാഹുവിന്ന് ഒരു ദോഷവും വരുത്തുന്നതല്ല തൻെറ അനുഗ്രഹത്തിനു നന്ദി കാണിക്കുന്നവക്കു അൽലാഹു പ്രതിഫലം നൽകുന്നതാണ്" (ആലുഇംറാൻ 143)

ഇതുകേട്ടപ്പോൾ നബി വഫാത്തായിരിക്കുന്നുവെന്നു ഹസ്രത്ത് ഉമറിന്ന് ഉറപ്പുവന്നതിനാൽ അദ്ദേഹം ദുഃഖപരവശനായി നിലം പതിച്ചു. അനന്തരം സഹാബികൾ ബനുസാഇദാ പൂമുഖത്തു യോഗംകൂടി, ഹസ്രത്ത് അബൂബക്കറിനെ ഖലീഫയായി തിരഞ്ഞെടുത്തു. ചൊവ്വാഴ്ചദിവസം തിരുമേനിയെ കളിപ്പിച്ച് മൂന്നു വസ്ത്രംകൊണ്ടു കഫൻ ചെയ്തു വഫാത്തായ മുറിയിൽത്തന്നെ വെച്ചു. അനന്തരം തിരുമേനി ഉപദേശിച്ചിരുന്നതനുസരിച്ച് ആ മുറിയിൽപോയി എല്ലാവരും ഒറ്റൊററയായി മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചു. ബുധനാഴ്ച അർദ്ധരാത്രിവരെ ഇങ്ങിനെ നമസ്കാരം നടന്നുകൊണ്ടിരിക്കുകയും, അതിന്നു ശേഷം, ആ സ്ഥലത്തുതന്നെ മറമാടുകയും ചെയ്തു.

സല്ലൽലാഹു അലൈഹിവസല്ലം.

Ragul Kannan is a good book.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 297 Acc. No. 39038

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

Cl.No. M 297 MUH-12 Acc.No. 39038
Author മുഹമ്മദ്, അസ്ലം സാഹി...
Title

M 297
MUH-12

39038

മുഹമ്മദ്, അസ്ലം സാഹിബ്

നസൂത്ത്, കരീം

KOTTAYAM PUBLIC LIBRARY

Call No M 297 Acc. No 39038

Author മുഹമ്മദ്, അബ്ദുല്ല സാഹിബ്

Title നസൂത്ത കിരിം